Digitized by Arya Samaj Foundation Chennai and eGangotri

3691

687
2/11/82
RQ. 1310
2/11/82

KRISHNA YAJURVEDA

TAITHIREEYA SAMHITA

WITH

MALAYALAM COMMENTARY DEEPIKA

VOL. IV

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

स्टाक प्रमाणीकरण १९८४-१९८५

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3691

കൃഷ്ണയജുർവേദ

തൈത്തിരീയ സംഹിത

ദീപികാ എന്ന വ്യാഖ്യാനത്തോട്ടുകൂടി

നാലാംഭാഗം

മൂന്നാംകാണ്ഡം

വില രൂപ 20

—വ്യാഖ്യാതാ—

മഹോപാദ്ധ്യായ കെ. ഭഗവതീശ്വരശർമ്മ B. A., B. Ed.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

SANSKRIT AND MALAYALAM

KRISHNA YAJURVEDA
THAITHIREEYA SAMHITA

with Malayalam Commentary — Deepika

VOLUME IV

Edited and Published by

K. BHAGAVATHEESWARA SARMA
41/522 Sanyasi Gramam 3rd Puthen Street, Trivandrum 9

First Impression—September 1981

Copies—1000

Printed at
JAYA PRINTERS, CHALAI, TRIVANDRUM.

Price Rs 20

Rights Reserved

This volume is published with the financial assistance from The Ministry of Education and Social Welfare Government of India

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ॐ

।। श्री शृङ्गेरी श्री जगद्गुरुसंस्थानम् ।।

श्रीविद्याशंकर

श्रीमत्परमहंसपरिव्राजकाचार्य पदवाक्यप्रमाणपारावारपारीण यमनियमासनप्राणायामप्रत्याहारध्यानधारणासमाध्यष्टाङ्गयोगानुष्ठान-निष्ठ तपश्चक्रवर्त्यनाद्यविच्छिन्न श्रीशंकराचार्य गुरुपरम्पराप्राप्तषड्-दर्शनस्थापनाचार्य व्याख्यानसिंहासनाधीश्वर सकलनिगमागमसारहृदय सांख्यत्रयप्रतिपादक वैदिकमार्गप्रवर्तक सर्वतन्त्रस्वतन्त्रादिराजधानी विद्यानगरमहाराजधानी कर्णाटकसिंहासनप्रतिष्ठापनाचार्य श्रीमद्राजाधि-राजगुरुभूमंडलाचार्य ऋष्यशृङ्गपुरवराधीश्वर तुङ्गभद्रातीरवासि श्रीमद्विद्याशंकरपादपद्माराधक श्री जगद्गुरु श्री चन्द्रशेखरभारतीस्वामि-गुरुकरकमलसञ्जात श्री जगद्गुरु शृंगेरी श्रीमद्अभिनवविद्यातीर्थ-स्वामिभिः ।।

अस्मदत्यन्तप्रियशिष्य श्री भगवतीश्वर शमविषये नारायणस्मरण-पूर्वकं विरचिता आशिषः समुल्लसन्तु ।

सर्वो हि मानवः श्रेयः प्रेप्सति । तत्साधनाय च नानाविधं प्रयतते । नहि तैरेवप्रयत्नैः आत्यन्तिकमभीप्सितमधिगच्छति । ततश्चखिन्नान्तः-करणः नानाविधेषु मार्गेषु प्रवर्तमानः मानवंजन्म कदर्थयति च ।

भगवान् जगतो विधाता श्रेयः प्राप्तिसाधनमवगमय्य सकलान् मानवान् उद्धर्तुं सर्गादौ सर्वार्थविद्यातिकाः श्रेयस्साधनपटिष्ठा : ऋग्य-जुस्सामाथर्वाख्याः श्रुतीः ऋषिभ्योऽनुजग्राह । ते च ऋषयः श्रेयस्साधिकाः

PTO.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

श्रुतयः कदाचिदपि विपरिलोपं न प्राप्नुयुरिति परम्परया ताः शिष्यान समध्यापयन् । तासां सर्वत्र प्रचारसद्भावेऽपि अर्थावगमस्य दुस्साध्यता-माकलय्य श्री सायणादयः निरुक्तशौनकीयार्थानुक्रमणीबृहद्देवतादिग्रन्थान् अनुरुन्धानाः भाष्यं विरचय्य लोकानां महतीमुपकृतिमतन्वन् ।

अधुना संस्कृतभाषाया अपि विरलप्रचारतया देशभाषामात्राभिज्ञानामपि तदर्थावबोधो भवत्विति मनीषया भवान् यजुर्वेदस्य समग्रस्य कैरल्या भाषया सायणभाष्यानुसारं अनुवादं विधाय प्रकाशयितुमुद्युङ्क्ते । तत्र च कांश्चिदंशान् अस्मान् निशमय्य अतोषयत् ।

वयमिम अनुवादग्रन्थं निशम्य प्रीतान्तरङ्गाः भवद्विरचितस्यानुवादस्य सर्वत्र प्रचारमाकांक्षामहे । श्री शारदाशशिकलावतंसौ भवतां प्रयत्न सुफलीकुरुतामिति च आशास्महे ॥

शृगगिरिः प्रमादीयफाल्गुन कृष्णद्वितीया भानुवासर 10–3–1974

इति नारायणस्मरणम
श्रीमुद्रा

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

1977 മുതൽ 1979 വരെ

പ്രസിദ്ധീകരിച്ച ഏററവും നല്ല

വൈദിക സാഹിത്യ കൃതിക്കുള്ള

കേരള സാഹിത്യ അക്കാദമി – കെ. ആർ. നമ്പൂതിരി അവാർഡ്

ശ്രീ. കെ. ഭഗവതീശ്വരശർമ്മ എഴുതിയ

'കൃഷ്ണയജുർവേദം'

എന്ന പുസ്തകത്തിനു നൽകിയിരിക്കുന്നു.

സെക്രട്ടറി

തൃശ്ശൂർ
10 - 11 - 1980

പ്രസിഡണ്ട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓം

ശ്രീ ശൃംഗേരീ ശ്രീ ജഗദ്ഗുരു സംസ്ഥാനം

ശ്രീ വിദ്യാശങ്കര

ശ്രീമത് പരമഹംസപരിവ്രാജകാചാര്യവര്യ പദവാക്യ പ്രമാണപാരാവാരീണ യമനിയമാസനപ്രാണായാമ പ്രത്യാഹാരധ്യാനധാരണാ സമാധ്യഷ്ടാംഗ യോഗാനുഷ്ഠാനനിഷ്ഠ തപശ്ചക്രവർത്ത്യനാദ്യവച്ഛിന്ന ശ്രീ ശങ്കരാചാര്യഗുരുപരമ്പരാപ്രാപ്തഷഡ്ദർശന സ്ഥാപനാചാര്യ വ്യാഖ്യാന സിംഹാസനാധീശ്വര സകല നിഗമാഗമ സാരഹൃദയ സാംഖ്യത്രയ പ്രതിപാദക വൈദികമാർഗ്ഗ പ്രവർത്തക സർവ്വതന്ത്രസ്വതന്ത്രാദി രാജധാനീ (വിദ്യാനഗര മഹാരാജധാനി) കർണ്ണാടക സിംഹാസന പ്രതിഷ്ഠാപനാചാര്യ ശ്രീമദ്രാജാധിരാജ ഗുരുഭൂമണ്ഡലാചാര്യ ഋഷ്യശൃംഗപുരവരാധീശ്വര തുംഗഭദ്രാതീരവാസി ശ്രീമദ്വിദ്യാശങ്കരപാദപത്മാരാധക ശ്രീജഗദ്ഗുരു ശ്രീ ചന്ദ്രശേഖര ഭാരതീ സ്വാമി ഗുരുകരകമലസംജാത ശ്രീ ജഗദ്ഗുരു ശൃംഗേരീ ശ്രീമദഭിനവ വിദ്യാതീർത്ഥപാദ സ്വാമികളാൽ നൽകപ്പെട്ട ശ്രീ മുഖം.

നമ്മുടെ പ്രിയശിഷ്യനായ ഭഗവതീശ്വര ശർമ്മക്കു് നാരായണ സ്മരണയോടുകൂടി നൽകപ്പെടുന്ന ആശിസ്സുകൾ സമുല്ലസിക്കട്ടെ.

എല്ലാ മനുഷ്യരും ശ്രേയസ്സ് ലഭിക്കാൻ ആഗ്രഹിക്കുന്നു. അതിനു് വേണ്ടി പല തരത്തിൽ പ്രയത്നിക്കുകയും ചെയ്യുന്നു. അപ്രകാരമുള്ള പ്രയത്നങ്ങളാൽ ഉദ്ദിഷ്ടമായ കാര്യം ലഭിക്കുന്നില്ല. തന്നിമിത്തം ഖിന്നമാനസരായി പല മാർഗ്ഗങ്ങളിൽ പ്രവർത്തിച്ച് മനുഷ്യജന്മം നിഷ്ഫലമാക്കുകയും ചെയ്യുന്നു.

ലോകത്തിന്റെ സൃഷ്ടികർത്താവായ ഈശ്വരൻ എല്ലാ മനുഷ്യരേയും ഉദ്ധരിക്കുന്നതിനു് വേണ്ടി സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ സർവ്വാർത്ഥ ദ്യോതകങ്ങളും ശ്രേയസ്സ് നൽകുന്നതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ ഋക്, യജുസ്സ്, സാമം, അഥർവം എന്നീ വേദങ്ങൾ മഹർഷിമാർക്കുപദേശിച്ചു. ആ മഹർഷിമാർ ശ്രേയസ്സാധകമായ വേദം ഒരിക്കലും നഷ്ടപ്പെടാതിരിക്കുന്നതിനു വേണ്ടി പരമ്പരയായി ശിഷ്യന്മാരെ അഭ്യസിപ്പിച്ചു. വേദങ്ങൾക്ക് എല്ലാ സ്ഥലത്തും പ്രചാരമുണ്ടെങ്കിലും അർത്ഥാവബോധം സുകരമല്ലാത്തതുകൊണ്ട് ശ്രീ സായണൻ മുതലായവർ നിരുക്തം, ശൌനകപ്രണീതമായ അർത്ഥാനുക്രമണിക, ബൃഹദ്-ദേവത മുതലായ ഗ്രന്ഥങ്ങളെ ആധാരമാക്കി ഭാഷ്യം രചിച്ച് ലോകത്തിനു വലിയ ഉപകാരം ചെയ്തു.

ഇപ്പോൾ സംസ്കൃതഭാഷയുടെ പ്രചാരം വിരളമായതുകൊണ്ട് പ്രദേശികഭാഷ മാത്രം അറിയാവുന്നവർക്കും വേദത്തിന്റെ അർത്ഥം മനസ്സിലാകണം എന്ന വിചാരത്തോടുകൂടി നിങ്ങൾ യജുർവേദത്തിനു സായണഭാഷ്യം ആശ്രയിച്ച് മലയാളത്തിൽ അർത്ഥം എഴുതി പ്രസിദ്ധപ്പെടുത്താൻ ഉദ്യമിക്കുന്നു. അതിൽ കുറെ ഭാഗം നമ്മെ കേൾപ്പിക്കയും ചെയ്തു.

ഈ അനുവാദ ഗ്രന്ഥം കേട്ട് സന്തുഷ്ടരായ നാം നിങ്ങൾ രചിച്ച അനുവാദ ഗ്രന്ഥത്തിനു എല്ലാ സ്ഥലത്തും പ്രചാരമുണ്ടാകണമെന്നാഗ്രഹിക്കുന്നു. ശ്രീ ശാരദാദേവിയും ചന്ദ്രമൌലീശ്വരനും നിങ്ങളുടെ പ്രയത്നം സഫലമാക്കട്ടെ എന്ന് ആശംസിക്കുന്നു.

ശൃംഗേരി
പ്രമാദീയഫൽഗുന—
കൃഷ്ണ ദ്വിതീയാ
ഭാനുവാസരം
10-3-1974

ഇതി നാരായണസ്മരണം
ശ്രീമുദ്രാ

(ശ്രീമുഖത്തിന്റെ അനുവാദം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസ്താവന

കൃഷ്ണയജുർവേദ തൈത്തിരീയ സംഹിതയുടെ മൂന്നാം കാണ്ഡം, ശ്രീ സായണഭാഷ്യത്തെ ആധാരമാക്കി രചിച്ച മലയാളവ്യാഖ്യാനത്തോടുകൂടി പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ എനിക്കു് സന്തോഷമുണ്ടു്. കേരളസാഹിത്യ അക്കാദമിയുടെ വൈദിക സാഹിത്യത്തിനുള്ള 1980-ാം ആണ്ടിലെ അവാർഡ് ഈ ഗ്രന്ഥത്തിനു് ലഭിച്ചതിൽ ഞാൻ കൃതാർത്ഥനാണു്.

ഈ പുസ്തകത്തിന്റെ രണ്ടും മൂന്നും ഭാഗങ്ങൾക്കു് ഇന്ത്യാ ഗവണ്മെന്റിന്റെ ധനസഹായം ലഭിച്ചിട്ടുള്ള കാര്യം കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡും, തിരുപ്പതി ദേവസ്ഥാനവും ആദ്യത്തെ മൂന്നുഭാഗങ്ങളുടെ ഏതാനും പ്രതികൾ വിലയ്ക്കു വാങ്ങിച്ചതു്, ഈ നാലാം ഭാഗം പ്രസിദ്ധീകരിക്കുന്നതിനു് സഹായകമായി ഭവിച്ചു. പ്രസ്തുത സ്ഥാപനങ്ങളോടു് എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. ഈ പുസ്തകം ഭംഗിയായി അച്ചടിച്ചു തന്ന ജയാ പ്രിന്റേഴ്സ് ഉടമസ്ഥരോടും എനിക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥശാലകളും വേദാഭിമാനികളായ സഹൃദയരും ഈ പുസ്തകത്തിന്റെ പ്രതികൾ വാങ്ങിച്ചു് ഈ ഉദ്യമത്തെ സഹായിക്കണമെന്നും, ബാക്കിയുള്ള ഭാഗങ്ങൾ കൂടി തുടന്നു് പ്രസിദ്ധീകരിക്കുവാൻ പ്രോത്സാഹനം നൽകണമെന്നും അപേക്ഷിച്ചുകൊണ്ടു്, ഈ നാലാംഭാഗം മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കെ. ഭഗവതീശ്വരശർമ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയാനുക്രമണിക

തൈത്തിരീയ സംഹിതാ—തൃതീയഃ കാണ്ഡഃ

അനുവാകം	വിഷയം	പേജ്
പ്രപാഠകം 1		971-1032
1	യാഗത്തിനു ദീക്ഷിച്ച ആറം ചൊല്ലേണ്ട മന്ത്രവും അനുഷ്ഠിക്കേണ്ട വിധികളും	971
2	സോമലതയെ ആരാധിച്ച് ചൊല്ലേണ്ട മന്ത്രങ്ങളും അധ്വര്യു ചെയ്യേണ്ട കൃത്യങ്ങളും	973
3	സോമക്രയണത്തിനുള്ള പശു ഏഴാമത്തെ ചുവട് വെയ്ക്കുമ്പോറം എടുക്കേണ്ട അഞ്ജനവും മററും	977
4	പശുപാകരണത്തിന് മന്ത്രങ്ങറം	979
5	പശുപാകരണവിധി	987
6	ആഗ്നീധ്രാഭിമർശനവും ദ്രോണകലശ ഉദ്വാസനവും	989
7	അന്യോന്യം മാത്സര്യത്തോടുകൂടി യാഗം നടത്തുന്നവർ ചെയ്യേണ്ട കാര്യങ്ങറം	993
8	ഉപാംശുഗ്രഹം എടുക്കാനുള്ള വിധി, മന്ത്രങ്ങറം	998
9	സവനാഹുതി മുതലായവയ്ക്കുള്ള മന്ത്രങ്ങറം	1002
10	പ്രവൃത്തഹോമത്തിനുള്ള മന്ത്രങ്ങറം	1009
11	യാജ്യാ പുരോനുവാക്യാ മന്ത്രങ്ങറം	1014
പ്രപാഠകം 2		1033—1104
1	പവമാനഗ്രഹം എടുക്കേണ്ട വിധികറം	1033
2	സവനവിധിയും മന്ത്രങ്ങളും	1036
3	സോമലത നോക്കുന്നതിന് വിധി	1040
4	'സ്ഫ്യം' മുതലായവയെ സ്തുതിക്കുന്ന മന്ത്രങ്ങറം	1047
5	ഹോമശിഷ്ടമായ സോമരസം ഭക്ഷിക്കുവാൻ ചൊല്ലേണ്ട മന്ത്രങ്ങറം	1055
6	പൃഷദാജ്യം തയ്യാറാക്കുന്നതിനുള്ള മന്ത്രം	1068
7	ബ്രഹ്മാ എന്ന ഋത്വിക്ക്, യജമാനൻ മുതലായവർ ചൊല്ലേണ്ട സ്തുതിമന്ത്രങ്ങറം	1072
8	ചമസാ ഹോമത്തിനുള്ള മന്ത്രങ്ങറം	1076
9	പ്രതിഗര മന്ത്രങ്ങളെപ്പററി ബ്രാഹ്മണം	1087

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 പ്രതിനിർഗ്രാഹ്യമന്ത്രങ്ങൾ 1092

11 ത്രൈധാതവീയ ഇഷ്ടിക്കുള്ള മന്ത്രങ്ങൾ 1098

പ്രപാഠകം 3 1105—1156

1 അതിഗ്രാഹ്യ മന്ത്രങ്ങൾ 1105

2 പ്രതിഗരാംഗ മന്ത്രം 1109

3 അംശുഗ്രഹമന്ത്രം 1112

4 അംശുഗ്രഹമന്ത്രത്തെപ്പററിയുള്ള ബ്രാഹ്മണം 1119

5 സോമലത അളന്നെടുക്കുവാൻ മന്ത്രങ്ങൾ 1121

6 ഗവാമയനം എന്ന യാഗത്തെപ്പററി ബ്രാഹ്മണം 1126

7 ഛന്ദസ്സുകളുടെ വീര്യത്തെപ്പററി ബ്രാഹ്മണം 1128

8 അവഭൃഥാംഗ ഹോമാദികൾക്ക് മന്ത്രങ്ങൾ 1130

9 വൃദ്ധവൃഷഭാലംഭന മന്ത്രങ്ങൾ 1137

10 യാഗമൃഗം ഗർഭിണിയാണെന്നു് കണ്ടാൽ ചെയ്യേണ്ട പ്രായശ്ചിത്തം 1141

11 യാജ്യാ പുരോനുവാക്യാ മന്ത്രങ്ങൾ 1145

പ്രപാഠകം 4 1157—1210

1 യാഗമൃഗം ഗർഭിണി ആയിരുന്നാൽ ചെയ്യേണ്ട പ്രായശ്ചിത്തഹോമത്തിൻെറ വിധി 1157

2 വശാലംഭന മന്ത്രങ്ങൾ 1160

3 ചില ആഗ്രഹങ്ങൾ സാധിക്കുന്നതിനു് ചെയ്യേണ്ട യാഗത്തിൻെറ വിധി 1165

4 'ജയാ' ഹോമമന്ത്രവും ഫലവും 1170

5 അഭ്യാതാന മന്ത്രങ്ങൾ 1172

6 ജയാ രാഷ്ട്രഭൃത്, അഭ്യാതാനം— എന്നിവയെപ്പററി ബ്രാഹ്മണം 1176

7 രാഷ്ട്രഭൃത് മന്ത്രങ്ങൾ 1177

8 രാഷ്ട്രഭൃത് മന്ത്രങ്ങൾക്ക് വിശേഷവിധികൾ 1183

9 ദേവികാ ഹവിസ്സ് ഹോമിക്കുന്നതിനു് ചില വിശേഷവിധികൾ 1188

10 യാത്ര പോകുന്നവൻ അനുഷ്ഠിക്കേണ്ട ഹോമം 1193

11 യാജ്യാ പുരോനുവാക്യാ മന്ത്രങ്ങൾ 1198

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രപാഠകം 5 1211—1260

1 ദർശപൂർണ്ണമാസയാഗത്തിന്ന് ആരംഭണീയ ഇഷ്ടി 1211

2 സോമയാഗത്തെപ്പററിയുള്ള ബ്രാഹ്മണം 1216

3 വിഷ്ണുക്രമത്തിനുള്ള മന്ത്രം 1219

4 അതിമോക്ഷ മന്ത്രം 1223

5 അദിതിദേവതയ്ക്കായി ഗ്രഹം സ്വീകരിക്കുന്നതിന്ന് മന്ത്രം. 1228

6 യജമാന പത്നിയെ സംബന്ധിച്ച മന്ത്രങ്ങൾ 1233

7 സ്രുക്, ജുഹു, ഉപഭൃത്, ധ്രുവം ഇവ ഉണ്ടാക്കുവാൻ എടുക്കേണ്ട വൃക്ഷങ്ങളെപ്പററി 1239

8 ദധിഗ്രഹത്തിനുള്ള മന്ത്രം 1241

9 ദധിഗ്രഹമന്ത്രങ്ങളെപ്പററി ബ്രാഹ്മണം 1244

10 അതിഗ്രാഹ്യമന്ത്രവും പ്രാണഗ്രഹങ്ങളെക്കുറിച്ച് ബ്രാഹ്മണവും 1246

11 പാശുക ഹോത്രത്തിനുള്ള ചില മന്ത്രങ്ങൾ 1249

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയകാണ്ഡേ പ്രഥമഃ പ്രപാഠകഃ

പ്രഥമോऽനുവാകഃ (ബ്രാഹ്മണം)

ഹരിഃ ഓം

ബ്രാഹ്മണം —

പ്രജാപതിരകാമയത പ്രജാ സൃജേയേതി സതപോऽത-പ്യത സ സർപാനസൃജത സോऽകാമയത പ്രജാഃ സൃജേയേതി സ ദ്വിതീയമതപ്യത സവയാഗ്ംസ്യ-സൃജത സോऽകാമയത പ്രജാഃ സൃജേയേതി സതൃതീയ-മതപ്യത സ ഏതംദീക്ഷിതവാദമപശ്യത്തമവദത്തതോ-വൈ സ പ്രജാ അസൃജത യത്തപസ്തപ്ത്വാ ദീക്ഷിത വാദം വദതി പ്രജാ ഏവ തദ്യജമാനഃ സൃജതേ യദ്വൈ ദീക്ഷിതോऽമേധ്യം പശ്യത്യപാസ്മാദ്ദീക്ഷാ ക്രാമതി നീലമസ്യഹരോവ്യേത്യബദ്ധം മനോ ദരിദ്രം ചക്ഷുഃ സൂർയോ ജ്യോതിഷാഗ്ംശ്രേഷ്ഠോ ദീക്ഷേ മാ മാ ഹാസീ-രിത്യാഹ നാസ്മാദ്ദീക്ഷാऽപക്രാമതി നാസ്യ നീലം നഹരോവ്യേതി യദ്വൈ ദീക്ഷിതമഭിവർഷതി ദിവ്യാ ആപോऽശാന്താ ഓജോബലം ദീക്ഷാം തപോऽസ്യ നിർഘ്നന്ത്യുന്ദതീർബലം ധത്തൗജോ ധത്ത ബലം ധത്ത മാമേദീക്ഷാം മാ തപോ നിർവധിഷ്ടേത്യാ-ഹൈതദേവ സർവമാത്മൻ ധത്തേ നാസ്യൗജോ ബലം ന ദീക്ഷാം ന തപോ നിർഘ്നന്ത്യഗ്നിർവൈ ദീക്ഷിതസ്യദേവതാ സോऽസ്മാദേതർഹി തിര ഇവ യർഹി യാതി തമീശ്വരഗ്ംരക്ഷാംസി ഹന്തോഃ ഭദ്രാദ-ഭിശ്രേയഃ പ്രേഹി ബൃഹസ്പതിഃ പുരഏതാതേ അസ്ത്വിത്യാഹ ബ്രഹ്മ വൈ ദേവാനാം ബൃഹസ്പതിസ്തമേ-വാന്വാരഭതേ സഏനഗ്ം സംപാരയത്യേദമഗന്മ ദേവ യജനം പൃഥിവ്യാ ഇത്യാഹ ദേവയജനഗ്ംഹ്യേഷ പൃഥി-വ്യാ ആ ഗച്ഛതി യോ യജതേ വിശേ ദേവാ യദജുഷന്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർവ ഇത്യാഹ വിശേവഹ്യേതദ് ദേവാ ജോഷയന്തേ
യദ്ബ്രാഹ്മണാ ഋക്സാമാഭ്യാം യജുഷാ സന്തരന്ത
ഇത്യാഹർക് സാമാഭ്യാഗ് ഹ്യേഷ യജുഷാ സന്തരതി
യോ യജതേ രായസ് പോഷേണ സമിഷാ മദേമേത്യാ-
ഹാ//ശിഷമേവൈതാമാശാസ്തേ ||

അത്ഥം —

പ്രജാപതി പ്രജകളെ സൃഷ്ടിക്കണമെന്നു് ആഗ്രഹിച്ചു. അദ്ദേഹം തപസ്സ്ചെയ്തു. അദ്ദേഹം സർപങ്ങളെ സൃഷ്ടിച്ചു. പ്രജകളെ സൃഷ്ടിക്കണം എന്നു് അദ്ദേഹം രണ്ടാമതും തപസ്സ് ചെയ്തു. അദ്ദേഹം പക്ഷികളെ സൃഷ്ടിച്ചു. പ്രജകളെ സൃഷ്ടിക്കണംഎന്നു് അദ്ദേഹം വീണ്ടും ആഗ്രഹിച്ചു. അദ്ദേഹം മൂന്നാമതും തപസ്സ്ചെയ്തു. ആ അവസരത്തിൽ യാഗത്തിനു് വേണ്ടി ദീക്ഷയിൽ ഇരിക്കുന്ന യജമാനൻ ചൊല്ലേണ്ട മന്ത്രം അദ്ദേഹം മനസ്സിലാക്കി ആ മന്ത്രം ചൊല്ലി. അനന്തരം അദ്ദേഹം പ്രജകളെ സൃഷ്ടിച്ചു. തപസ്സ് ചെയ്യുകയും യാഗത്തിനു് ദീക്ഷിച്ചിരിക്കുന്നവർ ചൊല്ലുന്ന മന്ത്രം ചൊല്ലുകയും ചെയ്യുന്നതുകൊണ്ടു് യജമാനനു് സന്താനങ്ങരം ഉണ്ടാകുന്നു.

ദീക്ഷിച്ചിരിക്കുന്നവൻ പരിശുദ്ധമല്ലാത്ത വസ്തു കാണുകയാണെങ്കിൽ അവൻെറ ദീക്ഷ ഫലമില്ലാത്തതായിതീരുന്നു. അവനു് പാപം ഉണ്ടാവുകയും യോഗ്യത കുറയുകയും ചെയ്യുന്നു. ആ ദോഷം പരിഹരിക്കാൻ ''അബദ്ധം മനോ ദരിദ്രം ചക്ഷുഃ സൂർയോ ജ്യോതിഷാം ശ്രേഷ്ഠഃ ദീക്ഷേ മാ മാ ഹാ സീഃ'' എന്നു മന്ത്രം ചൊല്ലുന്നു. ഇപ്രകാരം ചൊല്ലിയാൽ അവൻെറ ദീക്ഷ നിഷ്ഫലമാകുന്നില്ല. അവനു് പാപം ഉണ്ടാകുന്നില്ല. അവൻെറ ശ്രേഷ്ഠത കുറയുന്നില്ല.

ദീക്ഷയിൽ ഇരിക്കുന്നവൻെറ ശരീരത്തിൽ മഴ വീഴുകയാണെങ്കിൽ ഭൂമിയെ സ്പർശിക്കാത്ത ആ ജലം യജമാനനു് ദോഷം ചെയ്യും. യജമാനൻെറ ഓജസ്സ് ബലം ദീക്ഷ തപസ്സ് എന്നിവയെ അതു നശിപ്പിക്കുന്നു. ''ഉന്ദതീർബലംധത്ത ഓജോ ധത്ത ബലം ധത്ത മാമേ ദീക്ഷാം മാതപഃ നിർവധിഷ്ട'' എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രത്തിൽ പറഞ്ഞതെല്ലാം യജമാനനു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലഭിക്കുന്നു. യജമാനൻെറ ഓജസ്സ് ബലം തപസ്സ് ദീക്ഷ എന്നിവയെ നശിപ്പിക്കുന്നില്ല.

ദീക്ഷയിൽ ഇരിക്കുന്ന യജമാനൻെറ ദേവത അഗ്നിയാണല്ലോ. യജമാനൻ ഗൃഹത്തിൽ നിന്നു് എവിടെയെങ്കിലും പോയിരിക്കുമ്പോൾ അഗ്നി നശിച്ചതുപോലെ ആകുന്നെങ്കിൽ ആ യജമാനനെ രക്ഷസ്സുകൾ കൊല്ലും. അപ്രകാരമുള്ള ആപത്തു വരാതിരിക്കാൻ ''ഭദ്രാദ് അഭി ശ്രേയഃ പ്രേഹി ബൃഹസ്പതിഃ പുര ഏതാ തേ അസ്തു'' എന്ന മന്ത്രം ചൊല്ലണം. ദേവന്മാരുടെ ബൃഹസ്പതി ബ്രഹ്മാവാണു്. ആ ബ്രഹ്മാവിനെ പിൻതുടൎന്നു് യജമാനൻ എല്ലാക്കാര്യങ്ങളും ആരംഭിക്കുന്നു. ആ ബ്രഹ്മാവു് യജമാനനെ ആപത്തിൽ നിന്നു് രക്ഷിക്കുന്നു.

''ഏദമഗന്മദേവയജനം പൃഥിവ്യാ'' എന്ന മന്ത്രം ചൊല്ലുന്നു. യാഗം ചെയ്യുന്നവൻ ഭൂമിയിൽ യാഗശാലയിലേക്കാണല്ലോ വരുന്നതു്. ''വിശേ ദേവാ യദജുഷന്ത പൂർവേ'' എന്ന മന്ത്രം ചൊല്ലുന്നു. ബ്രാഹ്മണരാണല്ലോ എല്ലാ ദേവന്മാരും യാഗം നടത്തുന്നതു് ''ഋക്സാമഭ്യാം യജുഷാ സന്തരന്തേ'' എന്ന മന്ത്രം ചൊല്ലുന്നു. യാഗം ചെയ്യുന്നവൻ ഋക് യജുസ്സ് സാമം എന്നീ വേദങ്ങളാൽ യാഗം പൂർത്തിയാക്കുന്നു. ''രായസ്പോഷേണ സമിഷാമദേമ'' എന്ന മന്ത്രം ചൊല്ലുന്നു ഇപ്രകാരം മന്ത്രം ചൊല്ലുന്നതുകൊണ്ടു് മന്ത്രത്തിൽ പറയുന്ന ആശിസ്സ് ലഭിക്കട്ടെ എന്നു് പ്രാൎത്ഥിക്കുന്നു.

ഇതി പ്രഥമോഽനുവാകഃ

അഥ ദ്വിതീയോഽനുവാകഃ (മന്ത്രബ്രാഹ്മണ മിശ്രം)

സംഹിതാ —

ഏഷ തേ ഗായത്രോ ഭാഗ ഇതി മേ സോമായ ബ്രൂതാദേഷ തേ ത്രൈഷ്ടുഭോ ജാഗതോ ഭാഗ ഇതി മേ സോമായ ബ്രൂതാച്ഛന്ദോമാനാഗ്ം സാമ്രാജ്യം ഗച്ഛേതി മേ സോമായ ബ്രൂതാദ്യോ വൈ സോമം രാജാനഗ്ം സാമ്രാജ്യം ലോകം ഗമയിത്വാ ക്രീണാതി ഗച്ഛതി സ്വാനാഗ്ം സാമ്രാജ്യം ഛന്ദാംസി ഖലു വൈ സോമസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജ്ഞഃ സാമ്രാജ്യോ ലോകഃ പുരസ്താത്സോമസ്യ ക്രയാദേവമഭിമന്ത്രയേത സാമ്രാജ്യമേവ ഏനം ലോകം ഗമയിത്വാ ക്രീണാതി ഗച്ഛതി സ്വാനാഗ്ഗും സാമ്രാജ്യം യോ വൈ താനൂനപ്ത്രസ്യ പ്രതിഷ്ഠാം വേദ പ്രത്യേ-വതിഷ്ഠതി ബ്രഹ്മവാദിനോ വദന്തി ന പ്രാശ്നന്തി നജ്ജു-ഹ്വത്യഥ ക്വ താനൂനപ്ത്രം പ്രതിതിഷ്ഠതീതി പ്രജാ-പതൗ മനസീതി ബ്രൂയാത്ത്രിരവജിഘ്രേത് പ്രജാപതൗ ത്വാമനസിജ്ജുഹോമീത്യേഷാ വൈ താനൂനപ്ത്രസ്യ പ്രതിഷ്ഠായ ഏവം വേദപ്രത്യേവതിഷ്ഠതിയോ വാ അധ്വര്യോഃ പ്രതിഷ്ഠാം വേദ പ്രത്യേവതിഷ്ഠതി യതോ മന്യേതാനഭിക്രമ്യഹോഷ്യാമീതിതത്തിഷ്ഠന്നാശ്രാവയേ ദേഷാ വാ അധ്വര്യോഃ പ്രതിഷ്ഠാ യ ഏവം വേദ പ്രത്യേവതിഷ്ഠതി യദഭിക്രമ്യജ്ജുഹ്യയാത് പ്രതിഷ്ഠാ യാ ഇയാത്തസ്മാത്സമാനത്രതിഷ്ഠതാ ഹോതവ്യം പ്രതിഷ്ഠിത്യൈ യോ വാ അധ്വര്യോഃ സ്വംവേദ സ്വവാനേവ ഭവതി സ്രുഗ്വാ അസ്യസ്വം വായവ്യ മസ്യ സ്വം ചമസോ/സ്യസ്വം യദ്വായവ്യം വാ ചമസം വാ/നന്വാരഭ്യാ//ശ്രാവയേത്സ്വാദിയാത്തസ് മാദന്വാരഭ്യാ//ശ്രാവ്യഗ്ഗ്സ്വാദേവ നൈതിയോ വൈ സോമമ പ്രതിഷ്ഠാപ്യസ്തോത്രമുപാകരോത്യപ്രതിഷ്ഠി തഃ സോമോ ഭവത്യപ്രതിഷ്ഠിതഃസ്തോമോ/പ്രതിഷ്ഠിതാ ന്യുക്ഥാന്യപ്രതിഷ്ഠിതോ യജമാനോ/പ്രതിഷ്ഠിതോ/ ധ്വര്യുർവായവ്യം വൈസോമസ്യ പ്രതിഷ്ഠാചമസോ/ സ്യപ്രതിഷ്ഠാ സോമഃ സ്തോമസ്യസ്തോമ ഉക്ഥാനാം ഗ്രഹം വാഗൃഹീത്വാ ചമസം വോന്നീയ സ്തോത്രമുപാ കുർയാത്പ്രത്യേവസോമഗ്ഗ്സ്ഥാപയതി പ്രതി-സ്തോമം പ്രത്യുക്ഥാനി പ്രതിയജമാനസ്തിഷ്ഠതി പ്രത്യധ്വര്യുഃ॥

[അനുവാകത്തിൻെറ ആരംഭം മുതൽ "യോ വൈ സോമം രാജാനം" എന്നതു വരെ, മന്ത്രവും അതിന് ശേഷം അനുവാ-കത്തിൻെറ അവസാനംവരെ ബ്രാഹ്മണവും ആണ്.]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രഭാഗത്തിൻെറ പദച്ഛേദം

ഏഷഃ തേ ഗായത്രഃ ഭാഗഃ ഇതി മേ സോമായ ബ്രൂതാദ് ഏഷഃ തേ ത്രൈഷ്ടുഭഃ ജാഗതഃ ഭാഗഃ ഇതി മേ സോമായ ബ്രൂതാത് ഛന്ദോ മാനാം സാമ്രാജ്യം ഗച്ഛ ഇതി മേ സോമായ ബ്രൂതാദ്

മന്ത്രവും വിനിയോഗവും അർത്ഥവും

1—4 ഏഷതേ ഗായത്രോഭാഗ ഇതിമേ സോമായ ബ്രൂതാ-
ദേഷതേ ത്രൈഷ്ടുഭോ ജാഗതോ ഭാഗ ഇതിമേ
സോമായ ബ്രൂതാ ച്ഛന്ദോമാനാം സാമ്രാജ്യം
ഗച്ഛേതി മേ സോമായ ബ്രൂതാദ് ।

സോമലത അളന്നതിന് ശേഷം അതു വിലയ്ക്ക് വാങ്ങുന്നതിനു് മുൻപു് ചൊല്ലാനുള്ളതാണു് ഈ മന്ത്രം.

ഹേ സോമ! ഏഷഃ തേഭാഗഃ = സോമലതയുടെ രൂപത്തിൽ കാണപ്പെടുന്ന നിൻെറ ഈ അംശം, ഗായത്രഃഇതി =ഗായത്രിഛന്ദസ്സിൻെറ ദേവതയെ സംബന്ധിച്ചതാണെന്നു്, മേ.സോമായബ്രൂതാദ് = ഞാൻ സോമദേവതയോടു് പറയുന്നു. ഏഷഃതേ ഭാഗ: =ഈ അംശം, ത്രൈഷ്ടുഭ: ഇതി = ത്രിഷ്ടുപ്ഛന്ദസ്സിൻെറ ദേവതയെ സംബന്ധിച്ചതാണെന്നു്. മേസോമായ ബ്രൂതാദ് = ഞാൻ സോമദേവതയോടു് പറയുന്നു. ഏഷതേഭാഗഃ ഈ അംശം, ജാഗതഃ ഭാഗഃ ഇതി = ജഗതീ ഛന്ദസ്സിനെ സംബന്ധിച്ചതാണെന്നു്, മേസോമായ ബ്രൂതാദ് = ഞാൻ സോമദേവതയോട് പറയുന്നു ഛന്ദോമാനാം = ഗായത്രി ത്രിഷ്ടുപ്പ് ജഗതീ എന്നീ ഛന്ദോദേവതകളുടെ, സാമ്രാജ്യം ഗച്ഛ = സാമ്രാജ്യത്തിലേക്കു് പോവുകഎന്നു്, മേസോമായ ബ്രൂതാദ് = ഞാൻ സോമദേവതയോടു് പറയുന്നു.

ബ്രാഹ്മണ ഭാഗത്തിൻെറ അർത്ഥം

യാതൊരു യജമാനനാണോ സോമദേവതയെ അതിൻെറ സാമ്രാജ്യത്തിലേക്കു് അയച്ചിട്ടു്, സോമലത വിലയ്ക്ക്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാങ്ങുന്നുവോ അവൻ തൻെറ സാമ്രാജ്യത്തിലേക്ക് പോകുന്നു. ഛന്ദസ്സുകരം ആണല്ലോ സോമ രാജാവിൻെറ സാമ്രാജ്യം. സോമലത വിലയ്ക്ക് വാങ്ങുന്നതിന് മുൻപ് "ഏഷതേഗായത്രഃ" ഇത്യാദിമന്ത്രം ചൊല്ലണം. സോമരാജാവിനെ സാമ്രാജ്യത്തിലേക്ക് മന്ത്രപൂർവകം അയച്ചതിന് ശേഷം സോമലത വിലയ്ക്ക് വാങ്ങുന്ന സോമലത തൻെറ സാമ്രാജ്യത്തിലേയ്ക്കു പോകുന്നു

തനൂനപാത് എന്ന ദേവൻെറ മഹത്വം അറിയുന്നവൻ മഹാനായിത്തീരുന്നു. തനൂനപാത് എന്ന ദേവൻെറ മഹത്വം അറിയുന്നവൻ ഭക്ഷിക്കുന്നില്ല ഹോമിക്കുന്നില്ല തനൂനപാത് എവിടെ സ്ഥിതിചെയ്യുന്നു എന്ന് ചോദിച്ചാൽ പ്രജാപതിയിലും മനസ്സിലും സ്ഥിതി ചെയ്യുന്നു എന്നു പറയണം എന്ന് വേദം അറിയാവുന്നവർ പറയുന്നു. "പ്രജാപതൗ മനസി ജുഹോമി" എന്ന മന്ത്രം ചൊല്ലുകയും മൂന്നു പ്രാവശ്യം സോമലത മണപ്പിക്കയും ചെയ്യുന്നതു് താനൂനപ്ത്രത്തിൻെറ മഹത്വം നിമിത്തമാണ് ഇതു് ആരാണോ അറിയുന്നതു് അവന് പ്രതിഷ്ഠ ലഭിക്കുന്നു.

അധ്വര്യുവിൻെറ മഹത്വം അറിയുന്നവന് പ്രതിഷ്ഠ ലഭിക്കുന്നു. എന്തുകൊണ്ടെന്നാൽ നിന്നസ്ഥലത്തുനിന്ന് മാറാതെ ഞാൻ ഹോമിക്കാം എന്ന് വിചാരിച്ച് യാഗാരംഭം മുതൽ നിന്നുകൊണ്ടുതന്നെ മന്ത്രം ചൊല്ലുന്നു എന്നുള്ളതാണ് അധ്വര്യുവിൻെറ മഹത്വം. ആരാണോ ഇതറിയുന്നതു് അവന് പ്രതിഷ്ഠ ലഭിക്കുന്നു. ഹോമം ആരംഭിച്ച സ്ഥലത്തു നിന്ന് മാറിനിന്ന് ഹോമിക്കുകയാണെങ്കിൽ അധ്വര്യുവിൻെറ മഹത്വം കുറഞ്ഞുപോകും. അതുകൊണ്ട് മഹത്വം നിലനിറുത്തുന്നതിന് ഒരേ സ്ഥലത്തു നിന്നുകൊണ്ട് തന്നെ ഹോമം ചെയ്യണം.

അധ്വര്യുവിൻെറ സ്വത്തു് എന്താണെന്ന് അറിയുന്നവൻ ധനികനായിത്തീരുന്നു ഹോമത്തിന് നെയ്യ് എടുക്കുന്ന "സ്രുക്" ആണ് അധ്വര്യുവിൻെറ ധനം. വായുവിന് വേണ്ടി സ്വീകരിച്ച സോമരസവും അധ്വര്യുവിൻെറ ധനം ആണ്. വായുവിന് വേണ്ടി സ്വീകരിച്ച സോമരസവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചമസവും കയ്യിൽ എടുക്കാതെ ആശ്രാവണം ചെയ്യുകയാണെങ്കിൽ അധ്വര്യുവിന്ന് ധനനഷ്ടം ഉണ്ടാകും അതുകൊണ്ട് വായുവിന്ന് വേണ്ടി സ്വീകരിച്ച സോമരസവും ചമസവും കയ്യിൽ എടുത്തുകൊണ്ട് ആശ്രാവണം ചെയ്യണം. അപ്രകാരം ചെയ്താൽ ധനം നഷ്ടപ്പെടുകയില്ല.

സോമരസം വെച്ചിരിക്കുന്ന പാത്രം കയ്യിൽ എടുക്കാതെ സ്തുതിക്കാൻ തുടങ്ങുകയാണെങ്കിൽ ആ യജമാനൻ സമർപ്പിക്കുന്ന സോമരസത്തിന്ന് പ്രതിഷ്ഠ ലഭിക്കുന്നില്ല സ്തോമത്തിന്നും പ്രതിഷ്ഠ ലഭിക്കുന്നില്ല. ഉക്ഥങ്ങൾക്കും പ്രതിഷ്ഠ ലഭിക്കുന്നില്ല. അധ്വര്യുവിന്നു പ്രതിഷ്ഠ ലഭിക്കുന്നില്ല. വായുവിന്ന് വേണ്ടി സ്വീകരിച്ച സോമരസം കയ്യിൽ എടുത്തുകൊണ്ട് സോമരസത്തെ സ്തുതിക്കുകയാണെങ്കിൽ സോമത്തിന്ന് പ്രതിഷ്ഠ ലഭിക്കുന്നു സോമരസം വെച്ചിരിക്കുന്ന ചമസം കയ്യിൽ എടുത്തുകൊണ്ട് സോമത്തെ സ്തുതിക്കുന്നതാണ് അതിന്ന് പ്രതിഷ്ഠ ഉണ്ടാകുന്നതു്. സോമമാണ് സ്തോമത്തിന്റെ പ്രതിഷ്ഠയ്ക്കു് കാരണം. സ്തോമമാണ് ഉക്ഥങ്ങളുടെ പ്രതിഷ്ഠയ്ക്കു് കാരണം. വായുവിന്ന് വേണ്ടി സോമരസം നിറച്ച പാത്രമോ ചമസമോ കയ്യിൽ എടുത്തുകൊണ്ട് സോമരസത്തെ സ്തുതിക്കണം. അപ്രകാരം ചെയ്യുന്നതു് സോമത്തെ പ്രതിഷ്ഠിക്കുകയാണ്. സ്തോമത്തേയും ഉക്ഥങ്ങളേയും പ്രതിഷ്ഠിക്കുന്നു. യജമാനന്നും അധ്വര്യുവിന്നും പ്രതിഷ്ഠ ലഭിക്കുന്നു.

ഇതി ദ്വിതീയോഽനുവാകഃ

അഥതൃതീയോഽനുവാകഃ (ബ്രാഹ്മണം)

ബ്രാഹ്മണം —

യജ്ഞം വാ ഏതത്സം ഭരന്തിയത്സോമക്രയണ്യൈ പദം യജ്ഞമുഖഗ്ംഹവിർധാനം യർഹി ഹവിർധാനേ പ്രാചീപ്രവർതയേയുസ്തർഹി തേനാക്ഷമുപാഞ്ജ്യാദ്യജ്ഞമുഖ ഏവ യജ്ഞമനുസംതനോതി പ്രാഞ്ചമഗ്നിം പ്രഹരന്ത്യുത്പത്നീമാനയന്ത്യന്വനാഗ്ംസി പ്രവർതയന്ത്യഥവാ അസ്യൈവധിഷ്ണിയോഹീയതേ സോഽനുധ്യായതി സ ഈശ്വരോ രുദ്രോഭൂത്വാപ്രജാം പശൂൻ യജമാനസ്യ ശമയിതോർയർഹി പശുമാപ്രീതമുദഞ്ചം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നയന്തി തർഹിതസ്യപശുശ്രപണഗ്ഗുംഹരേത്തേനൈവൈ
നം ഭാഗിനംകരോതി യജമാനോ വാ ആഹവനീയോ
യജമാനം വാ ഏതദപികർഷന്തേ യദാഹവനീയാത്പ
ശുശ്രപണഗ്ഗുംഹരന്തി സ വൈവസ്യന്നിർമന്ഥ്യം വാ
കുർയാദ്യജമാനസ്യ സാത്മതായ യദി പശോരവ
ദാനം നശ്യേദാജ്യസ്യ പ്രത്യാഖ്യായമവദ്യേത്സൈവ
തതഃ പ്രായശ്ചിത്തിർയേപശും വിമഥ്നീരൻ യസ്താൻ
കാമയേതാർത്തിമാർച്ഛേയുരിതി കുവിദങ്ഗേതി
നമോവൃക്തിവത്യർചാഗ്നീധ്രേ ജുഹുയാന്നമോവൃക്തി
മേവൈഷാംവൃങ്ക്തേ താജഗാർത്തിമാർച്ഛന്തി ॥

അർത്ഥം —

സോമലതയ്ക്കു് വിലയായി നൽകേണ്ട പശു ഏഴാമത്തെ ചുവടു് വെയ്ക്കുന്ന സ്ഥലത്തുനിന്നു് മണ്ണു് എടുക്കുന്നു എന്നുള്ളതു് യാഗത്തിനുള്ള ഒരുക്കങ്ങളും ചെയ്യുകയാണു്. യാഗത്തിനുള്ള സോമലത കൊണ്ടുവരുന്ന ശകടങ്ങൾ യാഗത്തിൻെറ മുഖത്തിനു തുല്യമാണു്. യാഗോപകരണമായ സോമലത കൊണ്ടുവരുന്നതിനുള്ള ശകടങ്ങൾ കിഴക്കോട്ടു് പോവുകയാണെങ്കിൽ സോമക്രയണത്തിനുള്ള പശുവിൻെറ ഏഴാമത്തെ ചുവടു് വെച്ച സ്ഥലത്തുനിന്നു് എടുത്ത മണ്ണു് നെയ്യു് ചേർത്തു് അക്ഷത്തിൽ പുരട്ടുന്നു യജ്ഞത്തിൻെറ മുഖസ്ഥാനീയമായിരിക്കുന്ന സോമലത കൊണ്ടുവരേണ്ട ശകടത്തിൽ തന്നെ യാഗം ആരംഭിക്കുന്നു.

ആദ്യം ഉണ്ടായിരുന്ന ഗാർഹപത്യാഗ്നിയിൽ ഇരുന്നു് ആഹവനീയത്തിനു് അഗ്നികൊണ്ടുവരുന്നു. യജമാനപത്നിയെ ആഹവനീയാഗ്നിയുടെ സമീപം കൂട്ടിക്കൊണ്ടു് വരുന്നു. ആഹവനീയാഗ്നിയുടെ സമീപത്തിൽ വണ്ടികളേയും കൊണ്ടുവരുന്നു ഇപ്രകാരം എല്ലാം ചെയ്തില്ലെങ്കിൽ ആ യജമാനൻെറ ഗാർഹപത്യാഗ്നി നഷ്ടപ്പെട്ടു് പോകുന്നു. ആ അഗ്നി കോപിക്കുന്നു. ആ അഗ്നിദേവൻ രുദ്രനായിത്തീർന്നു് യജമാനൻെറ സന്താനങ്ങളേയും പശുക്കളേയും നശിപ്പിക്കുന്നു. അതുകൊണ്ടു് യാഗത്തിനുള്ള മൃഗത്തെ കൊല്ലാനുള്ള സ്ഥലത്തുകൊണ്ടു് പോകുന്ന അവസരത്തിൽ ആ മൃഗത്തിൻെറ മാംസം പാകം ചെയ്യുന്നതിനും ഗാർഹപത്യാഗ്നിയിലിരുന്നു് തീ എടുക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്രകാരം ചെയ്യുന്നതുകൊണ്ടു് ഗാർഹപത്യാഗ്നിക്കും സ്ഥാനം നൽകുന്നു.

ആഹവനീയാഗ്നി എന്നു പറയുന്നതു് യജമാനൻ തന്നെയാണു്. ആഹവനീയാഗ്നിയിലിരുന്നു് യാഗമൃഗത്തെ പാകം ചെയ്യുന്നതിനു് അഗ്നികൊണ്ടു പോവുകയാണെങ്കിൽ അതു് യജമാനനെത്തന്നെ കൊണ്ടുപോകുന്നതിനു് തുല്യമാണു്. യജമാനനു് ഐശ്വര്യം ഉണ്ടാകുന്നതിനു് വേണ്ടി അഗ്നി കടഞ്ഞെടുക്കുകയും ചെയ്യാം.

പശുവിന്റെ ഏതെങ്കിലും അവയവം നഷ്ടപ്പെട്ടു് പോയാൽ അതിനു് പകരം നെയ്യ് എടുത്തുകൊള്ളണം. അതുതന്നെയാണു് അതിനു് പ്രായശ്ചിത്തം.

യജമാനന്റെ ശത്രുക്കൾ ആരെങ്കിലും യാഗത്തിനുള്ള പശുവിനെ ബലാൽകാരമായി കൊണ്ടുപോവുകയാണെങ്കിൽ അതു നിമിത്തം യജമാനനു് ദോഷം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി "കവിങ്ങ്ഗ" എന്നു തുടങ്ങുന്ന മന്ത്രങ്ങളാലും "നമോ വൃക്ത്യാ" എന്ന പദം വരുന്ന മന്ത്രത്താലും ആഗ്നീധ്രത്തിൽ ഹോമിക്കണം. അപ്രകാരം ചെയ്യുകയാണെങ്കിൽ ആ ശത്രു യജമാനനെ വണങ്ങുന്നു അല്ലെങ്കിൽ ആ ശത്രു പെട്ടെന്നു് മരിച്ചുപോകും.

ഇതി തൃതീയോഽനുവാകഃ

ചതുർത്ഥോഽനുവാകഃ (മന്ത്രം)

സംഹിതാ—

പ്രജാപതേർജായമാനാഃ പ്രജാജാതാശ്ച യാ ഇമാഃ. തസ്മൈ പ്രതി പ്രവേദയ ചികിത്വാം അനുമന്യതാം ഇമം പശും പശുപതേ തേ അദ്യബധ്നാമ്യഗ്നേ സുകൃതസ്യമധ്യേ. അനുമന്യസ്വസുയജായജാമ ജുഷ്ടം ദേവാനാമിദമസ്തു ഹവ്യം പ്രജാനന്തഃ പ്രതിഗൃഹ്ണന്തി പൂർവേപ്രാണമംഗേഭ്യഃ പര്യാചരന്തം സുവർഗം യാഹിപഥിഭിർദേവയാനൈ രോഷധീഷു പ്രതിതിഷ്ഠാ ശരീരൈഃ. യേഷാമീശേ പശുപതിഃപശൂനാം ചതുഷ്പദാമുതചദ്വിപദാം। നിഷ്ക്രീതോഽയം യജ്ഞിയം ഭാഗമേതു രായസ്പോഷാ യജമാനസ്യസന്തു। യേ ബധ്യമാനമനുബധ്യമാനാ അഭ്യൈക്ഷന്ത മനസാചക്ഷുഷാച।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിസ്താഗ്ഗുംഅഗ്രേ പ്രമുമോക്ത്തു ദേവഃ പ്രജാപതിഃ പ്രജയാസംവിദാനഃ। യ ആരണ്യാഃപശവോ വിശ്വ-രൂപാവിരൂപാഃസന്തോ ബഹുധൈക രൂപാഃ.വായുസ്താഗ്ഗുംഅഗ്രേ പ്രമുമോക്ത്തു ദേവഃ പ്രജാപതിഃ പ്രജയാ സംവിദാനഃ।പ്രമുഞ്ചമാനാഃഭുവന സ്യ രേതോ ഗാതും ധത്ത യജമാനായ ദേവാഃ। ഉപാകൃതഗ്ഗും ശശമാനം യദസ്ഥാ-ജ്ജീവം ദേവാനാ മപ്യേതുപാഥഃ। നാനാ പ്രാണോ യജമാനസ്യ പശുനാ യജ്ഞോ ദേവേഭിഃ സഹദേവയാനഃ। ജീവം ദേവാനാമപ്യേതുപാഥഃ സത്യാ സന്തുയജമാന-സ്യ കാമാഃ। യത്പശുർമായുമകൃതോരോ വാ പദ്ഭി-രാഹതേ। അഗ്നിർമാ തസ്മാദേനസോ വിശ്വാൻ മുഞ്ചത്വം ഹസഃ. ശമിതാര ഉപേതന യജ്ഞംദേവേഭി-രിന്വിതം. പാശാത്പശും പ്രമുഞ്ചത ബന്ധാത് യജ്ഞപതിം പരി। അദിതിഃ പാശം പ്രമുമോക്തേത്വതം നമഃ പശുഭ്യഃ പശുപതയേകരോമി। അരാതീയന്ത-മധരം കൃണോമി യം ദ്വിഷ്മസ്തസ്മിൻ പ്രതിമുഞ്ചാ-മിപാശം। ത്വാമുതേദധിരേ ഹവ്യവാഹം ശൃതംകർതാര-മുത യജ്ഞിയം ച। അഗ്നേ സദക്ഷഃ സതനർഹി ഭൂത്വാഥ ഹവ്യാ ജാതവേദോജ്ജുഷസ്വ। ജാതവേദോ വപയാഗച്ഛ ദേവാൻ ത്വഗ്ഗുംഹി ഹോതാ പ്രഥമോ ബഭൂഥ। ഘൃതേന ത്വം തനുവോവർധയസ്വ സ്വാഹാ കൃതഗ്ഗും ഹവിരദന്തു ദേവാഃ। സ്വാഹാ ദേവേഭ്യോ ദേവേഭ്യഃ സ്വാഹാ ॥

പദച്ഛേദം

പ്രജാപതേഃ ജായമാനാഃ പ്രജാഃ ജാതാഃ ച യാഃ ഇമാഃ തസ്മൈ പ്രതി പ്ര വേദയ ചികിത്വാം അനു മന്യതാം ഇമം പശും പശുപതേ തേ അദ്യ ബധ്നാമി അഗ്നേ സുകൃതസ്യ മധ്യേ അനുമന്യസ്വ സ്വയജാ യജാമ ജുഷ്ടം ദേവാനാം ഇദം അസ്തു ഹവ്യം പ്രജാനന്തഃ പ്രതി ഗൃഹ്ണന്തി പൂർവേ പ്രാണം അങ്കേഭ്യഃ പര്യാചരന്തം സുവർഗം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3691

യാഹി പഥിഭിഃ ദേവയാനൈഃ ഓഷധിഷു പ്രതി തിഷ്ഠാ ശരീരൈഃ യേഷാം ഈശേ പശുപതിഃ പശൂനാം ഉത ച ദ്വിപദാം നിഷ്ക്രീതഃ അയം യജ്ഞിയം ഭാഗം ഏതു രായസ്പോഷാഃ യജമാനസ്യ സന്തു യേ ബധ്യമാനം അനു ബധ്യമാനാഃ അഭി ഐക്ഷന്ത മനസാ ചക്ഷുഷാ ച അഗ്നിഃ താൻ അഗ്രേ പ്ര മുമോക്തു ദേവഃ പ്രജാപതിഃ പ്രജയാ സംവിദാനഃ യേ ആരണ്യാഃ പശവഃ വിശ്വ- രൂപാഃ വിരൂപാഃ സന്തഃ ബഹുധാ ഏകരൂപാഃ വായുഃ താൻ അഗ്രേ പ്ര മുമോക്തു ദേവഃ പ്രജാപതിഃ പ്രജയാ സംവിദാനഃ പ്രമുഞ്ചമാനാഃ ഭുവനസ്യ രേതഃ ഗാതും ധത്ത യജമാനായ ദേവാഃ ഉപാകൃതം ശശമാനം യദ് അസ്ഥാത് ജീവം ദേവാനാം അപി ഏതു പാഥഃ നാനാ പ്രാണഃ യജമാനസ്യ പശുനാ യജ്ഞഃ ദേവേഭിഃ സഹ ദേവയാനഃ ജീവം ദേവാനാം അപി ഏതു പാഥഃ സത്യാഃ സന്തു യജമാനസ്യ കാമാഃ യത് പശുഃ മായും അകൃത ഉരഃ വാ പദ്ഭിഃ ആഹതേ അഗ്നിഃ മാ തസ്മാദ് ഏനസഃ വിശ്വാൻ മുഞ്ചതു അംഹസഃ അദിതിഃ പാശം പ്ര മുമോക്തു ഏതം നമഃ പശുഭ്യഃ പശുപതയേ കരോമി അരാതീയന്തം അധരം കൃണോമി യം ദ്വിഷ്മഃ തസ്മിൻ പ്രതി മുഞ്ചാമി പാശം ത്വാം ഉ തേ ദധിരേ ഹവ്യവാഹം ശൃതം കർതാരം ഉത യജ്ഞിയം ച അഗ്നേ സദക്ഷഃ സതനുഃ ഹി ഭൂത്വാ അഥ ഹവ്യാ ജാതവേദഃ ജുഷസ്വ ജാത- വേദഃ വപയാ ഗച്ഛ ദേവാൻ ത്വം ഹി ഹോതാ പ്രഥമഃ ബഭൂവ ഘൃതേന ത്വം തനുവഃ വർധയസ്വ സ്വാഹാകൃതം ഹവിഃ അദന്തു ദേവാഃ സ്വാഹാ ദേവേഭ്യഃ ദേവേഭ്യഃ സ്വാഹാ.

മന്ത്രവും വിനിയോഗവും അർത്ഥവും

1 പ്രജാപതേർജായമാനാഃ പ്രജാജാതാശ്ചയാഇമാഃ।
തസ്മൈ പ്രതിപ്രവേദയ ചികിത്വാ മനമന്യതാം।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രവും അടുത്ത മന്ത്രവും യാഗത്തിനുള്ള മൃഗത്തെ ദ്വാശി ൻെറ കമ്പുകൊണ്ടു് സ്പർശിച്ചുകൊണ്ടു് ചൊല്ലാനുള്ളതാണ്.

ജായമാനാഃ = ജനിച്ചുകൊണ്ടിരിക്കുന്നതു്, ജാതാഃ ച = ഇതിനു് മുൻപു് ജനിച്ചതുമായ, ഇമാഃ പ്രജാഃ = ഈ പ്രജ കരം എല്ലാം (മൃഗങ്ങരം എല്ലാം) പ്രജാപതേഃ = പ്രജാപതി യുടെ വകയാണ്. ഹേപശോഃ = അല്ലയോ മൃഗമെ! അതു കൊണ്ടു്, തസ്മൈ പ്രതി = അദ്ദേഹത്തിൻെറ അടുക്കൽ, പ്രവേദയ = നിൻെറ കാര്യങ്ങളെല്ലാം പറയുക. ആ പ്രജാ പതി. ചികി = കാര്യങ്ങരം എല്ലാം മനസ്സിലാക്കി, ത്വാം = നിന്നെ, അനുമന്യതാം = സ്വർഗലോകത്തിലേയ്ക്കു് പോ കാൻ അനുവദിക്കട്ടെ.

2 ഇമം പശും പശുപതേ തേ അദ്യ-
ബധ്നാമ്യഗ്നേ സുകൃതസ്യമധ്യേ।
അനുമന്യസ്വ സുയജായജാമ
ജുഷ്ടം ദേവാനാമിദമസ്തുഹവ്യം

ഹേ പശുപതേ അഗ്നേ! = പശുപതിയായ അല്ലയോ അഗ്നിദേവ! അദ്യ = ഈ കർമങ്ങരം ചെയ്യുന്ന അവസര ത്തിൽ, ഇമം പശും ബധ്നാമി = ഈ മൃഗത്തെ യൂപത്തിൽ കെട്ടുന്നു (ജോതിഷ്ടോമ യാഗത്തിനു് വേണ്ടി) അനുമന്യസ്വ = അതിനു് അനുവാദം തന്നാലും സുയജാ = ശരിയായ യാഗവിധി അനുസരിച്ചു്, യജാമ = ഞങ്ങരം യാഗം ചെയ്യുന്നു ഇദം ഹവ്യം = ഈ ഹോമദ്രവ്യം, ദേവാനാം ജുഷ്ടം അസ്തു = ദേവന്മാക്കു് ഇഷ്ടപ്പെട്ടതായിതീരട്ടെ.

3 പ്രജാനന്തഃ പ്രതി ഗൃഹ്ണന്തി പൂർവേ
പ്രാണമംഗേഭ്യഃ പർയാചരന്തം।
സുവർഗം യാഹി പഥിഭിർദേവയാനൈ-
രോഷധീഷു പ്രതി തിഷ്ഠാ ശരീരൈഃ!

ഇതു മുതൽ അഞ്ചുമന്ത്രം ചൊല്ലി ആഹവനീയാഗ്നിയിൽ ഹോമിക്കുന്നു.

ഹേപശോ! = അല്ലയോ മൃഗമെ! പൂർവേ = ദേവന്മാർ, പ്രജാനന്തഃ = നിൻെറ കാര്യങ്ങളെല്ലാം അറിയുന്ന വരായി, അങ്കേഭ്യഃ പർയാചരന്തം = നിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശരീരാവയവങ്ങളിൽ ചേർന്നിരിക്കുന്ന, പ്രാണം = പ്രാണനെ, പ്രതിഗൃഹ്ണന്തി = സ്വീകരിച്ചിരുന്ന ദേവയാനൈഃ പഥിഭിഃ = ദേവന്മാർ പോകുന്ന മാർഗ്ഗങ്ങളിൽക്കൂടി, സ്വർഗം യാഹി = നീ സ്വർഗലോകത്തിലേയ്ക്ക് പോയാലും ശരീരൈഃ = നിൻെറ ശരീരങ്ങളാൽ, ഓഷധീഷു = ഓഷധികളിൽ, പ്രതിതിഷ്ഠാ = സ്ഥിതി ചെയ്യാലും.

4 യേഷാമീശേ പശുപതിഃ പശൂനാം ചതുഷ്പദാ മുത ച ദ്വിപദാം ।
നിഷ്ക്രീതോഽയം യജ്ഞിയം ഭാഗമേതു
രായസ്പോഷാ യജമാനസ്യ സന്തു ।

പശുപതിഃ = ശിവൻ, യേഷാം പശൂനാം = യാതൊരു മൃഗങ്ങളുടേയും, ഉതചദ്വിപദാം = മനുഷ്യരുടേയും, ഈശേ അധിപനാണോ, ആ മൃഗങ്ങളിൽനിന്നു്, നിഷ്ക്രീതഃ = യാഗത്തിനു് വേണ്ടി വിലയ്ക്കു് വാങ്ങപ്പെട്ടിരിക്കുന്ന, അയം ഈ മൃഗം, യജ്ഞിയം ഭാഗം ഏതു = യാഗത്തിനു് അർഹമായിത്തീരട്ടെ. യജമാനസ്യ = യജമാനനു്, രായസ് പോഷാ സന്തു = ധനസമൃദ്ധി ഉണ്ടാകട്ടെ.

5 യേ ബധ്യമാനമനു ബധ്യമാനാ
അഭ്യൈക്ഷന്ത മനസാ ചക്ഷുഷാ ച
അഗ്നിസ്താമഗ്രേ പ്രമുമോക്തു ദേവഃ
പ്രജാപതിഃ പ്രജയാ സംവിദാനഃ ।

ബധ്യമാനം = കെട്ടപ്പെട്ടിരിക്കുന്ന ഈ മൃഗത്തെ, അനുബധ്യമാനാഃ = തുടർന്നു് കെട്ടപ്പെട്ടവയും മനസാ ചക്ഷുഷാ ച = മനസ്സുകൊണ്ടും കണ്ണുകൊണ്ടും, അഭി ഐക്ഷന്ത = ഈ യാഗമൃഗത്തെ നോക്കിക്കൊണ്ടിരിക്കുന്നവരും ആയ, യേ = യാതൊരു മൃഗങ്ങൾ ഉണ്ടോ, താൻ = അവയെ, അഗ്നിഃ ദേവഃ = അഗ്നി ദേവൻ, പ്രമുമോക്തു = മോചിപ്പിക്കട്ടെ. പ്രജാപതിഃ = പ്രജാപതി, പ്രജയാ സംവിദാനഃ = തൻെറ പ്രജകളോടുകൂടി അവയെ സ്വതന്ത്രമാക്കട്ടെ.

6 യേ ആരണ്യാഃ പശവോ വിശ്വരൂപാഃ
വിരൂപാസ്സന്തോ ബഹുധൈകരൂപാഃ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വായുസ്താനഗ്രേ പ്രമുമോക്ത്വു ദേവഃ
പ്രജാപതിഃ പ്രജയാ സംവിദാനഃ

യേ ആരണ്യാഃ = കാട്ടിലുള്ള യാതൊരു മൃഗങ്ങൾ, വിരൂപാഃ = പല നിറത്തിലുള്ളതും, ബഹുധാ വിശ്വരൂപാഃ = പല പ്രകാരത്തിൽ വ്യത്യാസപ്പെട്ടു. കാണപ്പെടുന്നുവോ അവയെല്ലാം, ഏകരൂപാഃ = പശുത്വ ജാതി കൊണ്ടു് ഒന്നുതന്നെയാണു്. താൻ = ആ മൃഗങ്ങളെ, വായുഃ ദേവഃ = വായുദേവൻ, അഗ്രേ = ആദ്യമായി, പ്രമുമോക്ത്വു = മോചിപ്പിക്കട്ടെ പ്രജാപതിഃ = പ്രജാപതി, പ്രജയാ = തന്റെ പശുക്കളോടുകൂടി, സംവിദാനഃ = അവയെ സ്വതന്ത്രമാക്കട്ടെ.

7 പ്രമുഞ്ചമാനാഃ ഭുവനസ്യ രേതോ
ഗാതും ധത്ത യജമാനായ ദേവാഃ।
ഉപാകൃതം ശശമാനം യദസ്ഥാത്
ജീവം ദേവാനാമപ്യേതു പാഥഃ।

ഹേ ദേവാഃ! = അല്ലയോ ദേവന്മാരെ! ഭുവനസ്യരേതഃ = യാഗം നിമിത്തം ലോകത്തിന്റെ ഉത്പത്തിക്കു് കാരണം ആയ ഈ യാഗമൃഗത്തെ, പ്രമുഞ്ചമാനാഃ = അതിന്റെ ശരീരത്തിൽനിന്നു് വേർപെടുത്തുന്ന, യജമാനായ = യജമാനന്നു്, ഗാതും ധത്ത = സ്വർഗലോകം നൽകിയാലും യദ് = യാതൊന്നാണോ, ഉപാകൃതം = പരിശുദ്ധമാക്കപ്പെടുകയും, ശശമാനം അസ്ഥാത് = ദേവന്മാരുമായി യോജിക്കയും ചെയ്യുന്നതു്, തത് ജീവഃ = ആ യാഗമൃഗത്തിന്റെ ശരീരാവയവങ്ങൾ, ദേവാനാം പാഥഃ അപ്യേതു = ദേവന്മാർക്കു് ഭക്ഷണം ആയിത്തീരട്ടെ.

8 നാനാ പ്രാണാ യജമാനസ്യ പശുനാ
യജ്ഞോ ദേവേഭിസ്സഹ ദേവയാനഃ।
ജീവം ദേവാനാമപ്യേതു പാഥഃ
സത്യാസ്സന്തു യജമാനസ്യ കാമാഃ।

അധ്വര്യുജപിക്കാനുള്ള മന്ത്രമാണു് ഇതു്.

യജമാനസ്യപ്രാണാഃ = യജമാനന്റെ പ്രാണൻ, പശുനാ നാനാ = യാഗമൃഗത്തിന്റെ പ്രാണനിൽ നിന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേർപെട്ട്നിൽക്കട്ടെ ദേവയാനഃ യജ്ഞഃ = പ്രകാശിക്കത്തക്കവിധം ചെയ്യപ്പെടുന്ന ഈ യാഗം, ദേവേഭിഃ സഹ = ദേവന്മാരോട്കൂടി യോജിക്കട്ടെ. ജീവഃ = ഈ യാഗ മൃഗത്തിന്റെ ശരീരാവയവം, ദേവാനാം പാഥഃ അപ്യേതു = ദേവന്മാർക്ക് ഭക്ഷണമായിത്തീരട്ടെ. യജമാനസ്യ കാമാഃ = യജമാനന്റെ ആഗ്രഹങ്ങൾ, സത്യാഃ സന്തു = സത്യമായിത്തീരട്ടെ (സാധിക്കട്ടെ).

9 യത്പശുർമായുമകൃതോരോ വാ പദ്ഭിരാഹതേ !
അഗ്നിർമാ തസ്മാദേനസോ വിശ്വാൻ മുഞ്ചത്വംഹസഃ।
സംജ്ഞപ്തഹോമത്തിനുള്ള മന്ത്രമാണ് ഇത്.

പശുഃ = ഈ യാഗമൃഗം, മായും ഉരഃ അകൃത = മരണാവസരത്തിൽ ഉച്ചത്തിൽ നിലവിളിച്ചു എന്നതും, പദ്ഭിഃ ആഹതേവാ = കാലുകൾ അടിച്ച് കഷ്ടപ്പെട്ടു എന്നതും കൊണ്ട്, യത് = യാതൊരു പാപം എനിക്ക് ഉണ്ടായോ, തസ്മാത് ഏനസഃ = ആ പാപത്തിൽനിന്ന്, അഗ്നിഃ = അഗ്നി, മാ = എന്നെ, മുഞ്ചതു = മോചിപ്പിക്കട്ടെ. വിശ്വാത് അംഹസഃ = യാഗത്തിന്വേണ്ടി ചെയ്ത എല്ലാ പാപത്തിൽനിന്നും, അഗ്നിഃ = അഗ്നി, മാ = എന്നെ മുഞ്ചതു = മോചിപ്പിക്കട്ടെ.

10 ശമിതാര ഉപേതന യജ്ഞം ദേവേഭിരിന്വിതം।
പാശാത്പശും പ്രമുഞ്ചത ബന്ധാദ്യജ്ഞപതിം പരി।
ഈ മന്ത്രം ചൊല്ലിക്കൊണ്ട് അധ്വര്യുവും യജമാനനും യാഗമൃഗത്തിന്റെ അടുക്കൽ ചെല്ലുന്നു.

ഹേ ശമിതാരഃ! = അല്ലയോ ശമിതാക്കളെ! (യാഗത്തിൽ മൃഗത്തെ കൊല്ലാൻ ചുമതലപ്പെട്ടവർ) ദേവേഭിഃ = ദേവന്മാരാൽ, ഇന്വിതം = ചുററപ്പെട്ട, നഃ യജ്ഞം = ഞങ്ങളുടെ യാഗം, ഉപേത = നടത്തിത്തന്നാലും, പശും = യാഗമൃഗത്തെ, പാശാത് = അതിനെ കെട്ടിയിരിക്കുന്ന കയറിൽ നിന്നും, യജ്ഞപതിം = യജമാനനെ, ബന്ധാത് പരി = പശുവിനെ കെട്ടിയ പാപത്തിൽ നിന്നും, പ്രമുഞ്ചത മോചിപ്പിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 അദിതിഃ പാശം പ്രമുമോക്തേത്യതം
നമഃ പശുഭ്യഃ പശുപതയേകരോമി।
ഈ മന്ത്രം ചൊല്ലി പശുവിനെ കെട്ടിയിരിക്കുന്ന കയറ് അഴിക്കുന്നു.

അദിതിഃ = ഭൂമി, ഏതം പാശം = യാഗമൃഗത്തെ കെട്ടിയിരിക്കുന്ന ഈ കയറ്, പ്രമുമോക്തു = അഴിക്കട്ടെ. എന്റെ പാപം ഇല്ലാതെയാകുന്നതിന് വേണ്ടി, പശുഭ്യഃ = പശുക്കൾക്കും, പശുപതയേ = രുദ്രനും, നമഃ കരോമി = ഞാൻ നമസ്ക്കാരം ചെയ്യുന്നു.

12 അരാതീയന്തമധരം കൃണോമി।
യം ദ്വിഷ്മസ്തസ്മിൻ പ്രതി മുഞ്ചാമി പാശം।
ശത്രുവിന്ന് ദോഷം ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നവൻ ഈ മന്ത്രം ചൊല്ലി പശുവിനെ കെട്ടിയിരുന്ന കയറ് ഒരു തൂണിൽ കെട്ടുന്നു.

അരാതീയന്തം = എന്റെ ശത്രുവിനേയും എനിക്ക് ശത്രുവായി തീരുന്നവനേയും, അധരം കരോമി = എന്നെക്കാൾ താഴ്ന്നവനാക്കുന്നു. യം ദ്വിഷ്മഃ = ഞാൻ യാതൊരുത്തനെ വെറുക്കുന്നുവോ, തസ്മിൻ = അവനെ, പാശം പ്രതിമുഞ്ചാമി = ഈ കയറ് കൊണ്ട് കെട്ടുന്നു.

13 ത്വാമുതേ ദധിരേ ഹവ്യവാഹം
ശൃതം കർത്താരമുത യജ്ഞിയം ച।
അഗ്നേ സദക്ഷ സ്സതനുർഹി ഭൂത്വാഽഥ
ഹവ്യാ ജാതവേദോ ജുഷസ്വ॥
ഈ മന്ത്രം ചൊല്ലി വപയിൽ ഹോമിക്കുന്നു.

ഹേ അഗ്നേ! ഹവ്യവാഹം = ദേവന്മാർക്കുവേണ്ടി ഹവിസ്സ് വഹിച്ചുകൊണ്ടു പോകുന്നവനും, ഉത ശൃതം കർത്താരം = ഹവിസ്സ് പാകം ചെയ്യുന്നവനും, യജ്ഞിയം ച = യാഗസ്ഥലത്തു ചെല്ലുന്നവനും ആയ, ത്വാം ഉ = അങ്ങയെ തന്നെ, തേ = ആ ദേവന്മാർ, ദധിരേ = ചുമതലപ്പെടുത്തി അഥ = കൂടാതെ, ഹേ ജാതവേദഃ = എല്ലാം അറിയാവുന്നവനായ അല്ലയോ അഗ്നിദേവ! സദക്ഷഃ സതനുഃ ഭൂത്വാ = ബലമുള്ള നല്ല ശരീരത്തോട് കൂടിയവനായി, ഹവ്യാ ജുഷസ്വ = ദേവന്മാർക്ക് വേണ്ടി ഹവിസ്സ് സ്വീകരിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

14 ജാതവേദോ വപയാ ഗച്ഛ ദേവാൻ
ത്വംഹി ഹോതാ പ്രഥമോ ബഭൂവ।
ഘൃതേന ത്വം തനുവോ വർധയസ്വ
സ്വാഹാകൃതം ഹവിരദന്തു ദേവാഃ।
ഈ മന്ത്രം ചൊല്ലി ഹോമിക്കുന്നു.

ഹേ ജാതവേദഃ! = എല്ലാം അറിയാവുന്ന അല്ലയോ അഗ്നിദേവ! വപയാ = യാഗമൃഗത്തിൻെറ വപയോടുകൂടി, ദേവാൻ ഗച്ഛ = ദേവന്മാരുടെ അടുക്കൽ ചെല്ലുക. ത്വം ഹി = അങ്ങ് ആണല്ലോ. പ്രഥമഃ ഹോതാ ബഭൂവ = ആദ്യത്തെ ഹോതാവായിരുന്നത്. ത്വം = അങ്ങ്, ഘൃതേന = ഹോമിക്കുന്ന നെയ്യ്കൊണ്ടു, തനുവാ = ദേവന്മാരുടെ ശരീരം, വർധയസ്വ = പോഷിപ്പിച്ചാലും.

15-16 സ്വാഹാ ദേവേഭ്യഃ ദേവേഭ്യഃ സ്വാഹാ।
ഈ മന്ത്രം ചൊല്ലി ഹോമിക്കുന്നു
ദേവേഭ്യഃ = ദേവ പ്രീതിക്ക് വേണ്ടി, സ്വാഹാ = ഹോമം ചെയ്യുന്നു

ഇതി ചതുർഥോഽനുവാകഃ

അഥപഞ്ചമോഽനുവാകഃ (ബ്രാഹ്മണം)

ബ്രാഹ്മണം —

പ്രാജാപത്യാ വൈ പശവസ്തേഷാഗ്ം രുദ്രോഽധിപതിർയദേതാഭ്യാമുപാകരോതി താഭ്യാമേവൈനം പ്രതിപ്രോച്യാഽഽലഭത ആത്മനോഽനാവ്രസ്കായദ്വാഭ്യാമുപാകരോതി ദ്വിപാദ്യജമാനഃ പ്രതിഷ്ഠിത്യാ ഉപാകൃത്യ പഞ്ച ജുഹോതി പാങ്ക്താഃ പശവഃ പശൂനേവാവ രുന്ധേ മൃത്യവേ വാ ഏഷ നീയതേ യത്പശുസ്തം യദന്വാരഭേത പ്രമായുകോ യജമാനഃ സ്യാന്നാനാ പ്രാണോ യജമാനസ്യ പശുനേത്യാഹ വ്യാവൃത്ത്യൈ യത്പശുർമായുമകൃതേതി ജുഹോതി ശാന്ത്യൈ ശമിതാര ഉപേതനേത്യാഹ യഥായജുരേവൈതദ്വപായാം വാ ആഹ്രിയമാണായാമഗ്നേർമേധോഽപക്രാമതി ത്വാമു തേ ദധിരേ ഹവ്യ വാഹമിതി വപാമഭി ജുഹോത്യഗ്നേരേവ മേധമവരുന്ധേഽഥോ ശൃതത്വായ പുരസ്താത്സ്വാഹാകൃതയോ വാ അന്യേ ദേവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപരിഷ്ടാത്സ്വാഹാകൃതയോ‌ഽന്യേ സ്വാഹാ ദേവേഭ്യോ ദേവേഭ്യഃ സ്വാഹേത്യഭിതോ വപാം ജുഹോതി താനേവോ ഭയാൻപ്രീണാതി ॥

അത്ഥം

(ഈ പ്രപാഠകത്തിൽ നാലാം അനുവാകത്തിൽ പറഞ്ഞ മന്ത്രങ്ങളുടെ ബ്രാഹ്മണമാണ് ഈ അനുവാകത്തിൽപറയുന്നതു്)

മൃഗങ്ങരം പ്രജാപതിയാൽ സൃഷ്ടിക്കപ്പെട്ടവയാണ്. അഗ്നിയാകുന്ന രുദ്രൻ അവയുടെ അധിപതി ആകുന്നു. ഈ ദേവന്മാരെപ്പററി പറയുന്ന മന്ത്രം ചൊല്ലി യാഗമൃഗത്തെ തൊടുന്നതു കൊണ്ടു് ആ ദേവന്മാരുടെ അനുമതിയോടു്കൂടി മാത്രമേ ആ മൃഗത്തെ കൊല്ലാവൂ. അപ്രകാരം ചെയ്യുന്നതു് യജമാനനു് കുററം ഇല്ലാതിരിക്കുന്നതിനു് വേണ്ടിയാണു്

യജമാനൻ രണ്ടുകാലുകളോടു്കൂടിയവനാണ്. അതുകൊണ്ടു് തന്റെ പ്രതിഷ്ഠയ്ക്കു്വേണ്ടി രണ്ടു മന്ത്രം ചൊല്ലി യാഗമൃഗത്തെതൊടുന്നു. യാഗമൃഗത്തെ തൊട്ടതിനു് ശേഷം അഞ്ചുമന്ത്രം ചൊല്ലി ഹോമിക്കുന്നു. മൃഗങ്ങരം പങ്ക്തി എന്ന ഛന്ദസ്സിന്റെ ദേവതയെ സംബന്ധിച്ചവയാണു് അഞ്ചുമന്ത്രം ചൊല്ലി ഹോമിക്കുന്നതുകൊണ്ടു് യജമാനനു് പശുക്കരം ലഭിക്കുന്നു.

യാഗമൃഗത്തെ കൊല്ലാൻ കൊണ്ടുപോകുന്നു. അതിനെ തൊടുന്നതു് നിമിത്തം യജമാനൻ മരണം പ്രാപിക്കും, യജമാനനു് ദോഷം ഉണ്ടാകാതിരിക്കുന്നതിനു് വേണ്ടി "നാനാ പ്രാണോയജമാനസ്യ പശുനാ"എന്ന മന്ത്രം ചൊല്ലുന്നു. യജമാനനു് ശാന്തികിട്ടുന്നതിനു്വേണ്ടി "യത്പശുർമായുമകൃത" എന്ന മന്ത്രംചൊല്ലി ഹോമിക്കുന്നു. "ശമിതാര ഉപേതന" എന്ന മന്ത്രം ചൊല്ലുന്നു. ഇതു് ആ മന്ത്രത്തിൽ പറയുന്ന ഫലത്തിനു്വേണ്ടിയാണു്.

ഹോമത്തിനു് വേണ്ടി വപ കൊണ്ടുവരുമ്പോരം യജ്ഞം അഗ്നിയിൽനിന്നു് വേർപെട്ടു് പോകുന്നു "ത്വാം ഉതേഢിരേ ഹവ്യവാഹം" എന്ന മന്ത്രം ചൊല്ലി വപ ഹോമിക്കുന്നു. അതു കൊണ്ടു് വപ പാകപ്പെടുത്തുന്നതിനു് വേണ്ടി അഗ്നിയുടെ സമീപത്തു് നിന്നു് യജ്ഞത്തെ മാററാതിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചില ദേവന്മാൎക്കു് സ്വാഹാ എന്ന മന്ത്രം ദേവന്മാരുടെ പേരിനു് മുൻപിൽ ചേൎത്തു ചൊല്ലണം. ചില ദേവന്മാൎക്കാകട്ടെ ദേവന്മാരുടെ പേരു് കഴിഞ്ഞു് സ്വാഹാ എന്നു് ചേൎത്തു് ചൊല്ലണം. വപ ഹോമിക്കുന്നതിന്മുൻപും പിൻപും സ്വാഹാ ദേവേഭ്യഃ ദേവേഭ്യഃ സ്വാഹാ'' എന്ന മന്ത്രം ചൊല്ലി ഹോമിക്കുന്നു. ഇപ്രകാരം ചെയ്യുന്നതു് രണ്ടുവിധത്തിലുള്ള ദേവന്മാരെയും സന്തോഷിപ്പിക്കുന്നു

ഇതി പഞ്ചമോഽനുവാകഃ

അഥ ഷഷ്ഠോഽനുവാകഃ മന്ത്രബ്രാഹ്മണ മിശ്രം)

സംഹിതാ—

യോ വാ അയഥാ ദേവതം യജ്ഞമുപചരത്യാ ദേവതാഭ്യോ വൃശ്ച്യതേ പാപീയാൻ ഭവതി യോ യഥാ ദേവതം ന ദേവതാഭ്യ ആ വൃശ്ച്യതേ വസീയാൻ ഭവത്യാഗ്നേയ്യർചാഽഽഗ്നീധ്രമഭിമൃശേദ്വൈഷ്ണവ്യാ ഹവിർധാനമാഗ്നേയ്യാ സ്രുചോ വായവ്യയാ വായവ്യാന്യൈന്ദ്രിയാ സദോ യഥാ ദേവതമേവ യജ്ഞമുപ ചരതി ന ദേവതാഭ്യ ആ വൃശ്ച്യതേ വസീയാൻ ഭവതി യുനജ്മി തേ പൃഥിവീം ജ്യോതിഷാ സഹ യുനജ്മി വായുമന്തരിക്ഷേണ തേ സഹ യുനജ്മി വാചമ്ം സഹ സൂർയേണ തേ യുനജ്മി തിസ്രോ വിപൃചഃ സൂർയസ്യ തേ അഗ്നിർദേവതാ ഗായത്രീ ഛന്ദ ഉപാമ്ശോഃ പാത്രമസി സോമോ ദേവതാ ത്രിഷ്ടുപ്ഛന്ദോഽന്തർയാമസ്യ പാത്രമസീന്ദ്രോ ദേവതാ ജഗതീ ഛന്ദ ഇന്ദ്രവായുവോഃ പാത്രമസി ബൃഹസ്പതിർദേവതാഽനുഷ്ടുപ് ഛന്ദോ മിത്രാവരുണയോഃ പാത്രമസ്യശ്വിനൗ ദേവതാ പങ്ക്തിഛന്ദോഽശ്വിനോഃ പാത്രമസി സൂർയോ ദേവതാ ബൃഹതീ ഛന്ദഃ ശുക്രസ്യ പാത്രമസി ചന്ദ്രമാ ദേവതാ സതോ ബൃഹതീ ഛന്ദോ മന്ഥിനഃ പാത്രമസി വിശ്വേ ദേവാ ദേവതോഷ്ണിഹാ ഛന്ദഃ ആഗ്രയണസ്യ പാത്രമസീന്ദ്രോ ദേവതാ കകുച്ഛന്ദ ഉക്ഥാനാം പാത്രമസി പൃഥിവീ ദേവതാ വിരാട്ഛന്ദോ ധ്രുവസ്യ പാത്രമസി ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ അനുവാകത്തിൻെറ ആരംഭം മുതൽ "വസീയാൻ ഭവതി" എന്ന ഭാഗംവരെ ബ്രാഹ്മണവും. "യുനജ്മി" എന്നതു മുതൽ അനുവാകം തീരുന്നതുവരെ മന്ത്രവും ആണ്.

ബ്രാഹ്മണഭാഗത്തിൻെറ അർത്ഥം

ഒരു ദേവതയെ ഉദ്ദേശിച്ച് ചൊല്ലേണ്ട മന്ത്രം ചൊല്ലി മററൊരു ദേവതയെ ഉപചരിക്കുന്നതു്, മന്ത്രം കൊണ്ട് പ്രതിപാദിക്കപ്പെടുന്ന ദേവതയെ ഉപേക്ഷിച്ചതായി കരുതപ്പെടും. അ പ്രകാരം ചെയ്യുന്നവനു് പാപവും ഉണ്ടാകും. ഓരോ ദേവതയേയും ഉദ്ദേശിച്ച മന്ത്രം ചൊല്ലി അതാതു ദേവതകളെ ഉപചരിക്കുന്നവനു് ദേവതകളെ ഉപേക്ഷിച്ച കററം വന്നു ചേരുന്നില്ല. അവൻ ധനികനും ആയിത്തീരുന്നു. അഗ്നി ദേവതാകമായ മന്ത്രം ചൊല്ലി ആഗ്നീധ്രമണ്ഡപം തൊടണം. വിഷ്ണു ദേവതാകമായ മന്ത്രം ചൊല്ലി ഹവിർധാന മണ്ഡപം തൊടണം. ആഗ്നേയ മന്ത്രം ചൊല്ലി സ്രുവം തൊടണം, വായവ്യ മന്ത്രങ്ങൾ ചൊല്ലി സോമരസം വെയ്ക്കാനുള്ള പാത്രങ്ങൾ തൊടണം. ഇന്ദ്രദേവതാകമായ മന്ത്രം ചൊല്ലി സഭാമണ്ഡപം തൊടണം. അതാതു് ദേവതകൾക്ക് പറഞ്ഞ മന്ത്രം ചൊല്ലിത്തന്നെ യാഗത്തിലുള്ള ഉപചാരാദികൾ ചെയ്യുകയാണെങ്കിൽ ദേവതകളെ ഉപേക്ഷിച്ച കററം ഉണ്ടാകുന്നതല്ല. യജമാനൻ ധനവാനായും ഭവിക്കും.

"അഗ്നേനയ സുപഥാ" എന്നാരംഭിക്കുന്നതു് ആഗ്നേയമന്ത്രം

"ഇദം വിഷ്ണുർ വിചക്രമേ" എന്നാരംഭിക്കുന്നതു് വൈഷ്ണവ മന്ത്രം

"അഗ്ന ആയൂംഷിപവസേ" എന്നു് ആരംഭിക്കുന്നതു് ആഗ്നേയ മന്ത്രം.

ആവായോ ഭൂഷശുചിപാഃ എന്നു് ആരംഭിക്കുന്നതു് വായവ്യ മന്ത്രം

"ആകായേ അഗ്നിമിന്ധതേ" എന്നു് ആരംഭിക്കുന്നതു് ഐന്ദ്ര മന്ത്രം.

മന്ത്രഭാഗത്തിൻെറ പദച്ഛേദം—

യുനജ്മി തേ പൃഥിവീം ജ്യോതിഷാ സഹ
യുനജ്മി വായും അന്തരിക്ഷേണ തേ സഹ
യുനജ്മി വാചം സഹ സൂർയേണ തേ യുനജ്മി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിസ്രഃ വിപ്രുചഃ സൂർയസ്യ തേ അഗ്നിഃ ദേവതാ ഗായത്രീ ഛന്ദഃ ഉപാംശോഃ പാത്രം അസി സോമഃ ദേവതാ ത്രിഷ്ടുപ് ഛന്ദഃ അന്തർയാമസ്യ പാത്രം അസി ഇന്ദ്രഃ ദേവതാ ജഗതീ ഛന്ദഃ ഇന്ദ്രവായുവോഃ പാത്രം അസി ബൃഹസ്പതിഃ ദേവതാ അനുഷ്ടുപ് ഛന്ദഃ മിത്രാവരുണയോഃ പാത്രം അസി അശ്വിനൗ ദേവതാ പങ്ക്തിഃ ഛന്ദഃ അശ്വിനോഃ പാത്രം അസി സൂർയഃ ദേവതാ ബൃഹതീ ഛന്ദഃ ശുക്രസ്യ പാത്രം അസി ചന്ദ്രമാഃ ദേവതാ സതഃ ബൃഹതീ ഛന്ദഃ മന്ഥിനഃ പാത്രം അസി വിശ്വേദേവാഃ ദേവതാ ഉഷ്ണിഹാ ഛന്ദഃ ആഗ്രയണസ്യ പാത്രം അസി ഇന്ദ്രഃ ദേവതാ കകുദ് ഛന്ദഃ ഉക്ഥാനാം പാത്രം അസി പൃഥിവീ ദേവതാ വിരാട് ഛന്ദഃ ധ്രുവസ്യ പാത്രം അസി.

മന്ത്രവും വിനിയോഗവും അർത്ഥവും.

1 യുനജ്മി തേ പൃഥിവീം ജ്യോതിഷാസഹ

ദ്രോണകലശം അതിന്റെ സ്ഥാനത്തു് എടുത്തു വെയ്ക്കുമ്പോൾ ചൊല്ലാനുള്ള മന്ത്രമാണു് ഇതു്.

ഹേ ദ്രോണകലശ ! പൃഥിവീം ത്വാ = നിന്റെ രൂപത്തിലിരിക്കുന്ന പൃഥിവിയെ, ജ്യോതിഷാസഹ = അഗ്നിയോടു കൂടി, യുനജ്മി = ഞാൻ യോജിപ്പിക്കുന്നു.

2 യുനജ്മി വായുമന്തരിക്ഷേണ തേ സഹ ।

ആഹവനീയം അതിന്റെ സ്ഥാനത്തു് എടുത്തു വെയ്ക്കുമ്പോൾ ചൊല്ലാനുള്ള മന്ത്രമാണു് ഇതു്.

അല്ലയോ ആഹവനീയകലശമേ ! വായും തേ = നിന്റെ രൂപത്തിലിരിക്കുന്ന വായുവിനെ, അന്തരിക്ഷേണ സഹ = അന്തരീക്ഷവുമായി, യുനജ്മി = ഞാൻ യോജിപ്പിക്കുന്നു.

3 യുനജ്മി വാചം സഹ സൂർയേണ തേ ।

'പൂതഭൃത്' എന്ന സോമരസ പാത്രം അതിന്റെ സ്ഥാനത്തു് എടുത്തു് വെയ്ക്കുമ്പോൾ ചൊല്ലാനുള്ള മന്ത്രമാണു് ഇതു്

അല്ലയോ പൂതഭൃത് എന്ന സോമരസപാത്രമേ ! വാചം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ =വാഗ്രൂപത്തിലിരിക്കുന്ന നിന്നെ, സൂർയേണ സഹ = സൂർയനുമായി, യുനജ്മി = ഞാൻ യോജിപ്പിക്കുന്നു

4 യുനജ്മി തിസ്രോ വിപൃചസ്സൂർയസ്യതേ।

ജുഹൂ, ഉപഭൃത്, ധ്രുവം എന്നീ ഉപകരണങ്ങളെ ഈ മന്ത്രം ചൊല്ലി തൊടുന്നു.

തിസ്രഃ വിപൃചഃ। = ജുഹൂ, ഉപഭൃത്, ധ്രുവം എന്നീ ഉപകരണങ്ങളെ! സൂർയസ്യ = സൂർയനായി പ്രകാശിക്കുന്ന ഈശ്വരൻെറ തേജസ്സ് കൊണ്ട്, തേ യുനജ്മി = ഞാൻ നിങ്ങളെ യാഗത്തിനു് തയാറാക്കിവെയ്ക്കുന്നു

5 അഗ്നിർദേവതാഗായത്രീഛന്ദഃ ഉപാംശോഃ പാത്രമസി।

ഈ മന്ത്രം ചൊല്ലി ഉപാംശുപാത്രം എടുത്തു വെയ്ക്കുന്നു

ഉപാംശോഃ പാത്രം അസി = നീ സോമരസം എടുത്തു വെയ്ക്കാനുള്ള ഉപാംശു എന്ന പാത്രം ആകുന്നു അഗ്നിഃ ദേവതാ = അഗ്നിദേവനും, ഗായത്രീ ഛന്ദഃ = ഗായത്രി ഛന്ദസ്സിൻെറ ദേവതയും നിന്നെ രക്ഷിക്കട്ടെ

6-14 സോമോ ദേവതാത്രിഷ്ടുപ്ഛന്ദോഽന്തർയാമസ്യപാത്രമസി।

ഇന്ദ്രോദേവതാ ജഗതീഛന്ദഃ ഇന്ദ്രവായുവോഃ പാത്രമസി! ബൃഹസ്പതിർ ദേവതാഽനുഷ്ടുപ്ഛന്ദഃമിത്രാവരുണയോഃ പാത്രമസി।

അശ്വിനൗ ദേവതാ പങ്ക്തിഛന്ദോഽശ്വിനോഃ പാത്രമസി। സൂർയോദേവതാബൃഹതീഛന്ദഃ ശുക്രസ്യ പാത്രമസി। ചന്ദ്രമാ ദേവതാ സതോ ബൃഹതീഛന്ദോ മന്ഥിനഃ പാത്രമസി വിശ്വേ ദേവാ ദേവതാ ഉഷ്ണിഹാഛന്ദ ആഗ്രയണസ്യ പാത്രമസി ഇന്ദ്രോ ദേവതാ കകുപ്ഛന്ദഃ ഉക്ഥാനാം പാത്രമസി പൃഥിവീ ദേവതാ വിരാട്ഛന്ദോ ധ്രുവസ്യ പാത്രമസി।

ഈ മന്ത്രങ്ങൾ ചൊല്ലി ഓരോ പാത്രവും എടുത്തുവെയ്ക്കുന്നു.

അന്തർയാമസ്യ പാത്രം അസി = നീ അന്തർയാമപാത്രം ആകുന്നു. സോമഃ ദേവതാ = സോമദേവതയും, ത്രിഷ്ടുപ് ഛന്ദഃ = ത്രിഷ്ടുപ് ഛന്ദസ്സിൻെറ ദേവതയും നിന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രക്ഷിക്കട്ടെ. ഇന്ദ്രവായുവോഃ പാത്രം അസി = നീ ഇന്ദ്ര വായു പാത്രം ആകുന്നു. ഇന്ദ്രഃ ദേവതാ = ഇന്ദ്രനും, ജഗതീ ഛന്ദഃ = ജഗതീഛന്ദസ്സിൻെറ ദേവതയും നിന്നെ രക്ഷിക്കട്ടെ. മിത്രാവരുണയോഃ പാത്രം അസി = നീ മിത്രാവരുണ പാത്രം ആകുന്നു. ബൃഹസ്പതിഃ ദേവതാ = ബൃഹസ്പതി ദേവതയും, അനുഷ്ടുപ്ഛന്ദഃ = അനുഷ്ടുപ്ഛന്ദസ്സിൻെറ ദേവതയും നിന്നെ രക്ഷിക്കട്ടെ. അശ്വിനോഃ പാത്രം അസി = നീ അശ്വിനീദേവതകളുടെ പാത്രം ആകുന്നു. അശ്വിനൗ ദേവതാ = അശ്വിനീദേവതകളും, പങ്ക്തിഛന്ദഃ = പങ്ക്തി ഛന്ദസ്സും നിന്നെ രക്ഷിക്കട്ടെ. ശുക്രസ്യ പാത്രം അസി = നീ ശുക്രൻെറ പാത്രം ആകുന്നു സൂർയഃ ദേവതാ = സൂർയദേവതയും, ബൃഹതീഛന്ദഃ = ബൃഹതീഛന്ദസ്സും നിന്നെ രക്ഷിക്കട്ടെ. മന്ഥിനഃ പാത്രം അസി = നീ മന്ഥി എന്ന പാത്രം ആകുന്നു ചന്ദ്രമാ ദേവതാ = ചന്ദ്രൻ എന്ന ദേവതയും, സതോ ബൃഹതീഛന്ദഃ = സതോ ബൃഹതീ എന്ന ഛന്ദസ്സിൻെറ ദേവതയും നിന്നെ രക്ഷിക്കട്ടെ. ആഗ്രയണസ്യ പാത്രം അസി = നീ ആഗ്രയണപാത്രം ആകുന്നു. വിശ്വേ ദേവാഃ ദേവതാഃ = വിശ്വേ ദേവന്മാരും, ഉഷ്ണിക്ഛന്ദഃ = ഉഷ്ണിക്ഛന്ദസ്സിൻെറ ദേവതയും, നിന്നെ രക്ഷിക്കട്ടെ. ഉക്ഥാനാം പാത്രം അസി = നീ ഉക്ഥപാത്രം ആകുന്നു. ഇന്ദ്രഃ ദേവതാ = ഇന്ദ്രനും, കകുദ്ഛന്ദഃ = കകുദ്ഛന്ദസ്സിൻെറ ദേവതയും നിന്നെ രക്ഷിക്കട്ടെ. ധ്രുവസ്യപാത്രം അസി = നീ ധ്രുവപാത്രം ആകുന്നു. പൃഥിവീ ദേവതാ = പൃഥിവീദേവതയും വിരാട്ഛന്ദഃ = വിരാട്ഛന്ദസ്സിൻെറ ദേവതയും, നിന്നെ രക്ഷിക്കട്ടെ

ഇതിഷഷ്ഠോഽനുവാകഃ

അഥസപ്തമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—

ഇഷ്ടർഗോ വാ അധ്വർയുർയജമാനസ്യേഷ്ടർഗഃ ഖലു വൈ പൂർവോഽർഷ്ടഃ ക്ഷീയത ആസന്യാന്മാ മന്ത്രാത് പാഹി കസ്യാശ്ചിദഭിശസ്ത്യാ ഇതി പുരാ പ്രാതരനുവാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാജ്ജുഹ്വയാദാത്മന ഏവ തദധ്വർയുഃ പുരസ്താച്ഛർമ നഹ്യതേ f നാർത്യൈ സംവേശായ ത്വോപവേശായ ത്വാ ഗായത്രിയാസ്ത്രിഷ്ടുഭോ ജഗത്യാ അഭിഭൂത്യൈ സ്വാഹാ പ്രാണാപാനൗ മൃത്യോർമാപാതം പ്രാണാപാനൗ മാ മാ ഹാസിഷ്ടം ദേവതാസു വാ ഏതേ പ്രാണാപാനയോഃ വ്യായച്ഛന്തേ യേഷാഗ്ം സോമഃ സമൃച്ഛതേ സംവേശായ ത്വോപവേശായ ത്വേത്യാഹ ഛന്ദാംസി വൈ സംവേശ ഉപവേശച്ഛന്ദോ fഭിരേവാസ്യ ഛന്ദാംസി വൃങ്ക്തേ പ്രേതിവന്ത്യാജ്യാനി ഭവന്ത്യഭിജിത്യൈ മരുത്വതീഃ പ്രതിപദോ വിജിത്യാ ഉഭേ ബൃഹദ്രഥന്തരേ ഭവത ഇയം വാവ രഥന്തരമസൗ ബൃഹദാഭ്യാമേവൈനമന്തരേത്യദ്യ വാവ രഥന്തരഗ്ം ശ്വോ ബൃഹദദ്യാശ്വാദേവൈനമന്തരേതി ഭൂതം വാവ രഥന്തരം ഭവിഷ്യദ് ബൃഹദ്ഭൂതാച്ചൈവൈനം ഭവിഷ്യതശ്ചാന്തരേതി പരിമിതം വാവ രഥന്തരമപരിമിതം ബൃഹത് പരിമിതാച്ചൈവൈനമപരിമിതാച്ചാന്തരേതി വിശ്വാമിത്രജമദഗ്നീ വസിഷ്ഠേനാസ്പർധേതാഗ്ംസ ഏതജ്ജമദഗ്നിർവിഹവ്യമപശ്യത്തേന വൈ സ വസിഷ്ഠസ്യേന്ദ്രിയം വീർയമവൃങ്ക്ത യദ്വിഹവ്യഗ്ം ശസ്യത ഇന്ദ്രിയമേവ തദ്വീർയം യജമാനോ ഭ്രാതൃവ്യസ്യ വൃങ്ക്തേ യസ്യ ഭൂയാംസോ യജ്ഞക്രതവ ഇത്യാഹുഃ സ ദേവതാ വൃങ്ക്ത ഇതി യദ്യഗ്നിഷ്ടോമഃ സോമഃ പരസ്താദ്സ്യാദുക്ഥ്യം കുർവീത യദ്യുക്ഥ്യഃസ്യാദതിരാത്രം കുർവീത യജ്ഞക്രതുഭിരേവാസ്യ ദേവതാ വൃങ്ക്തേ വസീയാൻ ഭവതി ॥

[ഈ അനുവാകത്തിൽ ''സംവേശായത്വാ'' എന്നതു മുതൽ മമാഹാസിഷ്ട എന്നതുവരെയുള്ള ഭാഗം മന്ത്രവും ശേഷം ബ്രാഹ്മണവും ആണ്. മന്ത്രത്തിനു മുൻപും പിൻപും ബ്രാഹ്മണമാണ്.]

മന്ത്രത്തിനു മുൻപുള്ള ബ്രാഹ്മണഭാഗത്തിൻെറ അർത്ഥം—

ഉദാസീനനായ അധ്വര്യു യജമാനനു യാഗത്തിലുള്ള ഉത്സാഹവും ശ്രദ്ധയും ഇല്ലാതെയാക്കും. തന്നിമിത്തം ആദ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധ്വർയുവും അതിനെ തുടന്ന് യജമാനനും നശിക്കുന്നു. ആ ദോഷം വരാതിരിക്കുന്നതിന് വേണ്ടി "ആസന്യാന്മാ മന്ത്രാത്പാഹി കസ്യാശ്ചിത് അഭിശസ്ത്യാ" ഇത്യാദി മന്ത്രം ചൊല്ലി അധ്വർയു ഹോമം ചെയ്യണം. അപ്രകാരം ചെയ്താൽ അധ്വര്യുവിന് സുഖം ഉണ്ടാകുന്നു. അതു് യജമാനന്ന് ഉണ്ടാകാവുന്ന ദോഷങ്ങളേയും മാററുന്നു. "ആസന്യാന്മാ—" എന്ന മന്ത്രത്തിന്റെ അർത്ഥം —ശത്രുക്കളുടെ മുഖത്തിൽ നിന്നു് വരുന്ന ആഭിചാരാദി മന്ത്രങ്ങളിൽ നിന്നു് എന്നെ രക്ഷിച്ചാലും എന്നാണു്.

മന്ത്രം 1-5 സംവേശായത്വോപവേശായ ത്വാ
ഗായത്ര്യിയാത്രിഷ്ടുഭോ ജഗത്യാ
അഭിഭൂത്യൈ സ്വാഹാ। പ്രാണാപാനൗ
മൃത്യോർമാപാതം പ്രാണാപാനൗ മാമാഹാസിഷ്ടം।

പദച്ഛേദം—

സംവേശായ ത്വാ ഉപവേശായ ത്വാ ഗായത്രിയാഃ ത്രിഷ്ടുഭഃ ജഗത്യാഃ അഭിഭൂത്യൈ സ്വാഹാ പ്രാണാപാനൗ മൃത്യോഃ മാ പാതം പ്രാണാപാനൗ മാ മാ ഹാസിഷ്ടം

അന്യോന്യം മാത്സര്യത്തോടുകൂടി രണ്ടുപേർ സോമയാഗം ചെയ്യുമ്പോൾ തനിക്കു് മററാരാളെക്കാൾ ശ്രേഷ്ഠത കിട്ടണം എന്നു് ആഗ്രഹിക്കുന്നവർ ഈ മന്ത്രങ്ങൾ ചൊല്ലി ഹോമിക്കുന്നു. ഹോമം ചെയ്യുന്ന അവസരത്തിൽ മന്ത്രം ചൊല്ലേണ്ട രീതി.

1. സംവേശായത്വോപവേശായത്വാഗായത്രിയാ അഭിഭൂത്യൈസ്വാഹാ 2. സംവേശായത്വോപവേശായ ത്വാ ത്രിഷ്ടുഭോ ƒ ഭിഭൂത്യൈസ്വാഹാ 3. സംവേശായ ത്വോപവേശായ ത്വാജഗത്യാ അഭിഭൂത്യൈസ്വാഹാ
4. പ്രാണാപാനൗ മൃത്യോർമാപാതം സ്വാഹാ
5. പ്രാണാപാനൗ മാമാ ഹാസിഷ്ടം സ്വാഹാ।

അർത്ഥം—

സംവേശായ = ശയനോപകരണങ്ങളിലും, ഉപവേശായ = ഇരിക്കാനുള്ള ആസനാദികളിലും, അഭിഭൂത്യൈ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നോട്ട് മാത്സര്യം ഉള്ളവക്ക് എന്നെക്കാരം താഴ്ന്ന നില വരുന്നതിന് വേണ്ടി, ഗായത്രിയാത്വാ സ്വാഹാ = ഗായത്രി ദേവതയോടുകൂടിയ അങ്ങയെ ഉദ്ദേശിച്ച് ഞാൻ ഹോമിക്കുന്നു. ത്രിഷ്ടുഭഃ സ്വാഹാ = ത്രിഷ്ടുപ്ഛന്ദസ്സോട്ട് കൂടിയിരിക്കുന്ന അഗ്നിയിൽ ഞാൻ ഹോമിക്കുന്നു. ജഗത്യാ സ്വാഹാ = ജഗതീഛന്ദസ്സോട്ട് കൂടിയിരിക്കുന്ന അഗ്നിയിൽ ഞാൻ ഹോമിക്കുന്നു. പ്രാണാപാനൗ ! = അല്ലയോ പ്രാണാപാനങ്ങളെ! മൃത്യോഃ = മൃത്യുവിൽ നിന്നു്, മാ = എന്നെ, പാതം = രക്ഷിച്ചാലും. സ്വാഹാ = ഞാൻ അഗ്നിയിൽ ഹോമിക്കുന്നു. പ്രാണാപാനൗ! = അല്ലയോ പ്രാണാപാനങ്ങളെ ! മാ മാ ഹാസിഷ്ടം = നിങ്ങരം എന്നെ ഉപേക്ഷിക്കരുതു്. സ്വാഹാ = ഞാൻ അഗ്നിയിൽഹോമിക്കുന്നു.

''ദേവതാസുവാ'' എന്നതു മുതൽ ഉള്ള ബ്രാഹ്മണഭാഗത്തിൻെറ അർത്ഥം.

പരസ്പരമാത്സര്യത്തോടുകൂടി രണ്ടുപേർ സോമയാഗം ചെയ്യുന്ന അവസരത്തിൽ ദേവന്മാർക്കും പ്രാണാപാനങ്ങരംക്കും അവർ ഏതു യജമാനനെ സ്വീകരിക്കണം എന്ന സംശയം ഉണ്ടാകുന്നു. തൻെറ എതിരാളിയുടെ യാഗത്തിനു് പോകാതെ തൻെറ യാഗത്തിനു് തന്നെ ദേവന്മാരും പ്രാണാപാനങ്ങളും വന്നുചേരുന്നതിനു് വേണ്ടി ''സംവേശായ ത്വാ ഉപവേശായത്വാ'' ഇത്യാദി മന്ത്രം ചൊല്ലുന്നു. സംവേശവും ഉപവേശവും ഛന്ദസ്സുകളാണല്ലോ. ഛന്ദോ ദേവതകളാൽ തന്നെ, തന്നോട്ട്, മത്സരിക്കുന്നവൻെറ അഭിലാഷങ്ങരം സാധിക്കാത്ത വിധത്തിലാക്കുന്നു.

യജമാനൻെറ വിജയത്തിനു് വേണ്ടി ''പ്രവോവാജം'' എന്നു തുടങ്ങുന്ന സാമവേദത്തിലെ മന്ത്രഭാഗമാണു് യാഗാരംഭത്തിൽ ഉദ്ഗാതാവ് ഗാനം ചെയ്യേണ്ടതു്'' ഈ മന്ത്രങ്ങരം ''മരുത്വതീ'' ''പ്രതിപദ്'' എന്നീ പേരുകളാൽ അറിയപ്പെടുന്നതാണു്. ഇതു് വിജയത്തിനു് സഹായിക്കും. യാഗാവസാനത്തിലാകട്ടെ ബൃഹത്സാമവും രഥന്തര സാമവും ഗാനം ചെയ്യേണ്ടതാണു്. രഥന്തരം, ബൃഹത്സാമം എന്നിവ ഗാനം ചെയ്യുന്നതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിമിത്തം യജമാനന്ന് ഐശ്വര്യം സിദ്ധിക്കുന്നു. രഥന്തരം ഗാനം ചെയ്യുന്നതിനാൽ വർത്തമാനകാലത്തിൽ നല്ലഫലം ലഭിക്കുന്നു. ബൃഹത്സാമം ഗാനം ചെയ്താൽ ഭാവിയിൽ നല്ലഫലം ലഭിക്കും. ഈ രണ്ടു് സാമമന്ത്രങ്ങളും ഗാനം ചെയ്യുന്നതുകൊണ്ടു് തൻെറ ശത്രുവിന്നു് ഈ ലോകത്തിലും പരലോകത്തിലും സ്ഥാനമില്ലാതെയാകുന്നു. രഥന്തരഗാനം ഭൂതവർത്തമാന കാലങ്ങളിൽ ഫലം നൽകുന്നതാണു്. ഭാവികാലത്തിൽ ഫലം നൽകുന്നതാണു് ബൃഹത്സാമം. ഇവ രണ്ടും ഗാനം ചെയ്യുന്നതുകൊണ്ടു് യജമാനൻെറ ശത്രുവിനെ ഭൂതകാലത്തിൽ ലഭിച്ചതും ഭാവിയിൽ ലഭിക്കേണ്ടതുമായ നല്ല ഫലങ്ങളിൽ നിന്നു് വേർപെടുത്തുന്നു. രഥന്തരഗാനം പരിമിതമായ ഫലം നൽകുന്നതാണു്. ബൃഹത്സാമം അപരിമിതമായ ഫലം നൽകുന്നതാണു്. യജമാനൻെറ ശത്രുവിനെ പരിമിതമായ ഫലത്തിൽ നിന്നും അപരിമിതമായ ഫലത്തിൽ നിന്നും വേർപെടുത്തുന്നു.

വിശ്വാമിത്രനും ജമദഗ്നിയും വസിഷ്ഠനോടു് സ്പർദ്ധയുള്ളവരായിത്തീർന്നു. ജമദഗ്നി "മമാഗ്നേ" എന്നാരംഭിക്കുന്ന വിഹവ്യസൂക്തം മനസ്സിലാക്കി. ആ സൂക്തം ജപിച്ചു് വസിഷ്ഠൻെറ ഇന്ദ്രിയശക്തിയും വീര്യവും നശിപ്പിച്ചു. വിഹവ്യസൂക്തം ജപിക്കുകയാണെങ്കിൽ യജമാനൻ ശത്രുവിൻെറ ഇന്ദ്രിയശക്തിയും വീര്യവും നശിപ്പിക്കുന്നു.

അന്യോന്യസ്പർദ്ധയുള്ള ആളുകളിൽ ശ്രേഷ്ഠമായ യാഗം അനുഷ്ഠിക്കുന്നവൻ തൻെറ ശത്രുവിൻെറ ദേവതകളെ നശിപ്പിക്കുന്നു എന്നു് പറയുന്നു. അതുകൊണ്ടു് ശത്രു അഗ്നിഷ്ടോമത്തോടുകൂടി സോമയാഗം നടത്തിയാൽ അതിനെ ജയിക്കാൻ ഉക്ഥ്യം എന്ന യാഗം അനുഷ്ഠിക്കണം. ശത്രു ഉക്ഥ്യം ആണു് നടത്തിയതെങ്കിൽ അതിരാത്രം എന്ന യാഗം നടത്തണം. സ്വയം അനുഷ്ഠിക്കുന്ന യാഗങ്ങളാൽ ശത്രുവിൻെറ ദേവതകളെ നശിപ്പിക്കുകയും ചെയ്യുന്ന യജമാനന്നു് ഐശ്വര്യം ലഭിക്കുകയും ചെയ്യുന്നു.

ഇതി സപ്തമോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥഅഷ്ടമോ ƒ നുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—

നിഗ്രാഭ്യാഃ സ്ഥ ദേവ ശ്രുത ആയുർമേ തപർയത പ്രാണം മേ തർപയതാപാനം മേ തർപയത വ്യാനം മേ തർപ യത ചക്ഷുർമേ തർപയത ശ്രോത്രം മേ തർപയത മനോ മേ തർപയത വാചം മേ തർപയതാ ƒƒ ത്മാനം മേ തർ പയതാങ്ഗാനി മേ തർപയത പ്രജാം മേ തർപയത പശൂൻ മേ തർപയത ഗൃഹാന്മേ തർപയത ഗണാന്മേ തർപയത സർവഗണം മാ തർപയത തർപയത മാ ഗണാ മേ മാ വി തൃഷന്നോഷധയോ വൈ സോമസ്യ വിശോവിശഃ ഖലു വൈ രാജ്ഞഃ പ്രദാതോരീശ്വരാ ഐന്ദ്രഃ സോമോ ƒ വീവൃധം വോ മനസാ സുജാതാ ഋത പ്രജാതാ ഭഗ ഇദ്വഃ സ്യാമ ഇന്ദ്രേണ ദേവീർവീരുധഃ സം വിദാനാ അനുമന്യന്താഗ്ം സവനായ സോമമിത്യാഹൌ ഷധീഭ്യ ഏവൈനഗ്ഗ് സ്വായൈ വിശഃ സ്വായൈ ദേവ തായൈ നിർയാച്ച്യാഭി ഷുണോതി യോ വൈ സോമസ്യാ ഭിഷൂയമാണസ്യപ്രഥമോƒഗ്ംശുഃ സ്കന്ദതി സ ഈശ്വര ഇന്ദ്രിയം വീർയം പ്രജാം പശൂൻ യജമാനസ്യ നിർഹ ന്തോസ്തമഭി മന്ത്രയേതാƒƒമാസ്ഥാൻസഹ പ്രജയാ സഹ രായസ്പോഷേണേന്ദ്രിയം മേ വീർയം മാ നിർവ ധീരിത്യാശിഷമേവൈതാമാ ശാസ്ത ഇന്ദ്രിയസ്യ വീർയസ്യ പ്രജായൈ പശൂനാമനിർഘാതായ ദ്രപ്സ ശ്ചസ്കന്ദ പൃഥിവീമനു ദ്യാമിമം ച യോനിമനു യശ്ച പൂർവഃ തൃതീയം യോനിമനു സംചരന്തം ദ്രപ്സം- ജ്ജുഹോമ്യനു സപ്ത ഹോത്രാഃ ॥

[ഈ അനുവാകത്തിൽ മന്ത്രവും ബ്രാഹ്മണവും ഇടകലന്ന് ഇരിയ്ക്കുകയാണ്. അതുകൊണ്ട് മന്ത്രത്തിൻെറയും ബ്രാഹ്മ ണത്തിൻെറയും പദച്ഛേദം പറയുന്നു.]

പദച്ഛേദം—

നീ ഗ്രാഭ്യാഃ സ്ഥ ദേവശ്രുത ആയുഃ മേ തർപ- യത പ്രാണം മേ തർപയത അപാനം മേ തർപയത വ്യാനം മേ തർപയത ചക്ഷുഃ മേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തർപയത ശ്രോത്രം മേ തർപയത മനഃ മേ
തർപയത വാചം മേ തർപയത ആത്മാനം മേ
തർപയത അങ്ഗാനി മേ തർപയത പ്രജാം മേ
തർപയത പശൂൻ മേ തർപയത ഗൃഹാൻ മേ
തർപയത ഗണാൻ മേ തർപയത സർവഗണം
മാ തർപയത തർപയത മാ ഗണാഃ മേ മാ
വി തൃഷൻ ഓഷധയഃ വൈ സോമസ്യ വിശഃ
വിശഃ ഖലു വൈ രാജ്ഞഃ പ്രദാതോഃ ഈശ്വരാഃ
ഐന്ദ്രഃ സോമഃ അവീവൃധ: വഃ മനസാ സുജാതാഃ
ഋത പ്രജാതാഃ ഭഗ ഇദ്വഃ സ്യാമ ഇന്ദ്രേണ ദേവീഃ
വീരുധഃ സംവിദാനാഃ അനു മന്യന്താം സവനായ
സോമം ഇതി ആഹ ഓഷധീഭ്യഃ ഏവ ഏനം
സ്വായൈ വിശഃ സ്വായൈ ദേവതായൈ നിഃ
യാച്യ അഭി ഷുണോതി യഃ വൈ സോമസ്യ
അഭിഷൂയ മാണസ്യ പ്രഥമഃ അംശുഃ സ്കന്ദതി
സഃ ഈശ്വരഃ ഇന്ദ്രിയം വീർയം പ്രജാം പശൂൻ
യജമാനസ്യ നിഹന്തഃ തം അഭി മന്ത്രയേത ആ
മാ സ്കാൻ സഹ പ്രജയാ സഹ രായസ്പോ
ഷേണ ഇന്ദ്രിയം മേ വീർയം മാ നിഃ വധീഃ
ഇതി ആശിഷം ഏവ ഏതാം ആ ശാസ്തേ
ഇന്ദ്രിയസ്യ വീർയസ്യ പ്രജായൈ പശൂനാം
അനിർഘാതായ ദ്രപ്സഃ ചസ്കന്ദ പൃഥിവീം
അനു ദ്യാം ഇമം ച യോനിം അനു യഃ ച
പൂർവഃ തൃതീയം യോനിം അനു സംചരന്തം
ദ്രപ്സം ജുഹോമി അനു സപ്ത ഹോത്രാഃ॥

മന്ത്രവും അവയുടെ ബ്രാഹ്മണവും വിനിയോഗവും അർത്ഥവും

മന്ത്രം-1 നിഗ്രാഭ്യാസ്ഥ ദേവശ്രുത ആയുർമേതർപയത
പ്രാണം മേ തർപയതാ പാനം മേ തർപയത
വ്യാനം മേ തർപയത ചക്ഷുർ മേ തർപയത
ശ്രോത്രം മേ തർപയത മനോ മേ തർപയത
വാചം മേ തർപയതാത്മാനം മേ തർപയത
അങ്ഗാനി മേ തർപയത പ്രജാം മേ തർപയത
പശൂൻ മേ തർപയത ഗൃഹാ ന്മേ തർപയത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗണാന്മേതർപയത സർവഗണം മേ തർപയത
തർപയത മാ ഗണാ മേ മാവിതൃഷൻ॥

കുടത്തിൽ വെച്ചിരിക്കുന്ന വെള്ളം മറെറാരു പാത്രത്തിൽ ഒഴിക്കുമ്പോൾ ചൊല്ലാനുള്ളതാണ് ഈ മന്ത്രം.

ഹേ ആപഃ! = അല്ലയോ അപ്പുകളെ! നിങ്ങൾ, നിഗ്രാഭ്യാഃ = നിഗ്രാഭം എന്നും, ദേവശ്രുതഃ സ്ഥ = ദേവശ്രുതം എന്നും അറിയപ്പെടുന്നവരാകുന്നു. അപ്രകാരമുള്ള നിങ്ങൾ, മേ ആയുഃ = എൻെറ ആയുസ്സിനെ. തർപയത = സന്തോഷിപ്പിച്ചാലും. മേ പ്രാണം തർപയത = എൻെറ പ്രാണനെ സന്തോഷിപ്പിച്ചാലും. മേ അപാനം തർപയത = എൻെറ അപാനവായുവിനെ സന്തോഷിപ്പിച്ചാലും. മേ വ്യാനം തർപയത = എൻെറ വ്യാനവായുവിനെ സന്തോഷിപ്പിച്ചാലും. മേചക്ഷുഃ തർപയത = എൻെറ കണ്ണുകളെ സന്തോഷിപ്പിച്ചാലും. മേശ്രോത്രം തർപയത = എൻെറ ശ്രോത്രങ്ങളെ സന്തോഷിപ്പിച്ചാലും. മേമനഃ തർപയത = എൻെറ മനസ്സിനെ സന്തോഷിപ്പിച്ചാലും. മേവാചം തർപയത = എൻെറ വാക്കിനെ സന്തോഷിപ്പിച്ചാലും. മേ ആത്മാനം തർപയത = എൻെറആത്മാവിനെ സന്തോഷിപ്പിച്ചാലും മേ അങ്ഗാനി തർപയത = എൻെറ അവയവങ്ങളെ സന്തോഷിപ്പിച്ചാലും. മേ പ്രജാം തർപയത = എൻെറ സന്താനങ്ങളെ സന്തോഷിപ്പിച്ചാലും. മേ പശൂൻ തർപയത = എൻെറ പശുക്കളെ സന്തോഷിപ്പിച്ചാലും. മേ ഗൃഹാൻ തർപയത = എൻെറ ഗൃഹങ്ങളെ സന്തോഷിപ്പിച്ചാലും. മേ ഗണാൻ തർപയത = എൻെറ ആളുകളെ സന്തോഷിപ്പിച്ചാലും സർവഗണം മാ തർപയത = എല്ലാഭൃത്യന്മാരോട്കൂടിയിരിക്കുന്നഎന്നെ സന്തോഷിപ്പിച്ചാലും. മാ തർപയത = എന്നെ സന്തോഷിപ്പിച്ചാലും. മേ ഗണാഃ = എൻെറ ആളുകൾക്ക്, മാ വിതൃഷൻ = ദോഷം ഉണ്ടാകാതിരിക്കട്ടെ.

2 ഓഷധയോ വൈ സോമസ്യ വിശോ വിശഃ ഖലു
വൈ രാജ്ഞഃ പ്രദാതോരീശ്വരാ ഐന്ദ്രസ്സോമോ ഽവിവൃധം വോ മനസാ സുജാതാ ഋത പ്രജാതാ
ഭഗ ഇദ്വഃ സ്യാമ ഇന്ദ്രേണ ദേവീർവീരുധഃ
സംവിദാനാ അനുമന്യന്താം സവനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോമ- മിത്യാഹൗഷധീഭ്യ ഏവൈനം സ്വായൈ വിശ-
സ്സ്വായൈ ദേവതായൈ നിർയാച്യാഭിഷുണോതി ।

ഇതു് സോമലതയെ സ്തുതിക്കുന്ന മന്ത്രവും ആ മന്ത്രത്തി
ൻെറ ബ്രാഹ്മണവും ആകുന്നു.

ഓഷധികൾ സോമ രാജാവിൻെറ പ്രജകൾ ആകുന്നു. പ്രജാസ്ഥാനീയരായ ഓഷധികൾ രാജാവായ സോമലത തരുന്നതിനു് സമർത്ഥരാണല്ലോ സോമലത ഇന്ദ്രനെ സംബന്ധിച്ചതാണു്. "അവീവൃധംവഃ സോമം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് ഓഷധികളോടു് തന്നെ സോമൻെറ പ്രജകളോടും തൻെറ ദേവതയോടും അപേക്ഷിച്ച് അനുമതി സമ്പാദിച്ചതിനു് ശേഷം സോമലതയുടെ രസം എടുക്കുന്നു.

മന്ത്രത്തിൻെറ അർത്ഥം —

സുജാതാഃ = സർവ്വജനോപകാരം നിമിത്തം ശോഭന ജന്മത്തോടു് കൂടിയവരും, ഋതപ്രജാതാഃ = യാഗത്തിനു് വേണ്ടി ജനിച്ചവരും ആയ, ഹേ ഓഷധയഃ! = അല്ലയോ ഓഷധികളെ! വഃ = നിങ്ങളെ, മനസാ അവീവൃധം = ഞങ്ങൾ മനസ്സുകൊണ്ടു് വർദ്ധിപ്പിക്കുന്നു. വയം = ഞങ്ങൾ, വഃ = നിങ്ങളെ, ഭഗഇദ് സ്യാമ = എല്ലായ്പ്പോഴും ഭജിച്ചുകൊണ്ടിരിക്കുന്നവരായിത്തീരട്ടെ. ദേവീഃ വീരുധഃ = സോമവല്ലി രൂപത്തിലുള്ള ദേവിമാർ, ഇന്ദ്രേണ സംവിദാനാഃ = ഇന്ദ്രനുമായി ഐകമത്യം പ്രാപിച്ചവരായി, സവനായ = യാഗാദികർമ്മങ്ങൾക്കു്, സോമം അനുമന്യന്തം = സോമലതയെ അനുവദിക്കട്ടെ.

മന്ത്രം- 3 യോ വൈ സോമസ്യാഭിഷൂയമാണസ്യ പ്രഥമോംശുഃ
സ്കന്ദതി സ ഈശ്വരഃ ഇന്ദ്രിയം വീര്യം പ്രജാം പശൂൻ
യജമാനസ്യ നിർഹന്തസ്തമഭി മന്ത്രയേതാമാസ്കാൻ
സഹ പ്രജയാ സഹ രായസ്പോഷേണേന്ദ്രിയം
മേ വീര്യം മാ നിർവധീരിത്യാശിഷമേവൈതാമാശാസ്തേ
ഇന്ദ്രിയസ്യ വീര്യസ്യ പ്രജായൈ പശൂനാമനിർഘാതായ!

സോമലതയുടെ രസം എടുക്കുമ്പോൾ ലതയുടെ ഏതെങ്കിലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അംശം ഭൂമിയിൽ തെറിച്ച് വീഴുകയാണെങ്കിൽ ചൊല്ലേണ്ട മന്ത്രവും അതിന്റെ ബ്രാഹ്മണവും ആണ് ഇത്.

സോമലത ചതച്ച് അതിന്റെ രസം എടുക്കുമ്പോൾ ആദ്യമായി യാതൊരു അംശമാണോ താഴെ വീഴുന്നത് അത് യജമാനന്റെ ഇന്ദ്രിയശക്തി, വീര്യം, സന്താനങ്ങൾ, പശുക്കൾ എന്നിവയെ നശിപ്പിക്കുന്നു. ആ സോമലതയെ "അമാസ്കാൻ —നിർവധീഃ" എന്ന മന്ത്രം ചൊല്ലി അഭിമന്ത്രണം ചെയ്യണം. ഈ മന്ത്രം ചൊല്ലിയാൽ മന്ത്രത്തിൽ പറയുന്ന ആശംസ യജമാനന് ലഭിക്കുന്നു. യജമാനന് ഇന്ദ്രിയശക്തി, വീര്യം, സന്താനങ്ങൾ, പശുക്കൾ എന്നിവ നശിക്കാതിരിക്കുന്നതിന് വേണ്ടി ഈ മന്ത്രം ജപിക്കണം.

മന്ത്രം 4 ദ്രപ്സശ്ചസ്കന്ദ പൃഥിവീമനു-
ദ്യാമിമം ച യോനിമനു യശ്ച പൂർവ്യഃ।
തൃതീയം യോനിമനു സഞ്ചരന്തം
ദ്രപ്സം ജുഹോമ്യനു സപ്ത ഹോത്രാഃ।

ദ്രപ്സഃ ചസ്കന്ദ=താഴെ വീണ സോമരസം, പൃഥിവീം അനുദ്യാം=ഭൂമിക്കും സ്വർഗത്തിനും നല്ലതു ചെയ്യട്ടെ. അനു യഃ ച പൂർവ്യഃ=ഭൂമിയിലും ദ്യോവിലും, തൃതീയം യോനിം=അന്തരിക്ഷത്തിലും, അനുസഞ്ചരന്തം = സഞ്ചരിക്കുന്ന, ദ്രപ്സം = സോമരസത്തിന്റെ തുള്ളികളെ, സപ്ത ഹോത്രാഃ=സോമരസം തറയിൽ വീഴാത്ത ഏഴ്ദിക്കുകളിലും ജുഹോമി=ഞാൻ ഹോമിക്കുന്നു.

ഇതിഅഷ്ടമോഽനുവാകഃ

അഥനവമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—

യോവൈദേവാൻ ദേവയശസേനാർപയതി മനുഷ്യാൻ മനുഷ്യയശസേന ദേവയശസ്യേവ ദേവേഷു ഭവതി മനുഷ്യയശസീ മനുഷ്യേഷ്വയാൻ പ്രാചീനമാഗ്രയണാദ് ഗ്രഹാൻ ഗൃഹ്ണീയാത്താനുപാംശു ഗൃഹ്ണീയാദ്യാ-ന്നൂർധ്വാഗ്സ്താനുപബ്ദിമതോ ദേവാനേവ തദ്ദേവ-യശസേനാർപയതി മനുഷ്യാൻ മനുഷ്യയശസേന ദേവയശസ്യേവ ദേവേഷു ഭവതി മനുഷ്യയശസീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്വഷ്യേഷ്വഗ്നിഃ പ്രാതഃസവനേ പാത്വസ്മാൻ വൈ-
ശ്വാനരോ മഹിനാ വിശ്വശംഭൂഃ। സ നഃ പാവകോ
ദ്രവിണം ദധാതു ആയുഷ്മന്തഃ സഹഭക്ഷാഃ സ്യാമ
വിശ്വേദേവാ മരുത ഇന്ദ്രോ അസ്മാനസ്മിൻ ദ്വിതീയേ
സവനേ ന ജഹ്യുഃ। ആയുഷ്മന്തഃ പ്രിയമേഷാം
വദന്തോ വയം ദേവാനാഗ്ം സുമതൗ സ്യാമ। ഇദം
തൃതീയഗ്ംസവനം കവീനാമൃതേന യേ ചമസമൈരയന്ത
തേ സൗധന്വനാഃ സുവരാനശാനാഃ സ്വിഷ്ടിം നോ
അഭിവസീയോ നയന്തു ആയതനവതീർവാ അന്യാ
ആഹുതയോ ഹൂയന്തേഽനായതനാ അന്യാ യാ
ആഘാരവതീസ്താ ആയതനവതീർയാഃ സൗമ്യാസ്താ
അനായതനാഃ ഐന്ദ്രവായവമാദായാഽഽഘാരമാ ഘാര-
യേദധ്വരോ യജ്ഞോഽയമസ്തു ദേവാ ഓഷധീഭ്യഃ
പശവേനോ ജനായ വിശ്വസ്മൈ ഭൂതായാധ്വരോഽസി
സ പിന്വസ്വ ഘൃതവദ്ദേവ സോമേതി സൗമ്യാ ഏവ
തദാഹുതീരായതനവതീഃ കരോത്യായതനവാൻഭവതി
യ ഏവം വേദാഥോ ദ്യാവാപൃഥിവീ ഏവ ഘൃതേന
വ്യുനത്തി തേ വ്യുത്തേ ഉപജീവനീയേ ഭവത ഉപജീ-
വനീയോ ഭവതി യ ഏവം വേദൈഷ തേ രുദ്ര ഭാഗോ
യം നിരയാചഥാസ്തം ജുഷസ്വ വിദേർഗൗപത്യഗ്ം
രായസ്പോഷഗ്ം സുവീര്യഗ്ം സംവത്സരീണാഗ്
സ്വസ്തിം മനുഃ പുത്രേഭ്യോ ദായം വ്യഭജത്സ നാഭാനേദി-
ഷ്ഠം ബ്രഹ്മചര്യം വസന്തം നിരഭജത്സ ആഽഗച്ഛത്സോഽ
ബ്രവീത്കഥാ മാ നിരഭാഗിതി നത്വാ നിരഭാക്ഷമി-
ത്യബ്രവീദംഗിരസ ഇമേ സത്രമാസതേ തേ സുവർഗം
ലോകം ന പ്രജാനന്തി തേഭ്യ ഇദംബ്രാഹ്മണം ബ്രൂഹി-
തേ സുവർഗം ലോകം യന്തോ യ ഏഷാം പശവസ്താഗ്
സ്തേ ദാസ്യന്തീതി തദേഭ്യോഽബ്രവീത്തേ സുവർഗം
ലോകം യന്തോ യ ഏഷാം പശവ ആ സന്താനസ്മാ
അദദുസ്തം പശുഭിശ്ചരന്തം യജ്ഞവാസ്തൗ രുദ്ര ആഗച്ഛ-
ത്സോഽബ്രവീന്മമ വാ ഇമേ പശവ ഇത്യദുർവൈ
മഹ്യമിമാനിത്യബ്രവീന്ന വൈ തസ്യ ത ഈശത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യബ്രവീദ്യജ്ഞവാസ്ത്വൌഹീയതേ മമ വൈ തദിതി തസ്മാദ്യജ്ഞവാസ്തു നാഭ്യവേത്യഗ്നം സോഽബ്രവീദ്യജ്ഞേ മാഽഭജാഥ തേ പശൂന്നാഭി ഗ്ഗ്ംസ്യ ഇതി തസ്മാ ഏത, മന്ഥിനഃ സഗ്ഗ്സ്രാവമജ്ജുഹോത്തതോ വൈ തസ്യ രുദ്രഃ പശൂന്നാഭ്യമന്യത യത്രൈത മേവം വിദ്വാൻ മന്ഥിനഃ സഗ്ഗ്സ്രാവം ജുഹോതി ന തത്ര രുദ്രഃ പശൂനഭി മന്യതേ ॥

യോവൈ ദേവാൻ—മനുഷ്യയശസീമനുഷ്യേഷു എന്നതു വരെയുള്ള ബ്രാഹ്മണത്തിൻെറ അത്ഥം.

യാതൊരുത്തനാണോ ദേവന്മാക്കുള്ള യോഗ്യത തനിക്കു് കിട്ടണം എന്നു് ആഗ്രഹിച്ചു് ദേവന്മാക്കു് യാഗാദികരം അപ്പിക്കുന്നതു് അവൻ ദേവയശസ്സോടു് കൂടിയവനായിത്തീരുന്നു. ആളുകളുടെയിടയിൽ തനിക്കു് ശ്രേഷ്ഠത ലഭിക്കണമെന്നാഗ്രഹിച്ചു് യാതൊരുത്തൻ ആളുകളെ ബഹുമാനിക്കുന്നുവോ അവൻ ജനങ്ങളുടെ ഇടയിൽ യശസ്സു് ഉള്ളവനായിതീരുന്നു. ആഗ്രയണത്തിനു് മുൻപിലുള്ള യാതൊരു ഗ്രഹങ്ങരം എടുക്കുന്നുവോ അവ സമീപത്തിലുള്ള ആളുകരംക്കു് കേരംക്കാൻ പാടില്ലാത്തവിധം മന്ത്രം ചൊല്ലിക്കൊണ്ടു് എടുക്കണം. ആഗ്രയണത്തിനു് ശേഷമുള്ള ഗ്രഹങ്ങരം മന്ത്രം ആളുകരംക്കു് കേരംക്കത്തക്കവിധം ചൊല്ലിക്കൊണ്ടു് എടുക്കണം. മന്ത്രം പതുക്കെ ചൊല്ലി ഗ്രഹം എടുക്കുന്നതു് ദേവന്മാരെപ്പോലെയുള്ള യശസ്സു് വേണമെന്നാഗ്രഹിച്ചു് ദേവന്മാരെ പ്രീണിപ്പിക്കുന്നതാണു്. മന്ത്രം ഉച്ചത്തിൽ ചൊല്ലി ഗ്രഹം എടുക്കുന്നതു് ആളുകളുടെ ഇടയിൽ വലിയ യശസ്സു് ഉണ്ടാകുന്നതിനു് വേണ്ടി മനുഷ്യരെ ബഹുമാനിക്കുകയാണു്. ദേവയശസ്സു് കിട്ടാനുള്ള രീതിയിൽ പ്രവത്തിക്കുന്നവനു് ദേവത്വം കിട്ടുന്നു. ആളുകളുടെ ഇടയിൽ യശസ്സു് കിട്ടുന്നതിനു് വേണ്ടി പ്രവത്തിക്കുന്നവനു് ആളുകളുടെ ഇടയിൽ യശസ്സു് ലഭിക്കുന്നു.

മന്ത്രം 1

അഗ്നിഃ പ്രാതസ്സവനേ പാത്വസ്മാൻ
വൈശ്വാനരോ മഹിനാ വിശ്വശംഭൂഃ।
സ നഃ പാവകോ ദ്രവിണം ദധാതു
ആയുഷ്മന്തഃ സഹഭക്ഷാസ്യാമ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിഃ പ്രാതസ്സവനേ പാതു അസ്മാൻ വൈ- ശ്വാനരഃ മഹിനാ വിശ്വശംഭൂഃ സഃ നഃ പാവകഃ ദ്രവിണം ദധാതു ആയുഷ്മന്തഃ സഹഭക്ഷാ സ്യാമ രാവിലെ സോമരസം എടുക്കുമ്പോൾ ചൊല്ലേണ്ട മന്ത്രം ആണ് ഇതു്.

വൈശ്വാനരഃ = പാപം ഇല്ലാതാക്കുന്നവനും, വിശ്വ ശംഭൂഃ = ലോകത്തിനു് നന്മ ഉണ്ടാക്കുന്നവനും ആയ അഗ്നിഃ = അഗ്നി, പ്രാതസ്സവനേ = പ്രാതഃകാലത്തു ചെയ്യുന്ന യാഗക്രിയയിൽ, അസ്മാൻ പാതു = ഞങ്ങളെ രക്ഷിക്കട്ടെ മഹിനാ = തൻെറ മഹത്വത്താൽ, വിശ്വശംഭൂഃ = ലോകത്തിനു് സുഖം ഉണ്ടാക്കുന്ന സഃ പാവകഃ = ആ അഗ്നി, നഃ = ഞങ്ങൾക്കു്, ദ്രവിണം ദധാതു = ധനം തരട്ടെ ഞങ്ങൾ, ആയുഷ്മന്തഃ = ദീർഘായുസ്സ് ഉള്ള വരും, സഹഭക്ഷാഃ = നാനാ പ്രകാരേണ സുഖമുള്ളവരും സ്യാമ = ആയിതീരട്ടെ.

മന്ത്രം 2

വിശ്വേദേവാ മരുത ഇന്ദ്രോ അസ്മാ-
നസ്മിൻ ദ്വിതീയേ സവനേ ന ജഹ്യുഃ ।
ആയുഷ്മന്തഃ പ്രിയമേഷാം വദന്തോ
വയം ദേവാനാം സുമതൗ സ്യാമ ।

വിശ്വേദേവാഃ മരുതഃ ഇന്ദ്രഃ അസ്മാൻ അസ്മിൻ ദ്വിതീയേ സവനേ ന ജഹ്യുഃ ആയുഷ്മന്തഃ പ്രിയം ഏഷാം വദന്തഃ വയം ദേവാനാം സുമതൗ സ്യാമ। മദ്ധ്യാഹ്നത്തിൽ സോമരസം എടുക്കുന്നതു് അവസാനിക്കു മ്പോൾ ചൊല്ലാനുള്ള മന്ത്രമാണു് ഇതു്—

മരുതഃ ഇന്ദ്രഃ = മരുത്തുകൾ ഇന്ദ്രൻ മുതലായ, വിശ്വേ ദേവാഃ = എല്ലാ ദേവന്മാരും അസ്മിൻ ദ്വിതീയേ സവനേ = മദ്ധ്യാഹ്നത്തിൽ ചെയ്യുന്ന ഈ യാഗക്രിയയിൽ, അസ്മാ ൻ ന ജഹ്യുഃ = ഞങ്ങളെ ഉപേക്ഷിക്കരുതു്. വയം = ഞങ്ങൾ, ആയുഷ്മന്തഃ = ദീർഘായുസ്സ് ഉള്ളവരും, ഏഷാം = ഈ ദേവന്മാർക്കു്, പ്രിയംവദന്തഃ = സ്തുതി വ ചനങ്ങൾ പറയുന്നവരും, സ്യാമ = ആയിത്തീരട്ടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവാനാം സുമതൗ സ്യാമ = ദേവന്മാക്ക് ഞങ്ങളെപ്പററി നല്ല വിചാരം ഉണ്ടാവുകയും ചെയ്യട്ടെ.

മന്ത്രം—3

ഇദം തൃതീയം സവനം കവീനാ-
മൃതേന യേ ചമസമൈരയന്ത ।
തേ സൗധന്വനാസ്സുവരാനശാനാ-
സ്വിഷ്ടിം നോ അഭിവസീയോ നയന്തു ।

ഇദം തൃതീയം സവനം കവീനാം ഋതേന യേ ചമസം ഐരയന്ത തം സൗധന്വനാഃ സുവരാൻ അശാനാഃ സ്വിഷ്ടിം നഃ അഭി വസീയ: നയന്തു മൂന്നാമത്തെ പ്രാവശ്യം സോമരസം എടുത്തതിന് ശേഷം ചൊല്ലാനുള്ള മന്ത്രമാണ് ഇതു്—

ഋതേന ചമസം ഐരയന്തഃ = യാഗത്തിനുവേണ്ടി ചമസ കുടങ്ങളിൽ സോമരസം എടുക്കുന്നവരും സൗധന്വനാഃ = ഇന്ദ്രനെ സംബന്ധിച്ചവരും, സുവരാൻ അശാനാഃ = സ്വർഗ്ഗം പ്രാപിച്ചവരും ആയി യേ തേ = യാതൊരു ദേവന്മാർ ഉണ്ടോ അവർ കവീനാം = യാഗം നടത്തുന്നവരുടെ ഇദം തൃതീയം സവനം = ഈ മൂന്നാമത്തെ യാഗക്രിയ, സ്വിഷ്ടിം അഭിവസീയഃ നയന്തു = സമ്പന്നമാക്കി സ്വീകരിക്കുമാറാകട്ടെ.

ബ്രാഹ്മണം— "ആയതനവതീർവാഅന്യാ" — എന്നതു മുതൽ "യഎവം വേദ" എന്നതുവരെയുള്ള ബ്രാഹ്മണ ഭാഗത്തിൻെറ അത്ഥം.

ചില ആഹുതികൾ ആയതനവതികളായി ഹോമിക്കപ്പെടുന്നു. ചില ആഹുതികൾ ആയതനവതികളല്ലാതെ ഹോമിക്കപ്പെടുന്നു. ആഘാരപ്രകരണത്തിൽ പറയപ്പെടുന്നവ (ദർശപൂർണമാസാദികൾ) ആയതനവതികളാണ്. സോമയാഗത്തെ സംബന്ധിച്ച യാതൊരു ആഹുതികൾ ഉണ്ടോ അവ ആയതനവതികൾ അല്ല. സോമയാഗത്തിൽ ഐന്ദ്രവായവ ഗ്രഹം കൈയിൽ എടുത്തുകൊണ്ട് "അധ്വരോയജ്ഞഃ" ഇത്യാദി മന്ത്രം ചൊല്ലിക്കൊണ്ട് 'പാരിപ്ലവം' എന്ന പാത്രത്തിൽ കൂടി സോമരസം അഗ്നിയിൽ ഹോമിക്കണം. ാസാമരസത്തെ സംബ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ധിച്ച ആ ആഹുതികൾ ആയതനവതികളാണ്. യാതൊരുത്തൻ ഇപ്രകാരം ചെയ്യുന്നുവോ അവന് താമസിക്കുന്നതിന് നല്ല ഗൃഹങ്ങൾ ലഭിക്കുന്നു. യാതൊരുത്തൻ ഇത് അറിയുന്നുവോ അവനും ഗൃഹം ലഭിക്കുന്നു. അതുകൊണ്ട് (ഇപ്രകാരം ഹോമം ചെയ്യുന്നതുകൊണ്ട്) ദ്യോവിനേയും ഭൂമിയേയും നെയ്കൊണ്ട് നനയ്ക്കുന്നു. ഇപ്രകാരം നനയ്ക്കപ്പെട്ട ദ്യോവും പൃഥിവിയും ആളുകൾക്ക് ഉപജീവനത്തിന് അർഹമായിത്തീരുന്നു. യാതൊരുത്തൻ ഇതറിയുന്നുവോ അവൻ ഉപജീവനത്തിന് വേണ്ട സമ്പത്തുള്ളവനായിത്തീരും.

മന്ത്രം 4

അധ്വരോ യജ്ഞോഽയമസ്തു ദേവാ
ഓഷധീഭ്യഃ പശവേ നോ ജനായ
വിശ്വസ്മൈ ഭൂതായാധ്വരോഽസി
സ പിന്വസ്വ ഘൃതവദ്ദേവ സോമ।

അധ്വരഃ യജ്ഞഃ അയം അസ്തു ദേവാഃ ഓഷധീഭ്യഃ പശവേ നഃ ജനായ വിശ്വസ്മൈ ഭൂതായ അധ്വരഃ അസി സഃ പിന്വസ്വ ഘൃതവദ് ദേവ സോമ।

ഈ മന്ത്രം ചൊല്ലി 'പാരിപ്ലവം' എന്ന പാത്രത്തിൽ കൂടി സോമരസം ഹോമിക്കുന്നു

ഹേ ദേവാഃ ! = അല്ലയോ ദേവന്മാരെ ! ഓഷധീഭ്യഃ = ഓഷധികൾക്കും, പശവേ = മൃഗങ്ങൾക്കും, നഃ = ഞങ്ങൾക്കും, ജനായ = ആളുകൾക്കും, വിശ്വസ്മൈ ഭൂതായ = ചരാചരങ്ങളായ എല്ലാററിനും അയം യജ്ഞഃ = ഈ യാഗം, അധ്വരഃ അസ്തു = യാതൊരു ഹിംസയും ചെയ്യാത്തതായിരിക്കട്ടെ. ദേവ സോമ! = അല്ലയോ പ്രകാശിക്കുന്ന സോമമെ ! അധ്വരഃ അസി = നീ യാതൊരു ഹിംസയും ചെയ്യാത്തവനാണ് സഃ ത്വം = അപ്രകാരമുള്ള നീ, ഘൃതവത് പിന്വസ്വ = നെയ്യ് പോലെ ഒഴുകുക.

മന്ത്രം 5

ഏഷ തേ രുദ്രഭാഗോയം നിരയാചഥാ-
സ്തം ജുഷസ്വ വിദേർഗൗപത്യം രായസ്പോഷം
സുവീർയം സംവത്സരീണാം സ്വസ്തിം !

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷഃ തേ രുദ്ര ഭാഗഃ യം നി: അയാചഥാഃ തം ജുഷസ്വ വിദേഃ ഗൗപത്യം രായസ്പോഷം സുവീര്യം സംവത്സരീണാം സ്വസ്തിം

ഇതു് സംശ്രാവഹോമത്തിനുള്ള മന്ത്രമാണു്—

ഹേരുദ്ര ! = അല്ലയോരുദ്ര ! ഏഷഭാഗഃ = ഈ സംശ്രാവഭാഗം, തേ = അങ്ങയ്ക്കുള്ളതാണു് യം നിരയാചഥാഃ = ഇതു് അങ്ങു് ദേവന്മാരോടു് ചോദിച്ചു് സ്വായത്തമാക്കിയതാണു്. തം ജുഷസ്വ = ആ ഭാഗം അങ്ങു് സ്വീകരിച്ചാലും ഗൗപത്യം = പശുക്കളുടെ ആധിപത്യവും, രായസ്പോഷം = ധനാഭിവൃദ്ധിയും, സുവീര്യം = നല്ലവീര്യവും സംവത്സരീണാം സ്വസ്തിം = ചെടികാംക്കു് ക്ഷേമവും വിദേഃ = ഞങ്ങാംക്കു് ഉണ്ടാകട്ടെ.

"മനുഃ പുത്രേഭ്യഃ" എന്നതു മുതൽ അനുവാകത്തിന്റെ അവസാനം വരെയുള്ള ബ്രാഹ്മണ ഭാഗത്തിന്റെ അത്ഥം-

മനു തന്റെ പുത്രന്മാക്കു് സമ്പത്തു് ഭാഗിച്ചു കൊടുത്തു. അപ്പോാം ബ്രഹ്മചര്യം സ്വീകരിച്ചു് വേദം പഠിച്ചു് കൊണ്ടിരുന്ന നാഭാനേദിഷ്ഠൻ എന്ന മകനു് ഭാഗം നീക്കിവെച്ചിരുന്നില്ല. നാഭാനേദിഷ്ഠൻ വന്നു. എന്തുകൊണ്ടു് എനിക്കു് ഭാഗം തന്നില്ല എന്നു് ചോദിച്ചു. നിനക്കു് ഭാഗം തരാതെയിരുന്നില്ല എന്നു് മനു പറഞ്ഞു. "അംഗിരസ്സുകാം യാഗം നടത്തുകയാണു് അവക്കു സ്വഗ്ഗലോകം കിട്ടാനുള്ള ഉപായം അറിഞ്ഞുകൂടാ. അവക്കു് ഈ ബ്രാഹ്മണം (മന്ത്രം) പറഞ്ഞുകൊടുക്കുക. സ്വഗ്ഗലോകത്തിലേയ്ക്കു് പോകുന്ന അവർ അവക്കുള്ള പശുക്കളെ നിനക്കു് തരും." എന്നു് പുത്രനോടു് പറഞ്ഞു

നാഭാനേദിഷ്ഠൻ മനുപറഞ്ഞു കൊടുത്ത ബ്രാഹ്മണം അംഗിരസ്സുകാംക്കു് പറഞ്ഞുകൊടുത്തു. സ്വഗ്ഗലോകത്തിലേയ്ക്കു് പോകുന്ന അവർ അവക്കുണ്ടായിരുന്ന പശുക്കളെയെല്ലാം നാഭാനേദിഷ്ഠനു് കൊടുത്തു പശുക്കളോടു്കൂടി പൊയ്ക്കൊണ്ടിരുന്ന അവന്റെ അടുക്കൽ യാഗഭൂമിയിൽ നിന്നു് രുദ്രൻ വന്നു. ആരുദ്രൻ പറഞ്ഞു - "ഈ പശുക്കാം എന്റെ വകയാണു്". അവർ ഈ പശുക്കളെ എനിക്കു് തന്നതാണല്ലോ എന്നു് നാഭാനേദിഷ്ഠൻ പറഞ്ഞു :"അവക്കു് ഈ പശുക്കളെ തരാൻ അവകാശമില്ലല്ലോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞഭൂമിയിൽ ബാക്കി വരുന്നതല്ലൊം എന്റെ ഭാഗമാണ്. അതുകൊണ്ട് യാഗഭൂമിയിൽ ശേഷിച്ച ദ്രവ്യം ദാനം ചെയ്യാൻ അർഹമല്ല-യാഗത്തിൽ എനിക്ക് ഭാഗം തരിക അങ്ങനെ ചെയ്താൽ ഞാൻ പശുക്കളെ അവകാശപ്പെടുന്നില്ല'' എന്ന് രുദ്രൻ പറഞ്ഞു യാഗം നടത്തിയവർ രുദ്രനെ ഉദ്ദേശിച്ച് ''ഏഷതേ രുദ്ര ഭാഗം.'' ഇത്യാദി മന്ത്രം ചൊല്ലി ഹോമം ചെയ്തു. അനന്തരം പശുക്കളെ കൊണ്ടു പോകാൻ നാഭാനേദിഷ്ഠനെ രുദ്രൻ അനുവദിച്ചു. യാതൊരു സ്ഥലത്തു് യജമാനൻ മന്ഥിഗ്രഹത്തിൽ നിന്ന് സംസ്രാവ ഹോമം നടത്തുന്നുവോ, അവിടെ രുദ്രൻ പശുക്കളെ ഉപദ്രവിക്കുന്നില്ല.

ഇതിനവമോऽനുവാകഃ

അഥദശമോऽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—

ജുഷ്ടോ വാചോ ഭൂയാസം ജുഷ്ടോ വാചസ്പതയേ ദേവീ വാക് യദ്വാചോ മധുമത്തസ്മിൻമാ ധാഃ സ്വാഹാ സരസ്വത്യൈ ഋചാ സ്തോമമ്ഗും സമർധയ ഗായത്രേണ രഥന്തരം ബൃഹദ്ഗായത്രവർതനി യസ്തേ ദ്രപ്സഃ സ്കന്ദതി യസ്തേ അമ്ഗുംശുർബാഹുച്യുതോ ധിഷണയോരുപസ്ഥാത് അധ്വർയോർവാ പരി യസ്തേ പവിത്രാത് സ്വാഹാകൃതമിന്ദ്രായ തം ജുഹോമി യോ ദ്രപ്സോ അമ്ഗുംശുഃ പതിതഃ പൃഥിവ്യാം പരിവാപാത് പുരോഡാശാത്കരംഭാത്। ധാനാ സോമാന്മന്ഥിന ഇന്ദ്ര ശുക്രാത്സ്വാഹാകൃതമിന്ദ്രായ തം ജുഹോമി യസ്തേ ദ്രപ്സോ മധുമാമ്ഗും ഇന്ദ്രിയാവാൻ സ്വാഹാകൃതഃ പുനരപ്യേതി ദേവാൻ ദിവഃ പൃഥിവ്യാഃ പര്യന്തരിക്ഷാത്സ്വാഹാകൃതമിന്ദ്രായ തം ജുഹോമി അധ്വർയുർവാ ഋത്വിജാം പ്രഥമോ യുജ്യതേ തേന സ്തോമോ യോക്തവ്യ ഇത്യാഹുർവാഗഗ്രേഗാ അഗ്ര ഏതത്വൃജുഗാ ദേവേഭ്യോ യശോ മയി ദധതീ പ്രാണാൻ പശുഷു പ്രജാം മയി ച യജമാനേ ചേത്യാഹ വാചമേവ തദ്യജ്ഞമുഖേ യുനക്തി വാസ്തു വാ ഏതദ്യജ്ഞസ്യ ക്രിയതേ യദ്ഗ്രഹാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗൃഹീത്വാ ബഹിഷ്പവമാനഗ്ഗും സർപന്തി പരാഞ്ചോ ഹി യന്തി പരാചീഭിഃ സ്തുവതേ വൈഷ്ണവ്യർചാ പുനരേത്യോപതിഷ്ഠതേ യജ്ഞോ വൈ വിഷ്ണുർ യജ്ഞമേവാകർവിഷ്ണോ ത്വം നോ അന്തമഃ ശർ യച്ഛ സഹന്ത്യ। പ്ര തേ ധാരാ മധുശ്ചുത ഉത്സം ദ്,ഹതേ അക്ഷിത മിത്യാഹ യദേവാസ്യ ശയാനസ്യോ പശുഷ്യ തി തദേവാ സ്യൈതേനാ//പ്യായയതി ॥

[അനുവാകത്തിന്റെ ആദ്യം മുതൽ ''അധ്വർയുവാ ൠത്വിജം പ്രഥമോ'' എന്നതുവരെ മന്ത്രവും അതിനു് ശേഷം അനുവാകത്തിന്റെ അവസാനം വരെ ബ്രാഹ്മണവും ആണു്.

മന്ത്രഭാഗത്തിന്റെ പദച്ഛേദം

ജുഷ്ടഃ വാചഃ ഭൂയാസം ജുഷ്ടഃ വാചസ്പതയേ ദേവീ വാക് യദ് വാചഃ മധുമത് തസ്മിൻ മാ ധാഃ സ്വാഹാ സരസ്വത്യൈ ൠചാ സ്തോമം സമർധയ ഗായത്രേണ രഥന്തരം ബൃഹദ് ഗായത്രവർതനി യഃ തേ ദ്രപ്സഃ സ്കന്ദതി യഃ തേ അംശുഃ ബാഹുച്യുതഃ ധിഷണയോഃ ഉപസ്ഥാത് അധ്വർയോഃ വാ പരി യഃ തേ പവിത്രാത് സ്വാഹാകൃതം ഇന്ദ്രായ തം ജുഹോമി യഃ ദ്രപ്സഃ അംശുഃ പതിതഃ പൃഥിവ്യാം പരിവാപാത് പുരോഡാശാത് കരംഭാത് ധാനാസോമാത് മന്ഥിനഃ ഇന്ദ്ര ശുക്രാത് സ്വാഹാകൃതം ഇന്ദ്രായ തം ജുഹോമി യഃ തേ ദ്രപ്സഃ മധുമാൻ ഇന്ദ്രിയാവാൻ സ്വാഹാകൃതഃ പുനഃ അപി ഏതി ദേവാൻ ദിവഃ പൃഥിവ്യാഃ പരി അന്തരിക്ഷാത് സ്വാഹാകൃതം ഇന്ദ്രായ തം ജുഹോമി

മന്ത്രവും വിനിയോഗവും അർത്ഥവും.

1 ജുഷ്ടോവാചോഭൂയാസം ജുഷ്ടോ വാചസ്പതയേ ദേവീവാക് യദ്വാചോ മധുമത്തസ്മിൻ മാ ധാഃ സ്വാഹാ സരസ്വത്യൈ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രവും അടുത്ത മന്ത്രവും പ്രവൃത്ത ഹോമത്തിനുള്ള താണ്. ഹേ ദേവീവാക്! = അല്ലയോ വാഗ്ദേവതേ! വാചഃ ജുഷ്ടഃ ഭൂയാസം = ഞാൻ വാഗ്ദേവതയുടെ മിത്ര മായിത്തീരട്ടെ. വാചസ്പതയേ ജുഷ്ടഃ ഭൂയാസം = ഞാൻ ബൃഹസ്പതിക്കു് പ്രിയപ്പെട്ടവനായിത്തീരട്ടെ. യദ് വാചഃ = യാതൊരു വാക്കുകളാണോ, മധുമത് = അന്യക്കു സന്തോഷം ഉണ്ടാക്കുന്നതു്; തസ്മിൻ മാധാഃ = അപ്രകാ രമുള്ള വാക്കുകൾ എനിക്കു് ഉണ്ടാകട്ടെ. സരസ്വത്യൈ സ്വാഹാ = സരസ്വതീ ദേവിയുടെ പ്രീതിക്കു് വേണ്ടി ഞാൻ ഹോമിക്കുന്നു.

2 ഋചാ സ്തോമം സമർധയ ഗായത്രേണ രഥന്തരം
ബൃഹദ്ഗായ ത്രവർതനി।

ഹേ സരസ്വതി! ഋചാ = മന്ത്രത്താൽ, സ്തോമം സമർധയ = സ്തുതികളെ നല്ലതാക്കിയാലും. ഗായത്രേണ = ഗായത്ര സാമത്താൽ, രഥന്തരം സമർധയ = രഥന്തരമെന്ന സാമ ത്തെ നല്ലതാക്കിയാലും ഗായത്രവർതനി = ഗായത്രിവഴി യായിരിക്കുന്ന, ബൃഹദ് സമർധയ = ബൃഹത്സാമത്തേയും നല്ലതാക്കി ചെയ്താലും.

3 യസ്തേ ദ്രപ്സഃ സ്കന്ദതി യസ്തേ അംശുർ-
ബാഹുച്യുതോ ധിഷണയോരുപസ്ഥാത്।
അധ്വര്യോർവാ പരി യസ്തേ പവിത്രാത്
സ്വാഹാകൃതമിന്ദ്രായ തം ജുഹോമി।

ബ്രഹ്മാവു് ഒരു (ഋത്വിക്കു്) ഹോതാവു് യജമാനൻ എന്നി മൂന്നുപേരും ഇതു മുതൽ മൂന്നു് മന്ത്രം ചൊല്ലി ഹോമിക്കുന്നു.

ഹേ സോമ! അല്ലയോ സോമരസമേ! തേ = നിൻെറ യഃ ദ്രപ്സഃ = യാതൊരു തുള്ളി (അംശം) ധിഷണയോഃ ഉപസ്ഥാത് = സോമരസം എടുക്കുന്നതിനുള്ള പലകയിൽ നിന്നു്, സ്കന്ദതി = താഴെ വീഴുന്നുവോ അതു്, ബാഹു ച്യുതഃ = പുരോഹിതൻെറ കയ്യിൽ നിന്നു് വീഴുന്ന, യഃ അംശുഃ = യാതൊരു അംശമുണ്ടോ അതും, അധ്വര്യോഃ യോ വാ = അധ്വര്യുവിൻെറ കയ്യിൽ നിന്നു് വീഴുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തുള്ളികളും, പവിത്രാത് പരിച്യുതഃ = സോമരസം അരിച്ചെടുക്കുന്ന തുണിയിൽനിന്നു് താഴെ വീഴുന്ന, യഃ = യാതൊരു അംശം ഉണ്ടോ, തം = അതും, ഇന്ദ്രായ = ഇന്ദ്രനായിക്കൊണ്ടു്, സ്വാഹാകൃതം ജുഹോമി = സ്വാഹ എന്ന മന്ത്രോച്ചാരണത്തോടുകൂടി ഞാൻ ഹോമിക്കുന്നു.

4. യോ ദ്രപ്സോ അംശുഃ പതിതഃ പൃഥിവ്യാം
പരിവാപാത് പുരോഡാശാത് കരംഭാത്।
ധാനാസോമാ ന്മന്ഥിന ഇന്ദ്ര ശുക്രാത്
സ്വാഹാകൃതമിന്ദ്രായ തം ജുഹോമി।

ഹേ ഇന്ദ്ര ! പരിവാപാത് = നെൽപൊരിയിൽ നിന്നും, പുരോഡാശാത് = പുരോഡാശത്തിൽ നിന്നും, കരംഭാത് = മാവിൽനിന്നും, ധാനാസോമാത് = അവൽപൊരിയിൽ നിന്നും, മന്ഥിനഃ ശുക്രാത് = പാത്രത്തിൽ വെച്ചിരിക്കുന്ന സോമരസത്തിൽ നിന്നും, യഃ ദ്രപ്സഃ അംശുഃ = ഏതെല്ലാം ചെറിയ അംശം പൃഥിവ്യാം പതിതഃ = തറയിൽ വീണുവോ, തം = അതിനെ, ഇന്ദ്രായ = ഇന്ദ്രന്റെ പ്രീതിക്കായി, സ്വാഹാ കൃതം = സ്വാഹാ എന്നു് ഉച്ചരിച്ചു് കൊണ്ടു്, ജുഹോമി = ഞാൻ ഹോമിക്കുന്നു.

5 യസ്തേ ദ്രപ്സോ മധുമാൻ ഇന്ദ്രിയാവാൻ
സ്വാഹാകൃതഃ പുനരപ്യേതി ദേവാൻ ।
ദിവഃ പൃഥിവ്യാഃ പര്യന്തരിക്ഷാത്
സ്വാഹാകൃതമിന്ദ്രായ തംജുഹോമി ।

ഹേസോമ ! = അല്ലയോസോമരസമെ ! മധുമാൻ = മധുര രസമുള്ളതും, ഇന്ദ്രിയാവാൻ = ഇന്ദ്രിയങ്ങൾക്കു് ബലം ഉണ്ടാക്കുന്നതും, സ്വാഹാകൃതഃ = സ്വാഹാ എന്ന മന്ത്രോച്ചാരണത്തോടു്കൂടി അഗ്നിയിൽ ഹോമിക്കപ്പെട്ടു്, പുനഃ അപി = വീണ്ടും, ദേവാൻ ഏതി = ദേവന്മാരെ പ്രാപിക്കുന്നതും, ദിവഃ = സ്വർഗ്ഗത്തിലും, പൃഥിവ്യാഃ = ഭൂമിയിലും, പരിഅന്തരിക്ഷാത് = അന്തരിക്ഷത്തിലും വ്യാപിക്കുന്നതുമായ, തേ = നിന്റെ, യഃദ്രപ്സഃ = യാതൊരു അംശംഉണ്ടോ, തം = അതിനെ, ഇന്ദ്രായ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രനെ പ്രീണിപ്പിക്കാൻ, സ്വാഹാകൃതംജുഹോമി = സ്വാഹാ എന്ന മന്ത്രോച്ചാരണത്തോടുകൂടി ഞാൻ ഹോമിക്കുന്നു.

ബ്രാഹ്മണ ഭാഗത്തിന്റെ അർത്ഥം

അധ്വര്യുവാണ് ഋത്വിക്കുകളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു്. ആ അധ്വര്യുവിനാൽ തന്നെയാണ് സ്തോമംചൊല്ലപ്പെടേണ്ടതു് എന്നു് പറയുന്നു. വാഗഗ്രേഗാ'' എന്നാരംഭിക്കുന്ന മന്ത്രമാണ് ആദ്യമായി ചൊല്ലേണ്ടതു്. യാഗാരംഭത്തിൽ ആ മന്ത്രം തന്നെ പറയുന്നു. ഗ്രഹങ്ങൾ സ്വീകരിച്ചിട്ടു് ബഹിഷ്പവമാനത്തിലേക്കു് പോകുന്നു എന്നുള്ളതു് യജ്ഞത്തിനു് വാസ്തു ചെയ്യുന്നതാണ്. ഗ്രഹംസ്വീകരിച്ചു് കൊണ്ടുപോയ ഋത്വിക്കുകൾ പിന്നെ അവിടെ വരുന്നില്ല. അവർ സ്തോത്രം ചൊല്ലുന്നു. എന്നാൽ യജമാനൻമാത്രം സോമരസം എടുക്കുന്ന സ്ഥലത്തു് വീണ്ടും വന്നു് വിഷ്ണുവിനെ സ്തുതിക്കുന്ന മന്ത്രങ്ങൾ ചൊല്ലുന്നു യാഗം എന്നുപറയുന്നതു് വിഷ്ണുതന്നെയാണ് വിഷ്ണുവിനെ സ്തുതിച്ചാൽ യാഗം ആരംഭിച്ചതുതന്നെ. ''വിഷ്ണോത്വം നോ അന്തമ'' എന്നു് തുടങ്ങുന്ന മന്ത്രം ചൊല്ലുന്നു

ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ ഉറങ്ങിക്കിടക്കുന്ന അവസരത്തിൽ നഷ്ടപ്പെട്ട ചൈതന്യം വീണ്ടും യജമാനനു് ലഭിക്കുന്നു

''വാഗഗ്രേഗാ'' ഇത്യാദി മന്ത്രവും അർത്ഥവും.

വാഗഗ്രേഗാ അഗ്ര ഏതു ഋജുഗാ ദേവേഭ്യോ
യശോ മയി ദധതീ പ്രാണാൻ പശുഷു പ്രജാം മയി
ച യജമാനേ।

വാക് = വാക്കു്; അഗ്രേഗാ = ആദ്യമായി ചൊല്ലാൻ അർഹതയുള്ളതാണ്. അഗ്രേ ഏതു = ആ വാക്കു് ആദ്യമായി ദേവന്മാരുടെ സമീപത്തിൽ എത്തട്ടെ. ഋജുഗാ = നേരെ ചെന്നു് ചേരുന്നതായവാക്കു്, മയി = എനിക്കു്, യശഃ = യശസ്സും, യജമാനേ = യജമാനന്റെ, പശുഷു = പശുക്കൾക്കു്, പ്രാണാൻ ച = ജീവനും, പ്രജാം ച = യജമാനനു് സന്താനങ്ങളും, ദധതീ = നൽകുന്നതായിത്തീരട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"വിഷ്ണോത്വം" എന്നാരംഭിക്കുന്ന മന്ത്രവും അർത്ഥവും

വിഷ്ണോ ത്വം നോ അന്തമശ്ശർമ യച്ഛ സഹന്ത്യ
പ്ര തേ ധാരാ മധുശ്ചുതഉത്സം ദുഹതേ അക്ഷിതം।

ഹേ വിഷ്ണോ ! ത്വം = അങ്ങ്, നഃ അന്തമഃ = ഞങ്ങൾക്ക് വളരെ സമീപത്തിൽ ഇരിക്കുന്നവനാണ്. ശർമയച്ഛ ഞങ്ങൾക്ക് സുഖം നൽകുക. സഹന്ത്യ = ഞങ്ങളുടെ അപരാധം പൊറുത്താലും. തേ ധാരാഃ = അങ്ങയുടെ സോമരസധാരകൾ, മധുശ്ചുതഃ = തേൻ ഒഴുക്കുന്നവയും, അക്ഷിതം യാതൊരു കുറവും വരാത്തവിധം, ഉത്സം ദുഹതേ = കറന്നെടുത്താലും.

ഇതിദശമോ$\mathcal{f}$നുവാകഃ

അഥ ഏകാദശോ$\mathcal{f}$നുവാകഃ (മന്ത്രം)

സംഹിതാ—

അഗ്നിനാരയിമശ്നവത് പോഷമേവദിവേ ദിവേ യശസംവീരവത്തമം। ഗോമാഗ്നംഅഗ്നേ$\mathcal{f}$വിമാഗ്നംഅശ്വീ യജ്ഞോ നൃവത്സഖാ സദമിദപ്രമൃഷ്യഃ। ഇഡാവാഗ്നം ഏഷോ അസുര പ്രജാവാൻ ദീർഘോ രയിഃ പൃഥുബുധ്നഃ സഭാവാൻ। ആ പ്യായസ്വ സം തേ। ഇഹ ത്വഷ്ടാരമഗ്രിയം വിശ്വരൂപമുപ ഹ്വയേ അസ്മാകമസ്തു കേവലഃ തന്നസ്തുരീപമധ പോഷയിത്നു ദേവ ത്വഷ്ടർവിരരാണഃസ്യസ്വ। യതോ വീരഃ കർമണ്യഃ സുദക്ഷോ യുക്തഗ്രാവാ ജായതേ ദേവകാമഃ। ശിവസ്ത്വഷ്ടരിഹാ$\mathcal{ff}$ഗഹി വിഭുഃ പോഷ ഉതത്മനാ। യജ്ഞേയജ്ഞേന ഉദവ പിശങ്ഗരൂപ: സുഭരോ വയോധാഃ ശ്രുഷ്ടീ വീരോ ജായതേ ദേവകാമഃ പ്രജാം ത്വഷ്ടാ വിഷ്യതു നാഭിമസ്മേ അഥാ ദേവാ നാമപ്യേതു പാഥഃ। പ്രണോ ദേവ്യാ നോ ദിവഃ। പീപിവാഗ്ന് സഗ്ന് സരസ്വതഃ സ്തനം യോ വിശ്വദർശതഃ। ധുക്ഷീമഹി പ്രജാമിഷം യേ തേ സരസ്വ ഊർമയോ മധുമന്തോ ഘൃതശ്ചുതഃ തേഷാം തേ സുമ്നമീമഹേ യസ്യവ്രതം പശവോ യന്തി സർവേ യസ്യ വ്രതമുപതിഷ്ഠന്ത ആപഃ। യസ്യ വ്രതേ പുഷ്ടിപതിർനിവിഷ്ടസ്തഗ്നം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സരസ്വന്തമവസേ ഹുവേമ । ദിവ്യഗ്ഗം സുപർണം വയ-
സം ബൃഹന്തമപാം ഗർഭം വൃഷഭമോഷധീനാം അഭീപ-
തോ വൃഷ്ട്യാ തർപയന്തം തഗ്ഗം സരസ്വന്തമവസേ ഹു-
വേമ। സിനീവാലി പൃഥുഷ്ടകേ യാ ദേവാനാമസി
സ്വസാ। ജുഷസ്വ ഹവ്യം ആഹുതം പ്രജാം ദേവി ദിദി-
ഡ്ഢി നഃ। യാ സുപാണിഃസ്വങ്ഗുരിഃ സുഷൂമാ ബ-
ഹു സൂവരീ । തസ്യൈ വിശ്പത്നിയൈ ഹവിഃ സി-
നീ വാല്യൈ ജുഹോതന । ഇന്ദ്രം വോ വിശ്വതസ്പ-
രീന്ദ്രം നരഃ । അസിതവർണാ ഹരയഃ സുപർണാ മി-
ഹോ വസാനാ ദിവമുത്പതന്തി ത ആഽവവൃത്രൻ സ-
ദനാനി കൃത്വാ ഽഽദിത്പൃഥിവീ ഘൃതൈർവ്യുദ്യതേ ।
ഹിരണ്യകേശോ രജസോ വിസാരേ ഽഹിർധുനിർവാത
ഇവ ധ്രജീമാൻ ശുചിഭ്രാജാ ഉഷസോ നവേദാ യശസ്വ
തീ ര പസ്യുവോ ന സത്യാഃ। ആ തേ സുപർണാ അമി-
നന്ത ഏവൈഃ കൃഷ്ണോ നോനാവ വൃഷഭോ യദീദം ശി-
വാഭിർന സ്മയമാനാഭിരാഽഗാത്പതന്തി മിഹഃസ്തന-
യന്ത്യഭ്രാ । വാശ്രേവ വിദ്യുന്മിമാതി വത്സം ന മാതാ
സിഷക്തി യദേഷാം വൃഷ്ടിരസർജി । പർവതശ്ചി-
ന്മഹി വൃദ്ധോ ബിഭായ ദിവശ്ചിത്സാനു രേജത !
സ്വനേ വഃ യത്ക്രീഡഥ മരുതഃ ഋഷ്ടിമന്ത ആപ ഇവ
സധ്ര്യഞ്ചോ ധവധ്വേ അഭി ക്രന്ദ സ്തനയ ഗർഭ മാ
ധാ ഉദന്വതാ പരി ദീയാ രഥേന ദൃതിഗ്ഗം സുകർഷ
വിഷിതം ന്യഞ്ചഗ്ഗം സമാ ഭവന്തൂദ്വതാ നിപാദാഃ ത്വം
ത്യാ ചിദച്യുതാഗ്നേ പശുർന യവസേ ധാമാ ഹ
യത്തേ അജര വനാ വൃശ്ചന്തി ശിക്വസഃ അഗ്നേ
ഭൂരീണി തവ ജാതവേദോ സ്വധാവോഽമൃതസ്യ ധാമ।
യാശ്ച മായാ മായിനാം വിശ്വമിന്വ ത്വേ പൂർവീഃ
സംദധുഃ പൃഷ്ടബന്ധോ। ദിവോ നോ വൃഷ്ടിം മരുതോ
രരീധ്വം പ്രപിന്വത വൃഷ്ണോ അശ്വസ്യ നാരാഃ അർവാ-
ങേതേന സ്തനയിത്നുനേഹ്യപോ നിഷിഞ്ചന്നസുരഃ
പിതാ നഃ। പിന്വന്ത്യപോ മരുതഃ സുദാനവഃ പയോ
ഘൃതവദ്വിദഥേഷ്വാഭുവഃ। അത്യം ന മിഹേ വി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നയന്തി വാജിനമുത്സം ദുഹന്തി സ്തനയന്തമക്ഷിതം ഉദപ്രുതോ മരുതസ്താഗ്ഗും ഇയർത വൃഷ്ടിം യേ വിശ്വേ മരുതോ ജുനന്തി। ക്രോശാതി ഗർദാ കന്യേവ തുന്നാ പേരും തുഞ്ജാനാ പത്യേവ ജായാ ഘൃതേന ദ്യാവാപൃഥിവീ മധുനാ സമുക്ഷത പയസ്വതീഃ കൃണുതാപ ഓഷധീഃ ഊർജം ച തത്ര സുമതിം ച പിന്വഥ യത്രാ നരോ മരുതഃ സിഞ്ചഥാ മധു ഉദു, ത്യം ചിത്രം ഔർവ ഭൃഗുവച്ഛുചിമപ്നവാനവദാ ഹുവേ അഗ്നിഗ്ഗും സമുദ്രവാസസം। ആസവഗ്ഗും സവിതുർയഥാ ഭഗസ്യേവ ഭുജിഗ്ഗും ഹുവേ। അഗ്നിഗ്ഗും സമുദ്രവാസസം ഹുവേ വാതസ്വനം കവിം പർജന്യ ക്രന്ദ്യഗ്ഗും സഹഃ അഗ്നിഗ്ഗും സമുദ്രവാസസം ॥

പദച്ഛേദം —

അഗ്നിനാ രയിം അശ്നവത് പോഷം ഏവ ദിവേദിവേ യശസം വീരവത്തമം ഗോമാൻ അഗ്നേ അവിമാൻ അശ്വീ യജ്ഞഃ നൃവത്സഖാ സദമിദ് അപ്രമൃഷ്യഃ ഇഡാവാൻ ഏഷഃ അസുരഃ പ്രജാവാൻ ദീർഘഃ രയിഃ പൃഥുബുധ്നഃ സഭാവാൻ ആ പ്യായസ്വ സം തേ ഇഹ ത്വഷ്ടാരം അഗ്രിയം വിശ്വരൂപം ഉപ ഹ്വയേ അസ്മാകം അസ്തു കേവലഃ തത് നഃ തുരീപം അധ പോഷയിത്നു ദേവ ത്വഷ്ടഃ വിരരാണഃ സ്വസ്വ യതഃ വീരഃ കർമണ്യഃ സുദക്ഷഃ യുക്തഗ്രാവാ ജായതേ ദേവകാമഃ ശിവഃ ത്വഷ്ടഃ ഇഹ ആ ഗഹി വിഭുഃ പോഷഃ ഉത ത്മനാ യജ്ഞേ യജ്ഞേ ന ഉദ് അവ പിശങ്ഗരൂപഃ സുഭരഃ വയോധാഃ ശ്രുഷ്ടീ വീരഃ ജായതേ ദേവകാമഃ പ്രജാം ത്വഷ്ടാ വി സ്യതു നാഭിം അസ്മേ അഥാ ദേവാനാം അപി ഏതു പാഥഃ പ്ര നഃ ദേവീ ആ നഃ ദിവഃ പീപിവാംസം സരസ്വതഃ സ്തനം യഃ വിശ്വദർശതഃ ധുക്ഷീമഹി പ്രജാം ഇഷം യേ തേ സരസ്വ ഊർമയഃ മധുമന്തഃ ഘൃതശ്ചുതഃ തേഷാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ സുമ്നം ഈമഹേ യസ്യ വ്രതം പശവഃ
യന്തി സർവേ യസ്യ വ്രതം ഉപ തിഷ്ഠന്തി
ആപ: യസ്യ വ്രതേ പുഷ്ടിപതിഃ നിവിഷ്ടഃ തം
സരസ്വന്തം അവസേ ഹുവേമ ദിവ്യം സുപർണം
വയസം ബൃഹന്തം അപാം ഗർഭം വൃഷഭം ഓഷ-
ധീനാം അഭീപതഃ വൃഷ്ട്യാ തർപയന്തം തം സര-
സ്വന്തം അവസേ ഹുവേമ സിനീവാലി പൃഥുഷ്ടുകേ
യാ ദേവാനാം അസി സ്വസാ ജുഷസ്വ ഹവ്യം
ആഹുതം പ്രജാം ദേവി ദിദിഡ്ഢി നഃ യാ
സുപാണിഃ സ്വങ്ഗുരിഃ സുഷൂമാ ബഹു സൂവരീ
തസ്യൈ വിശ്പത്നിയൈ ഹവിഃ സിനീവാല്യൈ
ജുഹോതന ഇന്ദ്രം വഃ വിശ്വതഃ പരി ഇന്ദ്രം നരഃ
അസിതവർണാഃ ഹരയഃ സുപർണാഃ മിഹഃ വസാനാഃ
ദിവ ഉത് പതന്തി തേ ആ അവവൃത്രൻ സദനാനി
കൃത്വാ അദിത് പൃഥിവീ ഘൃതൈഃ വ്യുദ്യതേ
ഹിരണ്യകേശഃ രജസഃ വിസാരേ അഹിർധുനിഃ
വാതഃ ഇവ ധ്രജീമാൻ ശുചിഭ്രാജാ ഉഷസഃ
നവേദാ യശസ്വതീഃ അപസ്യുവഃ ന സത്യാഃ
ആ തേ സുപർണാഃ അമിനന്ത ഏവൈഃ കൃഷ്ണഃ
നോനാവ വൃഷഭഃ യദി ഇദം ശിവാഭിഃ ന സ്മയ-
മാനാഭിഃ അഗാത് പതന്തി മിഹഃ സ്തനയന്തി
അഭ്രാഃ വാശ്രാഃ ഇവ വിദ്യുത് മിമാതി വത്സം
ന മാതാ സിഷക്തി യദ് ഏഷാം വൃഷ്ടിഃ
അസർജി പർവതഃ ചിത് മഹി വൃദ്ധഃ ബിഭായ
ദിവഃ ചിത് സാനുഃ ഏജത സ്വനേ വഃ യത്
ക്രീഡഥ മരുതഃ ഋഷ്ടിമന്തഃ ആപഃ ഇവ സധ്രി-
യഞ്ചഃ ധവധ്വേ അഭി ക്രന്ദ സ്തനയ ഗർഭം ആ
ധാ ഉദന്വതാ പരി ദീയാ രഥേന ദൃതിം സു
കർഷ വിഷിതം നി അഞ്ച സമാ ഭവന്തു ഉദ്വതാ-
നിപാദാഃ ത്വം ത്യാ ചിദ് അച്യുത അഗ്നേ
പശുഃ ന യവസേ ധാമാ ഹ യത് തേ അജര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വനാ വൃശ്ചന്തി ശിക്വസഃ അഗ്നേ ഭൂരീണി തവ ജാതവേദഃ സ്വധാവഃ അമൃതസ്യ ധാമ യാഃ ച മായാഃ മായിനാം വിശ്വം ഇന്വ ത്വേ പൂർവീഃ സംദധുഃ പൃഷ്ടബന്ധോ ദിവ: ന വൃഷ്ടിം മരുതഃ രരീധ്വം പ്ര പിന്വത വിഷ്ണോ അശ്വസ്യ ധാരാഃ അർവാങ് ഏതേന സ്തനയിത്നുനാ ഏഹി ആപഃ നിഷിഞ്ചൻ അസുര: പിതാ നഃ പിന്വന്തി ആപഃ മരുതഃ സുദാനവഃ പയഃ ഘൃതവത് വിദഥേഷു ആ ഭുവഃ അത്യം ന മിഹേ വി നയന്തി വാജിനം ഉത്സം ദുഹന്തി സ്തനയന്തം അക്ഷിതം ഉദപ്രുതഃ മരുതഃ താം ഇ- യർത വൃഷ്ടിം യേ വിശ്വേ മരുതഃ ജുനന്തി ക്രോശതി ഗർദാ കന്യാ ഇവ തുന്നാ പേരും തുഞ്ജാനാ പത്യാ ഇവ ജായാ ഘൃതേന ദ്യാവാ- പൃഥിവീ മധുനാ സം ഉക്ഷത പയസ്വതീഃ കൃണു- ത ആപഃ ഓഷധീഃ ഊർജ്ജം ച തത്ര സുമതിം ച പിന്വഥ യത്രാ നരഃ മരുതഃ സിഞ്ചഥാ മധു ഉദ് ഉ ത്യം ചിത്രം ഔർവഭൃഗുവത് ശുചിം അപ്നവാനവദ് ആ ഹുവേ അഗ്നിം സമുദ്രവാ- സസം ആസവം സവിതുഃ യഥാ ഭഗസ്യ ഇവ ഭുജിം ഹുവേ അഗ്നിം സമുദ്രവാസസം ഹുവേ വാത- സ്വനം കവിം പർജന്യക്രന്ദ്യം സഹഃ അഗ്നിം സമുദ്രവാസസം

മന്ത്രവും വിനിയോഗവും അർത്ഥവും

[അഗ്നിനാ രയിമശ്നവത് പോഷമേവ ദിവേദിവേ യശസം വീരവത്തമം !

"ചിത്രയാ യജേത പശുകാമഃ" എന്ന യാഗത്തിൽ ഏഴ ഹവിസ്സുകരം ഉണ്ടു് അതിൽ ആദ്യത്തെ ഹവിസ്സിൻെറ പുരോ- നു വാക്യാ മന്ത്രമാണു് ഇതു്

അഗ്നിനാ = അഗ്നിനിമിത്തം, ദിവേദിവേ = പ്രതി ദിനം, പോഷം ഏവ = വർദ്ധിച്ചുവരുന്നതായ, രയിം = ധനവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യശസം = യശസ്സും, വീരവത്തമം = വീരന്മാരായ സന്താനങ്ങളും, അശ്നവത് = ആരാധകർക്കു് ലഭിക്കുന്നു.

2. ഗോമാം അഗ്നേ/വിമാം അശ്വീ
യജ്ഞോ നൃവത്സഖാ സദമിദപ്ര ഷ്യഃ !
ഇഡാവാം ഏഷോ f സുരഃ പ്രജാവാൻ
ദീർഘോ രയിഃ പൃഥുബുധ്നസ്സഭാവാൻ ॥

ചിത്രായാഗത്തിൽ ആദ്യത്തെ ഹവിസ്സിന്റെ യാജ്യാമന്ത്രമാണ് ഇതു്.

ഹേ അസുര അഗ്നേ! = ശക്തിയേറിയ അല്ലയോ അഗ്നിദേവ ! ഏഷയജ്ഞഃ = അനുഷ്ഠിക്കപ്പെടുന്ന ഈ യാഗം, ഗോമാൻ = പശുക്കളോടു്കൂടിയതും, അവിമാൻ = ആടുകളോടു് കൂടിയതും, അശ്വീ = കുതിരകളോടുകൂടിയതും, നൃവത്സഖാ = അനേകം ഋത്വിക്കുകളോടു് കൂടിയതും, സദമിദ പ്രധൃഷ്യഃ = കുററമില്ലാത്തതും ഇഡാവാൻ = ഭക്ഷ്യപദാർത്ഥത്തോടു് കൂടിയതും. പ്രജാവാൻ = സന്താനങ്ങളെ തരുന്നതും, ദീർഘഃ = തുടർച്ചയായി യാഗം നടത്താൻ വേണ്ട ശക്തി തരുന്നതും, രയിഃ = ധനം തരുന്നതും, പൃഥുബുധ്നഃ = ശരിയായി അനുഷ്ഠിക്കപ്പെട്ടതും, സഭാവാൻ = പണ്ഡിതന്മാരുള്ള സദസ്സോടു്കൂടിയതും ആയിത്തീരട്ടെ.

3-4 ആപ്യായസ്വ സംതേ

ആപ്യായസ്വ എന്നു് ആരംഭിക്കുന്ന മന്ത്രം ചിത്രായാഗത്തിൽ രണ്ടാമത്തെ ഹവിസ്സിന്റെ പുരോ f നു വാക്യയും ''സംതേ'' എന്നു് ആരംഭിക്കുന്ന മന്ത്രം അതിന്റെ യാജ്യയും ആണു്. ''മാനോഹിംസീത്'' എന്നു് തുടങ്ങുന്ന അനുവാകത്തിൽ ഇവയുടെ അർത്ഥം പറയുന്നുണ്ടു്.

5 ഇഹ ത്വഷ്ടാര മഗ്രിയം വിശ്വരൂപമുപഹ്വയേ
അസ്മാകമസ്തു കേവലഃ ।

ചിത്രായാഗത്തിൽ ത്വഷ്ടാവിനെ ഉദ്ദേശിച്ചു് നടത്തുന്ന മൂന്നാമത്തെ ഹവിസ്സിന്റെ പുരോ/നു വാക്യയാണു് ഇതു്–

അഗ്രിയം = മുഖ്യനും, വിശ്വരൂപം = എല്ലാത്തരത്തിലും ഉള്ള രൂപങ്ങൾ നൽകുന്നവനും ആയ, ത്വഷ്ടാരം =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വഷ്ടാ എന്ന ദേവനെ ഇഹ ഉപഹ്വയേ = ഈയാഗത്തിന് ഞാൻ ക്ഷണിക്കുന്നു. സഃ = ആ ദേവൻ, അസ്മാകം = ഞങ്ങൾക്ക്, കേവലഃ അസ്തു = പ്രധാനപ്പെട്ടവനായി ഭവിക്കട്ടെ.

6 തന്നസ്തുരീപമധ പോഷയിത്നു
ദേവ ത്വഷ്ടർവിരരാണസ്യസ്വ ।
യതോ വീരഃ കർമണ്യഃ സുദക്ഷോ
യുക്തഗ്രാവാ ജായതേ ദേവകാമഃ ।

ചിത്രാ യാഗത്തിൽ ത്വഷ്ടാവിനെ ഉദ്ദേശിച്ച് നടത്തുന്ന മൂന്നാമത്തെ ഹവിസ്സിന്റെ യാജ്യാമന്ത്രമാണ് ഇത്.

ഹേ ദേവ ത്വഷ്ടഃ। = അല്ലയോ ദേവനായ ത്വഷ്ടാവെ! തുരീപം അധ = വേഗത്തോടുകൂടിയതും, പോഷയിത്നു = പരിപാലിക്കുന്നതും ആയ, തത് = ധനം, നഃ = ഞങ്ങൾക്ക് വിസ്യസ്വ = വിശേഷേണ തരിക. യതഃ = യാതൊരു ധനം നിമിത്തം, രരാണഃ = ദാനശീലനും, വീരഃ = വീരനും, കർമണ്യഃ = കർമകുശലനും, സുദക്ഷഃ = സമർത്ഥനും യുക്തഗ്രാവാ = സോമയാഗം അനുഷ്ഠിക്കുന്നവനും, ദേവകാമഃ = ദേവന്മാരെ പൂജിക്കുന്നവനും ആയ പുത്രൻ, ജായതേ = നിക്കും.

7 ശിവസ്ത്വഷ്ടരിഹാ ff ഗഹി വിഭുഃ പോഷഉതത്മനാ ।
യജ്ഞേയജ്ഞേന ഉദവ ।

ചിത്രായാഗത്തിൽ ത്വഷ്ടാവിനെ ഉദ്ദേശിച്ച് നടത്തുന്ന മൂന്നാമത്തെ ഹവിസ്സിന്റെ മറ്റൊരു പുരോ/നു വാക്യാമന്ത്രമാണ് ഇത്.

ത്വഷ്ട = അല്ലയോ ത്വഷ്ടാവെ ! ശിവഃ = ഞങ്ങൾക്ക സുഖം തരുന്നവനായി, ഇഹ ആഗഹി = ഈ യാഗത്തിന് വന്നാലു. യജ്ഞേയജ്ഞേ = എല്ലാ യാഗത്തിലും വിഭുഃ = എല്ലാ സ്ഥലത്തും വ്യാപിച്ച്, ഉതത്മനാ = സ്വയം (പരപ്രേരണകൂടാതെ) പോഷ = യാഗത്തെ പോഷിപ്പിക്കുന്നവനായി, ഉദവ = യാഗം രക്ഷിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 പിശങ്ഗരൂപസ്സുഭരോ വയോധാഃ
ശ്രുഷ്ടീ വീരോ ജായതേ ദേവകാമഃ ।
പ്രജാം ത്വഷ്ടാവിഷ്യതു നാഭിമസ്മേ
അഥാ ദേവാനാം അപി ഏതുപാഥഃ ।

ഇതു് ചിത്രായാഗത്തിൽ ത്വഷ്ടാവിനെ ഉദ്ദേശിച്ച് നടത്തുന്ന മൂന്നാമത്തെ ഹവിസ്സിൻെറ മററൊരു യാജ്യാമന്ത്രമാണ്-

യാതൊരു ത്വഷ്ടാവിൻെറ അനുഗ്രഹത്താൽ,പിശങ്ഗരൂപഃ = പിശങ്ഗവർണത്തിൽഉള്ളവനും,സുഭരഃ = തൻെറ കുടുംബത്തിനു് അഭിവൃദ്ധി ഉണ്ടാക്കുന്നവനും, വയോധാഃ ദീർഘകാലം ജീവിച്ചിരിക്കുന്നവനും, വീരഃ = ധീരനും, ശ്രുഷ്ടീ = സത്യവാദിയും ദേവകാമഃ = ദേവന്മാരെ ആരാധിക്കുന്നവനും ആയ പുത്രൻ ജനിക്കുന്നുവോ, സഃത്വഷ്ടാ = ആ ത്വഷ്ടാവു്, നാഭിം = ചക്രത്തിൻെറ നാഭിപോലെ മാഹാത്മ്യമുള്ള, പ്രജാം = പുത്രനെ, വിഷ്യതു = എനിക്കു് നൽകട്ടെ. അഥാ = കൂടാതെ, ദേവാനാം അപി = ദേവന്മാക്കും, പാഥഃ ഏതു = ധാന്യാദികൾ എത്തിച്ചു കൊടുക്കട്ടെ.

9-10 പ്രണോ ദേവ്യാ നോദിവഃ

"പ്രണോദേവീ" എന്നു തുടങ്ങുന്ന മന്ത്രം സരസ്വതിയെ ആരാധിക്കാനുള്ള നാലാമത്തെ ഹവിസ്സിൻെറ പുരോനുവാക്യയും "ആനോദിവഃ" എന്നു് ആരംഭിക്കുന്ന മന്ത്രം യാജ്യയും ആണ്. ഇവയുടെ അർത്ഥം "അഗ്നാവിഷ്ണൂ" എന്ന അനുവാകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

11 പീപിവാംസം സരസ്വതസ്തനം യോ
വിശ്വദർശതഃ ധുക്ഷീമഹി പ്രജാമിഷം ।

സരസ്വാൻ എന്ന ദേവനെ ആരാധിക്കാനുള്ള ഹവിസ്സിൻെറ പുരോനുവാക്യാമന്ത്രമാണ് ഇതു്-

സരസ്വതഃ സ്തനം = സരസ്വാൻ എന്ന ദേവൻെറ സ്തനം, വിശ്വദർശതഃ = എല്ലാവരുടെയും അഭിലാഷം മനസ്സിലാക്കി, പീപിവാംസം = എല്ലാവരേയും രക്ഷിക്കുന്ന, (മുലപ്പാൽ കൊടുത്തു് കൊച്ചു കുട്ടികളെ സന്തോഷിപ്പിക്കുന്നതു പോലെ സരസ്വാൻ എന്ന ദേവൻ എല്ലാവരേയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്തോഷിപ്പിക്കുന്നു) വയം = ഞങ്ങരാക്കു്, പ്രജാം = സന്താനങ്ങളും, ഇഷം = ഭക്ഷണവും, ധുക്ഷീമഹി = ലഭിക്കട്ടെ

12 യേ തേ സരസ്വ ഊർമയോ മധുമന്തോ
ഘൃതശ്ചുതഃ തേഷാം തേ സുമ്നമീമഹേ ।

ഇതു് സരസ്വാൻ എന്ന ദേവനെ ആരാധിക്കാനുള്ള ഹവിസ്സിൻെറ മറെറാരു പുരോ f നുവാക്യയാണു്-

ഹേസരസ്വൻ ! = അല്ലയോ സമുദ്രമെ ! തേ യേ ഊർമയഃ = നിൻെറ യാതൊരു തിരമാലകരം, മധുമന്തഃ = മധുരരസം ഉള്ളവയും, ഘൃതശ്ചുത = നെയു് പോലെ ഒഴുകുന്നവയും ആയിട്ടുണ്ടോ, തേഷാം = അവയുടെ സുമ്നം = സുഖം, ഈ മഹേ = ഞങ്ങരം അനുഭവിക്കട്ടെ.

13 യസ്യവ്രതം പശവോ യന്തി സർവേ
യസ്യവ്രതമുപതിഷ്ഠന്ത ആപഃ
യസ്യ വ്രതേ പുഷ്ടിപതിർനിവിഷ്ട-
സ്തം സരസ്വന്തമവസേ ഹുവേമ ।

സരസ്വാൻ എന്ന ദേവനെ ആരാധിക്കുന്നതിനുള്ള യാജ്യ യാണു് ഈ മന്ത്രം.

സർവേ പശവഃ = എല്ലാ ആളുകളും, യസ്യ = യാതൊരു ദേവനെ സംബന്ധിച്ച, വ്രതം = വ്രതം, യന്തി = അനുഷ്ഠിക്കുന്നു, ആപഃ = വെള്ളം, യസ്യ = യാതൊരു ദേവനെ സംബന്ധിച്ച, വ്രതം = വ്രതം, ഉപതിഷ്ഠന്തി = അനുഷ്ഠിക്കുന്നു, പുഷ്ടിപതിഃ = ധനസമ്പത്തു് ഉള്ളവൻ, യസ്യ വ്രതേ = യാതൊരു ദേവൻെറ വ്രതം അനുഷ്ഠിക്കുന്നതിൽ, നിവിഷ്ടഃ = ഏപ്പെട്ടിരിക്കുന്നു; തം സരസ്വന്തം = ആ സരസ്വാൻ എന്ന ദേവനെ ഉദ്ദേശിച്ചു്, അവസേ = ഞങ്ങളുടെ രക്ഷയ്ക്കു്വേണ്ടി, ഹുവേമ = ഞങ്ങരം യാഗം നടത്തുന്നു.

14 ദിവ്യം സുപർണം വയസം ബൃഹന്ത-
മപാം ഗർഭം വൃഷഭമോഷധീനാം ।
അഭീപതോ വൃഷ്ട്യാ തർപയന്തം
തം സരസ്വന്തമവസേ ഹുവേമ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സരസ്വാൻ എന്ന ദേവനെ ആരാധിക്കുന്നതിനുള്ള ഹവിസ്സിൻെറ മറെറാരു യാജ്യാ മന്ത്രമാണ് ഇതു്.

ദിവ്യം = ആകാശത്തിൽ കാണപ്പെടുന്നതും, സുപർണം = നല്ല ചിറകുകളോടുകൂടിയതുമായ, വയസം = പക്ഷിയെപ്പോലെ സഞ്ചരിക്കുന്നതും, ബൃഹന്തം = വലുതും, അപാം ഗർഭം = ജലം ധരിച്ച് കൊണ്ടിരിക്കുന്നതും, ഓഷധീനാം വൃഷഭം = ചെടികളെ വളരാൻ സഹായിക്കുന്നതും, വൃഷ്ട്യാ അഭീപതഃ = മഴയുടെ രൂപത്തിൽ താഴെ വീഴുന്നതും, തർപയന്തം = ജീവജാലങ്ങളെ സന്തോഷിപ്പിക്കുന്നതും ആയ, തം സരസ്വന്തം = സരസ്വാൻ എന്ന ദേവനെ ഉദ്ദേശിച്ച്, അവസേ = ഞങ്ങളുടെ രക്ഷയ്ക്കു് വേണ്ടി, ഹുവേമ = ഞങ്ങൾ യാഗം ചെയ്യുന്നു.

15 സിനീവാലി പൃഥുഷ്ടുകേ യാ ദേവാനാമസി സ്വസാ ।
ജുഷസ്വ ഹവ്യമാഹുതം പ്രജാം ദേവി ദിദിഡ്ഢിനഃ ।

സിനീവാലി ദേവതയെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ പുരോഽനുവാക്യയാണ് ഈ മന്ത്രം.

യാ = യാതൊരു ദേവിയാണോ, ദേവാനാം = ദേവന്മാർക്ക്, സ്വസാ = സഹോദരിയെപ്പോലെ ഇരിക്കുകയും, പൃഥുഷ്ടുകേ = ശ്രേഷ്ഠമായ സ്തുതികളാൽ സ്തുതിക്കപ്പെടുകയും ചെയ്യുന്നതു്. ആ സിനീവാലി (അമാവാസ്യയുടെ ദേവത) ആഹുതം ഹവ്യം = ഞങ്ങളാൽ ഹോമിക്കപ്പെടുന്ന ഹവിസ്സ്, ജുഷസ്വ = സ്വീകരിക്കട്ടെ. ഹേ ദേവി! നഃ = ഞങ്ങളുടെ, പ്രജാം = സന്താനങ്ങളെ, ദിദിഡ്ഢി = സമൃദ്ധിയുള്ളവരാക്കിത്തീർത്താലും.

16 യാ സുപാണിസ്സ്വങ്ഗുരീ സുഷൂമാ ബഹുസൂവരീ ।
തസ്യൈ വിശ്പത്നിയൈ ഹവിസ്സിനീവാല്യൈ
ജുഹോതന ।

സിനീവാലി ദേവതയെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇതു്.

യാ = യാതൊരു ദേവിയാണോ, സുപാണിഃ = മനോഹരമായ കൈകളോടു കൂടിയവളും, സ്വങ്ഗുരിഃ = അഴകുള്ള വിരലുകളോട് കൂടിയവളും, സുഷൂമാ = നന്മയുണ്ടാക്കുന്ന-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വളം, ബഹ്വസൂവരീ = അനേകം യാഗങ്ങളെ രക്ഷിക്കുന്ന-
വളും ആയിരിക്കുന്നുവോ, തസ്യൈ = അപ്രകാരമുള്ള
വിശ്പത്നിയെ = ലോകങ്ങളെ രക്ഷിക്കുന്ന, സിനീ
വാല്യൈ = സിനീവാലിക്കു്, ഹവിഃ ജുഹോതന =
ഹവിസ്സ് ഹോമിച്ചാലും.

17-18 ഇന്ദ്രം വോ വിശ്വതസ്പരീന്ദ്രം നരഃ

"ഇന്ദ്രംവോവിശ്വതസ്പരി" എന്നാരംഭിക്കുന്ന മന്ത്രം
ഇന്ദ്രനെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിൻെറ പുരോഽനുവാക്യ-
യും, 'ഇന്ദ്രം നരഃ' എന്നു് ആരംഭിക്കുന്ന മന്ത്രം യാജ്യയും
ആണ്. ഇവ രണ്ടും ഒന്നാംകാണ്ഡം ആറാം പ്രപാഠക-
ത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.

19 അസിതവർണാ ഹരയസ്സുപർണാ
മിഹോ വസാനാ ദിവമുത്പതന്തി।
തേ ആവവൃത്രൻ സദനാനികൃത്വാഽ-
ദിത് പൃഥിവീ ഘൃതൈർവ്യുദ്യതേ ।

ഇതുമുതൽ ആറുമന്ത്രം "കാരീരീ" എന്ന യാഗത്തിനുള്ളതാണ്.
അസിതവർണാ = കറുത്ത നിറമുള്ളതും, ഹരയഃ = മേഘ
രൂപത്തിലാക്കാൻ രസത്തെ ഒരുമിച്ച് ചേർക്കുന്നതും,
സുപർണാ = മനോഹരമായ ചിറകുപോലെയിരിക്കുന്നതും
മിഹഃ = മേഘമണ്ഡലത്തെ, വസാനാ = മറയ്ക്കുന്നതും
സദനാനികൃത്വാ = തൻെറ വയററിൽ ജലം സംഭരിച്ച്
വെച്ചിരിക്കുന്നതും, അവ വൃത്രൻ = ഭൂമിയിലേക്ക് മടങ്ങി
വരുന്നതുമായ, തേ = അവ (പുക) ദിവം ഉത്പതന്തി =
ആകാശത്തിലേക്കു് പോകുന്നു. അദിത് = അനന്തരം,
പൃഥിവീ = ഭൂമി, ഘൃതൈഃ = നെയ്യ്പോലെയുള്ള
ജലധാരയിൽ, വ്യുദ്യതേ = നനയുന്നു.

20 ഹിരണ്യകേശോ രജസോവിസാരേഽ-
ഹിർധുനിർവാതഇവ ധ്രജീമാൻ ।
ശുചിഭ്രാജാ ഉഷസോനവേദാ
യശസ്വതീരപസ്യുവോ നസത്യാഃ ।

പൊങ്ങി വരുന്ന പുകയെ സ്തുതിക്കുന്നതാണ് ഈ മന്ത്രം
ഹിരണ്യകേശഃ = കേശസ്ഥാനീയമായ ഹിരണ്യവർണ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ ജ്വാലകളോടുകൂടി മേൽപോട്ട പൊങ്ങുന്നതും, രജസഃ വിസാരേ = ആകാശത്തിൽ മേഘരൂപത്തിൽ, അഹിഃ = എല്ലാ സ്ഥലത്തും വ്യാപിക്കുന്നതും, വാതഃ ഇവ = വായു-വിനെപ്പോലെ, ധുനിഃ = മററുള്ളവയെ ചലിപ്പിക്കുന്നതും, ധ്രുജീമാൻ = വേഗത്തോടുകൂടിയതും, ശ്രുചിഭ്രാജാ = നിർമ ലമായദീപ്തിയോടുകൂടിയ മിന്നലോടുകൂടിയതും, ഉഷസഃന വേദ = പ്രഭാതകാലം അറിയാൻ സാധിക്കാത്ത വിധത്തി-ലാകട്ടെ. (ആളുകറാക്ക് സൂർയോദയം കാണാൻ സാധി-ക്കാത്തവിധം മേഘം സൂർയ്യനെ മറയ്ക്കട്ടെ) ഭൂമി, യശസ്വതീ ഭവതു = സസ്യസമ്പത്തുകൊണ്ട് കീർത്തിയുള്ളതായി-ത്തീരട്ടെ. അപസ്യവഃന = ജലം ആഗ്രഹിക്കാത്തവയായി ത്തീരട്ടെ (ജലസമൃദ്ധി ഉണ്ടാകട്ടെ) സത്യാഃ = സഫലമായ പ്രയത്നത്തോട് കൂടിയതും ആയിത്തീരട്ടെ (പുനർനവ-ഹോമിച്ച് അതിൽ നിന്നു് അഗ്നിജ്വാലയോട്കൂടി മേൽ പോട്ട് പൊങ്ങുന്ന പുക മേഘമായിത്തീർന്നു് നല്ല മഴ പെയ്യിച്ച് ഭൂമിയെ സസ്യസമ്പന്നമാക്കട്ടെ എന്നു് സാരം)

21 ആ തേ സുപർണാ അഭിനന്ത ഏവൈഃ
കൃഷ്ണോ നോനാവ വൃഷഭോ യദീദം ।
ശിവാഭിർന സ്മയമാനാഭിരാഗാത്
പതന്തി മിഹസ്തനയന്ത്യഭ്രാഃ ।

ഇതും ഹോമാഗ്നിയിൽ നിന്നു് പൊങ്ങിവരുന്ന പുകയെ സ്തുതിക്കുന്ന മന്ത്രമാണു്.

ഹേ പുനർനവേ ! തേ ധൂമാഃ = നിന്നെ സംബന്ധിച്ച പുക, സുപർണാഃ = പക്ഷികളെപ്പോലെ മേൽപോട്ട് പോകുന്നതും ഏവൈഃ = പുനർഗമനത്താൽ, അഭിനന്തഃ = ചുററും വ്യാപിക്കുന്നതും, കൃഷ്ണഃ = കറുത്ത നിറത്തോടുകൂടി യതും, വൃഷഭഃ = മഴപെയ്യുന്നതും ആയിത്തീർന്നു. നോനാ-വ = വീണ്ടും വീണ്ടും ശബ്ദം പുറപ്പെടുവിച്ചു. യദി = യാതൊരവസരത്തിൽ ആണോ, ഇദം = ഇതെല്ലാം നട-ക്കുന്നതു്, തദാ = ആ അവസരത്തിൽ, ശിവാഭിഃന = അനുഗ്രഹ ശക്തിയുള്ളവരെപ്പോലെയും, സ്മയമാനാഭിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിരിച്ച് കൊണ്ടിരിക്കുന്നതുപോലെ തോന്നുന്നു, മിഹഃ = മേഘം, അഗാദ് = വരുന്നു. പതന്തി = അതിന് ശേഷം ജലം ഭൂമിയിൽ വീഴുന്നു (മഴ പെയ്യുന്നു) അഭ്രാഃ = മേഘങ്ങൾ, സ്തനയന്തി = ഗർജിക്കുന്നു.

22 വാശ്രേവവിദ്യുന്മിമാതി വത്സം ന മാതാ
സിഷക്തി യദേഷാം വൃഷ്ടിരസർജി ।

ഇതും ഹോമാഗ്നിയിൽ നിന്ന് പൊങ്ങിവരുന്ന പുകയെ സ്തുതിക്കാനുള്ള മന്ത്രമാണ്.

(ഗർജനത്തോടും മിന്നലോടും കൂടിയ മേഘം ആകാശത്തിൽ കാണുന്ന അവസരത്തിൽ ആളുകൾക്ക് പാൽചുരത്തിക്കൊണ്ടു വരുന്ന പശുക്കളെ കാണുമ്പോൾ അവയുടെ കുട്ടികൾക്ക് ഉണ്ടാകുന്ന സന്തോഷം ഉണ്ടാകുന്നു)

ഏഷാം വൃഷ്ടിഃ = മരുത്തുകളെ സംബന്ധിച്ചമഴ, യദ് അസർജി = ഉണ്ടാകുന്ന അവസരത്തിൽ, വാശ്രാ = ഗർജനത്തോട്കൂടിയ, വിദ്യുത് ഇവ മിമാതി = മിന്നൽ ഉണ്ടാകുന്നതു പോലെ തോന്നുന്നു. അതു്, മാതാ = മാതാവ്, വത്സം = തന്റെ കുട്ടിയുമായി, നിഷക്തിന = യോജിക്കുന്നതുപോലെ തോന്നുന്നു.

23 പർവതശ്ചിന്മഹിവൃദ്ധോ ബിഭായ
ദിവശ്ചിത്സാനു രേജത സ്വനേ വഃ ।
യത്ക്രീഡഥ മരുതഃ ഋഷ്ടിമന്ത
ആപ ഇവ സധ്ര്യഞ്ചോ ധവധ്വേ ।

ഇതും പുകയെ സ്തുതിക്കുന്ന മന്ത്രമാണ്.

ഹേ മരുതഃ ! = അല്ലയോ മരുത്തുകളെ ! ഋഷ്ടിമന്തഃ = വജ്രായുധത്തോട് കൂടിയ, യൂയം = നിങ്ങൾ, യദാ ക്രീഡഥ = കളിച്ച് കൊണ്ടിരിക്കുന്ന അവസരത്തിൽ, വഃ സ്വനേ = നിങ്ങൾ ശബ്ദം പുറപ്പെടുവിച്ച് കൊണ്ടിരിക്കുമ്പോൾ, മഹി വൃദ്ധഃ = വളരെ വലുതും, ദിവഃ ചിത് ഔന്നത്യം കൊണ്ട് സ്വർഗ്ഗം വരെ എത്തുന്നതും, സാനുഃ എജത = വിറയ്ക്കുന്ന സാനുപ്രദേശങ്ങളോട് കൂടിയതുമായ, പർവതഃ ചിദ് = പർവതംപോലും, ബിഭായ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേടിക്കുന്നു. യൂയം = നിങ്ങൾ; ആപഃ ഇവ = ജലം വ്യാപിക്കുന്നതുപോലെ, സധ്രിയഞ്ചഃ = എല്ലാ ദിക്കിലേക്കും. ധവധ്വേ = വ്യാപിക്കുന്നു.

24 അഭി ക്രന്ദ സ്തനയ ഗർഭ മാ ധാ
ഉദന്വതാ പരിദീയാ രഥേന ।
ദൃതിം സുകർഷ വിഷിതം ന്യഞ്ചം
സമാ ഭവന്തു ഉദ്വതാ നിപാദാഃ ।

ഈ മന്ത്രം ചൊല്ലി ഒരു കറുത്ത കുതിരയുടെ ശരീരത്തിൽ വസ്ത്രം ചുററുന്നു.

ഹേ അശ്വ ! ത്വം = നീ, അഭിക്രന്ദ = ശബ്ദം പുറപ്പെടുവിക്കുക. സ്തനയ = മേഘശബ്ദം പോലെ ഉച്ചത്തിൽ ശബ്ദം ഉണ്ടാക്കുക. ഗർഭം ആധാഃ = മേഘത്തിൽ ജലമാകുന്ന ഗർഭം ധരിപ്പിക്കുക. ഉദന്വതാ = ജലത്തോട് കൂടിയും, രഥേന = രഥതുല്യമായ മേഘത്തോടുകൂടിയും, പരിദീയ = എല്ലാ ദിക്കിലേക്കും പോവുക വിഷിതം = വികരതമായ ദ്വാരങ്ങളോടുകൂടിയതും, ന്യഞ്ചം = അവാങ് മുഖമായിരിക്കുന്നതും ആയ. ദൃതിം = തോലുകൊണ്ടുണ്ടാക്കിയ ജലപാത്രം പോലെ ഇരിക്കുന്ന മേഘത്തെ സുകർഷ = സുഖമായി ഇഷ്ടദിക്കിലേക്ക് വലിച്ചുകൊണ്ടു പോവുക നിപാദാഃ = താഴ്ന്നപ്രദേശങ്ങൾ, ഉദ്വതാഃ = ഉന്നത പ്രദേശങ്ങൾക്ക്, സമാഃ ഭവന്തു = തുല്യമായിതീരട്ടെ(വെള്ളം നിറഞ്ഞ് പൊക്കവും താഴ്ചയും അറിയാത്ത വിധത്തിലാകട്ടെ)

25 ത്വം ത്യാ ചിദച്യുതാഗ്നേ പശുർന യവസേ
ധാമാ ഹ യത്തേ അജരവനാ വൃശ്ചന്തി ശിക്വസഃ।

അഗ്നിക്ക് എട്ടുപാത്രത്തിൽ പുരോഡാശം പാകം ചെയ്ത് സമർപ്പിക്കുന്ന യാഗത്തിൻെറ പുരോനുവാക്യ മന്ത്രമാണ് ഇത്—

ഹേ അജര അഗ്നേ! = യാതൊരു കേടും ഇല്ലാത്ത അല്ലയോ അഗ്നിദേവേ! യദ്വനാ = യാതൊരു ജലം, തേ ധാമ = അങ്ങയുടെ വാസസ്ഥാനമായിരിക്കുന്നുവോ ആ ജലം, തേ ശിക്വസഃ = അങ്ങയുടെ തേജസ്സ്, വൃശ്ചന്തി = നശിപ്പി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്ന ത്വം തു = അങ്ങ് ആകട്ടെ, പശുഃ = പശുക്കൾ, യവസേന = പുല്ല് തിന്നിട്ട് പാൽ തരുന്നതുപോലെ, ത്യാചിത് = ആ ജലം. അച്യുതം കുരു = നാശം ഇല്ലാത്തതാക്കുക.

26 അഗ്നേ ഭൂരീണി തവ ജാതവേദോ
ദേവസ്വധാവോ/മൃതസ്യ ധാമ।
യാശ്ച മായാമായിനാം വിശ്വമിന്വ
ത്വേ പൂർവീസ്സംദധുഃ പൃഷ്ടബന്ധോ।

അഗ്നിക്ക് എട്ടുപാത്രത്തിൽ പുരോഡാശം പാകം ചെയ്ത് സമർപ്പിക്കുന്നതിനുള്ള യാജ്യാ മന്ത്രമാണ് ഇത്.

ജാതവേദഃ = ലോകം മുഴുവനും അറിയുന്നവനും, ദേവഃ = പ്രകാശിക്കുന്നവനും, സ്വധാവഃ = അന്നത്തോടു കൂടിയവനും, വിശ്വ, ഇന്വഃ = ലോകത്തെ പ്രീണിപ്പിക്കുന്നവനും, പൃഷ്ടബന്ധോ = തന്റെ മാഹാത്മ്യം അറിയാനാഗ്രഹിക്കുന്നവരുടെ ബന്ധുവും ആയ, ഹേ അഗ്നേ! = അല്ലയോ അഗ്നിദേവ! അമൃതസ്യ തവധാമ = നാശമില്ലാത്ത അങ്ങയുടെ വാസസ്ഥാനങ്ങൾ, ഭൂരീണി = അനേകമാണ്. മായിനാം = ഇന്ദ്രജാലാദിവിദ്യകൾ അറിയുന്നവരുടെ, പൂർവീഃ = പൂർവകാലത്തിലുള്ള, യാഃ മായാഃ = യാതൊരു മായകൾ ഉണ്ടോ അവ, ത്വേ = അങ്ങയിൽ, സംദധുഃ = സ്ഥാപിച്ചിട്ടുണ്ട്.

27 ദിവോ നോ വൃഷ്ടിം മരുതോ രരീധ്വം
പ്രപിന്വതവൃഷ്ണോ അശ്വസ്യ ധാരാഃ।
അർവാങേതേന സ്തനയിത്നുനേഹ്യപോ
നിഷിഞ്ചന്നസുരഃ പിതാ നഃ।

മരുത്തുകളെ ഉദ്ദേശിച്ച് ഏഴുപാത്രത്തിൽ പുരോഡാശം പാകം ചെയ്ത് ഹോമിക്കുന്നതിനുള്ള പുരോ/നുവാക്യയാണ് ഈ മന്ത്രം.

ഹേ മരുതഃ! = അല്ലയോ മരുത്തുകളെ! നഃ = ഞങ്ങൾക്ക് വേണ്ടി, ദിവഃ = ദ്യോവിൽനിന്ന്, വൃഷ്ടിം, രരീധ്വം = മഴ പെയ്യിച്ചാലും തതഃ = അനന്തരം, അശ്വസ്യ = വ്യാപനശീലമുള്ളതും വൃഷ്ണോഃ = ഇന്ദ്രനെ സംബന്ധിച്ചതുമായ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധാരാഃ = വർഷധാരകൾ കൊണ്ടു്, പ്രപിനത = ഭൂമിയെ നനയ്ക്കുക. ഹേ വൃഷൻ! = അല്ലയോ ഇന്ദ്ര! അസുരഃ = പ്രാണങ്ങളെ തരുന്നവനും, നഃ പിതാ = ഞങ്ങൾക്കു് പിതൃതുല്യനും ആയ, ത്വം – അങ്ങു്, ഏതേന സ്തനയിത്നുനാ = ഗർജിക്കുന്ന മേഘത്തോട് കൂടി, ആപഃ നിഷിഞ്ചൻ = ജലം വർഷിച്ചുകൊണ്ടു്, അർവാങ്ഏഹി = ആകാശത്തിൽ നിന്നു് ഞങ്ങൾക്കു് അഭിമുഖമായി വന്നാലും.

28 പിന്വന്ത്യപോ മരുതസ്സുദാനവഃ
പയോ ഘൃതവദ് വിദഥേഷ്വാഭുവഃ।
അത്യം ന മിഹേ വിനയന്തി വാജിന-
മുത്സം ദുഹന്തി സ്തനയന്തമക്ഷിതം

മരുത്തുകളെ ഉദ്ദേശിച്ച് ഏഴ പാത്രത്തിൽ പുരോഡാശം പാകം ചെയ്തു സമർപ്പിക്കുന്നതിനുള്ള യാജ്യാ മന്ത്രമാണു് ഇതു്.

യഥാ = എപ്രകാരമാണോ ആ ഭുവഃ = ഋത്വിക്കുകളും യജമാനനും, വിദഥേഷു = യാഗങ്ങളിൽ, പയോഘൃതവത് = വെള്ളവും നെയ്യും ധാരാളം ഒഴിക്കുന്നതു്, തഥാ = അപ്രകാരം, സുദാനവഃ = വേണ്ടവിധത്തിൽ പ്രാണികൾക്കു് ജലം ദാനം ചെയ്യുന്ന, മരുതഃ = മരുത്തുകൾ, അപഃ പിന്വന്തി = ജലം കൊണ്ടു് ഭൂമിയെ നനയ്ക്കുന്നു അത്യം ന = അശ്വത്തെപ്പോലെ, മിഹേ = ജലസേചനത്തിനു് വേണ്ടി, വാജിനം വിനയന്തി = മേഘത്തെ പ്രേരിപ്പിക്കുന്നു. അക്ഷിതം = ന്യൂനത ഉണ്ടാകാത്തവിധം, സ്തനയന്തം = ഗർജിച്ച് കൊണ്ടിരിക്കുന്ന മേഘത്തെ ഉത്സം ദുഹന്തി = നിരന്തരമായി മഴപെയ്യിക്കുന്നു

29 ഉദപ്രുതോ മരുതസ്താം ഇയർത
വൃഷ്ടിംയേ വിശ്വേമരുതോ ജുനന്തി।
ക്രോശതി ഗർദാ കന്യേവ തുന്നാ
പേരും തുഞ്ജാനാ പത്യേവ ജായാ।

മരുത്തുകളെ ഉദ്ദേശിച്ച് ഏഴ പാത്രത്തിൽ പുരോഡാശം പാകം ചെയ്തു സമർപ്പിക്കുന്നതിനുള്ള മററൊരു പുരോനു-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാക്യാ മന്ത്രമാണ് ഇതു്-

ഹേഋത്വിക് യജമാനാഃ! = അല്ലയോഋത്വിക്കുകളെ! അല്ലയോ യജമാന! യേ വിശ്വേ മരുതഃ = യാതൊരു മരുത്തുകൾ ആണോ, വൃഷ്ടിം ജനന്തി = മഴ നൽകുന്നതു്, ഉദപ്രുതഃ താൻ മരുതഃ = ജലം തരുന്നതായ ആ മരുത്തുകളോട്, ഗർദാ = വിശപ്പുള്ള, കന്യാ = കന്യക. തുന്നാ = പീഡിതയായി, യഥാ ക്രോശതി = എപ്രകാരമാണോ നിലവിളിച്ചു് ഭക്ഷണത്തിനു് അപേക്ഷിക്കുന്നതു് അതുപോലെ, ഇയർത = നിങ്ങൾ അപേക്ഷിക്കുവിൻ. പേരും = വെള്ളം കുടിക്കാൻ ആഗ്രഹിക്കുന്ന കന്യകയെ, തുഞ്ജാനാ = ആശ്വസിപ്പിക്കുന്ന, പത്യാജായാ ഇവ = ഭർത്താവോട് കൂടിയ സ്ത്രീയെപ്പോലെ, (മാതാപിതാക്കളെപ്പോലെ) മരുത്തുകൾ ആശ്വസിപ്പിക്കും.

30 ഘൃതേന ദ്യാവാ പൃഥിവീ മധുനാ സമുക്ഷത
പയസ്വതീഃ കൃണുതാപ ഓഷധീഃ।
ഊർജം ച തത്ര സുമതിം ച പിന്വഥ
യത്രാനരോ മരുതഃ സിഞ്ചഥാ മധു।

മരുത്തുകളെ ഉദ്ദേശിച്ചു് ഏഴുപാത്രത്തിൽ പുരോഡാശം പാകം ചെയ്തു സമർപ്പിക്കുന്നതിനുള്ള മററൊരു യാജ്യാ മന്ത്രമാണ് ഇതു്-

ഹേമരുതഃ! അല്ലയോ മരുത്തുക്കളെ! ഘൃതേന = നെയ്യ്ക്കുതുല്യവും, മധുനാ = മധുര രസത്തോടുകൂടിയതുമായ ജലത്താൽ, ദ്യാവാ പൃഥിവീ = ദ്യോവിനേയും പൃഥിവിയേയും, സമുക്ഷത = പ്രീണിപ്പിക്കുക യാഃ ആപഃ = യാതൊരു ജലം ഭൂമിയിൽ വീഴുന്നുവോ അതുകൊണ്ടു്, ഓഷധീഃ = ഓഷധികളെ, പയസ്വതീഃ കൃണുത = സാരവത്തുകളാക്കുക. നരഃ മരുതഃ = ജലത്തെ നയിക്കുന്ന മരുത്തുകൾ, യത്രാ = യാതൊരു സ്ഥലത്താണോ, പിന്വഥ = ജലസേചനം ചെയ്യുന്നതു്, തത്ര = ആ പ്രദേശത്തിൽ, ഊർജം = ശരീരത്തിനു് ബലം നൽകുന്ന അന്നവും, സുമതിം = നല്ല ബുദ്ധിയുള്ള സന്താനവും, പിന്വഥ = നൽകിയാലും. ഈ മന്ത്രത്തിൽ "നര" എന്ന പദത്തിനു് ജലം എന്നാണ് അർത്ഥം.

ഹേ പിതരഃ! = അല്ലയോ പിതൃക്കളേ! വഃ നമഃ = നിങ്ങൾക്ക നമസ്കാരം. യേ = യാതൊരുത്തർ, ഏതസ്മിൻ ലോകേ സ്ഥ = പിതൃലോകത്തിൽ ഉണ്ടോ, തേ = അവർ, യുഷ്മാൻ അനുവർത്തന്താം = നിങ്ങളെ അനുസരിക്കട്ടെ. യേ അസ്മിന് ലോകേ = ഈ ലോകത്തിൽ യാതൊരുത്തർ ഉണ്ടോ. തേ = അവർ, മാം = എന്നെ, അനുവർത്തന്താം = അനുസരിക്കട്ടെ യേ = യാതൊരുത്തർ, ഏതസ്മിൻ ലോകേ = പിതൃലോകത്തിൽ, സ്ഥ = വർത്തിക്കുന്നുവോ തേ യൂയം = ആ നിങ്ങൾ, തേഷാം = അവക്ക് വസിഷ്ഠാഃ ഭൂയാസ്ത = വാസസ്ഥാനം നൽകുന്നവരായി ഭവിച്ചാലും. അസ്മിൻ ലോകേ = ഈ ലോകത്തിൽ യേ = യാതൊരുത്തർ ഉണ്ടോ തേഷാം = അവക്ക് വസിഷ്ഠഃ ഭൂയാസം = ഞാൻ വാസസ്ഥാനം നൽകുന്നവനായിത്തീരട്ടെ.

18 പ്രജാപതേ ന ത്വ ദേതാന്യന്യോ വിശ്വാ ജാതാനി
പരി താ ബഭൂവ യത്കാമാസ്തേ ജുഹുമസ്തന്നോ അസ്തു
വയം സ്യാമ പതയോ രയീണാം।

യാഗം കഴിഞ്ഞ് ഈ മന്ത്രം ചൊല്ലി പിരിഞ്ഞുപോകുന്നു. ഹേ പ്രജാപതേ! ത്വദ് അന്യഃ = അങ്ങല്ലാതെ മററാരും, ജാതാനി വിശ്വാ പരിതാബഭൂവ = ലോകം സൃഷ്ടിക്കാനോ നശിപ്പിക്കാനോ ശക്തരായില്ല. അതഃ = അതുകൊണ്ട്, വയം = ഞങ്ങൾ, തേ = അങ്ങയെ ഉദ്ദേശിച്ച്, യത് കാമാഃ ജുഹുമഃ = യാതൊന്ന് ആഗ്രഹിച്ചു കൊണ്ടാണോ യാഗാദികൾ നടത്തിയത്, തത് നഃ അസ്തു = അത് ഞങ്ങൾക്ക് ലഭിക്കട്ടെ വയം = ഞങ്ങൾ, രയീണാം പതയഃ സ്യാമ ധനത്തിൻെറ അധിപതികളായിത്തീരട്ടെ.

19-21 ദേവകൃതസ്യൈനസോഽവയജനമസി
മനുഷ്യകൃതസ്യൈനസോഽവയജനമസി
പിതൃകൃതസ്യൈനസോഽവയജനമസി

ഈ മന്ത്രങ്ങൾ ചൊല്ലി അഗ്നിയിൽ വിറക് ഇടുന്നു. അല്ലയോ വിറക് കഷണമേ! നീ, ദേവകൃതസ്യ ഏനസഃ = ദേവന്മാരോട് ചെയ്തുപോയ പാപം, അവയജനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസി = നശിപ്പിക്കുന്നതാകുന്നു. മനുഷ്യകൃതസ്യ ഏനസഃ = മനുഷ്യരോട് ചെയ്തുപോയ പാപം, അവയജനം അസി = നശിപ്പിക്കുന്നതാകുന്നു. പിതൃകൃതസ്യ ഏനസഃ = പിതൃക്കളോടു് ചെയ്തുപോയ പാപം, അവയജനം അസി = നശിപ്പിക്കുന്നതാകുന്നു.

22 അപ്സു ധൗതസ്യ സോമ ദേവ തേ നൃഭിഃ സ്തുതസ്യേ-
ഷ്ടയജുഷ സ്തുതസ്തോമസ്യ ശസ്തോക്ഥസ്യ യോ
ഭക്ഷോഽശ്വസനിർയോ ഗോസനിസ്തസ്യ തേ പിതൃഭിർ-
ഭക്ഷകൃതസ്യോപഹൂതസ്യോപഹൂതോ ഭക്ഷയാമി।

ഈ മന്ത്രം ചൊല്ലി സോമരസം വെച്ചിരിക്കുന്ന ഒരു കുടം മണപ്പിക്കുന്നു.

ഹേ സോമദേവ! = അല്ലയോ സോമരസമാകുന്ന ദേവ! അപ്സു ധൗതസ്യ = ജലം കൊണ്ടു് പ്രക്ഷാളനം ചെയ്യപ്പെട്ടതും, നൃഭിഃ സ്തുതസ്യ = മനുഷ്യരാൽ സ്തുതിക്കപ്പെട്ടതും, ഇഷ്ടയജുഷഃ = യജുർവേദമന്ത്രങ്ങളും ചൊല്ലി യാഗം ചെയ്യപ്പെട്ടതും, സ്തുതസ്തോമസ്യ = സ്തോമമന്ത്രങ്ങളാൽ സ്തുതിക്കപ്പെട്ടതും, ശസ്തോക്ഥസ്യ = പ്രശസ്തമായ ഉപകരണങ്ങളാൽ രസം എടുക്കപ്പെട്ടതും ആയ, തേ = നിന്നെ സംബന്ധിച്ചതും, യഃ അശ്വസനിഃ = അശ്വങ്ങളെ തരാൻ പര്യാപ്തമായതും, യഃ ഗോസനിഃ = ഗോക്കളെ തരാൻ പര്യാപ്തമായതും, പിതൃഭിഃ = പിതൃക്കളാൽ ഭക്ഷകൃതസ്യ = ഭക്ഷ്യയോഗ്യമായി അംഗീകരിക്കപ്പെട്ടതുമായ ഭാഗം, ഉപഹൂതസ്യ ഉപഹൂതഃ = ക്ഷണിക്കപ്പെട്ടവരാൽ അനുവദിക്കപ്പെട്ടു്, ഭക്ഷയാമി = ഗന്ധം അനുഭവിക്കുന്നു.

ഇതിപഞ്ചമോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥഷഷ്ഠോ നുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—

മഹീനാം പയോ/സി വിശ്വേഷാം ദേവാനാം തന്തൂർ-
ഋധ്യാ സമദ്യ പൃഷതീനാം ഗ്രഹഃ പൃഷതീനാം
ഗ്രഹോ/സി വിഷ്ണോർഹൃദയമസ്യേകമിഷ വിഷ്ണ-
സ്ത്വാ/നുവി ചക്രമേ ഭൂതിർദധ്നാ ഘൃതേന വർധതാം
തസ്യ മേഷ്ട്വസ്യ വീതസ്യ ദ്രവിണമാ ഗമ്യാജ്ജ്യോ-
തിരസി വൈശ്വാനരം പൃശ്നിയൈ ദുഗ്ധം യാവതീ
ദ്യാവാ പൃഥിവീ മഹിത്വാ യാവച്ച സപ്ത സിന്ധവോ
വിതസ്ഥുഃ താവന്തമിന്ദ്ര തേ ഗ്രഹഗ്ം സഹോർജാ
ഗൃഹ്ണാമ്യസ്തൃതം യത് കൃഷ്ണ ശകുനഃ പൃഷദാജ്യമവ-
മൃശേത് ശൂദ്രാ അസ്യ പ്രമായുകാഃ സ്യുര്യച്ഛ്വാവമൃശേ-
ച്ചതുഷ്പാദോ/സ്യ പശവഃ പ്രമായുകാഃ സ്യുർയത്-
സ്കന്ദേദ്യജമാനഃ പ്രമായുകഃ സ്യാത് പശവോ വൈ
പൃഷദാജ്യം പശവോ വാ ഏതസ്യ സ്കന്ദന്തി യസ്യ
പൃഷദാജ്യഗ്ഗ് സ്കന്ദതി യത് പൃഷദാജ്യം പുനർഗൃഹ്-
ണാതി പശൂനേവാസ്മൈ പുനർഗൃഹ്ണാതി പ്രാണോ
വൈ പൃഷദാജ്യം പ്രാണോ വാ ഏതസ്യ സ്കന്ദതി
യസ്യ പൃഷദാജ്യഗ്ഗ് സ്കന്ദതി യത് പൃഷദാജ്യം പുനർ-
ഗൃഹ്ണാതി പ്രാണമേ വാസ്മൈ പുനർഗൃഹ്ണാതി
ഹിരണ്യമവധായ ഗൃഹ്ണാത്യമൃതം വൈ ഹിരണ്യം
പ്രാണഃ പൃഷദാജ്യമമൃതമേവാസ്യ പ്രാണേ ദധാതി
ശതമാനം ഭവതി ശതായുഃ പുരുഷഃ ശതേന്ദ്രിയ ആയു-
ഷ്യേവേന്ദ്രിയേ പ്രതിതിഷ്ഠത്യശ്വമവ ഘ്രാപയതി
പ്രാജാപത്യോ വാ അശ്വഃ പ്രാജാപത്യഃ പ്രാണഃ
സ്വാദേവാസ്മൈ യോനേഃ പ്രാണം നിർമിമീതേ
വി വാ ഏതസ്യ യജ്ഞഃ ഛിദ്യതേ യസ്യ പൃഷദാ-
ജ്യഗ്ഗ് സ്കന്ദതി വൈഷ്ണവ്യർചാ പുനർഗൃഹ്ണാതി
യജ്ഞോ വൈ വിഷ്ണുർയജ്ഞേനൈവ യജ്ഞഗ്ം
സം തനോതി॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

[അനുവാകത്തിന്റെ ആദ്യം മുതൽ "സഹോർജാ ഗൃഹ്ണാമ്യസ്തൃതം" എന്നതുവരെ മന്ത്രവും ശേഷം ബ്രാഹ്മണവും ആണ്.]

മന്ത്രഭാഗത്തിന്റെ പദച്ഛേദം—

മഹീനാം പയഃ അസി വിശ്വേഷാം ദേവാനാം തനൂഃ ഋധ്യാസം അദ്യ പൃഷതീനാം ഗ്രഹം പൃഷതീനാം ഗ്രഹഃ അസി വിഷ്ണോഃ ഹൃദയം അസി ഏകം ഇഷം വിഷ്ണുഃ ത്വാ അനു വി ചക്രമേ ഭൂതിഃ ദധ്നാ ഘൃതേന വർധതാം തസ്യ മേ ഇഷ്ടസ്യ വീതസ്യ ദ്രവിണം ആ ഗമ്യാത് ജ്യോതിഃ അസി വൈശ്വാനരം പൃശ്നിയൈ ദുഗ്ധം യാവതീ ദ്യാവാപൃഥിവീ മഹിത്വാ യാവത് ച സപ്ത സിന്ധവഃ വി തസ്ഥുഃ താവന്തം ഇന്ദ്ര തേ ഗ്രഹം സഹ ഊർജാ ഗൃഹ്ണാമി അസ്തൃതം.

മന്ത്രവും വിനിയോഗവും അർത്ഥവും

മന്ത്രം 1 മഹീനാം പയോ/സി വിശ്വേഷാം ദേവാനാം തനൂർ-
ഋധ്യാസമദ്യ പൃഷതീനാം ഗ്രഹം പൃഷതീനാം
ഗ്രഹോ/സി വിഷ്ണോർഹൃദയമസ്യേകമിഷ വിഷ്ണു-
സ്ത്വാനു വി ചക്രമേ ഭൂതിർദധ്നാ ഘൃതേന
വർദ്ധതാം
തസ്യ മേഷ്ടസ്യ വീതസ്യ ദ്രവിണമാ ഗമ്യാജ്ജ്യോതി-
രസി വൈശ്വാനരം പൃശ്നിയൈ ദുഗ്ധം ।

ഈ മന്ത്രം ചൊല്ലി തൈരും നെയ്യും കലന്നു് ജൂഹുവിൽ അഞ്ചുപ്രാവശ്യം ഒഴിക്കുന്നു,

അല്ലയോ പൃഷദാജ്യമേ! ത്വം = നീ, മഹീനാം = പശുക്കളുടെ, പയഃ അസി = പാൽ ആകുന്നു. വിശ്വേഷാം ദേവാനാം = എല്ലാ ദേവന്മാരുടേയും, തനൂഃ അസി = ശരീരം ആകുന്നു. പൃഷതീനാം ഗ്രഹം = മരുത്തുകളുടെ അശ്വങ്ങളുടെ ഗ്രഹസ്ഥാനീയമായ നിന്നെ, അദ്യ = ഇപ്പോൾ, ഋധ്യാസം = ഞാൻ വർദ്ധിപ്പിക്കുന്നു. ത്വം = നീ, പൃഷതീനാം = മരുദശ്വങ്ങളുടെ, ഗ്രഹഃ അസി = ഗ്രഹം ആകുന്നു. വിഷ്ണോഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= യാഗത്തിന്ന്, ഹൃദയം അസി = പ്രിയപ്പെട്ടതു് ആകുന്നു. ഹേ ഇഷ! = എല്ലാ ദേവന്മാക്കും ഇഷ്ടപ്പെട്ടവനെ! വിഷ്ണുഃ = യാഗം, ത്വാം = നിന്നെ, ഏകം വിചക്രമേ = = പ്രധാനമായി അംഗീകരിച്ചു. ദധ്നാ ഘൃതേന = ഇതിലുള്ള തയിരു് കൊണ്ടും, നെയ്കൊണ്ടും ഭൂതിഃ = = മാഹാത്മ്യം, വർദ്ധതാം = വർദ്ധിക്കട്ടെ. തസ്യ = അപ്രകാരം ഉള്ളതും, ഇഷ്ടസ്യ = ദേവന്മാക്ക ഹോമം ചെയ്യപ്പെട്ടതും, വീതസ്യ = ദേവന്മാരാൽ ഭക്ഷിക്കപ്പെട്ടതും ആയതുകൊണ്ടു്, യദ്ദ്രവിണം = യതൊരുഫലം ഉണ്ടോ, തത് = അതു്, മാം പ്രതി ആഗമ്യാത് = എൻെറ അടുക്കൽ വരട്ടെ. (എനിക്കു് ലഭിക്കട്ടെ) ത്വം = നീ വൈശ്വാനരം എല്ലാവക്കും ഹിതം ചെയ്യുന്ന, ജ്യോതിഃ അസി = ജ്യോതിസ്സാകുന്നു പൃശ്നിയെ = വെളുത്ത പശുവിൻെറ ദുഗ്ധം അസി = പാൽ ആകുന്നു.

2 യാവതീ ദ്യാവാ പൃഥിവീ മഹിത്വാ
യാവച്ച സപ്ത സിന്ധവോ വിതസ്ഥുഃ।
താവന്തമിന്ദ്ര തേ ഗ്രഹം സഹോർജാഗൃഹ്ണാമ്യസ്തൃതം।
പ്രതിപ്രസ്ഥാതാ ഈ മന്ത്രം ചൊല്ലി ആഗ്നീധ്രത്തിൽ ദധിഘർമം എടുക്കുന്നു.

ഹേ ഇന്ദ്ര! സപ്തസിന്ധവഃ = ഏഴു് സമുദ്രങ്ങളും, ദ്യാവാപൃഥിവീ = ദ്യാവാ പൃഥിവികളും, മഹിത്വാ = സ്വകീയമായ മഹത്വംകൊണ്ടു്, യാവത്യൗ = ഏത്ര പരിമാണത്തിൽ ഇരിക്കുന്നുവോ, യാവത് വിതസ്ഥുഃ = എത്ര കാലം സ്ഥിതി ചെയ്യുന്നുവോ, അത്രയും കാലം, ഗ്രഹം ഗൃഹ്ണാമി = ഞാൻ ഗ്രഹം ഗ്രഹിക്കുന്നു. എല്ലാ സ്ഥലത്തും എല്ലാക്കാലത്തും, ത്വദീയം ഗ്രഹം = അങ്ങയെ സംബന്ധിച്ച ഗ്രഹം, ഊർജാ സഹ = സാരത്തോടു് കൂടിയതും, അസ്തൃതം = നശിക്കാത്തതും ആയി, ഗൃഹ്ണാമി = ഞാൻ സ്വീകരിക്കുന്നു.

ബ്രാഹ്മണഭാഗത്തിൻെറ അത്ഥം

തൈരും നെയ്യും കലത്തിവെച്ചിരിക്കുന്ന (പൃഷദാജ്യം) കാക്ക തൊടുകയാണെങ്കിൽ യജമാനൻെറ ഭൃത്യന്മാർ മരിച്ചു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോകും, പട്ടി അതു് തൊടുകയാണെങ്കിൽ യജമാനൻെറ വകയായ പശു മുതലായ മൃഗങ്ങ ദം മരിച്ചുപോകും. തറയിൽ വീഴുകയാണെങ്കിൽ യജമാനൻ മരിച്ചു് പോകും. പൃഷദാജ്യം എന്നു് പറയുന്നതു് പശുക്കൾ ആണു്. യാതൊരു യജമാനൻെറ കയ്യിൽ നിന്നു് പൃഷദാജ്യം താഴെ വീഴുന്നുവോ അവൻെറ പശുക്കൾ അവനിൽ നിന്നു് വേർപെട്ടു് പോകുന്നു. വീണ്ടും പൃഷദാജ്യം എടുക്കുകയാണെങ്കിൽ (താഴെ വീണതിനു് പകരം) വീണ്ടും യജമാനനു് വേണ്ടി പശുക്കളെ ഗ്രഹിക്കുന്നു- പൃഷദാജ്യം എന്നു് പറയുന്നതു് പ്രാണനാണു് യാതൊരു യജമാനനെ സംബന്ധിച്ച പൃഷദാജ്യം തറയിൽ വീഴുന്നുവോ ആ യജമാനൻെറ പ്രാണനാണു് വേർപെട്ടു് പോകുന്നതു്. പൃഷദാജ്യം വീണ്ടും എടുക്കുകയാണെങ്കിൽ യജമാനനു് വേണ്ടി പ്രാണനെത്തന്നെയാണു് വീണ്ടും സ്വീകരിക്കുന്നതു്.

പാത്രത്തിൽ സ്വർണശകലം ഇട്ടതിനു് ശേഷം അതിൽ പൃഷദാജ്യം എടുക്കുന്നു സ്വർണ്ണം അമൃതമാണു്. പൃഷദാജ്യം പ്രാണനാണു്. അതുകൊണ്ടു് യജമാനൻെറ പ്രാണനിൽ അമൃതം യോജിപ്പിക്കുന്നതിനു് തുല്യമായി സ്വർണ്ണം നൂറുവരാഹനു് (ഒരു നാണയം) തുല്യമായിരിക്കണം. എന്തുകൊണ്ടെന്നാൽ മനുഷ്യൻ നൂറുവർഷം അയുസ്സ് ഉള്ളവനാണു്. നൂറുവർഷവും ഇന്ദ്രിയശക്തിയോടു് കൂടി ജീവിച്ചിരിക്കേണ്ടവനാണു്. യജ-മാനൻ ആയുസ്സാകുന്ന ഇന്ദ്രിയശക്തിയിൽ ഉറച്ചിരിക്കുന്നു. (യജമാനനു് ദീർഘായുസ്സും ഇന്ദ്രിയശക്തിയും ഉണ്ടാകും)

രണ്ടാമതു് എടുത്ത പൃഷദാജ്യം അശ്വത്തെക്കൊണ്ടു് മണ-പ്പിക്കുന്നു. അശ്വം പ്രജാപതിയെ സംബന്ധിച്ചതാണു് പ്രാണങ്ങളും പ്രജാപതിയെ സംബന്ധിച്ചതാണു്. യജമാനനു് തൻെറ ഉത്പത്തി സ്ഥാനത്തു നിന്നുതന്നെ പ്രാണൻ ഉണ്ടാകുന്നു.

യാതൊരു യജമാനൻ എടുക്കുന്ന പൃഷദാജ്യം താഴെ വീഴുന്നുവോ അവൻെറ യാഗം വിച്ഛിന്നം ആകുന്നു. അതു-കൊണ്ടു് "വിഷ്ണോതവം" എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വീണ്ടും പൃഷദാജ്യം എടുക്കുന്നു. യാഗം വിഷ്ണുവാണ്. യാഗത്താൽ തന്നെ യാഗം യോജിപ്പിക്കുന്നു

ഇതി ഷഷ്ഠോഽനുവാകഃ

അഥസപ്തമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—

ദേവ സവിതരേതത്തേ പ്രാഽഽഹ തത്പ്ര ച സുവ പ്ര ച യജ ബൃഹസ്പതിർബ്രഹ്മാ യുഷ്മത്യാ ഋചോ മാ ഗാത തന്തുപാത്സാമ്നഃ സത്യാ വ ആശിഷഃ സന്തു സത്യാ ആകൂതയഃ ഋതം ച സത്യം ച വദത സ്തുത ദേവസ്യ സവിതുഃ പ്രസവേ സ്തുതസ്യ സ്തുതമസ്യൂർജം മഹ്യഗ്ഗ്സ്തുതം ദുഹാമാ മാ സ്തുതസ്യ സ്തുതം ഗമ്യാച്ഛസ്ത്രസ്യ ശസ്ത്രം അസ്യൂർജം മഹ്യഗ്ഗംശസ്ത്രം ദുഹാമാ മാ ശസ്ത്രസ്യ ശസ്ത്രം ഗമ്യാദിന്ദ്രിയാവന്തോ വനാമഹേ ധുക്ഷീമഹി പ്രജാമിഷം സാ മേ സത്യാശീർദേവേഷു ഭൂയാദ്ബ്രഹ്മവർചസം മാഽഽഗമ്യാത് യജ്ഞോ ബഭൂവ സ ആ ബഭൂവ സ പ്ര ജജ്ഞേ സ വാവൃധേ സ ദേവാനാമധിപതിർബഭൂവ സോ അസ്മാഗ്ഗം അധിപതീൻകരോതു വയഗ്ഗ്സ്യാമ പതയോ രയീണാം യജ്ഞോ വാ വൈ യജ്ഞപതിം ദുഹേ യജ്ഞപതിർവാ യജ്ഞം ദുഹേ സ യഃ സ്തുതശസ്ത്രയോർദോഹമവിദ്വാൻ യജതേ തം യജ്ഞോ ദുഹേ സ ഇഷ്ട്വാ പാപീയാൻ ഭവതി യ ഏനയോർദോഹം വിദ്വാൻ യജതേ സ യജ്ഞം ദുഹേ സ ഇഷ്ട്വാ വസീയാൻ ഭവതി സ്തുതസ്യ സ്തുതമസ്യൂർജം മഹ്യഗ്ഗ്സ്തുതം ദുഹാമാ മാ സ്തുതസ്യ സ്തുതം ഗമ്യാച്ഛസ്ത്രസ്യ ശസ്ത്രമസ്യൂർജം മഹ്യഗ്ഗംശസ്ത്രം ദുഹാമാ മാ ശസ്ത്രസ്യ ശസ്ത്രം ഗമ്യാദിത്യാഹൈഷ വൈ സ്തുതശസ്ത്രയോർദോഹസ്തം യ ഏവം വിദ്വാൻ യജതേ ദുഹ ഏവ യജ്ഞമിഷ്ട്വാ വസീയാൻ ഭവതി॥

[അനുവാകത്തിൻെറ ആരംഭം മുതൽ "വയംസ്യാമപതയോരയീണാം" എന്ന ഭാഗം വരെ മന്ത്രവും ശേഷം ബ്രാഹ്മണവും ആണ്]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രഭാഗത്തിൻെറ പദച്ഛേദം —

ദേവ സവിതഃ ഏതത് തേ പ്ര ആഹ തത് പ്ര ച സുവ പ്ര ച യജ ബൃഹസ്പതിഃ ബ്രഹ്മാ ആയുഷ്മത്യാ ഋചഃ മാ ഗാത തനൂപാത് സാമ്നഃ സത്യാ വഃ ആശിഷഃ സന്തു സത്യാഃ ആകൂതയഃ ഋതം ച സത്യം ച വദത സ്തുത ദേവസ്യ സവിതുഃ പ്രസവേ സ്തുതസ്യ സ്തുതം അസി ഊർജം മഹ്യം സ്തുതം ദുഹാ മാ മാ സ്തുതസ്യ സ്തുതം ഗമ്യാത് ശസ്ത്രസ്യ ശസ്ത്രം അസി ഊർജം മഹ്യം ശസ്ത്രം ദുഹാ മാ മാ ശസ്ത്രസ്യ ശസ്ത്രം ഗമ്യാത് ഇന്ദ്രിയാവന്തഃ വനാമഹേ ധുക്ഷീമഹി പ്രജാം ഇഷം സാ മേ സത്യാശീഃ ദേവേഷു ഭൂയാത് ബ്രഹ്മവർചസം മാ അഗമ്യാത് യജ്ഞഃ ബഭൂവ സഃ ആ ബഭൂവ സഃ ജജ്ഞേ സഃ വാവൃധേ സഃ ദേവാനാം അധിപതിഃ ബഭൂവ സഃ അസ്മാൻ അധിപതീൻ കരോതു വയം സ്യാമ പതയഃ രയീണാം

മന്ത്രവും വിനിയോഗവും അർത്ഥവും

1 ദേവ സവിതരേതത്തേ പ്രാഹ തത്പ്ര ച
സുവ പ്ര ച യജ ബൃഹസ്പതിർബ്രഹ്മാ/യുഷ്മത്യാ
ഋചോ മാ ഗാത തനൂപാത്സാമ്നഃ സത്യാ ച
ആശിഷഃ സന്തു സത്യാ ആകൂതയഃ ഋതം ച
സത്യം ച വദത സ്തുത ദേവസ്യ സവിതുഃ പ്രസവേ।

'ബ്രഹ്മൻ സ്തോഷ്യാമഃ' എന്നു് സ്തുതിക്കാൻ അനുവാദം ചോദിക്കുമ്പോൾ ബ്രഹ്മാ എന്ന ഋത്വിക്കു് ചൊല്ലുന്നതാണു് ഈ മന്ത്രം.

ഹേ സവിതഃ ദേവ! = സർവപ്രേരകനായ അല്ലയോ ദേവ! അയം ഉദ്ഗാതാ = ഉദ്ഗാതാ എന്ന ഋത്വിക്കു്, ഏതത് സ്തോഷ്യാമഃ = സ്തുതിക്കട്ടെ എന്നു്, തേ പ്രാഹ = അങ്ങയോടു് ചോദിക്കുന്നു. തത് = അപ്രകാരം സ്തുതിക്കുന്നതിനു് ത്വം പ്രസുവ = അങ്ങു് അനുജ്ഞ നൽകിയാലും. പ്രയജ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്കൃഷ്ടമായ രീതിയിൽ യാഗം നിർവഹിച്ചാലും. ഹേ ഉദ്ഗാതാരഃ! = സാമഗാനം ചെയ്യുന്ന ഋത്വിക്കുകളെ! അഹം ബ്രഹ്മാ = യാഗത്തിൽ "ബ്രഹ്മാ"വിൻെറ സ്ഥാനത്തിരിക്കുന്ന ഞാൻ. ബൃഹസ്പതിഃ = ബൃഹസ്പതി തന്നെയാണ്. ആയുഷ്മത്യാ = ആയുസ്സ് നൽകാൻ ശക്തിയുള്ള, ഋചഃ = മന്ത്രങ്ങളും, മാ ഗാത = സശ്രദ്ധം ചൊല്ലുവിൻ, തനൂപാത് സാമ്നഃ = ഋഗ്വേദമന്ത്രം സാമവേദമായി ഗാനം ചെയ്യുന്ന വിഷയത്തിൽ, മാ ഗാത = തെററ് വരാതെ സൂക്ഷിക്കുവിൻ വഃ ആശിഷഃ = നിങ്ങളുടെ ആശിസ്സുകളും, സത്യാഃ സന്തു = സത്യമായിത്തീരട്ടെ ആകൂതയഃ = നിങ്ങളുടെ സങ്കല്പങ്ങളും സത്യാഃ സന്തു = സത്യമായിത്തീരട്ടെ. യൂയം = നിങ്ങൾ ഋതം സ്മരത = സത്യമായ കാര്യം ഓർമ്മിക്കുവിൻ. സത്യം വദത ച = സത്യം പറയുകയും ചെയ്യുവിൻ. ദേവസ്യ സവിതുഃ പ്രസവേ = സവിതൃ ദേവൻെറ പ്രേരണയാൽ, സ്തുത = സ്തുതിക്കുവിൻ.

മന്ത്രം 2-3 സ്തുതസ്യ സ്തുതമസ്യൂർജം മഹ്യം സ്തുതം
ദുഹാമോ മാ സ്തുതസ്യ സ്തുതം ഗമ്യാ-
ച്ഛസ്ത്രസ്യ ശസ്ത്രമസ്യൂർജം മഹ്യം ശസ്ത്രം
ദുഹാമാ ശസ്ത്രസ്യ ശസ്ത്രം ഗമ്യാദ്
ഇന്ദ്രിയാവന്തോ വനാമഹേ ധുക്ഷീമഹി പ്രജാമിഷം
സ മേ സത്യാശീർദേവേഷു ഭൂയാദ്
ബ്രഹ്മവർചസം മാ ഗമ്യാത് യജ്ഞോ ബഭൂവ
സ ആ ബഭൂവ സ പ്ര ജജ്ഞേ സ വാവൃധേ।
സ ദേവാനാമധിപതിർബഭൂവ സോ; സ്മാനധി
പതീൻ കരോതു വയം സ്യാമ പതയോരയീണാം।

സാമഗാനം ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ യജമാനൻ ചൊല്ലേണ്ട മന്ത്രമാണ് ഇതു്.

ഹേ സ്തോത്ര! = ഉദ്ഗാതാവിനാൽ ഗാനം ചെയ്യപ്പെടുന്ന അല്ലയോ സ്തോത്രമെ! ത്വം = നീ, സ്തുതസ്യ സ്തുതം അസി = സ്തോത്രത്തിൻേറയും സ്തോത്രമാകുന്നു. താദൃശം ത്വാം = അപ്രകാരമുള്ള നിന്നെ, മഹ്യം = എനിക്കുവേണ്ടി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഊർജം = ബലം, ദുഹാം = കറന്നെടുക്കുന്നു. സ്തുതസ്യ സ്തുതം = ഉത്തമസ്തോത്രം, മാം പ്രതി അഗമ്യാത് = എൻെറ അടുക്കൽ വരട്ടെ. ഹോതൃഭിഃ = ഹോമം ചെയ്യുന്നവരാൽ, ശസ്യമാന = സ്തുതിക്കപ്പെടുന്ന, ശസ്ത്ര! = ആയുധമെ! ത്വം = നീ, ശസ്ത്രസ്യ ശസ്ത്രം അസി = അത്യുത്തമമായ ആയുധം ആകുന്നു. താദൃശം ത്വാം = അപ്രകാരമുള്ള നിന്നെ മഹ്യം = എനിക്ക് വേണ്ടി ഊർജം = ബലം, ദുഹാം = കറന്ന് എടുക്കുന്നു. ശസ്ത്രസ്യ ശസ്ത്രം = അത്യുത്തമമായ ആയുധം, മാ അഗമ്യാത് — എൻെറ സമീപം വരട്ടെ. ഇന്ദ്രിയാവന്തഃ = അവികലമായ ഇന്ദ്രിയങ്ങളോടു കൂടിയവരായി, വനാമഹേ = ഉദ്ദിഷ്ടഫലം ലഭിക്കുന്നവരായിത്തീരട്ടെ. പ്രജാം = സന്താനങ്ങളും, ഇഷം = അന്നവും, ധുക്ഷീമഹി = ഞങ്ങൾക്ക് ലഭിക്കട്ടെ ദേവേഷു ദേവന്മാരെ ഉദ്ദേശിച്ച്, സാ = ഞാൻ വിചാരിച്ചകാര്യം, സത്യാശീഃ ഭൂയാത് = പരമാത്ഥമായിത്തീരട്ടെ. ബ്രഹ്മവർചസം = ബ്രഹ്മവർചസ്സ്, മാ ഗമ്യാത് = എന്നെ പ്രാപിക്കട്ടെ യജ്ഞഃ ബഭൂവ = യാഗം ഇപ്പോഴം സമ്പൂർണ്ണമായി ഭവിച്ചു സഃ ആബഭൂവ = അതു് വീണ്ടും നടത്തത്തക്കവിധത്തിൽ ആയിത്തീരട്ടെ. സഃ = യാഗം, പ്രജജ്ഞേ = അനുഷ്ഠിക്കുന്ന ആളുകൾക്ക് വേണ്ടി ഉണ്ടായി. സഃ = ആ യജ്ഞം, വാവൃധേ = ഞങ്ങളുടെ ഗൃഹത്തിൽ വർദ്ധിച്ചു വരട്ടെ. സഃ ആ യാഗം, ദേവാനാം അധിപതിഃ ബഭൂവ = ദേവന്മാരെ രക്ഷിക്കുന്നതായി ഭവിച്ചു. സഃ = ആ യജ്ഞം, അസ്മാൻ = ഞങ്ങളെ, അധിപതീൻ കരോതു = യജ്ഞം രക്ഷിക്കുന്നവരാക്കിത്തീർക്കട്ടെ വയം = ഞങ്ങൾ, രയീണാം പതയഃ സ്യാമ = ധനത്തിൻെറ അധിപതികളായിത്തീരട്ടെ.

ബ്രാഹ്മണഭാഗത്തിൻെറ അത്ഥം.

യജ്ഞമാണോ യജമാനനെ ദോഹനം ചെയ്യുന്നതു് അഥവാ, യജമാനനാണോ യാഗത്തെ ദോഹനം ചെയ്യുന്നതു് ? (യജ്ഞം യജമാനനെ ദോഹനം ചെയ്യുന്നു എന്നു് പറഞ്ഞാൽ യാഗം നടത്തിയതു നിമിത്തം യജമാനൻ ദരിദ്രനായിത്തീരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജമാനൻ യജ്ഞത്തെ ദോഹനം ചെയ്യുന്നു എന്നു് പറഞ്ഞാൽ യാഗം അനുഷ്ഠിച്ചതു നിമിത്തം യജമാനൻ ധനികനായിത്തീരുന്നു) സ്തോത്രങ്ങളുടേയും ശസ്ത്രങ്ങളുടേയും ദോഹനപ്രകാരം മനസ്സിലാക്കാതെ യാഗം ചെയ്യുന്നവനെ യാഗം ദോഹനം ചെയ്യുന്നു. ആ യജമാനൻ യാഗം ചെയ്തിട്ടു് പാപിയായിത്തീരുന്നു. സ്തോത്രങ്ങളുടേയും ശസ്ത്രങ്ങളുടേയും ദോഹനപ്രകാരം മനസ്സിലാക്കി യാഗം ചെയ്യുന്നവൻ യാഗം ചെയ്തതിന്റെ ഫലമായി ധനികനായിത്തീരുന്നു. ''സ്തുതസ്യ സ്തുതമസി'' എന്നതുമുതൽ ''ശസ്ത്രം ഗമ്യാത്'' എന്നതുവരെയുള്ള മന്ത്രം ചൊല്ലുന്നതാണു് സ്തോത്രങ്ങളുടേയും ശസ്ത്രങ്ങളുടേയും ദോഹനപ്രകാരം ദോഹനപ്രകാരം മനസ്സിലാക്കിയിട്ടു് യാഗം ചെയ്യുന്നവൻ തീർച്ചയായും യാഗത്തെ ദോഹനം ചെയ്യുന്നു. അവൻ യാഗം ചെയ്തു് ധനവാനായിത്തീരുന്നു.

ഇതിസപ്തമോഽനുവാകഃ

അഥഅഷ്ടമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—

ശ്യേനായ പത്വനേ സ്വാഹാ വട്സ്വയമഭിഗൂർതായ നമോ വിഷ്ടംഭായ ധർമണേ സ്വാഹാ। വട് സ്വയമഭിഗൂർതായ നമഃ പരിധയേ ജനപ്രഥനായ സ്വാഹാ വട് സ്വയമഭിഗൂർതായ നമ ഊർജേ ഹോത്രാണാഗ്ം സ്വാഹാ വട് സ്വയമഭിഗൂർതായ നമഃ പയസേ ഹോത്രാണാഗ്ം സ്വാഹാ വട് സ്വയമഭിഗൂർതായ നമഃ പ്രജാപതയേ മനവേ സ്വാഹാ വട് സ്വയമഭിഗൂർതായ നമ ഋതമൃതപാഃ സുവർവാട് സ്വാഹാ। വട്സ്വയമഭിഗൂർതായ നമ സ്തൃമ്പന്താഗ്ം ഹോത്രാ മധോർഘൃതസ്യ യജ്ഞപതിമൃഷയ ഏനസാഽഽഹുഃ പ്രജാ നിർഭക്താ അനുതപ്യമാനാ മധവ്യൗ സ്തോകാവപ തൗ രരാധ സം നസ്താഭ്യാഗ്ം സൃജതു വിശ്വകർമാ ഘോരാ ഋഷയോ നമോ അസ്ത്വേഭ്യഃ ചക്ഷുഷ ഏഷാം മനസശ്ച സന്ധൗ ബൃഹസ്പതയേ മഹി ഷദ് ദ്യുമന്നമഃ നമോ വിശ്വകർമണേ സ ഉ പാത്വസ്മാനനന്യാൻ സോമപാൻ മന്യമാനഃ പ്രാണസ്യ വിദ്വാൻത്സമരേ ന ധീര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏനശ്ചകൃവാന്മഹി ബദ്ധ ഏഷാം, തം വിശ്വകർമൻ പ്ര മുഞ്ചാ സ്വസ്തയേ യേ ഭക്ഷയന്തോ ന വസൂന്യാനൃഹുഃ യാനഗ്നയോഽന്വതപ്യന്ത ധിഷ്ണിയാ ഇയം തേഷാമവയാ ദുരിഷ്ട്യൈ സ്വിഷ്ടിം നസ്താം കൃണോതു വിശ്വകർമാ നമഃ പിതൃഭ്യോ അഭി യേ നോ അഖ്യൻ യജ്ഞകൃതോ യജ്ഞകാമാഃ സുദേവാ അകാമാ വോ ദക്ഷിണാം ന നീനിമ മാ നസ്തസ്മാദേന സഃ പാവയിഷ്ട യാവന്തോ വൈ സദസ്യാസ്തേ സർവേ ദക്ഷിണ്യാസ്തേഭ്യോ യോ ദക്ഷിണാം ന നയേദൈഭ്യോ വൃശ്ച്യേത യദ്വൈശ്വ കർമണാനി ജുഹോതി സദസ്യാനേവ തത് പ്രീണാത്യ- സ്മേ ദേവാസോ വപുഷേ ചികിത്സത യമാശിരാ ദംപതീ വാമമശ്നുതഃ പുമാൻ പുത്രോ ജായതേ വിന്ദതേ വസ്വഥ വിശ്വേ അരപാ ഏധതേ ഗൃഹഃ ആശീർദായാ ദംപതീ വാമമശ്നുതാമരിഷ്ടോ രായഃ സ ച താഗ്ം സമോകസാ യ ആ സിചത്സംദുഗ്ധം കുംഭ്യാ സഹേഷ്ടേന യാമന്നമതിം ജഹാതു സഃ സർപി- ഗ്രീവീ പീവർയസ്യ ജായാ പീവാനഃ പുത്രാ അകൃശാ- സോ അസ്യ സഹജാനിർയഃ സുമഖസ്യമാന ഇന്ദ്രാ- യാഽഽശിരഗ്ം സഹകുംഭ്യാഽദാത് ആശീർമ ഊർജമുത സുപ്രജാസ്ത്വമിഷം ദധാതു ദ്രവിണഗ്ം സവർചസം സംജയൻ ക്ഷേത്രാണി സഹസാഽഹമിന്ദ്ര കൃണ്വാനോ അന്യാഗ്ം അധരാൻ സപത്നാൻ ഭൂതമസി ഭൂതേ മാ ധാ മുഖമസി മുഖം ഭൂയാസം ദ്യാവാപൃഥിവീഭ്യാം ത്വാ പരിഗൃഹ്ണാമി വിശ്വേ ത്വാ ദേവാ വൈശ്വാനരാഃ പ്ര ച്യാവയന്തു ദിവി ദേവാൻ ദൃംഹാന്തരിക്ഷേ വയാം- സി പൃഥിവ്യാം പാർത്ഥിവാൻ ധ്രുവം ധ്രുവേണ ഹവി- ഷാഽവ സോമം നയാമസി യഥാ നഃ സർവമിജ്ജഗദ- യക്ഷ്മഗ്ം സുമനാ അസത് യഥാ ന ഇന്ദ്ര ഇദ്വിശഃ കേവലീഃ സർവാഃ സമനസഃ കരത് യഥാ നഃ സർവാ ഇദ്ദിശോഽസ്മാകം കേവലീരസൻ ।

[ഈ അനുവാകത്തിൽ "യാവന്തോ വൈ സദസ്യാ" എന്നതുമുതൽ "സദസ്യാനേവ ത ത് പ്രീണാതി" എന്നതു വരെയുള്ള ഭാഗം മാത്രം ബ്രാഹ്മണം-ശേഷം മന്ത്രം]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം —

ശ്യേനായ പത്വനേ സ്വാഹാ വട് സ്വയം അഭി-
ഗൂർതായ നമഃ വിഷ്ടംഭായ ഘർമണേ സ്വാഹാ
വട് സ്വയം അഭിഗൂർതായ നമഃ പരിധയേ
ജനപ്രഥനായ സ്വാഹാ വട് സ്വയം അഭിഗൂർതായ
നമഃ ഊർജേ ഹോത്രാണാം സ്വാഹാ വട് സ്വയം
അഭിഗൂർതായ നമഃ പയസേ ഹോത്രാണാം
സ്വാഹാ വട് സ്വയം അഭിഗൂർതായ നമഃ പ്രജാ-
പതയേ മനവേ സ്വാഹാ വട് സ്വയം അഭി-
ഗൂർതായ നമഃ ഋതം ഋതപാഃ സുവർവാട്
സ്വാഹാ വട് സ്വയം അഭിഗൂർതായ നമഃ
തൃംപന്താം ഹോത്രാഃ മധോഃ ഘൃതസ്യ പ്രജാപതിം
ഋഷയഃ ഏനസാ ആഹുഃ പ്രജാഃ നിർഭക്താഃ
അനുതപ്യമാനാഃ മധവ്യൗ സ്തോകൗ അപ തൗ രരാധ
സം നഃ താഭ്യാം സൃജതു വിശ്വകർമാ ഘോരാഃ
ഋഷയഃ നമഃ അസ്തു ഏഭ്യഃ ചക്ഷുഷഃ ഏഷാം
മനസഃ ച സംധൗ ബൃഹസ്പതയേ മഹി ഷദ്
ദ്യുമദ് നമഃ നമഃ വിശ്വകർമണേ സഃ ഉ പാതു
അസ്മാൻ അനന്യാൻ സോമപാൻ മന്യമാനഃ
പ്രാണസ്യ വിദ്വാൻ സമരേ ന ധീരഃ ഏനഃ
ചകൃവാൻ മഹി ബദ്ധഃ ഏഷാം തം വിശ്വകർമൻ
പ്രമുഞ്ച സ്വസ്തയേ യേ ഭക്ഷയന്തഃ വസൂനി ആനൃഹുഃ
യാൻ അഗ്നയഃ അനു അതപ്യന്ത ധിഷ്ണിയാഃ
ഇവ തേഷാം അവ യാ ദുരിഷ്ട്യൈ, സ്വിഷ്ടിം
നഃ താം കരോതു വിശ്വകർമാ നമഃ പിതൃഭ്യഃ
അഭി യേ നഃ അഖ്യൻ യജ്ഞകൃതഃ യജ്ഞകാമാഃ
സുദേവാഃ അകാമാഃ വഃ ദക്ഷിണാം ന നീനിമ
മാ നഃ തസ്മാദ് ഏനസഃ പാപയിഷ്ട
യാവന്തഃ വൈ സദസ്യാഃ തേ സർവേ ദക്ഷി-
ണ്യാഃ തേഭ്യഃ യഃ ദക്ഷിണാം ന നയേത്
ഏഭ്യഃ വൃശ്ച്യേത യദ് വൈശ്വകർമണാനി
ജുഹോതി സദസ്യാൻ ഏവ തത് പ്രീണാതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്മേ ദേവാസഃ വപുഷേ ചികിത്സത യം ആശിരാ ദമ്പതീ വാമം അശ്നുതഃ പുമാൻ പുത്രഃ ജായതേ വിന്ദതേ വസു അഥ വിശ്വേ അരപാ ഏധതേ ഗൃഹഃ ആശീർദായാ ദമ്പതീ വാമം അശ്നുതാം അരിഷ്ടഃ രായഃ സചതാം സമോകസൗ യഃ ആസിചത് സംദഗ്ധം കുംഭ്യാ സഹ ഇഷ്ടേന യാം അന്നമതിം ജഹാതു സഃ സർപിഗ്രീവി പിവരീ അസ്യ ജായാ പീവാനഃ പുത്രാഃ അകൃശാസഃ അസ്യ സഹജാനിഃ യഃ സുമഖസ്യമാനഃ ഇന്ദ്രായ ആശിരം സഹ കുംഭ്യാ അദാത് ആശീഃ മേ ഊർജം ഉത സുപ്രജാസ്ത്വം ഇഷം ദധാതു ദ്രവിണം സുവർചസം സംജയൻ ക്ഷേത്രാണി സഹസാ അഹം ഇന്ദ്ര കൃണ്വാനഃ അന്യാൻ അധരാൻ സപത്നാൻ ഭൂതം അസി ഭൂതേ മാ ധാഃ മുഖം അസി മുഖം ഭൂയാസം ദ്യാവാ-പൃഥിവീഭ്യാം ത്വാ പരി ഗൃഹ്ണാമി വിശ്വേ ത്വാ ദേവാഃ വൈശ്വാനരഃ പ്ര ച്യാവയന്തു ദിവി ദേവാൻ ദൃംഹ അന്തരിക്ഷേ വയാംസി പൃഥിവ്യാം പാർത്ഥിവാൻ ധ്രുവം ധ്രുവേണ ഹവിഷാ അവ സോമം നയാമസി യഥാ നഃ സർവം ഇദ് ജഗദ് അയക്ഷ്മം സുമനാ അസത് യഥാ ന ഇന്ദ്ര ഇദ് വിശഃ കേവലീഃ സർവാഃ സമനസഃ കരത് യഥാ നഃ സർവാ ഇദ് വിശഃ അസ്മാകം കേവലീ അസൻ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1-14 ശ്യേനായ പത്വനേ സ്വാഹാ വട് സ്വയമഭിഗൂർത്തായ നമോ വിഷ്ടംഭായ ധർമണേ സ്വാഹാ വട് സ്വയമഭി-ഗൂർത്തായ നമഃ പരിധയേ ജനപ്രഥനായ സ്വാഹാ വട് സ്വയമഭിഗൂർത്തായ നമഃ ഊർജേ ഹോത്രാണാം സ്വാഹാ വട് സ്വയമഭിഗൂർത്തായ നമഃ പയസേ ഹോത്രാണാം സ്വാഹാ വട് സ്വയമഭിഗൂർത്തായ നമഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാപതയേ മനവേ സ്വാഹാ വട്സ്വയമഭിഗൂർത്തായ നമഃ ഋതം ഋതപാഃ സുവർവാട് സ്വാഹാ വട് സ്വയമഭിഗൂർത്തായ നമഃ।

തൃതീയസവനത്തിൽ ചമസാ ഹോമത്തിനുള്ള ഏഴ മന്ത്രങ്ങളാണ് ഇവ

ശ്യേനായ = ശ്യേനരൂപത്തിലുള്ളവനും, പതവനേ = പറന്നു് പോകാൻ കഴിവുള്ളവനുമായ ദേവനായിക്കൊണ്ടു്, സ്വാഹാ = ഹോമിക്കുന്നു. വട് = തീർച്ചയായും, സ്വയമഭിഗൂർത്തായ = സോമപാർശ്വത്തിൽ എത്തുന്ന ദേവനായിക്കൊണ്ടു്, നമഃ = നമസ്കാരം. വിഷ്ടംഭായ = ശത്രുക്കളെ നശിപ്പിക്കുന്നവനും, ഘർമിണേ = ഞങ്ങളെ പോഷിപ്പിക്കുന്നവനുമായ ദേവനായിക്കൊണ്ടു, സ്വാഹാ = ഹോമിക്കുന്നു. പരിധയേ = പരിധിയായി ഇരിക്കുന്നവനും, ജനപ്രഥനായ = ജനങ്ങളെ പ്രഖ്യാപിക്കുന്നവനുമായ ദേവനായിക്കൊണ്ടു്, സ്വാഹാ = ഹോമം ചെയ്യുന്നു. ഹോത്രാണാം = ഹോമം നടത്തുന്നവക്കു, ഊർജേ = അന്നം (ബലം) നൽകുന്ന ദേവൻെറ പ്രീതിക്കായി സ്വാഹാ = ഞാൻ ഹോമിക്കുന്നു. ഹോത്രാണാം പയസേ = ഹോമം നടത്തുന്നവക്കു പാൽ കൊടുക്കുന്നവനായ ദേവനു്, സ്വാഹാ = ഹോമിക്കുന്നു പ്രജാപതയേ = പ്രജകളെ രക്ഷിക്കുന്നവനും, മനവേ = ജനങ്ങളാൽ മനനം ചെയ്യപ്പെടുന്നവനും ആയ ദേവനു് സ്വാഹാ = ഹോമിക്കുന്നു. ഋതപാഃ = സത്യം പാലിക്കുന്നവനും, സുവർവാട് = സ്വർഗപ്രാപകനുമായ അല്ലയോ ദേവ! ഋതം പാലയ = ഞങ്ങളുടെ യാഗം രക്ഷിക്കുക. സ്വാഹാ = ആ ദേവനെ ഉദ്ദേശിച്ചു് ഞാൻ ഹോമം ചെയ്യുന്നു.

15 തൃംപന്താം ഹോത്രാ മധോർഘൃതസ്യ

ഹോമം കഴിഞ്ഞു് ഈ മന്ത്രം ചൊല്ലുന്നു.

ഹോത്രാഃ = ആരെ ഉദ്ദേശിച്ചു് ഹോമം നടത്തിയോ ആ ദേവന്മാർ, മധോഃ ഘൃതസ്യ = മധുരരസമുള്ള നെയ്യ് കൊണ്ടു് തൃംപന്താം = സന്തൃപ്തരാകട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

16 യജ്ഞപതിമൃഷയ ഏനസാƒഹുഃ പ്രജാ നിർഭക്താ
അനുതപ്യമാനാ മധവ്യൗ സ്തോകാവപ തൗ രരാധ।
സം നസ്താഭ്യാം സൃജതു വിശ്വകർമാ।
ഇതു മുതൽ അഞ്ചുമന്ത്രം ചൊല്ലി ആഗ്നീധ്രത്തിൽ ഹോമിക്കുന്നു.

യദാ = യാതൊരവസരത്തിൽ പ്രജാഃ = ജനങ്ങരം, നിർഭക്താഃ ആസൻ = ഭക്ഷണം കിട്ടാത്തവരായിത്തീർന്നുവോ. തദാ = ആ അവസരത്തിങ്, അനുതപ്യമാനാഃ = ദുഃഖിതരായ ഋഷയഃ = മഹർഷിമാർ, പ്രജാപതിം ഏനസാ ആഹുഃ = പ്രജാപതി പാപത്തോടു് കൂടിയവനായിതീർന്നിരിക്കുന്നു എന്നു് പറഞ്ഞു. മധവ്യൗ സ്തോകൗ = വസന്തഋതുവിൻെറ മാസങ്ങളായ ചൈത്രവൈശാഖങ്ങരം, ഈശ്വരനെ സ്തുതിക്കാൻ ഉള്ളവയാണു്. തൗ അപരാധ = പ്രജാപതി ചൈത്രവൈശാഖമാസങ്ങളിൽ അനുഷ്ഠിക്കേണ്ട യാഗാദി നടത്താതെ തെററ് ചെയ്തു. അതുകൊണ്ടു് പാപിയായിതീന്നു. വിശ്വകർമാ = വിശ്വകർമാവായ ദേവൻ, നഃ = ഞങ്ങളെ താഭ്യാം സംസൃജതു = ചൈത്രവൈശാഖമാസങ്ങളിൽ അനുഷ്ഠിക്കേണ്ട യാഗാദികരം അനുഷ്ഠിക്കുന്നവരാക്കിത്തീക്കട്ടെ.

17 ഘോരാ ഋഷയോ നമോ അസ്ത്വേഭ്യഃ ചക്ഷുഷഃ ഏഷാം
മനസശ്ച സംധൗ ബൃഹസ്പതയേ മഹി ഷദ്ദ്യുമന്നമഃ।
നമോ വിശ്വകർമണേ സ ഉ പാത്വസ്മാൻ!

ഋഷയഃ = പ്രജാപതി പാപത്തോടുകൂടിയവനാണെന്നു് പറഞ്ഞ മഹർഷിമാർ, ഘോരാഃ = ഉഗ്രന്മാരാണു്. ഏഭ്യഃ നമഃ = ആ മഹർഷിമാക്കു് നമസ്കാരം. ഏഷാം = ആ മഹർഷിമാരുടെ, ചക്ഷുഷഃ = നേത്രങ്ങളും, അസ്മാകം മനസഃ = ഞങ്ങളുടെ മനസ്സു്, സംധൗ = യോജിക്കുന്നതിനു് വേണ്ടി, ബൃഹസ്പതയേ = ബൃഹസ്പതിക്കു്. മഹി = മഹത്തും, ഷദ് = ശരീരാവയവങ്ങരം ഭൂമിയിൽ സ്പർശിക്കുന്നതും, ദ്യുമത് = ഭക്തികലന്നതുമായ, നമഃ = നമസ്കാരം, അസ്തു = ഭവിക്കട്ടെ. വിശ്വകർമണേ നമഃ = വിശ്വസ്രഷ്ടാവായ പ്രജാപതിക്കു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമസ്കാരം. സഃ ഉ = അദ്ദേഹവും, അസ്മാൻ = ഞങ്ങളെ, പാതു = രക്ഷിക്കട്ടെ

18 അനന്യാൻ സോമപാൻ മന്യമാനഃ പ്രാണസ്യ
വിദ്വാൻ സമരേ ന ധീരഃ ഏനശ്ചകൃവാൻ മഹി
ബദ്ധ ഏഷാം തം വിശ്വകർമൻ പ്ര മുഞ്ചാ സ്വസ്തയേ।

ഹേ വിശ്വകർമൻ! = അല്ലയോ വിശ്വകർമാവെ! അനന്യാൻ അസ്മാൻ = അങ്ങല്ലാതെ മററൊരാശ്രയമില്ലാത്ത ഞങ്ങളെ, സോമപാൻ മന്യമാനഃ = സോമപാനത്തിന്ന് അർഹരാണെന്ന് വിചാരിച്ച്, പാതും അർഹസി = രക്ഷിച്ചാലും. ധീരാഃ = ധീരനായ പുരുഷൻ സമരേ = യുദ്ധത്തിൽ, പ്രാണസ്യ വിദ്വാൻ ന = തൻെറ പ്രാണന്ന് നാശം ഉണ്ടാകാതെ രക്ഷിക്കുന്നതുപോലെ, ഞങ്ങളെ രക്ഷിച്ചാലും. അയം = ഈ യജമാനൻ, ബദ്ധഃ = തമോഗുണത്താൽ ആവൃതനായി, ഏഷാം = ഈ മഹർഷിമാക്ക്, മഹി = മഹത്തായ, ഏനഃ ചകൃവാൻ = പാപം ചെയ്തിട്ടുണ്ട്. സ്വസ്തയേ = യജമാനന്ന് നാശം ഉണ്ടാകാതിരിക്കുന്നതിന്ന് വേണ്ടി, പ്രമുഞ്ച = യജമാനനെ പാപത്തിൽ നിന്ന് മോചിപ്പിച്ചാലും.

19 യേ ഭക്ഷയന്തോ വസൂന്യാ നൃഹഃ। യാനഗ്നയോ/ന്വതപ്യന്ത
ധിഷ്ണിയാ ഇയം തേഷാമവയാ ദുരിഷ്ട്യൈ സ്വിഷ്ടിം
നസ്താം കൃണോതു വിശ്വകർമാ।

യേ = യാതൊരുത്തർ, ഭക്ഷയന്തഃ ന = അവരവരുടെ അനുഭവത്തിനെന്നപോലെ, വസൂനി ആ നൃഹഃ = ധനം സമ്പാദിച്ചുവോ (യാഗത്തിനാണെന്ന് പറഞ്ഞു പലരോടും പണം വാങ്ങിച്ച് യാഗം നടത്താതെ അവരവരുടെ കാര്യങ്ങൾക്ക് ഉപയോഗിച്ചുവോ) യാൻ = യാതൊരുത്തരെ, അഗ്നയഃ = അഗ്നി (യാഗം ചെയ്യാത്തതുകൊണ്ട് കോപിച്ച അഗ്നി) അന്വതപ്യത = പീഡിപ്പിച്ചുവോ, തേഷാം = അവരുടെ, യാ ദുരിഷ്ടാഃ = യാഗം നടത്താത്ത പാപം, അവയാ = വിനാശകാരിയാണ്. വിശ്വകർമാ = വിശ്വകർമ്മാവ്, താം = ആ യാഗം, നഃ = ഞങ്ങൾക്ക്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വഷ്ടിം കൃണോതു = ശരിയായ രീതിയിൽ നടത്തി-ത്തരട്ടെ

20 നമഃ പിതൃഭ്യോ അഭി യേ നോ അഖ്യൻ യജ്ഞകൃതോ
യജ്ഞകാമാ സുദേവാ അകാമാ വോ
ദക്ഷിണ്ണാം ന നീനിമ മാ നസ്തസ്മാദേനസഃ പാപയിഷ്ട

യേ = യാതൊരുത്തർ, അസ്മാൻ = ഞങ്ങളെ, അഭി അഖ്യൻ = അഭിമുഖമായി കാണുന്നുവോ, തേ = അവരും, യജ്ഞകൃതഃ = ഞങ്ങളെക്കൊണ്ട് യാഗം കഴിപ്പിക്കുന്ന-വരും, യജ്ഞകാമാഃ = യാഗം ആഗ്രഹിക്കുന്നവരും, സുദേവാഃ = നല്ലപോലെ പ്രകാശിക്കുന്നവരുമായ, ഹേ പിതരഃ! = അല്ലയോ പിതൃക്കളെ! വയം = ഞങ്ങൾ, അകാമാഃ = പ്രമാദാലസ്യാദികൾ ഒന്നും കൂടാതെ ഇച്ഛാ-രഹിതരായി, വഃ = നിങ്ങൾക്ക്, ദക്ഷിണാം = ദക്ഷി-ണോപലക്ഷിതമായ യാഗം, ന നീനിമ = നടത്തിയില്ല എന്നുള്ള തസ്മാത് ഏനസഃ = ആ പാപം നിമിത്തം, അസ്മാൻ = ഞങ്ങളെ, മാ പാപയിഷ്ട = പാപമുള്ള-വരാക്കിത്തീർക്കരുത്. പിതൃഭ്യഃ നമഃ = പിതൃക്കൾക്ക് നമസ്കാരം

ബ്രാഹ്മണം — യാവന്തോ വൈ സദസ്യാ —
സദസ്യാനേവ തത് പ്രീണാതി।

യാഗസദസ്സിൽ ആരെല്ലാം ഇരിക്കുന്നുവോ അവർക്കെല്ലാം ദക്ഷിണ നൽകേണ്ടതാണ്. സദസ്സിലുള്ളവർക്കെല്ലാം ദക്ഷിണ, നൽകാത്ത യജമാനന് പാപം ഉണ്ടാകുന്നു. അതിന് പരിഹാരമായി പൂർവോക്ത മന്ത്രങ്ങൾ ചൊല്ലി വിശ്വകർമാവിനെ ഉദ്ദേശിച്ച് ഹോമം ചെയ്യുന്നത് സദസ്യരെ സന്തോഷിപ്പിക്കുന്നു.

മന്ത്രം 21 അസ്മേ ദേവാസോ വപുഷേ ചികിത്സിത
യമാ ശിരാ ദമ്പതീ വാമമശ്നുതഃ।
പുമാൻ പുത്രോ ജായതേ വിന്ദതേ വസ്വഥ
വിശ്വേ അരപാ ഏധതേ ഗൃഹഃ।

ഇതു മുതൽ നാലുമന്ത്രം ചൊല്ലി പൂതഭൃത്ത് എന്ന പാത്ര-ത്തിൽ മോരു് ഒഴിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ദേവാസഃ! — അല്ലയോ ദേവന്മാരെ! അസ്മേ വപുഷേ = ഈ ശരീരത്തിനു്, ചികിത്സിത = ചികിത്സ ചെയ്യുവിൻ, ഞങ്ങൾക്കു പാപം ഇല്ലാതെയാക്കുവിൻ. ദമ്പതീ = യജമാനനും യജമാനൻെറ പത്നിക്കും, അശിരാ = കടഞ്ഞ തൈരു് ഉപയോഗിക്കുന്നതു നിമിത്തം, യം വാമം അശ്നതഃ — യാതൊരു സൗന്ദര്യം ലഭിക്കുന്നുവോ, തേന അതുകൊണ്ടു്, പുമാൻ പുത്രഃ ജായതേ = അവർക്കു പുത്രൻ ഉണ്ടാകുന്നു വസു വിന്ദതേ = ധനവും ലഭിക്കുന്നു. ഗൃഹേ = ആ യജമാനൻെറ ഗൃഹത്തിൽ, വിശേ എല്ലാവരും, അരപാ = ജ്ഞാനം ഉള്ളവരായി, ഏധതേ = അഭിവൃദ്ധി പ്രാപിക്കുന്നു.

22 ആശീർദായാ ദമ്പതീ വാമമശ്നനാമരിഷ്ടോ
രായസ്സചതാം സമോകസാ യ ആസിചത്സംദുഗ്ധം
കുംഭ്യാ സഹേഷ്ടേന യാമന്നമതിം ജഹാതു സഃ।

സമോകസൗ = നല്ലവാസ ഗൃഹമുള്ളവരും, അല്ലെങ്കിൽ ഒരേ ഗൃഹത്തിൽ താമസിക്കുന്നവരും. ആശീർദായൗ = മന്ത്രപൂർവകം ദധിദാനം ചെയ്യുന്നവരും ആയ, ദമ്പതീ = യജമാനനും പത്നിയും, വാമം അശ്നതാം = മംഗളം അനുഭവിക്കട്ടെ അരിഷ്ടഃ രായഃ = ഹിംസാരഹിതമായ ധനം, സചതാം = പ്രാപിക്കട്ടെ. യഃ = യാതൊരു യജമാനൻ, ഇഷ്ടേന = പ്രീതിയോടുകൂടി, യാം = അന്നാധാര ഭൂതമായ സോമത്തിൽ, സംദുഗ്ധം = ദധിയുടെ അവസ്ഥ പ്രാപിച്ച പാൽ. കുംഭ്യാ = നിറഞ്ഞ കുടത്തിൽ എടുത്തു്, ആസിചത് = എല്ലാസ്ഥലത്തും ഒഴിച്ചുവോ, സഃ = ആ യജമാനൻ, അന്നമതിം ജഹാതു = ദുർബുദ്ധി ഇല്ലാത്തവനായിത്തീരട്ടെ.

23 സർപിഗ്രീവി പീവര്യസ്യ ജായാ പീവാനഃ പുത്രാ
അകൃശാസോ അസ്യ സഹജാനീര്യഃ സുമഖസ്യമാനഃ
ഇന്ദ്രായാശിരം സഹകുംഭ്യാദാത്।

യഃ = യാതൊരു യജമാനൻ, സഹജാനിഃ = ഭാര്യയോടു് കൂടി, സുമഖസ്യമാനഃ = നല്ലയാഗം കഴിക്കാനാഗ്രഹിക്കു-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നവനായി, ഇന്ദ്രായ = ഇന്ദ്രന്, അശിരം = ദധി, കുംഭ്യാ-സഹ നിറഞ്ഞ കുടത്തോടുകൂടി, അദാത് = സമർപ്പിച്ചുവോ അസ്യജായാ = ഈ യജമാനന്റെ ഭാര്യ, സർപിഗ്രീവി = മധുരമായ ശബ്ദത്തോടു കൂടിയവളും, പീവരീ = പുഷ്ടിയുള്ള അവയവങ്ങളോടു കൂടിയവളും ആയിത്തീരട്ടെ. അസ്യ പുത്രാഃ = ഈ യജമാനന്റെ പുത്രന്മാർ, പീവാനഃ പുഷ്ടിയുള്ള അവയവങ്ങളോടുകൂടിയവരും, അകൃശാസഃ കൃശന്മാരല്ലാത്തവരും ആയിത്തീരട്ടെ.

24 ആശീർമ ഊർജമുത സുപ്രജാസ്ത്വമിഷം ദധാതു
ദ്രവിണം സുവർചസം സംജയൻ ക്ഷേത്രാണി
സഹ സാഹമിന്ദ്ര കൃണ്വാനോ അന്യാം അധരാൻ സപത്നാൻ

ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര! മേ ആശീഃ = എന്റെ പ്രാർത്ഥന, ഭവാൻ = അങ്ങ്, ഊർജം ദധാതു = എനിക്കു വേണ്ടി ധരിച്ചാലും എന്റെ പ്രാർത്ഥന സഫലമാക്കി-യാലും) ഉത = കൂടാതെ, സുപ്രജാസ്ത്വം = നല്ല സന്താനങ്ങ-ളോടു കൂടിയ അവസ്ഥയും, ഇഷം = അന്നവും, ദ്രവിണം = ധനവും, സുവർചസം = ബലവും, പ്രയച്ഛതു = തന്നാലും. അഹം = ഞാൻ ക്ഷേത്രാണി = ശത്രുക്കളുടെ സ്ഥലങ്ങളും, സഹസാ = ബലംകൊണ്ട്, സംജയൻ = ജയിച്ച്, അന്യാൻ സപത്നാൻ = ശത്രുക്കളെ അധരാൻ കൃണ്വാനഃ ഭൂയാസം = ഞങ്ങളുടെ ആജ്ഞ അനുസരിക്കുന്നവരാക്കി-ത്തീർക്കണം.

25 ഭൃതമസി ഭൃതേ മാ ധാ മുഖമസി മുഖം ഭൂയാസം

ഈ മന്ത്രം ചൊല്ലി പ്രതിപ്രസ്ഥാതാ ധ്രുവസ്ഥാലി നോക്കുന്നു. ഹേ ധ്രുവ! ത്വം ഭൃതം അസി = നീ നിത്യ-സിദ്ധസ്വരൂപം ആകുന്നു ഭൃതേ = നിത്യസിദ്ധമായ സ്വർ-ഗത്തിൽ, മാ ധാഃ = എന്നെ സ്ഥാപിക്കുക മുഖം അസി = നീ എല്ലാ ഗ്രഹങ്ങളിലും വെച്ച് മുഖ്യം ആകുന്നു. മുഖം ഭൂയാസം = ഞാൻ പ്രധാനിയായിത്തീരട്ടെ.

26 ദ്യാവാ പൃഥിവീഭ്യാം ത്വാ പരിഗൃഹ്ണാമി
ഈ മന്ത്രം ചൊല്ലി ധ്രുവസ്ഥാലി കയ്യിൽ എടുക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ധ്രുവ! ദ്യാവാപൃഥിവീഭ്യാം = ദ്യാവാപൃഥിവീ തുല്യ-
മായ അഞ്ജലികളോട് കൂടി, ത്വാ പരിഗൃഹ്ണാമി =
നിന്നെ സ്വീകരിക്കുന്നു.

27 വിശ്വേ ത്വാ ദേവാഃ വൈശ്വാനരാഃ പ്ര ച്യാവയന്തു
ദിവി ദേവാൻ ദൃംഹാന്തരിക്ഷേ വയാംസി പൃഥിവ്യാം
പാർത്ഥിവാൻ।

ഈ മന്ത്രം ചൊല്ലി ധ്രുവസ്ഥാലി ഹോതൃചമസം ഇരിക്കുന്ന
സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നു.

ഹേ ധ്രുവ! വൈശ്വാനരാഃ = എല്ലാവരേയും നയിക്കുന്ന,
വിശ്വേ ദേവാഃ = എല്ലാ ദേവന്മാരും ത്വാം = നിന്നെ,
പ്രച്യാവയന്തു = സ്വസ്ഥാനത്തുനിന്നു ചലിപ്പിക്കട്ടെ.
ത്വം ച = നീയും, ദിവി - സ്വർഗത്തിൽ, ദേവാൻ ദൃംഹ
= ദേവന്മാരെ സ്ഥിരമാക്കുക, അന്തരിക്ഷേ = അന്തരിക്ഷ-
ത്തിൽ, വയാംസി = പക്ഷികളെ, ദൃംഹ = ദൃഢമാക്കി-
യാലും, പൃഥിവ്യാം = ഭൂമിയിൽ, പാർത്ഥിവാൻ = പർവ്വ-
താദികളെ, ദൃംഹ = സ്ഥിരമാക്കിയാലും.

28 ധ്രുവം ധ്രുവേണ ഹവിഷാവസോമം നയാമസി।
യഥാ നസ്സർവമിജ്ജഗദയക്ഷ്മം സുമനാ അസത്।
യഥാ ന ഇന്ദ്ര ഇദ്വിശഃ കേവലീസ്സർവാ സമനസഃ കരത്।
യഥാ ന സ്സർവാ ഇദ്ദിശോഽസ്മാകം കേവലീരസൻ।

ഈ മന്ത്രം ചൊല്ലി ധ്രുവസ്ഥാലിയിലുള്ള സോമരസം
ഹോതൃചമസത്തിൽ ഒഴിക്കുന്നു.

വയം = ഞങ്ങൾ, ധ്രുവേണ ഹവിഷാ = ധ്രുവസ്ഥാലിയി-
ലുള്ള സോമരസം കൊണ്ട്, ധ്രുവം സോമം = ഹോതൃച-
മസത്തിൽ ഉണ്ടായിരുന്ന സോമരസത്തെ, അവ നയാ-
മസി = താഴെയാക്കുന്നു. (അതിൻെറ മുകളിൽ ഒഴിക്കുന്നു)
യഥാ = എപ്രകാരമാണെങ്കിൽ, നഃ = ഞങ്ങളുടെ, സർവം
ഇദ് ജഗത് = ജംഗമങ്ങളായ സർവ്വവും, (പശു മുതലായ
സമ്പത്ത്) അയക്ഷ്മം = രോഗരഹിതവും, സുമനാഃ =
സന്തോഷത്തോടുകൂടിയതും ആയി, അസദ് = ഭവിക്കും,
യഥാ = എപ്രകാരമായാൽ, നഃ = ഞങ്ങളുടെ, സർവ്വാഃ
വിശഃ = എല്ലാ ആളുകളും, കേവലീഃ = രോഗമില്ലാത്ത-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരും, സമനസഃ = അനുകൂലമായ മനസ്സോട്ട് കൂടിയവരും ആയിത്തീരും, തഥാ = അപ്രകാരം, ഇന്ദ്രഃ = ഇന്ദ്രൻ, കരത് = ചെയ്യട്ടെ. യഥാ = എപ്രകാരമായാൽ നഃ = ഞങ്ങളുടെ സർവ്വാഃ ഇദ്വിശഃ = എല്ലാ ദിക്കിലുമുള്ള ആളുകൾ ഞങ്ങൾക്ക് അധീനരായിത്തീരുമോ അപ്രകാരം ഇന്ദ്രൻ പ്രവർത്തിക്കട്ടെ. ഇവയെല്ലാം സിദ്ധിക്കുന്നതിന്ന് വേണ്ടി ഹോതൃചമസത്തിൽ ധ്രുവസ്ഥാലിയിലുള്ള സോമരസം ഒഴിക്കുന്നു.

ഇതി അഷ്ടമോഽനുവാകഃ

അഥനവമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

യദ്വൈ ഹോതാഽധ്വര്യുമഭ്യാഹ്വയതേ വജ്രമനഭി പ്രവർതയത്യുക്ഥശാ ഇത്യാഹ പ്രാതഃ സവനം പ്രതിഗീര്യ ത്രീണ്യേതാന്യക്ഷരാണി ത്രിപദാഗായത്രീ ഗായത്രം പ്രാതസ്സവന ഗായത്രിയൈവ പ്രാതഃ സവനേ വജ്രമന്തർധത്ത ഉക്ഥം വാചീത്യാഹ മാധ്യം-ദിനമ്ഗും സവനം പ്രതിഗീര്യ ചത്വാര്യേതാന്യക്ഷ-രാണി ചതുഷ്പദാ ത്രിഷ്ടുപ് ത്രൈഷ്ടുഭം മാധ്യം-ദിനമ്ഗും സവനം ത്രിഷ്ടുഭൈവ മാധ്യം ദിനേ സവനേ വജ്രമന്തർധത്തേ ഉക്ഥം വാചീന്ദ്രായേ ത്യാഹ തൃതീയ-സവനം പ്രതിഗീര്യ സപ്തൈതാന്യക്ഷരാണി സപ്ത-പദാ ശക്കരീ ശാക്കരോ വജ്രോ വജ്രേണൈവ തൃതീയ-സവനേ വജ്രമന്തർധത്തേ ബ്രഹ്മവാദിനോ വദന്തി സ ത്വാ അധ്വര്യുഃ സ്യാദ്യോ യഥാസവനം പ്രതിഗരേ ഛന്ദാംസി സംപാദയേത്തേജഃ പ്രാതഃസവന ആത്മൻ ദധീതേന്ദ്രിയം മാധ്യംദിനേ സവനേ പശൂഗ്സ്തൃതീ-യസവന ഇത്യുക്ഥശാ ഇത്യാഹ പ്രാതഃ സവനം പ്രതിഗീര്യ ത്രീണ്യേതാന്യക്ഷരാണി ത്രിപദാ ഗായത്രീ ഗായത്രം പ്രാതസ്സവനം പ്രാതസ്സവന ഏവ പ്രതിഗരേ ഛന്ദാമ്ഗുംസി സമ്പാദയത്യഥോ തേജോ വൈ ഗായത്രീ തേജഃ പ്രാതഃസവനം തേജഃ ഏവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാതസ്സവന ആത്മൻ ധത്തേ ഉക്ഥം വാചീത്യാഹ-
മാദ്ധ്യം ദിനഗ്ഗും സവനം പ്രതിഗീർയ ചത്വാർയേതാ-
ന്യക്ഷരാണി ചതുഷ്പദാ ത്രിഷ്ടുപ് ത്രൈഷ്ടുഭം
മാദ്ധ്യംദിനം സവനം മാദ്ധ്യംദിന ഏവ സവനേ
പ്രതിഗരേ ഛന്ദാംസി സം പാദയത്യഥോ ഇന്ദ്രിയം
വൈ ത്രിഷ്ടുഗിന്ദ്രിയം മാദ്ധ്യംദിനം സവനം ഇന്ദ്രിയ-
മേവ മാദ്ധ്യംദിനേ സവന ആത്മൻ ധത്ത ഉക്ഥം
വാചീന്ദ്രായേത്യാഹ തൃതീയസവനം പ്രതിഗീർയ
സപ്തൈതാന്യക്ഷരാണി സപ്തപദാ ശക്കരീ ശാക്കരാഃ
പശവോ ജാഗതം തൃതീയസവനം തൃതീയ സവന ഏവ
പ്രതിഗരേ ഛന്ദാംസി സമ്പാദയത്യഥോ പശവോ
വൈ ജഗതീ പശവസ്തൃതീയസവനം പശൂനേവ
തൃതീയ സവനേ ആത്മൻ ധത്തേ യദ്വൈ ഹോതാf-
ധ്വർയുമഭ്യാഹ്വയത ആവ്യമസ്മിൻ ദധാതി തദ്യന്നാപ-
ഹനീത പുരാfസ്യ സംവത്സരാദ് ഗൃഹ ആ വേവീര-
ഞ്ഛോംസാ മോദ ഇവേതി പ്രത്യാഹ്വയതേ തേനൈ-
വ തദപഹതേ യഥാ വാ ആയതാം പ്രതീക്ഷത ഏവ-
മധ്വർയുഃ പ്രതിഗരം പ്രതീക്ഷതേ യദഭി പ്രതിഗൃണീ-
യാദ്യഥാffയതയാ സമൃച്ഛതേ താദൃഗേവ തദ്യദർധർചാ-
ല്ലുപ്യേത യഥാ ധാവദ്ഭ്യോ ഹീയതേ താദൃഗേവ തദ്
പ്രബാഹുഗ്വാ ഋത്വിജാമുദ്ഗീഥാ ഉദ്ഗീഥ ഏവോദ്-
ഗാതൃണാമൃചഃ പ്രണവഃ ഉക്ഥശംസിനാം പ്രതിഗ
രോfധ്വർയൂണാം യ ഏവം വിദ്വാൻ പ്രതിഗൃണാത്യന്നാദ
ഏവ ഭവത്യാസ്യ പ്രജായാം വാജീ ജായത ഇയം വൈ
ഹോതാfസാവധ്വർയുർയദാസീനഃ ശംസത്യസ്യാ ഏവ
തദ്ധോതാ നൈത്യാസ്ത ഇവ ഹീയമഥോ ഇമാമേവ
തേന യജമാനോ ദുഹേ യത്തിഷ്ഠൻ പ്രതിഗൃണാത്യ-
മുഷ്യാ ഏവ തദധ്വർയുർനൈതി തിഷ്ഠതീവ ഹ്യസാ-
വഥോ അമൂമേവ തേന യജമാനോ ദുഹേ യദാസീനഃ
ശംസതി തസ്മാദിതഃ പ്രദാനം ദേവാ ഉപ ജീവന്തി
യത്തിഷ്ഠൻ പ്രതിഗൃണാതി തസ്മാദമുതഃ പ്രദാനം
മനുഷ്യാ ഉപ ജീവന്തി യത്പ്രാങ്ങാസീനഃ ശംസതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രത്യങ്ങ്തിഷ്ഠൻ പ്രതിഗൃണാതി തസ്മാത്പ്രാചീനം-
ഗ്ഗം രേതോ ധീയതേ പ്രതീചീഃ പ്രജാ ജായന്തേ യദ്വൈ
ഹോതാ/ധ്വര്യുമഭ്യാഹ്വയതേ വജ്രമേനമഭി പ്ര വർത്ത-
യതി പരാങ്ങാ വർതതേ വജ്രമേവ തന്നി കരോതി||

അർത്ഥം—

[ഈ അനുവാകത്തിൽ പ്രതിഗരമന്ത്രങ്ങളെപ്പററി പറയുന്നു. ''ശംസിതുഃ മന്ത്രേണ പ്രോത്സാഹനം പ്രതിഗരഃ'']

ആശംസാവസരത്തിൽ ഹോതാവ് അധ്വര്യുവിനെ വിളിക്കുന്നു എന്നുള്ളതു് അദ്ദേഹത്തെ വജ്രായുധം കൊണ്ടു് പ്രഹരിക്കുന്നതിനു് തുല്യമാണു്. അതിനു് പരിഹാരമായി പ്രാതസ്സവനത്തിനു് മുൻപു് ''ഉക്ഥശാ'' എന്ന മന്ത്രം ജപിക്കുന്നു(ഉക്ഥം ശംസതീതി ഉക്ഥശഃ)''ഉക്ഥശഃ'' എന്നതിൽ മൂന്നക്ഷരമാണുള്ളതു്. അതുകൊണ്ടു് മൂന്നുപാദമുള്ള ഗായത്രി മന്ത്രം ഓമ്മിക്കുന്നു. പ്രാതസ്സവനം ഗായത്രിയെ സംബന്ധിച്ചതാണു്. ഗായത്രീഛന്ദസ്സിൻെറ ദേവതയിൽ തന്നെ പ്രാതസ്സവനകാലത്തിൽ ഹോതാവിൻെറ വചനം നിമിത്തം ഉണ്ടായ വജ്രാഹത തുല്യമായ ദോഷം ഇല്ലാതെയാകുന്നു.

മദ്ധ്യാഹ്നം നടത്തുന്ന സവനത്തിനു് മുൻപു് ''ഉക്ഥം വാചി" എന്ന മന്ത്രം ചൊല്ലുന്നു. ഇതു് നാലു് അക്ഷരമാണു്. ത്രിഷ്ടപ്ഛന്ദസ്സ് നാലുപാദത്തോടു് കൂടിയതാണു്. മദ്ധ്യാഹ്നകാലത്തു നടത്തുന്ന സവനം ത്രിഷ്ടുപ്ഛന്ദസ്സിനെ സംബന്ധിച്ചതാണു്. ത്രിഷ്ടുപ്ഛന്ദസ്സിൻെറ ദേവ്തയാൽ തന്നെ മദ്ധ്യാഹ്നകാലത്തു് അനുഷ്ഠിക്കുന്ന സവനത്തിൽ വജ്രാഹതിക്കു് തുല്യമായ ദോഷം ഇല്ലാതെയാകുന്നു.

മൂന്നാമത്തെ സവനത്തിനു് മുൻപു് 'ഉക്ഥം വാചീന്ദ്രായ" എന്ന മന്ത്രം ചൊല്ലുന്നു. ഇതു് ഏഴക്ഷരം ചേർന്നതാണു്. ശക്കരീഛന്ദസ്സ് ഏഴപാദങ്ങളോടു് കൂടിയതാണു്. ശക്കരീഛന്ദസ്സിനെ സംബന്ധിച്ചതാണു് വജ്രായുധം. തൃതീയസവനത്തിൽ വജ്രംകൊണ്ടുതന്നെ വജ്രാഹതിക്കു് തുല്യമായ ദോഷം ഇല്ലാതെയാകുന്നു.

ഓരോ സവനത്തിനും പ്രതിഗരമന്ത്രം പറഞ്ഞതിനു് ശേഷം അതാതു സവനത്തിനുള്ള ഛന്ദസ്സ് സമർത്ഥമായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പറയുന്നവൻ തന്നെയാണ് പ്രധാന അധ്വർയ്യു ആകേണ്ടതു് എന്ന് വേദം അറിയാവുന്നവർ പറഞ്ഞും അപ്രകാരമുള്ള അധ്വർയ്യു പ്രാതസ്സവന സമാപ്തിയാകുമ്പോൾ തന്നിൽ തേജസ്സ് ധരിക്കയും മദ്ധ്യാഹ്നത്തിലുള്ള സവനം അവസാനിക്കുമ്പോൾ തന്നിൽ ഇന്ദ്രിയം ധരിക്കുകയും തൃതീയസവനം സമാപ്തിയാകുമ്പോൾ പശുക്കളെ ധരിക്കുകയും ചെയ്യുന്നു, (പശുക്കളും ധനവും ലഭിക്കുന്നു)

പ്രാതസ്സവനത്തിനു് മുൻപു് "ഉക്ഥശാ" എന്ന മന്ത്രം ചൊല്ലുന്നു. ഇതു് മൂന്നക്ഷരം ചേർന്നതാണു് ഗായത്രീഛന്ദസ്സ് മൂന്നു് പാദങ്ങളോടു് കൂടിയതാണു്. പ്രാതസ്സവനത്തിൽ പ്രതിഗരമന്ത്രം ചൊല്ലുമ്പോൾ ഛന്ദസ്സുകൾ ഗ്രഹിക്കുന്നു. കൂടാതെ ഗായത്രീഛന്ദസ്സ് തേജസ്സാകുന്നു. പ്രാതസ്സവനവും തേജസ്സാണു്. പ്രാതസ്സവനം അനുഷ്ഠിക്കുമ്പോൾ തന്നിൽ തേജസ്സ് ധരിക്കുന്നു.

മധ്യാഹ്നസവനത്തിനു് മുൻപു് "ഉക്ഥംവാചി" എന്ന മന്ത്രം ചൊല്ലുന്നു. ഇതു് നാലക്ഷരം ചേർന്നതാണു്. ത്രിഷ്ടുപ്പ് ഛന്ദസ്സ് നാലുപാദം ഉള്ളതാണു്. മദ്ധ്യാഹ്നസവനം ത്രിഷ്ടുപ്പ്ഛന്ദസ്സിനെ സംബന്ധിച്ചതാണു്. മദ്ധ്യാഹ്നകാലത്തു നടത്തുന്ന സവനത്തിൽ പ്രതിഗരമന്ത്രം ചൊല്ലുമ്പോൾ ഛന്ദസ്സുകൾ സ്വാധീനമാകുന്നു. കൂടാതെ ത്രിഷ്ടുപ്പ് ഛന്ദസ്സ് ഇന്ദ്രിയം ആകുന്നു. മദ്ധ്യാഹ്നകാലത്തു സവനം അനുഷ്ഠിക്കുമ്പോൾ തീർച്ചയായും ഇന്ദ്രിയശക്തി ലഭിക്കുന്നു.

മൂന്നാമത്തെ സവനത്തിനു് മുൻപു് 'ഉക്ഥം വാചീന്ദ്രായ" എന്ന മന്ത്രം ചൊല്ലുന്നു. ഇതു് ഏഴ് അക്ഷരം ചേർന്നതാണു്. ശക്കരീഛന്ദസ്സ് ഏഴപാദങ്ങളോടു് കൂടിയതാണു്. മൂന്നാമത്തെ സവനം ജഗതീഛന്ദസ്സിനെ സംബന്ധിച്ചതാണു്. മൂന്നാമത്തെ സവനം നടത്തുന്ന അവസരത്തിൽ തന്നെ പ്രതിഗരമന്ത്രം ചൊല്ലുമ്പോൾ ഛന്ദസ്സുകളെ സ്വാധീനമാക്കുന്നു. കൂടാതെ പശുക്കൾ ജഗതീഛന്ദസ്സാകുന്നു. മൂന്നാമത്തെ സവനം പശുക്കളാണു് മൂന്നാമത്തെ സവനം നടത്തുന്നതു നിമിത്തം യജമാനനു് തീർച്ചയായും പശുക്കൾ ലഭിക്കുന്നു.

ഹോതാവു് അധ്വർയ്യുവിനെ വിളിക്കുന്ന അവസരത്തിൽ അധ്വർയ്യുവിനു് രോഗം ഉണ്ടാകുന്നു. അതു് മാറുന്നില്ലെങ്കിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു കൊല്ലത്തിനകം അവൻെറ ഗൃഹത്തിൽ എല്ലാവരും രോഗപീഡിതരാകും. അതിനു് പരിഹാരമായി അധ്വര്യു "ശോംസാമോദ" എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലി ഹോതാവിനേയും വിളിക്കുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു് തന്നെ ആ ദോഷം നശിക്കുന്നു.

ലോകത്തിൽ എന്തെങ്കിലും ചോദിക്കുന്ന ആളിനോടു് മറുപടി പറയാൻ സമയം പ്രതീക്ഷിക്കുന്നതുപോലെ അധ്വര്യു പറയാൻ സമയം പ്രതീക്ഷിക്കുന്നു. പ്രതിഗരം ചൊല്ലേണ്ട അവസരത്തിൽ അതു് ചൊല്ലാതിരിക്കുന്നതു് ചോദിച്ചതിനുള്ള ഉത്തരം വളരെ നേരം പറയാതിരിക്കുന്നതുപോലെയാണു്. മന്ത്രത്തിൻെറ പകുതി ചൊല്ലിക്കഴിയുമ്പോൾ പ്രതിഗരമന്ത്രം ലോപിക്കുകയാണെങ്കിൽ അതു് പല ആളുകൾ ഓടുമ്പോൾ ഓടാൻ അശക്തനായി ഒററയ്ക്കായിപ്പോകുന്നവൻ ശത്രുക്കളാൽ പീഡിതനാകുന്നതുപോലെയാണു്.

ഋത്വിക്കുകൾക്കു് ഉദ്ഗീഥ മന്ത്രങ്ങൾ സമാനങ്ങളാണു്. സാമഗാനം ചെയ്യുന്നവരുടെ മന്ത്രങ്ങൾ ഉദ്ഗീഥം എന്നു് പ്രശസ്തമാണു്. ഹോതാ എന്നു് അറിയപ്പെടുന്ന ഋത്വിക്കു് ചൊല്ലുന്ന മന്ത്രം പ്രണവം എന്നു് പ്രസിദ്ധമാണു്. അധ്വര്യു എന്നു് അറിയപ്പെടുന്നവർക്കു് പ്രതിഗരമാണു് ഉദ്ഗീഥം. ഇതു് മനസ്സിലാക്കി പ്രതിഗരമന്ത്രം ചൊല്ലുന്നവൻ അന്നം ഭക്ഷിക്കുന്നവനായി ഭവിക്കുന്നു. അവൻെറ സന്താനങ്ങളും സുഖമായി ഭക്ഷണം കഴിക്കുന്നവരായി തന്നെ ഭവിക്കുന്നു.

ഹോതാവു് ഈ ഭൂമിക്കു് തുല്യനാണു്. സ്വർഗ്ഗത്തിനു് തുല്യനാണു് അധ്വര്യു. ഹോതാവു് ഭൂമിയുടെ രൂപം ആയതുകൊണ്ടു് ഇരുന്നുകൊണ്ടു് മന്ത്രം ചൊല്ലുന്നു. അധ്വര്യു സ്വർഗ്ഗതുല്യനായതുകൊണ്ടു് പ്രതിഗരമന്ത്രം നിന്നുകൊണ്ടു് തന്നെ ചൊല്ലുന്നു. ഇരുന്നു് മന്ത്രം ചൊല്ലുന്നതുകൊണ്ടു് ആ സ്ഥലത്തുനിന്നു് ഹോതാവു് പോകുന്നില്ല. ഭൂമി ഇരിക്കുന്നതുപോലെയാണല്ലോ കാണപ്പെടുന്നതു്. കൂടാതെ ഹോതാവു് ഇരുന്നു് മന്ത്രം ചൊല്ലുന്നതു നിമിത്തം ഈ ഭൂമിയുടെ സാരാംശം സ്വായത്തമാക്കുന്നു; നിന്നു്കൊണ്ടു് പ്രതിഗരമന്ത്രം ചൊല്ലുന്നതു നിമിത്തം അധ്വര്യു സ്വർഗ്ഗത്തിൽ നിന്നു് മാറിപ്പോകുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വർഗ്ഗലോകം നിൽക്കുന്നതു പോലെയാണല്ലോ കാണപ്പെടുന്നതു്. കൂടാതെ അധ്വര്യു പ്രതിഗരമന്ത്രം നിന്നു്കൊണ്ടു് ചൊല്ലുന്നതു നിമിത്തം യജമാനൻ തീർച്ചയായും സ്വർഗ്ഗലോകത്തിൻെറ സാരാംശം സ്വാധീനമാക്കുന്നു ഹോതാവു് ഇരുന്നു് കൊണ്ടു് മന്ത്രം ചൊല്ലുന്നതിനാൽ ദേവന്മാർ ഈ ലോകത്തിലുള്ള മനുഷ്യർ നൽകുന്ന ഹവിസ്സ് മുതലായവകൊണ്ടു് ഉപജീവനം നടത്തുന്നു. അധ്വര്യു നിന്നുകൊണ്ടു് പ്രതിഗരമന്ത്രം ചൊല്ലുന്നതു നിമിത്തം മനുഷ്യർ സ്വർഗ്ഗത്തിൽ നിന്നു് ലഭിക്കുന്ന മഴ നിമിത്തം ഉപജീവനം നടത്തുന്നു.

ഹോതാവു് കിഴക്കു് നോക്കി ഇരുന്നു് മന്ത്രം ചൊല്ലുന്നതു കൊണ്ടും അധ്വര്യു പടിഞ്ഞാറു് നോക്കി നിന്നു് കൊണ്ടു് പ്രതിഗരമന്ത്രം ചൊല്ലുന്നതുകൊണ്ടും കിഴക്കുനോക്കി രേതോത്സർജനം ചെയ്യുന്നു. പടിഞ്ഞാറു് ദിക്കിനഭിമുഖമായി സന്താനങ്ങളും ജനിക്കുന്നു. ഹോതാവു് അധ്വര്യുവിനെ വിളിക്കുന്നു എന്നുള്ളതു് അദ്ദേഹത്തിൻെറ നേക്കു് വജ്രായുധം പ്രവത്തിപ്പിക്കയാണു്. ഉടൻതന്നെ പടിഞ്ഞാറു് തിരിഞ്ഞു് പ്രതിഗരമന്ത്രം ചൊല്ലുന്നതു് വജ്രായുധത്തെ പിൻതിരിപ്പിക്കയാണു്.

ഇതി നവമോഽനുവാകഃ

അഥദശമോഽനുവാകഃ (മന്ത്രം)

സംഹിതാ—

ഉപയാമഗൃഹീതോഽസി വാക്ഷസദസി വാക്പാഭ്യാം ത്വാ ക്രതുപാഭ്യാമസ്യ യജ്ഞസ്യ ധ്രുവസ്യാധ്യക്ഷാഭ്യാം ഗൃഹ്ണാമ്യുപയാമഗൃഹീതോ ഽസ്യൃതസദസി ചക്ഷുഷ്പാഭ്യാം ത്വാ ക്രതുപാഭ്യാമസ്യ യജ്ഞസ്യ ധ്രുവസ്യാധ്യക്ഷാഭ്യാം ഗൃഹ്ണാമ്യുപയാമഗൃഹീതോ ഽസി ശ്രുതസദസി ശ്രോത്രപാഭ്യാം ത്വാ ക്രതുപാഭ്യാമസ്യ യജ്ഞസ്യ ധ്രുവസ്യാധ്യക്ഷാഭ്യാം ഗൃഹ്ണാമി ദേവേഭ്യസ്ത്വാ വിശ്വേദേവേഭ്യസ്ത്വാ വിശ്വേഭ്യസ്ത്വാ ദേവേഭ്യോ വിഷ്ണവുരുക്രമൈഷ തേ സോമസ്തം രക്ഷസ്വ തം തേ ദുശ്ചക്ഷാ മാഽവഖ്യന്മയി വസുഃ പുരോവസുർവാക്പാ വാചം മേ പാഹി മയി വസുർവിദദ്വസുശ്ചക്ഷുഷ്പാ–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്ചക്ഷുർമേ പാഹി മയി വസുഃ സംയദ്വസുഃ ശ്രോത്രപാഃ ശ്രോത്രം മേ പാഹി ഭൂരസി ശ്രേഷ്ഠോ രശ്മീനാം പ്രാണപാഃ പ്രാണം മേ പാഹി ധൂരസി ശ്രേഷ്ഠോ രശ്മീനാമപാനപാ അപാനം മേ പാഹി യോ ന ഇന്ദ്രവായൂ മിത്രാവരുണാവശ്വിനാവഭിദാസതി ഭ്രാതൃവ്യ ഉത്പിപീതേ ശുഭസ്പതീ ഇദമഹം തമധരം പാദ-യാമി യഥേന്ദ്രാഹമുത്തമശ്ചേതയാനി॥

പദച്ഛേദം—

ഉപയാമഗൃഹീതഃ അസി വാക്ഷസദ് അസി വാക്പാഭ്യാം ത്വാ ക്രതുപാഭ്യാം അസ്യ യജ്ഞസ്യ ധ്രുവസ്യ അധ്യക്ഷാഭ്യാം ഗൃഹ്ണാമി ഉപയാമ-ഗൃഹീതഃ അസി ഋതസദ് അസി ചക്ഷുഷ്പാഭ്യാം ത്വാ ക്രതുപാഭ്യാം അസ്യ യജ്ഞസ്യ ധ്രുവസ്യ അധ്യക്ഷാഭ്യാം ഗൃഹ്ണാമി ഉപയാമഗൃഹീതഃ അസി ശ്രുതസദ് അസി ശ്രോത്രപാഭ്യാം ത്വാ ക്രതുപാഭ്യാം അസ്യ യജ്ഞസ്യ ധ്രുവസ്യ അധ്യക്ഷാഭ്യാം ഗൃഹ്ണാമി ദേവേഭ്യഃ ത്വാ വിശ്വേഭ്യഃ ത്വാ ദേവേഭ്യഃ വിഷ്ണോ ഉരുക്രമ ഏഷഃ തേ സോമഃ തം രക്ഷസ്വ തം തേ ദുശ്ചക്ഷാഃ മാ അവഖ്യത് മയി വസുഃ പുരോവസുഃ വാക്പാഃ വാചം മേ പാഹി മയി വസുഃ വിദദ്വസുഃ ചക്ഷുഷ്പാഃ ചക്ഷുഃ മേ പാഹി മയി വസുഃ സംയദ്വസുഃ ശ്രോത്രപാഃ ശ്രോത്രം മേ പാഹി ഭൂഃ അസി ശ്രേഷ്ഠഃ രശ്മീനാം പ്രാണപാഃ പ്രാണം മേ പാഹി ധൂഃ അസി ശ്രേഷ്ഠഃ രശ്മീനാം അപാനപാഃ അപാനം മേ പാഹി യഃ നഃ ഇന്ദ്രവായൂ മിത്രാവരുണൗ അശ്വിനൗ അഭിദാസതി ഭ്രാതൃവ്യഃ ഉത് പിപീതേ ശുഭസ്പതീ ഇദം അഹം തം അധരം പാദയാമി യഥാ ഇന്ദ്ര അഹം ഉത്തമഃ ചേതയാനി॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 ഉപയാമ ഗൃഹീതോഽസി വാക്ഷസദസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാക്പാഭ്യാം ത്വാ ക്രതുപാഭ്യാമസ്യ യജ്ഞസ്യ
ധ്രുവസ്യാധ്യക്ഷാഭ്യാം ഗൃഹ്ണാമി

ഈ മന്ത്രം ചൊല്ലി ഐന്ദ്രവായവപ്രതിഗ്രാഹ്യം സ്വീകരിക്കുന്നു.

ഹേ പ്രതിനിർഗ്രാഹ്യ! ത്വം = നീ, ഉപയാമഗൃഹീതഃ അസി = പാർത്ഥിവപാത്രത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. വാക്ഷസദ് അസി = വാഗിന്ദ്രിയത്തിൽ സ്ഥിതിചെയ്യുന്നു. താദൃശം ത്വാ = അപ്രകാരമുള്ള നിന്നെ, വാക്പാഭ്യാം വാക്കിനെ രക്ഷിക്കുന്നവരും, ക്രതുപാഭ്യാം = യാഗം രക്ഷിക്കുന്നവരും, ധ്രുവസ്യ = അവിനാശിയായ, അസ്യയജ്ഞസ്യ = ഈ യാഗത്തിൻെറ, അധ്യക്ഷാഭ്യാം = രക്ഷകരും ആയ, ഇന്ദ്രവായുഭ്യാം = ഇന്ദ്രനും വായുവിനും വേണ്ടി, ഗൃഹ്ണാമി = ഞാൻ സ്വീകരിക്കുന്നു.

2 ഉപയാമഗൃഹീതോഽസി ഋതസദസി
ചക്ഷുഷ്പാഭ്യാം ത്വാ ക്രതുപാഭ്യാമസ്യ യജ്ഞസ്യ
ധ്രുവസ്യാധ്യക്ഷാഭ്യാം ഗൃഹ്ണാമി।

ഇതു് മൈത്രാവരുണപ്രതിനിർഗ്രാഹ്യമന്ത്രം ആകുന്നു.

ഹേ പ്രതിനിർഗ്രാഹ്യ! ത്വം = നീ, ഉപയാമഗൃഹീതഃ അസി = പാർത്ഥിവപാത്രത്താൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഋതസദ് അസി = നീ സത്യത്തിൽ സ്ഥിതിചെയ്യുന്നതാകുന്നു. ത്വാ = നിന്നെ, ചക്ഷുഷ്പാഭ്യാം = നേത്രങ്ങളെ രക്ഷിക്കുന്നവരും, ക്രതുപാഭ്യാം = യാഗം രക്ഷിക്കുന്നവരും, ധ്രുവസ്യ = അവിനാശിയായ, അസ്യയജ്ഞസ്യ = ഈ യാഗത്തിൻെറ, അധ്യക്ഷാഭ്യാം = രക്ഷകരും ആയ, മൈത്രാവരുണാഭ്യാം = മൈത്രാവരുണന്മാക്കുവേണ്ടി, ഗൃഹ്ണാമി = ഞാൻ സ്വീകരിക്കുന്നു.

3 ഉപയാമഗൃഹീതോഽസി ശ്രുതസദസി
ശ്രോത്രപാഭ്യാം ത്വാ ക്രതുപാഭ്യാമസ്യ
യജ്ഞസ്യ ധ്രുവസ്യാധ്യക്ഷാഭ്യാം ഗൃഹ്ണാമി

ഇതു് അശ്വിനീദേവന്മാക്കുള്ള പ്രതിനിർഗ്രാഹ്യമന്ത്രമാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ പ്രതിനിർഗ്രാഹ്യ ! ത്വം = നീ, ഉപയാമഗൃഹീതഃ അസി = പാത്ഥിവ പാത്രത്താൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ശ്രുതസദ് അസി = ശ്രോത്രേന്ദ്രിയത്തിൽ സ്ഥിതി ചെയ്യുന്നതാകുന്നു. ശ്രോത്രപാഭ്യാം = ശ്രോത്രേന്ദ്രിയങ്ങളെ രക്ഷിക്കുന്നവരും, ക്രതുപാഭ്യാം = യാഗം രക്ഷിക്കുന്നവരും, ധ്രുവസ്യ = അവിനാശിയായ, അസ്യ-യജ്ഞസ്യ = ഈ യാഗത്തിൻെറ, അധ്യക്ഷാഭ്യാം = രക്ഷകരും ആയ അശ്വിനീ ദേവന്മാക്കുവേണ്ടി, ഗൃഹ്ണാമി = സ്വീകരിക്കുന്നു.

4 ദേവേഭ്യസ്ത്വാ—

ഈ മന്ത്രം ചൊല്ലി പ്രതി പ്രസ്ഥാതാ ആദിത്യ സ്ഥാലിയിൽ സംപാതം ഒഴിക്കുന്നു.

ഹേ ഐന്ദ്രവായവ്യ പ്രതിനിർഗ്രാഹ്യമെ! ദേവേഭ്യഃ = ദേവന്മാക്കുവേണ്ടി, ത്വാ = നിന്നെ, അവനയാമി = ആദിത്യസ്ഥാലിയിൽ ഒഴിക്കുന്നു.

5 വിശ്വദേവേഭ്യ സ്ത്വാ =

ഈ മന്ത്രം ചൊല്ലി മൈത്രാവരുണ പ്രതിനിർഗ്രാഹ്യ-സംപാതം ആദിത്യസ്ഥാലിയിൽ ഒഴിക്കുന്നു.

ഹേ മൈത്രാവരുണ പ്രതിനിർഗ്രാഹ്യമെ! വിശ്വദേവേഭ്യഃ = എല്ലാ ദേവന്മാക്കും വേണ്ടി, ത്വാ = നിന്നെ, അവനയാമി = സ്ഥാലിയിൽ ഒഴിക്കുന്നു.

6 വിശ്വേഭ്യസ്ത്വാ ദേവേഭ്യഃ—

ഈ മന്ത്രം ചൊല്ലി ആശ്വിനപ്രതിനിർഗ്രാഹ്യം ആദിത്യ-സ്ഥാലിയിൽ ഒഴിക്കുന്നു.

ഹേ ആശ്വിനപ്രതിനിർഗ്രാഹ്യമെ! വിശ്വേഭ്യഃ ദേവേഭ്യഃ വിശ്വേദേവന്മാരിൽ ഓരോരുത്തക്കും വേണ്ടി, ത്വാ അവനയാമി = നിന്നെ സ്ഥാലിയിൽ ഒഴിക്കുന്നു.

7 വിഷ്ണവുരു ക്രമൈഷ തേ സോമസ്തം രക്ഷസ്വ।
തം തേ ദുശ്ചക്ഷാ മാഽവഖ്യത്।

ഈ മന്ത്രം ചൊല്ലി പ്രതിപ്രസ്ഥാതാ ആദിത്യസ്ഥാലി അടച്ചുവെയ്ക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ഉരുക്രമ വിഷ്ണോ! = മനോഹരമായ ശരീരത്തോടു് കൂടിയ അല്ലയോ വിഷ്ണോ ! ഏഷഃ സോമഃ = ഈ സോമ-രസം, തേ = അങ്ങയ്ക്കു് അധീനമാണു്. തം രക്ഷസ്വ = അതു് രക്ഷിച്ചാലും. ദുശ്ചക്ഷാഃ = പാപദൃഷ്ടിയോടു കൂടിയ പുരുഷൻ, തം = ആ സോമരസം, മാ അഖ്യത് = കാണരുതു്.

8 മയി വസുഃ പുരോവസുർവാക്പാ വാചം മേ പാഹി।

ഈ മന്ത്രം ചൊല്ലി അധ്വര്യു സ്വീകരിച്ച ഗ്രഹം ഹോതാ-വിന്റെ കയ്യിൽ കൊടുക്കുന്നു.

വസുഃ = ധനരൂപമായ സോമം, മയി = എന്നിൽ സ്ഥിതി-ചെയ്യുന്നു. പുരോവസുഃ = ആ സോമരസം മററുള്ള എല്ലാ ധനത്തെക്കാളും ശ്രേഷ്ഠമാണു്. വാക്പാഃ ത്വം = വാക്കു-കളെ രക്ഷിക്കുന്ന അങ്ങു് മേ വാചം പാഹി = എന്റെ വാക്കുകളെ രക്ഷിച്ചാലും.

9-10 മയി വസുർവിദദ്വസുശ്ചക്ഷുഷ്പാശ്ചക്ഷുർമേ പാഹി।
മയി വസുഃ സംയദ്വസുഃ ശ്രോത്രപാഃ ശ്രോത്രം മേ
പാഹി।

ഈ മന്ത്രങ്ങൾ ചൊല്ലി മൈത്രാവരുണ ഗ്രഹവും ആശ്വിന-ഗ്രഹവും ഹോതാവിന്റെ കയ്യിൽ കൊടുക്കുന്നു.

വസുഃ = ധനരൂപമായ സോമരസം, മയി = എനിയ്ക്കു് ഉണ്ടു്. വിദദ്വസുഃ = അതു് എല്ലാത്തരത്തിലുമുള്ള ധനവും ലഭിച്ചതു പോലെയാണു്. ചക്ഷുഷ്പാഃ ത്വം = കണ്ണുകളെ രക്ഷിക്കുന്ന അങ്ങു്, മേ ചക്ഷുഃ രക്ഷ = എന്റെ കണ്ണുകളെ-രക്ഷിച്ചാലും. വസുഃ = ധനരൂപമായ സോമരസം, മയി = = എനിക്കുണ്ടു്. സംയദ്വസുഃ = അതു്, ഉണ്ടായിരിക്കേണ്ട എല്ലാ ധനവും ലഭിച്ചതുപോലെയാണു്. ശ്രോത്രപാഃ ത്വം = ശ്രോത്രം രക്ഷിക്കുന്ന അങ്ങു്, മേ ശ്രോത്രം = എന്റെ ശ്രോത്രേന്ദ്രിയം, പാഹി = രക്ഷിച്ചാലും.

11 ഭൂരസി ശ്രേഷ്ഠോ രശ്മീനാം പ്രാണപാഃ പ്രാണം മേ
പാഹി।

ഐന്ദ്രവായവ ഗ്രഹം ഹോമിച്ചതിനു് ശേഷം ഈ മന്ത്രം ചൊല്ലി ആദിത്യനെ സ്തുതിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ സോമ ! = അല്ലയോ സോമരസമെ! ത്വം = നീ, ഭൃഃ അസി = സുഖം സമ്പാദിച്ചു തരുന്നതാകുന്നു. രശ്മീനാം = സുഖപ്രകാശകങ്ങളായ വസ്തുക്കളിൽ, ശ്രേഷ്ഠഃ = ശ്രേഷ്ഠം ആകുന്നു. പ്രാണപാഃ ത്വം = പ്രാണനെ രക്ഷിക്കുന്ന നീ, മേ പ്രാണം = എന്റെ പ്രാണനെ, പാഹി = രക്ഷിക്കുക.

12 ധൃരസി ശ്രേഷ്ഠോ രശ്മീനാമപാനപാഃ അപാനം മേ പാഹി।

മൈത്രാവരുണഗ്രഹം ഹോമിച്ചതിനു ശേഷം ഈ മന്ത്രം ചൊല്ലി ആദിത്യനെ സ്തുതിക്കുന്നു.

ഹേ മൈത്രാ വരുണ ഗ്രഹ! ത്വം = നീ, ധൃഃ അസി = ദുഃഖങ്ങളെ നശിപ്പിക്കുന്നതാകുന്നു. രശ്മീനാം ശ്രേഷ്ഠഃ അസി = സ്വപ്രകാശകങ്ങളായ വസ്തുക്കളിൽ ശ്രേഷ്ഠം ആകുന്നു. അപാനപാഃ ത്വം = അപാന വായുവിനെ രക്ഷിക്കുന്ന നീ, മേ = എന്റെ, അപാനം = അപാന വായു-വിനെ, പാഹി = രക്ഷിച്ചാലും.

13-15 യോ ന ഇന്ദ്രവായൂ മിത്രാവരുണാവശ്വിനാവഭിദാസതി ഭ്രാതൃവ്യ ഉത്പിപീതേ ശുഭസ്പതീ ഇദമഹം തമധരം പാദയാമി യഥേന്ദ്രാഹമുത്തമശ്ചേതയാനി।

ഈ മന്ത്രം ചൊല്ലി ചൂണ്ടുവിരലും തള്ളവിരലും കൊണ്ടു് അവ ഗ്രഹണം ചെയ്യുന്നു

ഹേ ശുഭസ്പതീ ഇന്ദ്രവായൂ! ശുഭകർമ്മങ്ങളുടെ രക്ഷിതാ-ക്കളായ അല്ലയോ ഇന്ദ്രവായുക്കളെ! യഃ ഭ്രാതൃവ്യഃ യാതൊരു ശത്രു, നഃ = ഞങ്ങളെ, അഭിദാസതി = ഉപദ്രവിക്കുന്നു, നഃ ഉത്പിപീതേ = ഞങ്ങളെ അതിക്രമിച്ചു് സോമ-പാനം ചെയ്യുന്നു, തം = അവരെ, ഇദം അഹം = ഈ ഞാൻ, അധരം പാദയാമി = തള്ളിയിടുന്നു. ഹേ ഇന്ദ്ര! യഥാ = എപ്രകാരമായാൽ, അഹം = ഞാൻ. ഉത്തമഃ സൻ = ശത്രുവിനെക്കാൾ ശ്രേഷ്ഠനായി, ചേതയാനി = ജ്ഞാനവാനായിത്തീരുമോ, തഥാ = അപ്രകാരം, അനു-ഗൃഹാണ = എന്നെ അനുഗ്രഹിച്ചാലും. [ഈ മന്ത്രത്തിൽ "ഇന്ദ്രവായൂ'' എന്നതിനു പകരം "ഹേ മിത്രാവരുണ''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നു് ചേർത്തു് ഒരു മന്ത്രവും "ഹേ അശ്വിനൗ" എന്നു് ചേർത്തു് മറെറാരു മന്ത്രവും ചൊല്ലണം]

ഇതിദശമോഽനുവാകഃ

അഥഏകാദശോഽനുവാകഃ (മന്ത്രം)

സംഹിതാ—

പ്ര സോ അഗ്നേ തവോതിഭിഃ സുവീരാഭിസ്തരതി വാജകർമഭിഃ യസ്യ ത്വഗ്ഗും സഖ്യമാവിഥ പ്ര ഹോത്രേ പൂർവ്യം വചോഽഗ്നയേ ഭരതാ ബൃഹത് വിപാം ജ്യോതീഗ്ഗുംഷി ബിഭ്രതേ ന വേധസേ അഗ്നേ ത്രീ തേ വാജിനാ ത്രീ ഷധസ്ഥാ തിസ്രസ്തേ ജിഹ്വാ ഋതജാത പൂർവീഃ തിസ്ര ഉ തേ തനുവോ ദേവവാതാസ്താഭിർനഃ പാഹി ഗിരോ അപ്രയുച്ഛൻ॥ സം വാം കർമണാ സമിഷാ ഹിനോമീന്ദ്രാവിഷ്ണൂ അപസസ്പാരേ അസ്യ ജുഷേഥാം യജ്ഞം ദ്രവിണം ച ധത്തമരിഷ്ടൈർനഃ പഥിഭിഃ പാരയന്താ ഉഭാ ജിഗ്യഥുർന പരാ ജയേഥേ ന പരാ ജിഗ്യേ കതരശ്ചനൈനോഃ ഇന്ദ്രശ്ച വിഷ്ണോ യദപ സ്പൃധേഥാം ത്രേധാ സഹസ്രം വി തദൈരയേഥാം॥ ത്രീണ്യായൂഗ്ഗുംഷി തവ ജാതവേദസ്തിസ്ര ആജാനീരുഷസസ്തേ അഗ്നേ താഭിർദേവാനാമവോ യക്ഷി വിദ്വാനഥാ ഭവ യജമാനായ ശം യോഃ അഗ്നി സ്ത്രീണി ത്രിധാതൂന്യാ ക്ഷേതി വിദഥാ കവിഃ സ ത്രീഗ്ഗുംരേകാദശാം ഇഹ യക്ഷച്ച പിപ്രയച്ച നോ വിപ്രോ ദൂതഃ പരിഷ്കൃതഃ നഭന്താമന്യകേ സമേ ഇന്ദ്രാവിഷ്ണൂ ദൃംഹിതാഃ ശംബരസ്യ നവ പുരോ നവതിം ച ശ്നഥിഷ്ടം ശതം വർചിനഃ സഹസ്രം ച സാകഗ്ഗും ഹഥോ അപ്രത്യസുരസ്യ വീരാൻ ഉത മാതാ മഹിഷമന്വവേനദമീ ത്വാ ജഹതി പുത്ര ദേവാഃ അഥാബ്രവീദ് വൃത്രമിന്ദ്രോ ഹനിഷ്യൻ സഖേ വിഷ്ണോ വിതരം വിക്രമസ്വ॥

പദച്ഛേദം—

പ്ര സഃ അഗ്നേ തവ ഊതിഭിഃ സുവീരാഭിഃ തരതി വാജകർമഭിഃ യസ്യ ത്വം സഖ്യം ആവിഥ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജുഷാണഃ = ഹവിസ്സ് ഭക്ഷിക്കുന്നവനും, ഘൃതപ്രതീകഃ = നെയ്യ് ഹോമിക്കുന്നതുകൊണ്ട് വർദ്ധിക്കുന്നവനും, ഘൃതയോനിഃ = ഘൃതത്തിൽ നിന്ന് ഉണ്ടാകുന്നവനുമായ അങ്ങ്, മധു = സ്വാദുള്ളതും, ചാരു = നിർമ്മലവുമായ, ഗവ്യം ഘൃതം = പശുവിൻ നെയ്യ്, പീത്വാ = ഭക്ഷിച്ചിട്ട്, പിതാ പുത്രം ഇവ = പിതാവ് പുത്രനെ എന്നപോലെ, ഇമം = ഈ യജമാനനെ, അഭിരക്ഷതാദ് = രക്ഷിച്ചാലും.

2 യത്കുസീദമപ്രതീത്തം മയി യേന
യമസ്യ ബലിനാ ചരാമി।
ഇഹൈവ സന്നിരവദയേ തദേത-
ത്തദഗ്നേ അനൃണോ ഭവാമി।

അവഭൃഥം, ഉദയനീയം, അനൂബന്ധ്യം എന്നീ കർമ്മങ്ങൾക്ക് ശേഷം ഈ മന്ത്രം ചൊല്ലി വേദി ദാഹം നടത്തുന്നു.

യത് കുസീദം = യാതൊരു ഋണം, മയി അപ്രതീതം = ഞാൻ കൊടുത്തു തീർക്കാനുണ്ടോ യേന = യാതൊന്നു നിമിത്തം, ബലിനഃ യമസ്യ ചരാമി = ഞാൻ ബലവാനായ ഉത്തമർണ്ണൻെറ കടക്കാരനായിരിക്കുന്നുവോ, തം = ആ ഋണം, ഇഹ ഏവ സൻ = ഈ ജന്മത്തിൽ ഈ യാഗശാലയിൽ വെച്ചുതന്നെ, നിരവദയേ = നിശ്ശേഷം ഇല്ലാതെയാക്കാം. തദ് ഏതദ് = അതുകൊണ്ട്, ഹേ അഗ്നേ! അനൃണഃ ഭവാമി = ഞാൻ ഋണമില്ലാത്തവനായി ഭവിക്കുന്നു.

3 വിശ്വലോപ വിശ്വദാവസ്യ ത്വാ*ff* സൻ
ജുഹോമ്യഗ്ധാദേകോ*ഽഹു*താദേകഃ
സമസനാദേകഃ। തേ നഃ കൃണ്വന്തു ഭേഷജം
സദഃ സഹോ വരേണ്യം।

യാഗകർമ്മങ്ങളിൽ എന്തെങ്കിലും തെററ് വന്നുപോയിട്ടുണ്ടെങ്കിൽ അതിൻെറ പരിഹാരത്തിനായി ഈ മന്ത്രം ചൊല്ലി വേദി ദഹിക്കുമ്പോൾ മലർ ഹോമിക്കുന്നു.

ഹേ വിശ്വലോപഃ = എല്ലാ പാപങ്ങളേയും നശിപ്പിക്കുന്ന ലാജമേ! വിശ്വദാവസ്യ = എല്ലാ പാപങ്ങളേയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദഹിപ്പിക്കാൻ തയാറായിരിക്കുന്ന ദാവാഗ്നിയുടെ, ആസൻ = മുഖത്തിൽ, ത്വാ ജുഹോമി = നിന്നെ ഹോമിക്കുന്നു. മൂന്നു് അഗ്നികൾ ഉള്ളതിൽ, ഏകഃ = ഒരു അഗ്നി, അഗ്ധാത് = ഹോമം ചെയ്യപ്പെടുന്ന പദാർത്ഥങ്ങൾ ഭക്ഷി. ക്കുന്നവനാണ്. ഏകഃ ഒരു അഗ്നി, അഹുതാദ് = ഹോമം ചെയ്യാത്തതു് ഭക്ഷിക്കുന്നവനാണ്. ഏകഃ = ഒരു അഗ്നി, സമസനാദ് = ഹോമം ചെയ്തതും ഹോമം ചെയ്യാത്തതും ഭക്ഷിക്കുന്നവനാണ്. തേ = ആ മൂന്നു് അഗ്നികളും. നഃ = ഞങ്ങളുടെ പാപത്തിനു്, ഭേഷജം കൃണ്വന്തു = പരിഹാരം ചെയ്യട്ടെ. സദഃ കുർവന്തു = ഞങ്ങൾക്കു വാസസ്ഥാനം നൽകട്ടെ. സഹഃ കുർവന്തു = ഞങ്ങൾക്കു ബലം നൽകട്ടെ. വരേണ്യം കുർവന്തു = ശ്രേഷ്ഠമായ ധനാദികൾ നൽകട്ടെ.

4 അയം നോ നഭസാ പുരഃ സംസ്ഫാനോ അഭി രക്ഷതു।
ഗൃഹാണാമസമർത്യൈ ബഹവോ നോ ഗൃഹാ അസൻ।

ഇതു മുതൽ മൂന്നു മന്ത്രം ചൊല്ലി ഉപസ്ഥാനം ചെയ്യുന്നു.

അയം അഗ്നിഃ = ഈ അഗ്നി, നഭസാ സംസ്ഫാനഃ = തേജസ്സു് കൊണ്ടു് വർദ്ധിക്കുന്നവനായി, ഗൃഹാണാം അസമർത്യൈ = ഗൃഹങ്ങൾ നശിക്കാതിരിക്കുന്നതിനു് വേണ്ടി, നഃ = ഞങ്ങളെ, അഭിരക്ഷതു = രക്ഷിക്കട്ടെ. നഃ ഞങ്ങൾക്കു്, ബഹവഃ ഗൃഹാഃ = അനേകം ഗൃഹങ്ങൾ, അസൻ = ഉണ്ടാകട്ടെ.

5 സ ത്വം നോ നഭസസ്പത ഊർജം നോ ധേഹി ഭദ്രയാ।
പുനർനോ നഷ്ടമാ കൃധി പുനർനോ രയിമാ കൃധി।

ഹേ നഭസസ്പതേ! = ആകാശത്തിന്റെ പാലകനായ ദേവ! സഃ ത്വം = അപ്രകാരമുള്ള അങ്ങു്. നഃ = ഞങ്ങൾക്കു്, ഭദ്രയാ = അനുഗ്രഹബുദ്ധികൊണ്ടു്, ഊർജം ധേഹി = അന്നാദിപദാർത്ഥങ്ങൾ തന്നാലും. യദ് നഷ്ടം തത് = നഷ്ടപ്പെട്ടുപോയ അന്നാദിപദാർത്ഥങ്ങൾ, നഃ = ഞങ്ങൾക്കു്, പുനഃ ആ കൃധി = വീണ്ടും തന്നാലും. നഃ = ഞങ്ങൾക്കു്, പുനഃ = വീണ്ടും, രയിം ആകൃധി = ധനം തന്നാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 ദേവ സംസ്ഫാന സഹസ്രപോഷസ്യേശിഷേ
സ നോ രാസ്വാജ്യാനിം രായസ്പോഷം സുവീർയം
സംവത്സരീണാം സ്വസ്തിം।

ഹേ സംസ്ഫാന ദേവ! = അല്പയോ അഭിവൃദ്ധിയോട്ട് കൂടിയ ആദിത്യദേവ! ത്വം = അങ്ങ്, സഹസ്രപോഷസ്യ = ആയിരക്കണക്കിന് പശു ധനം മുതലായവ നൽകാൻ, ഈശിഷേ = ശക്തനാകുന്നു സഃ ത്വം = അപ്രകാരമുള്ള അങ്ങ്, നഃ = ഞങ്ങൾക്ക്, ആജ്യാനിം = ക്ഷീണം ഇല്ലാത്ത അവസ്ഥയും, രായസ്പോഷം = ധനപുഷ്ടിയും, സുവീർയം = നല്ല സന്താനങ്ങളും, സംവത്സരീണാം സ്വസ്തിം = സംവത്സരസംബന്ധമായ അനിഷ്ടപരിഹാരവും, ദേഹി = തന്നാലും.

ബ്രാഹ്മണഭാഗത്തിന്റെ അർത്ഥം

ആ വൃശ്ച്യേത വാ——നാർതിമാർഛതി യജമാനഃ

യജമാനൻ ആഹവനീയാഗ്നിക്കും ഗാർഹ്യപത്യാഗ്നിക്കും ഹവിസ്സ് പാകം ചെയ്തതിന് ശേഷം ആ ഹവിസ്സ് ഹോമിക്കാതെ അവഭൃഥസ്നാനത്തിന് വേണ്ടി മററൊരു സ്ഥലത്തേയ്ക്ക് പോകുന്നു എന്നുള്ളതു് ഗാർഹപത്യാഗ്നിയിൽ നിന്നും ആഹവനീയാഗ്നിയിൽ നിന്നും വിഛിന്നനാവുകയാണ്. അതിന് പരിഹാരമായി അവഭൃഥസ്നാനത്തിന് പോകുമ്പോൾ "ആയുർദാ അഗ്നേ" എന്ന മന്ത്രം ചൊല്ലി ഹോമം കഴിക്കണം. ആ ആഹുതികൊണ്ട് തന്നെ ദോഷം ശമിക്കുന്നു യജമാനന് പീഡ ഉണ്ടാകുന്നില്ല.

"അഗ്നിർവാവ യമഃ" എന്നതു മുതൽ അനുവാകത്തിന്റെ അവസാനം വരെയുള്ള ബ്രാഹ്മണഭാഗത്തിന്റെ അർത്ഥം.

"യമസ്യ ബലിനാ ചരാമി" എന്ന മന്ത്രത്തിൽ "യമ" എന്ന പദംകൊണ്ട് വിവക്ഷിച്ചിരിക്കുന്നതു് അഗ്നിയെയാണ്. യാഗഭൂമി "യമി" ആകുന്നു വൃക്ഷലതാദികളാൽ വേദി നിർമ്മിക്കുന്നു യമനിൽ നിന്ന് യജമാനൻ കടം വാങ്ങിയ വസ്തുക്കളാലാണ് അതു് നിർമ്മിച്ചതു്. യജമാനൻ വേദി ദഹിപ്പിക്കാതെ പോകുകയാണെങ്കിൽ ആ യജമാനനെ കഴുത്തിൽ കയറുകൊണ്ട് കെട്ടി സ്വർഗ്ഗലോകത്തിലേയ്ക്ക് കൊണ്ടുപോകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"യത്കുസീദമപ്രതീത്തം" എന്ന മന്ത്രം ചൊല്ലി വേദി ദഹിപ്പിക്കുന്നു. അതുകൊണ്ടു് ഈ ഭൂമിയിൽ വെച്ചുതന്നെ യമന്നു് നൽകേണ്ട കടം എല്ലാം കൊടുത്തു തീർത്തതിനു് ശേഷം കടം ഇല്ലാത്തവനായി സ്വർഗ്ഗലോകത്തിലേയ്ക്കു് പോകുന്നു

യാഗത്തിനുള്ള ക്രിയകളിൽ എന്തെങ്കിലും തെററു് വന്നു് പോയിട്ടുണ്ടെങ്കിൽ അതിന്നു് പരിഹാരമായി മലർ രണ്ടുകൈകൊണ്ടും ധാരാളം എടുത്തു് അഗ്നിയിൽ ഹോമിക്കണം. മന്ത്രത്തിന് "പ്രദാവ്യാ" എന്ന പദം കൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു് പ്രത്യക്ഷത്തിൽ കാണുന്ന അഗ്നിയെ ആണു്. ആ അഗ്നി യാഗത്തിലുണ്ടായിട്ടുള്ള വൈകല്യങ്ങളും നിമിത്തം ഉണ്ടായ എല്ലാ ദോഷങ്ങളേയും ശമിപ്പിക്കുന്നു.

പ്രഥമ മുതലായ തിഥികളെ പ്രവർത്തിപ്പിക്കുന്ന മാഘമാസത്തിലെ കൃഷ്ണാഷ്ടമി ദിവസം നാലുശരാവം (ഉദ്ദേശം നാലു പറ) മാവു് കൊണ്ടു് അപ്പം ഉണ്ടാക്കി പിറേറ ദിവസം രാവിലെ അപ്പത്തിൻെറ പുറത്തു് തീക്കനൽ വെച്ചു് അതിൻെറ മുകളിൽ ധാരാളം ഉണങ്ങിയ പുല്ലു് വെയ്ക്കണം. പുല്ലു മുഴുവൻ ദഹിക്കുകയാണെങ്കിൽ യജമാനന്നു് പുണ്യം ലഭിക്കുന്നു. (യജമാനൻ ഉദ്ദേശിച്ച കാര്യം സാധിക്കുന്നു) ദഹിക്കുന്നില്ലെങ്കിൽ പാപം ഉണ്ടാകുന്നു. (ഉദ്ദേശിച്ച കാര്യം സാധിക്കുന്നില്ല) ഇപ്രകാരം പരീക്ഷിച്ചിട്ടാണു് മഹർഷിമാർ ശുഭമോണോ അശുഭമോണോ എന്നു് നേരത്തെ അറിഞ്ഞു് ദീർഘകാലം നീണ്ടുനിൽക്കുന്ന യാഗം ആരംഭിച്ചതു്.

ഉപദ്രഷ്ടാവിനേയും ഉപശ്രോതാവിനേയും അനുഖ്യാതാവിനേയും മനസ്സിലാക്കി യാഗം കഴിക്കുന്ന യജമാനൻ സ്വർഗ്ഗലോകത്തിൽ ശ്രൗതകർമ്മങ്ങളുടേയും സ്മാർതകർമ്മങ്ങളുടേയും ഫലം അനുഭവിക്കുന്നു. അഗ്നിയാണു് ഉപദ്രഷ്ടാവു്. വായുവാണു് ഉപശ്രോതാവു്. ആദിത്യനാണു് അനുഖ്യാതാവു്. ഇതെല്ലാം അറിഞ്ഞു് യാഗം കഴിക്കുന്നവൻ സ്വർഗ്ഗത്തിൽ ഇഷ്ടാപൂർതഫലങ്ങൾ (ശ്രുതിയിലും സ്മൃതിയിലും പറഞ്ഞിട്ടുള്ളതുപോലെയുള്ള കർമ്മങ്ങൾ അനുഷ്ഠിച്ചാൽ ലഭിക്കാവുന്ന ഫലങ്ങൾ) അനുഭവിക്കുന്നു.

"അയം നോ നഭസഃ പുരഃ" എന്ന മന്ത്രം ചൊല്ലുന്നു. അഗ്നി തന്നെയാണു് ജ്വാലയോടുകൂടി പുരസ്ഥിതനായിരി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നതു്. അതുകൊണ്ടു് ഞാൻ ചെയ്ത ഈ കർമ്മത്തിന്റെ ഫലം എനിക്കു് നൽകണം എന്നു് അഗ്നിയോടു് തന്നെ പറയുകയാണു്. ''നതപം നോ നഭസസ്പതേ'' എന്ന മന്ത്രം ചൊല്ലുന്നു. വായുവാണു് നഭസ്സിന്റെ രക്ഷിതാവു്. അപ്രകാരം മന്ത്രം ചൊല്ലുന്നതു്, എന്റെ ഈ കർമ്മത്തിനു് ഫലം നൽകണം എന്നു് വായുവിനോടും തന്നെ പ്രാർത്ഥിക്കുകയാണു്. ''ദേവ സംസ്ഥാന'' ഇത്യാദി മന്ത്രം ചൊല്ലുന്നു. നാം പ്രത്യക്ഷത്തിൽ കാണുന്ന ആദിത്യനാണു് അഭിവൃദ്ധിയോടു് കൂടിയ ദേവൻ. അപ്രകാരം മന്ത്രം ചൊല്ലുന്നതു്, ''എന്റെ ഈ കർമ്മത്തിനു് ഫലം നൽകണം'' എന്നു് ആദിത്യനോടു് പ്രാർത്ഥിക്കുകയാണു്.

ഇതി അഷ്ടമോഽനുവാകഃ

അഥ നവമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—

ഏതം യുവാനം പരി വോ ദദാമി തേന ക്രീഡന്തീശ്ചരത പ്രിയേണ। മാനഃ ശാപ്ത ജനുഷാ സുഭാഗാ രായസ്പോഷേണ സമിഷാ മദേമ। നമോ മഹിമ്ന ഉത ചക്ഷുഷേ തേ മരുതാം പിതസ്തദഹം ഗൃണാമി। അനു മന്യസ്വ സുയജാ യജാമ ജുഷ്ടം ദേവാനാമിദമസ്തു ഹവ്യം। ദേവാനാമേഷ ഉപനാഹ ആസീദപാം ഗർഭ ഓഷധീഷു ന്യക്തഃ സോമസ്യ ദ്രപ്സമവൃണീത പൂഷാ ബൃഹന്നദ്രിരഭവ ത്തദേഷാം। പിതാ വത്സാനാം പതിരഘ്നിയാനാമഥോ പിതാ മഹതാം ഗർഗരാണാം വത്സോ ജരായു പ്രതിധുക് പീയൂഷ ആമിക്ഷാ മസ്തു ഘൃതമസ്യ രേതഃ ത്വാം ഗാവോഽവൃണത രാജ്യായ ത്വാം ഹവന്ത മരുതഃ സ്വർകാഃ വർഷ്മൻ ക്ഷത്രസ്യ കകുഭി ശിശ്രിയാണസ്തതോ ന ഉഗ്രോ വി ഭജാ വസൂനി। വ്യൃദ്ധേന വാ ഏഷ പശുനാ യജതേ യസ്യൈതാനി ന ക്രിയന്ത ഏഷ ഹ ത്വൈ സമൃദ്ധേന യജതേ യസ്യൈതാനി ക്രിയന്തേ ॥

[അനുവാകത്തിന്റെ ആരംഭം മുതൽ ''വി ഭജാ വസൂനി'' എന്നതുവരെ മന്ത്രവും ശേഷം ബ്രാഹ്മണവും]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രഭാഗത്തിന്റെ പദച്ഛേദം

ഏതം യുവാനം പരി വഃ ദദാമി തേന ക്രീഡന്തീഃ ചരത പ്രിയേണ മാ നഃ ശാപ്ത ജനുഷാ സുഭാഗാഃ രായസ്പോഷേണ സം ഇഷാ മദേമ നമഃ മഹിമ്നേ ഉത ചക്ഷുഷേ തേ മരുതാം പിതഃ തദ് അഹം ഗൃണാമി അനു മന്യസ്വ സുയജ്ഞാ യജാമഃ ജുഷ്ടം ദേവാനാം ഇദം അസ്തു ഹവ്യം ദേവാനാം ഏഷഃ ഉപനാഹഃ ആസിത് അപാം ഗർഭഃ ഓഷധീഷു ന്യക്തഃ സോമസ്യ ദ്രപ്സം അവൃണീത പൂഷാ ബൃഹദ് അദ്രിഃ അഭവത് തേഷാം പിതാ വത്സാനാം പതിഃ അഘ്നിയാനാം അഥോ പിതാ മഹതാം ഗർഗരാണാം വത്സഃ ജരായുഃ പ്രതിധുക് പീയൂഷഃ ആമിക്ഷാ മസ്തു ഘൃതം അസ്യ രേതഃ ത്വാം ഗാവഃ അവൃണത രാജ്യായ ത്വാം ഹവന്തഃ മരുതഃ സ്വർകാഃ വർഷ്മൻ ക്ഷത്രസ്യ കകുഭി ശിശ്രിയാണഃ തതഃ നഃ ഉഗ്രഃ വി ഭജാ വസൂനി॥

മന്ത്രവും, വിനിയോഗവും അർത്ഥവും

1 ഏതം യുവാനം പരി വോ ദദാമി
തേന ക്രീഡന്തീശ്ചരത പ്രിയേണ ।
മാ നഃ ശാപ്ത ജനുഷാ സുഭഗാ
രായസ്പോഷേണ സമിഷാ മദേമ।

ഈ മന്ത്രം ചൊല്ലി ഒരു കാളയെ പശുക്കളുടെ കൂട്ടത്തിൽ വിടുന്നു.

ഹേ ഗാവഃ! അല്ലയോ പശുക്കളെ! വഃ = നിങ്ങൾക്ക്, യുവാനം ഏതം = യൗവനാവസ്ഥയിലുള്ള ഈ കാളയെ, പരിദദാമി = തരുന്നു. തേന പ്രിയേണ = പ്രിയപ്പെട്ട ആ കാളയോടു് കൂടി, ക്രീഡന്തീഃ = ക്രീഡിച്ചു് കൊണ്ടു്, ചരത = സഞ്ചരിക്കുവിൻ നഃ = ഞങ്ങളെ, മാശാപ്ത = ശപിക്കരുതു്. യൂയം = നിങ്ങൾ, ജനുഷാ = ജന്മനാ, സുഭഗാഃ = സൗഭാഗ്യം ഉള്ളവരാണു്. വയം = ഞങ്ങൾ, രായസ്പോഷേണ = ധനസമൃദ്ധിയോടും, ഇഷം =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്ഷണപദാർത്ഥങ്ങളോടുംകൂടി, സംമദമേ = നല്ലപോലെ സന്തോഷിക്കട്ടെ.

2 നമോ മഹിമ്ന ഉത ചക്ഷുഷേ തേ
മരുതാം പിതസ്തദഹം ഗൃണാമി।
അനു മന്യസ്വ സുയജാ യജാമ
ജുഷ്ടം ദേവാനാമിദമസ്തു ഹവ്യം।

വാർദ്ധക്യം പ്രാപിച്ച ഒരു കാളയെ യാഗത്തിനു് വേണ്ടി കൊല്ലുന്നതിനു് മുൻപു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ഹേ മരുതാം പിതഃ! = ദേവന്മാരുടെ സൃഷ്ടികർത്താവായ അല്ലയോ പ്രജാപതേ! തേ = അങ്ങയുടെ, മഹിമ്നേ നമഃ = സൃഷ്ട്യാദി രൂപമായ മാഹാത്മ്യത്തിനു് നമസ്കാരം. ഉത = കൂടാതെ, ചക്ഷുഷേ = സൃഷ്ടിരൂപമായ സർവ്വഗോചരജ്ഞാനത്തിനു്, നമഃ = നമസ്കാരം. തദ് = എന്റെ അഭിലാഷം, അഹം ഗൃണാമി = ഞാൻ പറയുന്നു. തദ് അനുമന്യസ്വ = അതു് അനുവദിച്ചാലും. സുയജാ = ശോഭനമായ യജ്ഞസാധനം കൊണ്ടു് (വൃഷഭം) യജാമ = ഞങ്ങൾ യാഗം കഴിക്കാൻ പോകുന്നു. ഇദം ഹവ്യം = വൃഷഭരൂപമായ ഈ ഹവിസ്സ്, ദേവാനാം ജുഷ്ടം അസ്തു = ദേവന്മാർക്കു് പ്രിയപ്പെട്ടതായിതീരട്ടെ.

3 ദേവാനാമേഷ ഉപനാഹ ആസീ-
ദപാം ഗർഭ ഓഷധീഷു ന്യക്തഃ।
സോമസ്യ ദ്രപ്സമവൃണീത പൂഷാ
ബൃഹന്നദ്രിരഭവത്തദേഷാം।

ഇതു് വപാഹോമത്തിനുള്ള മന്ത്രമാണു്.

ഏഷ വൃഷഭഃ = ഈ കാള, ദേവാനാം = ദേവന്മാർക്കു്, ഉപാനഹഃ ആസീത് = ബന്ധനഹേതു ആയിരുന്നു. (ദേവന്മാർ വൃഷഭത്തിൽ പ്രീതിയുള്ളവരായിരുന്നു) സഃ = ആ വൃഷഭം, അപാം ഗർഭഃ = യാഗത്തിൽ ഹോമിക്കപ്പെട്ടപ്പോൾ ജലത്തിന്റെ ഗർഭമായിത്തീർന്നു്, ഓഷധീഷു = ഓഷധികളിൽ, ന്യക്തഃ = വൃഷ്ടിയുടെ രൂപത്തിൽ പതിച്ചു. പൂഷാ = ആദിത്യൻ, സോമസ്യ = ചന്ദ്രന്റെ, ദ്രപ്സം = രസം, അവൃണീത = തന്റെ രശ്മികളാൽ ഗ്രഹിച്ചു. ഏഷാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദ് = ആദിത്യരശ്മികളെ സംബന്ധിച്ച് ചന്ദ്രനിൽ, നിന്നു് എടുത്ത ജലം, ബൃഹദ് അദ്രിഃ അഭവത് = പർവ്വതതുല്യമായ മേഘമായിത്തീർന്നു.

4 പിതാ വത്സാനാം പതിരഘ്നിയാനാ-
മഥോ പിതാ മഹതാം ഗർഗരാണാം।
വത്സോ ജരായു പ്രതിധുക് പീയൂഷ
ആമിക്ഷാ മസ്തു ഘൃതമസ്യ രേതഃ।

കാളയുടെ ഹൃദയം മുതലായ അവയവങ്ങൾ ഹോമിക്കുന്നതിനുള്ള മന്ത്രമാണു് ഇതു്.

അയം വൃഷഭഃ = ഈ കാള, വത്സാനാം പിതാ = അനേകം ഗോസന്താനങ്ങളുടെ പിതാവാണു്. അഘ്നിയാനാം പതിഃ = പശുക്കളുടെ ഭർത്താവാണു്. അഥോ = കൂടാതെ, മഹതാം ഗർഗരാണാം = ഗംഭീരനാദത്തോടുകൂടിയ അനേകം വൃഷഭങ്ങളുടെ, പിതാ = പിതാവാണു്. വത്സഃ = പശുവിന്റെ സന്താനം, ജരായു = പശുക്കളുടെ ഗർഭാധികരണം, പ്രതിധുക് = പാത്രത്തിൽ കറന്നെടുക്കുന്ന പാലു്, പീയൂഷം = പശുവിന്റെ അകിടിൽ ഇരിക്കുന്ന അമൃതസമാനമായ ക്ഷീരം, ആമിക്ഷാ = പാകം ചെയ്ത പാലു്, മസ്തു = വെണ്ണ, ഘൃതം = നെയ്യ് എന്നിവ, അസ്യ = ഈ വൃഷഭത്തിന്റെ, രേതഃ = രേതസ്സ് നിമിത്തം ഉണ്ടായതാണു്.

5 ത്വാം ഗാവോഽവൃണത രാജ്യായ ത്വാം ഹവന്തഃ
മരുതഃ സ്വർകാഃ। വർഷ്മൻ ക്ഷത്രസ്യ കകുഭി-
ശിശ്രിയാണസ്തതോ ന ഉഗ്രോ വി ഭജാ വസൂനി।

ഇതു് സ്വിഷ്ടകൃത് എന്ന ദേവതയെ ഉദ്ദേശിച്ച് ഹോമം ചെയ്യുന്നതിനുള്ള മന്ത്രമാണു്.

ഹേ വൃഷഭ! ഗാവഃ = പശുക്കൾ, ത്വാം = നിന്നെ, രാജ്യായ അവൃണത = രാജാവായി വാഴിക്കാൻ ആഗ്രഹിച്ചു. സ്വർകാഃ = പൂജനീയരായ, മരുതഃ = മരുത്തുകൾ, ത്വാം = നിന്നെ, ഹവന്തഃ = ഹവിസ്സായി ലഭിക്കാൻ ആഗ്രഹിച്ചു. ക്ഷത്രസ്യ = ക്ഷത്രിയജാതിയിലുള്ളവരുടെ, കകുഭി = പ്രധാനഭൂതമായ, വർഷ്മൻ = ശരീരത്തിൽ, ത്വം = നീ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിശ്രിയാണഃ = ബലത്തിൻെറ രൂപത്തിൽ സ്ഥിതി-ചെയ്യുന്നു. (രാജസദൃശമാണ് വൃഷഭം) തതഃ = അതു-കൊണ്ടു്, താദൃശഃ ത്വം = അപ്രകാരമുള്ള നീ, ഉഗ്രഃ = ഉഗ്രനായിത്തീൎന്നു്, നഃ = ഞങ്ങൾക്കു്, വസൂനി വിഭജാ = ശത്രുക്കളുടെ ധനം ഭാഗിച്ചു തന്നാലും.

ബ്രാഹ്മണഭാഗത്തിന്െറ അൎത്ഥം

"ഏതം യുവാനം" ഇത്യാദി മന്ത്രങ്ങൾ ചൊല്ലി യാഗം കഴിക്കാത്തവൻ സമൃദ്ധി ഇല്ലാത്തവനായിതീരുന്നു. ഈ മന്ത്രം ചൊല്ലി യാഗകൎമ്മം അനുഷ്ഠിക്കുന്നവൻ സൎവ്വാംഗ സമൃദ്ധമായ പശുവിനെക്കൊണ്ടു് യാഗം അനുഷ്ഠിക്കുന്നു.

ഇതി നവമോഽനുവാകഃ

അഥ ദശമോഽനുവാകഃ (മന്ത്രം)

സംഹിതാ—

സൂൎയോ ദേവോ ദിവിഷദ്ഭ്യോ ധാതാ ക്ഷത്രായ വായുഃ പ്രജാഭ്യഃ। ബൃഹസ്പതിസ്ത്വാ പ്രജാപതയേ ജ്യോതിഷ്മതീം ജുഹോതു! യസ്യാസ്തേ ഹരിതോ ഗൎഭോഽഥോ യോനിൎഹിരണ്യയീ। അങ്ഗാന്യഹ്രു-തായസ്യൈ താം ദേവൈഃ സമജീഗമം। ആ വൎത്തന വൎതയ നി നിവൎതന വൎതയേന്ദ്ര നൎദബുദ। ഭൂമ്യാ-ശ്ചതസ്രഃ പ്രദിശസ്താഭിരാ വൎതയാ പുനഃ। വിതേ ഭിനദ്മി തകരീം വി യോനിം വി ഗവീന്യൌ। വി മാതരം ച പുത്രം ച വി ഗൎഭം ച ജരായു ച। ബഹി-സ്തേ അസ്തു ബാലിതി।। ഉരുദ്രപ്സോ വിശ്വരൂപ ഇന്ദുഃ പവമാനോ ധീര ആനഞ്ജ ഗൎഭം। ഏകപദീ ദ്വിപദീ ത്രിപദീ ചതുഷ്പദീ പഞ്ചപദീ ഷട്പദീ സപ്തപദ്യഷ്ടാപദീ ഭുവനാനു പ്രഥതാഗ് സ്വാഹാ। മഹീ ദ്യൗഃ പൃഥിവീ ച ന ഇമം യജ്ഞം മിമിക്ഷതാം। പിപൃതാം നോ ഭരീമഭിഃ।

പദച്ഛേദം—

സൂൎയഃ ദേവഃ ദിവിഷദ്ഭ്യഃ ധാതാ ക്ഷത്രായ വായുഃ പ്രജാഭ്യഃ ബൃഹസ്പതിഃ ത്വാ പ്രജാപ-തയേ ജ്യോതിഷ്മതീം ജുഹോതു യസ്യാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ ഹരിതഃ ഗർഭഃ അഥോ യോനിഃ ഹിരണ്യയീ അങ്ഗാനി അഹ്രുതാ യസ്യൈ താം ദേവൈഃ സം അജീഗമം ആ വർതന വർതയ നി നിവർതന വർതയ ഇന്ദ്ര നർദബുദ ഭൂമ്യാഃ ചതസ്രഃ പ്രദിശഃ താഭിഃ ആ വർതയാ പുനഃ വി തേ ഭിനദ്മി തകരീം വി യോനിം വി ഗവീന്യൗ വി മാതരം ച പുത്രം ച വി ഗർഭം ച ജരായു ച ബഹിഃ തേ ബാലിതി ഉരുദ്രപ്സഃ വിശ്വരൂപഃ ഇന്ദുഃ പവമാനഃ ധീരഃ ആനഞ്ജ ഗർഭം ഏകപദീ ദ്വിപദീ ത്രിപദീ ചതുഷ്പദീ പഞ്ചപദീ ഷട്പദീ സപ്തപദീ അഷ്ടപദീ ഭുവനാ അനു പ്രഥതാം സ്വാഹാ മഹീ ദ്യൗഃ പൃഥിവീ ച നഃ ഇമം യജ്ഞം മിമിക്ഷതാം പിപൃതാം നഃ ഭരീമഭിഃ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 സൂർയോ ദേവോ ദിവിഷദ്ഭ്യോ ധാതാ ക്ഷത്രായ വായുഃ പ്രജാഭ്യഃ। ബൃഹസ്പതിസ്ത്വാ പ്രജാപതയേ ജ്യോതിഷ്മതീം ജുഹോതു।

അതിരാത്രയാഗത്തിൽ ഹോമത്തിനുള്ള ആടിനെ കൊല്ലുന്ന അവസരത്തിൽ അതു് ഗർഭിണിയാണെന്നു് മനസ്സിലായാൽ അതിനു് പ്രായശ്ചിത്തമായി ചെയ്യേണ്ട ഹോമത്തിനുള്ള മന്ത്രമാണു് ഇതു്.

സൂർയഃ ദേവഃ = സൂർയദേവൻ, ദിവിഷദ്ഭ്യഃ = ദേവന്മാരുടെ അഭിവൃദ്ധിക്കു് വേണ്ടിയും, ധാതാ = ബ്രഹ്മാവു്, ക്ഷത്രായ = ക്ഷത്രിയരുടെ അഭിവൃദ്ധിക്കു് വേണ്ടിയും, വായുഃ = വായു, പ്രജാഭ്യഃ = പ്രജകളുടെ അഭിവൃദ്ധിക്കു് വേണ്ടിയും, ബൃഹസ്പതിഃ = ബൃഹസ്പതി, പ്രജാപതയേ = പ്രജാപതിക്കു് വേണ്ടിയും, ജ്യോതിഷ്മതീം ത്വാ = പ്രകാശമുള്ള നിന്നെ, ജുഹോതു = ഹോമിക്കട്ടെ.

2 യസ്യാസ്തേ ഹരിതോ ഗർഭോഽഥോ യോനിർഹിരണ്യയീ। അങ്ഗാന്യഹ്രുതാ യസ്യൈ താം ദേവൈഃ സമജീഗമം।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹോമം ചെയ്യപ്പെട്ട ആടിനെ സ്തുതിക്കുന്ന മന്ത്രമാണ് ഇതു്.

യസ്യാഃ തേ = യാതൊരുനിൻെറ, ഗഭഃ ഹരിതഃ = ഗർഭം അപഹരിക്കപ്പെട്ടുവോ, യോനിഃ = യോനി, ഹിരണ്മയീ = ഹൃതസാരമായോ. യസ്യൈ അങ്ഗാനി = യാതൊരുനിൻെറ അവയവങ്ങറം, അഹ്രുതാ = വക്രതയോടുകൂടി ഇരിക്കുന്നുവോ, താം = അപ്രകാരമുള്ള നിന്നെ, ദേവൈഃ സമജീഗമം = ഞാൻ ദേവന്മാരോടു് കൂടി യോജിപ്പിക്കുന്നു.

3 ആ വർതന വർതയ നി നിവർതന വർതയേന്ദ്ര നർദബുദ।
ഭൂമ്യാശ്ചതസ്രഃ പ്രദിശസ്താഭിരാ വർതയാ പുനഃ।

ഈ മന്ത്രം ചൊല്ലി ആടിനെ പ്രദക്ഷിണം വെയ്യുന്നു.

ഹേ വർതന! = ഗർഭപ്രവർതകനായ അല്ലയോ ദേവ! ആ വർതയ = ഗർഭം മറച്ചുവെച്ചാലും. ഹേ നി വർതന! = ശരീരത്തിൽ നിന്നും ഗർഭം വെളിയിൽ തള്ളിവിടുന്ന ദേവ! നിവർതയ = ഗർഭത്തെ ബഹിർഗമിപ്പിച്ചാലും. ഇന്ദ്ര! = അല്ലയോ ഈശ്വര! നർദബുദ = ഗർഭസ്ഥ ജന്തുവിനു് ശബ്ദം പുറപ്പെടുവിക്കാൻ കഴിവു് ഉണ്ടാക്കുന്നവനെ! ഭൂമ്യാഃ = ഭൂമിയുടെ, പ്രദിശഃ ചതസ്രഃ താഭിഃ = അത്യുത്കൃഷ്ടമായ നാലു് ദിക്കുകളിൽ കൂടി, പുനഃ ആവർതയ = വീണ്ടും ഗർഭം ഉണ്ടാക്കുക.

4 വി തേ ഭിനദ്മി തകരീം വി യോനിം വി ഗവീന്യൗ।
വി മാതരം ച പുത്രം ച വി ഗർഭം ച ജരായു ച।

ഈ മന്ത്രം ചൊല്ലി യാഗമൃഗത്തിൻെറ ഉദരത്തിൽ നിന്നു് ഗർഭം ഛേദിച്ചെടുക്കുന്നു.

അല്ലയോ ആടെ! തേ തകരീം = നിൻെറ ഗർഭം, വിഭിനദ്മി = ഞാൻ ഛേദിക്കുന്നു. മാതരം ച = മാതാവിനേയും, പുത്രം ച = പുത്രനേയും, ഗർഭം ച = ഗർഭത്തേയും, ജരായു ച = ഗർഭാധികരണത്തേയും, വിഭിനദ്മി = ഞാൻ ഛേദിക്കുന്നു.

5 ബഹിസ്തേ/സ്തു ബാലിതി

ഈ മന്ത്രം ചൊല്ലി ആടിൻെറ വയററിൽ നിന്നു് അതിൻെറ ഗർഭത്തെ വെളിയിലാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അല്ലയോ ആടെ! തേ ബാലിതി = നിൻെറ പ്രാണപ്രവൃ-ത്തിക്കു് ഹേതുഭൂതമായ ആത്മാവു്, ബഹിഃ അസ്തു = നിൻെറ ശരീരത്തിന്നു് വെളിയിൽ എല്ലാസ്ഥലത്തും ഉണ്ടാകട്ടെ.

6 ഉരുദ്രപ്സോ വിശ്വരൂപ ഇന്ദുഃ പവമാനോ ധീര
ആനഞ്ജ ഗർഭം।

ഈ മന്ത്രം ചൊല്ലി ആടിൻെറ ഗർഭരസം എടുക്കാൻ പാത്രം കൊണ്ടുവെയ്ക്കുന്നു.

ഉരുദ്രപ്സഃ = സാരമുള്ള അവയവങ്ങളോടുകൂടിയതും, വിശ്വരൂപഃ = നാനാരൂപങ്ങളോടു് കൂടിയതും, ഇന്ദുഃ = ചന്ദ്രനെപ്പോലെ വെളുത്ത നിറമുള്ളതും, പവമാനഃ = പരിശുദ്ധമായതും, ധീരഃ = സ്ഥിരമായതുമായ ഈ മൃഗത്തിൻെറ അവയവസംഘാതം, ഗർഭം ആനഞ്ജ = വീണ്ടും ഗർഭമായിത്തീരട്ടെ (ജന്മാന്തരം പ്രാപിക്കട്ടെ)

7 ഏകപദീ ദ്വിപദീ ത്രിപദീ ചതുഷ്പദീ പഞ്ചപദീ
ഷട്പദീ സപ്തപദ്യഷ്ടാപദീ ഭുവനാന പ്രഥതാം സ്വാഹാ।

ഈ മന്ത്രം ചൊല്ലി നെയ്യും ഹോമിക്കുന്നു.

ഇയം = യാഗം കഴിക്കപ്പെട്ട ഈ മൃഗം, ഏകപദീ = ഒരു കാലുള്ളതും, ദ്വിപദീ = രണ്ടു കാലുള്ളതും, ത്രിപദീ = മൂന്നു കാലുള്ളതും, ചതുഷ്പദീ = നാലു കാലുള്ളതും, പഞ്ചപദീ = അഞ്ചുകാലുള്ളതും, ഷട്പദീ = ആറുകാലുള്ളതും, സപ്തപദീ = ഏഴുകാലുള്ളതും, അഷ്ടാപദീ = എട്ടുകാലുള്ളതുമായ ജന്തുക്കളായി, ഭുവനാ = ലോകത്തിൽ, അനു പ്രഥതാം = വീണ്ടും വ്യാപിക്കട്ടെ. സ്വാഹാ = ദേവതാ പ്രീതിക്കു് വേണ്ടി ഞാൻ ഹോമിക്കുന്നു.

8 മഹീ ദ്യൗഃ പൃഥിവീ ച ന ഇമം യജ്ഞം മിമിക്ഷതാം।
പിപൃതാം നോ ഭരീമഭിഃ।

മൃഗത്തിൻെറ ഉദരത്തിൽ നിന്നു് ഛേദിച്ചെടുത്ത ഗർഭം ഈ മന്ത്രം ചൊല്ലി ചൂടില്ലാത്ത ചാമ്പലിൽ പൂഴ്ത്തി വെയ്ക്കുന്നു.

മഹീദ്യൗഃ = മഹത്തായ ദ്യോവും, പൃഥിവീച = ഭൂമിയും, നഃ = ഞങ്ങളുടെ, ഇമം യജ്ഞം = ഈ യാഗം, മിമിക്ഷതാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= രസപ്രദമാക്കിത്തീക്കട്ടെ. നഃ = ഞങ്ങളെ, ഭരീമഭിഃ = ഭരിക്കേണ്ട രീതിയിൽ, പിപൃതാം = പാലിക്കട്ടെ.

ഇതിദശമോഽനുവാകഃ

അഥ ഏകാദശോഽനുവാകഃ (മന്ത്രം)

സംഹിതാ—

ഇദം വാമാസ്യേ ഹവിഃ പ്രിയമിന്ദ്രാബൃഹസ്പതീ। ഉക്ഥം മദശ്ച ശസ്യതേ। അയം വാം പരി ഷിച്യതേ സോമ ഇന്ദ്രാ ബൃഹസ്പതീ। ചാരുർമദായ പീതയേ। അസ്മേ ഇന്ദ്രാ ബൃഹസ്പതീ രയിം ധത്തഗ്ം ശതഗ്വിനം। അശ്വാവന്തഗ്ം സഹസ്രിണം। ബൃഹസ്പതിർനഃ പരി പാതു പശ്ചാദുതോത്തരസ്മാദധരാദഘായോഃ। ഇന്ദ്രഃ പുരസ്താദുത മധ്യതോ നഃ സഖാ സഖിഭ്യോ വരിവഃ കൃണോതു। വി തേ വിഷ്വഗ്വാത ജൂതാസോ അഗ്നേ ഭാമാസഃ। ശുചേ ശുചയശ്ചരന്തി। തുവിമ്രക്ഷാസോ ദിവ്യാ നവഗ്വാ വനാ വനന്തി ധൃഷതാ രുജന്തഃ। ത്വാമഗ്നേ മാനുഷീരീഡതേ വിശോ ഹോത്രാവിദം വിവിചിഗ്ം രത്നധാതമം। ഗുഹാ സന്തഗ്ം സുഭഗ വിശ്വദർശതം തുവിഷ്മണസഗ്ം സുയജം ഘൃതശ്രിയം। ധാതാ ദദാതു നോ രയിമീശാനോ ജഗതസ്പതിഃ। സ നഃ പൂർണേന വാവനത്। ധാതാ പ്രജായാ ഉത രായ ഈശേ ധാതേദം വിശ്വം ഭുവനം ജജാന॥ ധാതാ പുത്രം യജമാനായ ദാതാ തസ്മാ ഉ ഹവ്യം ഘൃതവദ്വിധേമ। ധാതാ ദദാതു നോ രയിം പ്രാചീം ജീവാതുമക്ഷിതാം വയം ദേവസ്യ ധീമഹി സുമതിഗ്ം സത്യരാധസഃ। ധാതാ ദദാതു ദാശുഷേ വസൂനി പ്രജാകാമായ മീഢുഷേ ദുരോണേ। തസ്മൈ ദേവാഃ അമൃതാഃ സംവ്യയന്താം വിശ്വേ ദേവാസോ അദിതിഃ സജോഷാഃ॥ അനു നോഽദ്യാനുമതിർയജ്ഞം ദേവേഷു മന്യതാം। അഗ്നിശ്ച ഹവ്യവാഹനോ ഭവതാം ദാശുഷേ മയഃ। അന്വിദനുമതേ ത്വം മന്യാസൈ ശം ച നഃ കൃധി। ക്രത്വേ ദക്ഷായ നോ ഹിനു പ്ര ണ ആയൂംഷി താരിഷഃ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്ന മന്യതാമനുമന്യമാനാ പ്രജാവന്തഗ്ഗും രയിമക്ഷീയ-
മാണം। തസ്യൈ വയഗ്ഗും ഹേഡസി മാ൭വി ഭൂമ സാ
നോ ദേവീ സുഹവാ ശർമ യച്ഛതു। യസ്യാമിദം പ്രദിശി
യദ്വിരോചതേ൭നുമതിം പ്രതി ഭൂഷന്ത്യായവഃ। യസ്യാ
ഉപസ്ഥ ഉർവന്തരിക്ഷഗ്ഗും സാ നോ ദേവീ സുഹവാ
ശർമ യച്ഛതു। രാകാമഹഗ്ഗും സുഹവാഗ്ഗും സുഷ്ടുതീ
ഹുവേ ശൃണോതു നഃ സുഭഗാ ബോധതു ത്മനാ। സീവ്യ-
ത്വപഃ സൂച്യാച്ഛിദ്യമാനയാ ദദാതു വീരഗ്ഗും ശതദായ-
മുക്ഥ്യം। യാസ്തേ രാകേ സുമതയഃ സുപേശസോ
യാഭിർദദാസി ദാശുഷേ വസൂനി। താഭിർനോ അദ്യ
സുമനാ ഉപാഗഹി സഹസ്രപോഷം സുഭഗേ രരാണാ।
സിനീവാലി യാ സുപാണിഃ। കുഹൂമഹഗ്ഗും സുഭഗാം
വിദ്മനാപസമസ്മിൻ യജ്ഞേ സുഹവാം ജോഹ-
വീമി സാ നോ ദദാതു ശ്രവണം പിതൃണാം തസ്യാസ്തേ
ദേവി ഹവിഷാ വിധേമ। കുഹൂർദേവാനാമമൃതസ്യ
പത്നീ ഹവ്യാ നോ അസ്യ ഹവിഷശ്ചികേതു। സം
ദാശുഷേ കിരതു ഭൂരി വാമഗ്ഗും രായസ്പോഷം
ചികിതുഷേ ദധാതു॥

പദച്ഛേദം —

ഇദം വാം ആസ്യേ ഹവിഃ പ്രിയം ഇന്ദ്രാബൃ-
ഹസ്പതീ ഉക്ഥം മദഃ ച ശസ്യതേ അയം
വാം പരി സിച്യതേ സോമ ഇന്ദ്രാബൃഹസ്പതീ
ചാരു മദായ പീതയേ അസ്മേ ഇന്ദ്രാബൃഹസ്പതീ
രയിം ധത്തം ശതഗ്വിനം അശ്വാവന്തം സഹ-
സ്രിണം ബൃഹസ്പതിഃ നഃ പരി പാതു
പശ്ചാത് ഉത ഉത്തരസ്മാത് അധരാത്
അഘായോഃ ഇന്ദ്രഃ പുരസ്താത് ഉത മദ്ധ്യതഃ നഃ
സഖാ സഖിഭ്യഃ വരിവഃ കൃണോതു വി തേ
വിഷ്വക് വാതജൂതാസഃ അഗ്നേ ഭാമാസഃ ശുചേ
ശുചയഃ ചരന്തി തുവിമ്രക്ഷാസഃ ദിവ്യാ നവഗ്വാ
വനാഃ വനന്തി ധൃഷതാ രുജന്തഃ ത്വാം അഗ്നേ
മാനുഷീഃ ഈഡതേ വിശഃ ഹോത്രാവിദം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവിചിം രത്നധാതമം ഗുഹാസന്തം സുഭഗം
വിശ്വദർശതം തുവിഷ്മണസം സുയജം ഘൃത-
ശ്രിയം ധാതാ ദദാതു നഃ രയിം ഈശാനഃ
ജഗതഃ പതിഃ സഃ നഃ പൂർണ്ണേന വാവനത്
ധാതാ പ്രജായാഃ ഉത രായഃ ഈശേ ധാതാ
ഇദം വിശ്വം ഭുവനം ജജാന ധാതാ പുത്രം
യജമാനായ ദാതാ തസ്മൈ ഉ ഹവ്യം ഘൃതവദ്
വിധേമ ധാതാ ദദാതു നഃ രയിം പ്രാചീം
ജീവാതും അക്ഷിതാം വയം ദേവസ്യ ധീമഹി
സുമതിം സത്യരാധസഃ ധാതാ ദദാതു ദാശുഷേ
വസൂനി പ്രജാകാമായ മീഢുഷേ ദുരോണേ തസ്മൈ
ദേവാഃ അമൃതാഃ സം വ്യയന്താം വിശ്വേ ദേവാസഃ
അദിതിഃ സജോഷാഃ അനു നഃ അദ്യ അനുമതിഃ
യജ്ഞം ദേവേഷു മന്യതാം അഗ്നിഃ ച ഹവ്യ-
വാഹനഃ ഭവതാം ദാശുഷേ മയഃ അനു ഇദ്
അനുമതേ ത്വം മന്യാസൈ ശം ച നഃ കൃധി
ക്രത്വേ ദക്ഷായ നഃ ഹിനു പ്ര നഃ ആയൂംഷി
താരിഷഃ അനു മന്യതാം അനുമന്യമാനാ പ്രജാ-
വന്തം രയിം അക്ഷീയമാണം തസ്യൈ വയം
ഹേഡസി മാ അപി ഭൂമ സാ നഃ ദേവീ
സുഹവാ ശർമ യച്ഛതു യസ്യാം ഇദം പ്രദിശി
യദ് വി രോചതേ അനുമതിം പ്രതി ഭൂഷന്തി
ആയവഃ യസ്യാഃ ഉപസ്ഥഃ ഉരു അന്തരിക്ഷം
സാ നഃ ദേവീ സുഹവാ ശർമ യച്ഛതു രാകാം
അഹം സുഹവാം സുഷ്ടുതീ ഹുവേ ശൃണോതു നഃ
സുഭഗാ ബോധതു ത്മനാ സീവ്യതു ആപഃ
സൂച്യാ അച്ഛിദ്യമാനയാ ദദാതു വീരം ശതദായം
ഉക്ഥ്യം യാഃ തേ രാകേ സുമതയഃ സുപേശസഃ
യാഭിഃ ദദാസി ദാശുഷേ വസൂനി താഭിഃ നഃ
അദ്യ സുമനാ ഉപാഗഹി സഹസ്രപോഷം സുഭഗേ
രരാണാ സിനീവാലീ യാ സുപാണിഃ കുഹൂം
അഹം സുഭഗാം വിദ്മനാപസം അസ്മിൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞേ സുഹവാം ജോഹവീമി സാ നഃ ദദാതു
ശ്രവണം പിതൃണാം തസ്യാഃ തേ ദേവി ഹവിഷാ
വിധേമ കുഹുഃ ദേവാനാം അമൃതസ്യ പത്നീ
ഹവ്യാ നഃ അസ്യ ഹവിഷഃ ചികേതു സം
ദാശുഷേ കിരതു ഭൂരി വാമം രായസ്പോഷം
ചികിതുഷേ ദധാതു॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 ഇദം വാമാസ്യേ ഹവിഃ പ്രിയമിന്ദ്രാ ബൃഹസ്പതീ।
ഉക്ഥം മദശ്ചശസ്യതേ।

രാജ്യം കിട്ടണമെന്ന് ആഗ്രഹിക്കുന്നവൻ ഇന്ദ്രനേയും ബൃഹസ്പതിയേയും ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിൻെറ പുരോഽനുവാക്യാ മന്ത്രമാണ് ഇതു്.

ഹേ ഇന്ദ്രാബൃഹസ്പതീ! = അല്ലയോ ഇന്ദ്ര! അല്ലയോ ബൃഹസ്പതി! ഇദം ഹവിഃ = ഈ ഹവിസ്സ്, വാം ആസ്യേ ഹൂയതേ = നിങ്ങൾക്കായി ഹോമിക്കപ്പെടുന്നു. പ്രിയം അസ്തു = ഇതു് നിങ്ങൾക്ക് പ്രിയപ്പെട്ടതായി തീരട്ടെ. ഉക്ഥം മദഃ ച ശസ്യതേ = നിങ്ങൾക്ക് സന്തോഷകരമാകത്തക്കവിധം പ്രതിഗരമന്ത്രവും സ്തോത്രവും ഞങ്ങൾ പറയാൻ പോകുന്നു.

2 അയം വാം പരിഷിച്യതേ സോമ ഇന്ദ്രാ ബൃഹസ്പതീ
ചാരുർമദായ പീതയേ।

രാജ്യം കിട്ടണമെന്ന് ആഗ്രഹിച്ച് ഇന്ദ്രനേയും ബൃഹസ്പതിയേയും ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിൻെറ യാജ്യാമന്ത്രമാണ് ഇതു്.

ഹേ ഇന്ദ്രാ ബൃഹസ്പതീ! അയം സോമഃ = ഈ സോമരസം, വാം = നിങ്ങൾക്കുവേണ്ടി, പരിഷിച്യതേ = സമർപ്പിക്കപ്പെടുന്നു. ചാരുഃ = മനോഹരമായ ഈ ഹവിസ്സ്, വാം = നിങ്ങളുടെ, മദായ = സന്തോഷത്തിനും, പീതയേ = പാനം ചെയ്യുന്നതിനുമായി, പരിഷിച്യതേ = സമർപ്പിക്കപ്പെടുന്നു.

3 അസ്മേ ഇന്ദ്രാബൃഹസ്പതീ രയിം ധത്തം ശതഗ്വിനം।
അശ്വാവന്തം സഹസ്രിണം।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതു് രാജ്യം ആഗ്രഹിച്ച് ഇന്ദ്രനേയും ബൃഹസ്പതി-യേയും ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ മററൊരു പുരോഽനുവാക്യാ മന്ത്രമാണ്.

ഹേ ഇന്ദ്രാബൃഹസ്പതീ! യുവാം = നിങ്ങൾ, അസ്മേ = എനിക്കു്, ശതഗ്വിനം = നൂറു് കണക്കിനു്, അശ്വാ-വന്തം = കുതിരകളേയും, സഹസ്രിണം = ആയിരക്കണ-ക്കിനു്, രയിം = പണവും, ധത്തം = തന്നാലും.

4 ബൃഹസ്പതിർനഃ പരിപാതു പശ്ചാദ്-
ഉതോത്തരസ്മാദധരാദഘായോഃ।
ഇന്ദ്രഃ പുരസ്താദുത മധ്യതോന-
സ്സഖാ സഖിഭ്യോ വരിവഃ കൃണോതു।

രാജ്യം ആഗ്രഹിച്ച് ഇന്ദ്രനേയും ബൃഹസ്പതിയേയും ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ വികല്പമായ യാജ്യാ മന്ത്രമാണ് ഇതു്.

ബൃഹസ്പതിഃ = ബൃഹസ്പതി, നഃ = ഞങ്ങളെ, പശ്ചാത് = പുറകിലും, ഉത ഉത്തരസ്മാത് = വടക്കേടിക്കി-ലും, അധരാത് = താഴെയും, അഘായോഃ = ഞങ്ങളെ ഹിംസിക്കാൻ വരുന്നആളുകളിൽ നിന്നും, പരിപാതു = രക്ഷിക്കട്ടെ. ഇന്ദ്രഃ = ഇന്ദ്രൻ, പുരസ്താത് = മുൻവശത്തും, ഉതമധ്യതഃ = മധ്യഭാഗത്തും, നഃ = ഞങ്ങളെ. പരിപാതു = രക്ഷിക്കട്ടെ. സഖിഭ്യഃ = സ്നേഹിതരായ ഞങ്ങൾക്കു്, സഖാ = ഹിതകാരിയായ ഇന്ദ്രനും ബൃഹസ്പതിയും, വരിവഃ കൃണോതു = ഞങ്ങൾക്കു് സുഖം ഉണ്ടാക്കട്ടെ

5 വി തേ വിഷ്വഗ്വാതജൂതാസോ അഗ്നേ
ഭാമാസശ്ശുചേ ശുചയശ്ചരന്തി।
തുവിമ്രക്ഷാസോ ദിവ്യാ നവഗ്വാ
വനാ വനന്തി ധൃഷതാ രുജന്തഃ।

ആഹിതാഗ്നിയുടെ അഗ്നി മററൊരു അഗ്നിയുമായി യോ-ജിക്കുമ്പോൾ അതിനു് പ്രായശ്ചിത്തമായി ചെയ്യേണ്ട യാഗത്തിൻെറ പുരോഽനുവാക്യയാണ് ഇതു്.

ഹേ ശുചേ അഗ്നേ! = പരിശുദ്ധനായ അല്ലയോ അഗ്നി ദേവ! വാതജൂതാസഃ = വായുവിനാൽ പ്രേരിതങ്ങളും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാമാസഃ = അന്യാഗ്നിമിശ്രണം നിമിത്തം ക്രോധന ശീലമുള്ളതും, തുവിമ്രക്ഷാസഃ = അനേകം പദാൎത്ഥങ്ങളെ പരിശുദ്ധമാക്കുന്നവയും, ദിവ്യാഃ = സ്വർഗ്ഗലോകസ്ഥാനത്തിന്ന് അർഹതയുള്ളതും, നവഗ്വാഃ = നൂതനമായ ഗതിയോട്ട് കൂടിയതും, ധൃഷതാ രുജന്തഃ = എല്ലാ കുററങ്ങളേയും ഇല്ലാതാക്കുന്നതുമായ, തേ = അങ്ങയുടെ, ശുചയഃ ദീപ്തികൾ, വിഷ്വക് വിചരന്തി = എല്ലാ സ്ഥലത്തും വ്യാപിക്കുന്നു.

6 ത്വാമഗ്നേ മാനുഷീരീഡതേ വിശോ
ഹോത്രാവിദം വിവിചിം രത്നധാതമം।
ഗുഹാസന്തം സുഭഗം വിശ്വദർശതം
തുവിഷ്മണസം സുയജം ഘൃതശ്രിയം।

ആഹിതാഗ്നിയുടെ അഗ്നി മറെറാരു അഗ്നിയുമായി യോജിച്ചാൽ അതിന്ന് പ്രായശ്ചിത്തമായി ചെയ്യേണ്ട യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇത്.

ഹേ സുഭഗ അഗ്നേ! = സൗഭാഗ്യവാനായ അല്ലയോ അഗ്നി ദേവ! മാനുഷീഃ വിശഃ = മനുഷ്യർ, ഹോത്രാവിദം = ഹോമവിശേഷങ്ങൾ അറിയുന്നവനും, വവിചിം = മിശ്രിതമായ അഗ്നി തിരിച്ചറിയുന്നവനും, രത്നധാതമം = വിശിഷ്ടപദാൎത്ഥങ്ങൾ ധാരാളമായി സംഗ്രഹിച്ച് വെച്ചിരിക്കുന്നവനും, ഗുഹാസന്തം = ഗോപ്യമായ സ്ഥാനങ്ങളിൽ ഇരിക്കുന്നവനും. വിശ്വദർശതം = ലോകത്തെ പ്രകാശിപ്പിക്കുന്നവനും, തുവിഷ്മണസം = വിശാലമനസ്കനും, സുയജം = നല്ലപോലെ യാഗം കഴിക്കപ്പെടുന്നവനും, ഘൃതശ്രിയം = നെയ്യ് ഭക്ഷിക്കുന്നവനുമായ അങ്ങയെ, ഈഡതേ = സ്തുതിക്കുന്നു.

7 ധാതാ ദദാതു നോ രയിമീശാനോ ജഗതസ്പതിഃ।
സ നഃ പൂർണേന വാവനത്।

ധാതാവിനെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പുരോഡാശം പാകം ചെയ്ത് സമൎപ്പിക്കുന്ന യാഗത്തിൻെറ പുരോനുവാക്യയാണ് ഇത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധാതാ = വിശ്വത്തിൻെറ ധാരയിതാവും, ജഗതഃ പതിഃ = ലോകത്തിൻെറ പാലകനും ആയ, ഈശാനഃ = പരമേശ്വരൻ, നഃ = ഞങ്ങൾക്ക്, രയിം ദദാതു = ധനം നൽകട്ടെ. സഃ = ആ പരമേശ്വരൻ, നഃ = ഞങ്ങളെ, പൂർണേന = സമൃദ്ധമായ ധനത്തോട്ക്കൂടി, വാവനത് = യോജിപ്പിക്കട്ടെ

8 ധാതാ പ്രജായാ ഉത രായ ഈശേ
ധാതേദം വിശ്വം ഭുവനം ജജാന।
ധാതാ പുത്രം യജമാനായ ദാതാ
തസ്മാ ഉ ഹവ്യം ഘൃതവദ്വിധേമ॥

ധാതാവിനെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പുരോഡാശം പാകം ചെയ്ത് സമർപ്പിക്കുന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇത്.

അയം ധാതാ = ഈ ധാതാവ്, പ്രജായാഃ = പുത്രാദികൾക്ക്, (യജമാനന് സന്താനം നൽകുന്നതിന്) ഈഷ്ടേ = ശക്തൻ ആകുന്നു. ഉത = കൂടാതെ, രായഃ ഈശേ = ധനത്തിനും സ്വാമിയാകുന്നു. ധാതാ = ധാതാവ്, ഇദം വിശ്വം ഭുവനം = ഈ ലോകം മുഴവൻ, ജജാന = സൃഷ്ടിച്ചു. ധാതാ = ധാതാവ്, യജമാനായ = യജമാനന്, പുത്രം ദാതാ = പുത്രനെ നൽകും. തസ്മൈ ഉ = അപ്രകാരമുള്ള ദേവനായിക്കൊണ്ട്, ഘൃതവത് = നെയ്യോടുകൂടിയ, ഹവ്യം = ഹവിസ്സ്, വിധേമ = സമപ്പിക്കുന്നു.

9 ധാതാ ദദാതു നോ രയിം പ്രാചീം ജീവാതുമക്ഷിതാം।
വയം ദേവസ്യ ധീമഹി സുമതിം സത്യരാധസഃ।

ധാതാവിനെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പുരോഡാശം പാകം ചെയ്ത് സമർപ്പിക്കുന്നതിനുള്ള മററൊരു പുരോഽനുവാക്യ—

ധാതാ = ധാതാവ്, ജീവാതും = ജീവനത്തിന് പര്യാപ്തമായതും, അക്ഷിതം = ഒരിക്കലും കുറഞ്ഞുപോകാത്തതും. പ്രാചീം = അനുകൂലമായതും ആയ, രയിം = ധനം, നഃ ദദാതു = ഞങ്ങൾക്ക് നൽകട്ടെ. സത്യരാധസഃ = യജ്ഞം കൊണ്ട് ആരാധിക്കുന്നവരായ, വയം = ഞങ്ങൾ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവസ്യ = ഈശ്വരന്റെ, സുമതിം ചിത്തം = അനുഗ്രഹബുദ്ധിക്ക് വേണ്ടി, ധീമഹി = പ്രാർത്ഥിക്കുന്നു.

10 ധാതാ ദദാതു ദാശുഷേ വസൂനി
പ്രജാകാമായ മീഢുഷേ ദുരോണേ।
തസ്മൈ ദേവാ അമൃതാസ്സംവ്യയന്താം
വിശ്വേ ദേവാസോ അദിതിസ്സജോഷാഃ।

ധാതാവിനെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പുരോഡാശം പാകം ചെയ്ത് സമർപ്പിക്കുന്നതിനുള്ള വികല്പമായ യാജ്യ—

ധാതാ = ധാതാവ്, പ്രജാകാമായ = സന്താനങ്ങൾ ഉണ്ടാകാൻ ആഗ്രഹിക്കുന്നവനും, ദുരോണേ = തന്റെ ഗൃഹത്തിൽ, മീഢുഷേ = ദേവന്മാർക്ക് നെയ്യ് ഹോമിക്കുന്നവനും ആയ, ദാശുഷേ = യജമാനന്, വസൂനി ദദാതു = ധനം നൽകട്ടെ അമൃതാഃ = മരണരഹിതരായ, വിശ്വേദേവാസഃ = എല്ലാ ദേവന്മാരും, അദിതിഃ = അദിതിയും, സജോഷാഃ = സമാന പ്രീതിയോട്കൂടി, തസ്മൈ = യജമാനന്റെ ഗൃഹത്തിൽ, സംവ്യയന്താം = ഒരുമിച്ച് സ്ഥിതിചെയ്യട്ടെ.

11 അനുനോഽദ്യാനുമതിർയജ്ഞം ദേവേഷു മന്യതാം।
അഗ്നിശ്ച ഹവ്യവാഹനോ ഭവതാം ദാശുഷേ മയഃ।

ഇതു് രണ്ടാമത്തെ ഹവിസ്സിന്റെ പുരോഽനുവാക്യയാണ്. അദ്യ = ഇന്ന്, അനുമതിഃ = അനുമതി എന്ന് പേരുള്ള ദേവത, നഃ = ഞങ്ങളുടെ, ഇമം യജ്ഞം = ഈ യാഗത്തെപ്പററി, ദേവേഷു = ദേവന്മാരുടെ സമീപത്തിൽ, അനുമന്യതാം = പ്രശംസിച്ച് അറിയിക്കട്ടെ. ഹവ്യവാഹനഃ = ഹവ്യം വഹിച്ചുകൊണ്ടു പോകുന്ന, അഗ്നിഃ = അഗ്നി, ദാശുഷേ = യജമാനന്, മയഃ ഭവതാം = സുഖം നൽകട്ടെ.

12 അന്വിദനുമതേ ത്വം മന്യാസൈ ശം ച നഃ കൃധി।
ക്രത്വേ ദക്ഷായ നോ ഹിനു പ്രണ ആയൂംഷി താരിഷഃ।

രണ്ടാമത്തെ ഹവിസ്സിന്റെ യാജ്യാമന്ത്രമാണ് ഇതു്.

ഹേ അനുമതേ! = അല്ലയോ അനുമതി ദേവതേ! ത്വം = നീ, അനു ഇദ്മന്യാസൈ = എല്ലാ പ്രകാരത്തിലും അനുമതി തന്നാലും, നഃ = ഞങ്ങൾക്ക്, ശം ച കൃധി = സുഖം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നാലും. നഃ = ഞങ്ങളുടെ, ദക്ഷായ ക്രതേ = സമൃദ്ധ-മായ യാഗത്തിൽ, ഹിന്വ = പ്രീതിയുള്ളവളായി ഭവി-ച്ചാലും നഃ = ഞങ്ങൾക്കു് ആയുംഷി = ചിരകാല-ജീവിതം, പ്രതാരിഷഃ = നൽകിയാലും.

13 അനുമന്യതാമനുമന്യമാനാ
പ്രജാവന്തം രയിമക്ഷീയമാണം।
തസ്യൈ വയം ഹേഡസി മാവിഭ്രമ
സാ നോ ദേവീ സുഹവാ ശർമ യച്ഛതു।

ഇതു് രണ്ടാമത്തെ ഹവിസ്സിൻെറ വികല്പമായ പുരോ/നു-വാക്യാ മന്ത്രമാണു്.

അനുമന്യമാനാ = അനുമതി എന്ന ദേവി, പ്രജാവന്തം = പുത്രാദികളോടു് കൂടിയതും, അക്ഷീയമാണം = ഒരിക്കലും നശിക്കാത്തതുമായ, രയിം = ധനം, അനുമന്യതാം = ഞങ്ങൾക്കു് ഉണ്ടാകാൻ അനുവദിക്കട്ടെ. തസ്യൈ = ആ ദേവിയുടെ, ഹേഡസി = കോപത്തിനു്, മാ ഭ്രമ അപി = ഞങ്ങൾ പാത്രമാകരുതു്. സാ ദേവീ = ആ ദേവി, സുഹവാ = ഞങ്ങളാൽ സുഖേന ആഹ്വാനം ചെയ്യപ്പെട്ട-ന്നവളായി, നഃ = ഞങ്ങൾക്കു്, ശർമ യച്ഛതു = സുഖം നൽകട്ടെ.

14 യസ്യാമിദം പ്രദിശി യദ്വിരോചതേ/നുമതിം
പ്രതിഭൂഷന്ത്യായവഃ। യസ്യാ ഉപസ്ഥ ഉർവന്തരിക്ഷം
സാ നോ ദേവീ സുഹവാ ശർമ യച്ഛതു।

ഇതു് രണ്ടാമത്തെ ഹവിസ്സിൻെറ വികല്പമായ യാജ്യാ മന്ത്രം ആണു്.

യദ്‌വിരോചതേ = വിവിധതരത്തിൽ ഭാസിക്കുന്ന, തദ് ഇദം = ഈ ലോകം, പ്രദിശി = പ്രകർഷമായ ആജ്ഞാ-ശക്തിയുള്ള, യസ്യാം = അനുമതി ദേവിയിൽ വർത്തിക്കുന്നു. താം അനുമതിം = ആ അനുമതി ദേവിയെ, ആയവഃ = യജമാനന്മാർ, ഭൂഷന്തി = ഹവിസ്സു് കൊണ്ടു് അലങ്കരി-ക്കുന്നു. യസ്യാഃ ഉപസ്ഥഃ = യാതൊരു ദേവിയുടെ ശരീര-മധ്യഭാഗം, ഉരു അന്തരിക്ഷം = മഹത്തായ ആകാശമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാ ദേവീ = ആ അനുമതി ദേവി, സുഹവാ = ഞങ്ങളാൽ സുഖേന വിളിക്കപ്പെട്ടുന്നവളായി, നഃ = ഞങ്ങൾക്കു്, ശർമ യച്ഛതു = സുഖം നൽകട്ടെ.

15 രാകാമഹം സുഹവാം സുഷ്ടുതീ ഹുവേ
ശൃണോതു നസ്സുഭഗാ ബോധതു ത്മനാ।
സീവ്യത്വപസ്സൂച്യാഽച്ഛിദ്യമാനയാ
ദദാതു വീരം ശതദായമുക്ഥ്യം।

ഇതു് മൂന്നാമത്തെ ഹവിസ്സിന്റെ പുരോഽനുവാക്യയാണു്.

സുഹവാം = സുഖേന ആഹ്വാനം ചെയ്യപ്പെട്ടുന്നവളായ, രാകാം = രാകാദേവിയെ, അഹം = ഞാൻ, സുഷ്ടുതീ = ശോഭനമായ സ്തുതികളോടു് കൂടി, ഹുവേ = വിളിക്കുന്നു. സുഭഗാ = സൗഭാഗ്യയുക്തയായ ആ ദേവീ, നഃ = ഞങ്ങളുടെ ആഹ്വാനം കേട്ടിട്ടു്, ത്മനാബോധതു = ഞങ്ങളുടെ അഭിപ്രായം സ്വയം മനസ്സിലാക്കട്ടെ, അച്ഛിദ്യമാനയാ = അവിച്ഛിന്നമായ, സൂച്യാ = സൂക്ഷ്മമായ അനുഗ്രഹബുദ്ധിയോടു് കൂടി, അപഃ = ഞങ്ങളുടെ ഈ കർമം, സീവ്യതു = നിർദോഷമാക്കട്ടെ. (കർമത്തിനു് ഛിദ്രങ്ങൾ ഉണ്ടാകാതിരിക്കട്ടെ) ശതദായം = വലിയ ധനികനും, ഉക്ഥ്യം = ആയുധങ്ങളോടു കൂടിയവനും അല്ലെങ്കിൽ സ്തോത്രങ്ങൾ ചൊല്ലുന്നവനും ആയ, വീരം = വീരനായ പുത്രനേയും, ദദാതു = നൽകട്ടെ.

16 യാസ്തേ രാകേ സുമതയസ്സുപേശസോ
യാഭിർദദാസി ദാശുഷേ വസൂനി।
താഭിർനോ അദ്യ സുമനാ ഉപാഗഹി
സഹസ്രപോഷം സുഭഗേ രരാണാ।

ഇതു് മൂന്നാമത്തെ ഹവിസ്സിന്റെ യാജ്യാ മന്ത്രമാണു്.

ഹേ രാകേ! = അല്ലയോ രാകാദേവി! തേ = ഭവതിയുടെ, യാഃ = യാതൊരു, സുമതയഃ = നല്ല വിചാരത്തോടുകൂടിയ, സുപേശസഃ = സത്കർമ്മങ്ങൾ ഉണ്ടോ, യാഭിഃ = യാതൊരു നല്ലവിചാരത്തോടു്കൂടി, ദാശുഷേ = യജമാനനു്, വസൂനി ദദാസി = ഭവതി ധനം നൽകുന്നുവോ, താഭിഃ സുമനാഃ = ആ സുമതികളോടു് കൂടി, അദ്യ = ഈ യാഗത്തിൽ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഃ = ഞങ്ങളെ, ഉപാഗൃഹി = അനുഗ്രഹിച്ചാലും. സുഭഗേ! = ഹേ ദേവി! സഹസ്രപോഷം രരാണ = ആയിരക്കണക്കിന് പുഷ്ടി നൽകിയാലും.

17-18 സിനീവാലി യാ സുപാണിഃ।

''സിനീവാലി'' എന്ന് ആരംഭിക്കുന്ന മന്ത്രം നാലാമത്തെ ഹവിസ്സിൻെറ പുരോനുവാക്യയും ''യാസുപാണിഃ'' എന്ന് ആരംഭിക്കുന്ന മന്ത്രം യാജ്യയുമാണ്. ഈ രണ്ടു മന്ത്രവും ''അഗ്നിനാരയിമശ്നവത്'' എന്ന് ആരംഭിക്കുന്ന അനുവാകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

19 കുഹൂമഹം സുഭഗാം വിദ്മനാപസ-
മസ്മിൻ യജ്ഞേ സുഹവാം ജോഹവീമി।
സാ നോ ദദാതു ശ്രവണം പിതൃണാം
തസ്യാസ്തേ ദേവി ഹവിഷാ വിധേമ।

ഇതു് അഞ്ചാമത്തെ ഹവിസ്സിൻെറ പുരോനുവാക്യയാണ്. സുഭഗാം = സൗഭാഗ്യയുക്തയും, വിദ്മനാപസം = കർമങ്ങൾ എല്ലാം അറിയുന്നവളും, സുഹവാം = സുഖേന ആഹ്വാനം ചെയ്യപ്പെടുന്നവളും ആയ, കുഹൂം = കുഹൂദേവിയെ, അഹം = ഞാൻ, അസ്മിൻ യജ്ഞേ = ഈ യാഗത്തിൽ, ജോഹവീമി = വീണ്ടും വീണ്ടും വിളിക്കുന്നു. സാ = ആ കുഹൂദേവി, നഃ പിതൃണാം = ഞങ്ങളുടെ പൂർവികന്മാർക്ക്, ശ്രവണം = കീർത്തി, ദദാതു = ഉണ്ടാക്കട്ടെ, ഹേ ദേവി! = അല്ലയോ ദേവി! തസ്യാഃ തേ = അപ്രകാരമുള്ള ഭവതിക്ക്, ഹവിഷാ വിധേമ = ഞങ്ങൾ ഹവിസ്സ് സമർപ്പിക്കുന്നു.

20 കുഹൂർദേവാനാമമൃതസ്യ പത്നീ
ഹവ്യാ നോ അസ്യ ഹവിഷശ്ചികേതു।
സം ദാശുഷേ കിരതു ഭൂരി വാമം
രായസ്പോഷം ചികിതുഷേ ദധാതു।

ഇതു് അഞ്ചാമത്തെ ഹവിസ്സിൻെറ യാജ്യാമന്ത്രമാണ്. ദേവാനാം = ദേവന്മാരെ സംബന്ധിച്ച, അമൃതസ്യ = ദർശപൂർണമാസാദികളിൽ സമർപ്പിക്കുന്ന അമൃതതുല്യമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹവിസ്സ്, പത്നീ = രക്ഷിക്കുന്നവളും. ഹവ്യാ = ആഹ്വാനം ചെയ്യപ്പെടുന്നവളും ആയ, കുഹൂഃ = കുഹൂദേവി, നഃ ഹവിഷഃ = ഞങ്ങൾ സമർപ്പിക്കുന്ന ഹവിസ്സിന്റെ, ചികേതു = സാരം മനസ്സിലാക്കട്ടെ. സാ = ആ ദേവി, ദാശുഷേ = യജമാനന്, സംകിരതു = യാഗത്തിന്റെ ഫലം നൽകട്ടെ. ചികിതുഷേ = ഭവതിയുടെ മഹത്വം അറിയുന്ന യജമാനന്, രായസ്പോഷം ദധാതു = ധനപുഷ്ടിയും നൽകട്ടെ.

ഇതി ഏകാദശോഽനുവാകഃ

തൃതീയഃ പ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയ കാണ്ഡേ ചതുർത്ഥഃ പ്രപാഠകഃ

പ്രഥമോഽനുവാകഃ (ബ്രാഹ്മണം)

ഹരിഃ ഓം

സംഹിതാ—

വി വാ ഏതസ്യ യജ്ഞ ഋധ്യതേ യസ്യ ഹവിരതിരി- ച്യതേ സൂർയോ ദേവോ ദിവിഷദ്ഭ്യ ഇത്യാഹ ബൃഹ- സ്പതിനാ ചൈവാസ്യ പ്രജാപതിനാ ച യജ്ഞസ്യ വ്യൃദ്ധമപി വപതി രക്ഷാഗ്ംസി വാ ഏതത്പശും സചന്തേ യദേകദേവത്യ ആലബ്ധോ ഭൂയാൻ ഭവതി യസ്യാസ്തേ ഹരിതോ ഗർഭ ഇത്യാഹ ദേവത്രൈ വൈനാം ഗമയതി രക്ഷസാമപഹത്യാ ആ വർതന വർതയേ- ത്യാഹ ബ്രഹ്മണൈവൈനമാ വർതയതി വി തേ ഭിനദ്മി തകരീമിത്യാഹ യഥായജുരേവൈതദുരുദ്രപ്- സോ വിശ്വരൂപ ഇന്ദുരിത്യാഹ പ്രജാ വൈ പശവ ഇന്ദുഃ പ്രജയൈവൈനം പശുഭിഃ സമർധയതി ദിവം വൈ യജ്ഞസ്യ വ്യൃദ്ധം ഗച്ഛതി പൃഥിവീമതിരിക്തം തദ്യന്ന ശമയേദാർതിമാർച്ഛേദ്യജമാനോ മഹീ ദ്യൗഃ പൃഥിവീ ച ന ഇത്യാഹ ദ്യാവാപൃഥിവീഭ്യാമേവ യജ്ഞസ്യ വ്യൃദ്ധം ചാതിരിക്തം ച ശമയതി നാർ- തിമാർച്ഛതി യജമാനോ ഭസ്മനാഭി സമൂഹതി സ്വഗാകൃത്യാ അഥോ അനയോർവാ ഏഷ ഗർഭോഽന- യോരേവൈനം ദധാതി യദവദ്യേദതി തദ്രേചയേദ്യ- ന്നാവദ്യേത് പശോരാലബ്ധസ്യ നാവ ദ്യേത്പുര- സ്താന്നാഭ്യാ അന്യദവദ്യേദുപരിഷ്ടാദന്യത് പുരസ്താദ്വൈ നാഭ്യൈ പ്രാണ ഉപരിഷ്ടാദപാനോ യാവാനേവ പശുസ്തസ്യാവ ദ്യതി വിഷ്ണവേ ശിപിവിഷ്ടായ ജുഹോതി യദ്വൈ യജ്ഞസ്യാതിരിച്യതേ യഃ പശോർ- ഭൂമാ യാ പുഷ്ടിസ്തദ്വിഷ്ണുഃ ശിപിവിഷ്ടോഽതിരിക്ത ഏവാതിരിക്തം ദധാത്യതിരിക്തസ്യ ശാന്ത്യാ അഷ്ടാ- പ്രൂഡ്ഢിരണ്യം ദക്ഷിണാഽഷ്ടാപദീ ഹ്യേഷാഽഽത്മാ നവമഃ പശോരാപ്ത്യാ അന്തരകോശ ഉഷ്ണീഷേണാഽഽ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷ്ഠിതം ഭവഃത്യേവമിവഹി പശുരുൽബമിവ ചർമേവ മാഗ്ഗുംസമിവാസ്ഥീവ യാവാനേവ പശുസ്തമാപ്ലാഽവ രുന്ധേ യസ്യൈഷാ യജ്ഞേ പ്രായശ്ചിത്തിഃ ക്രിയത ഇഷ്ട്വാ വസീയാൻ ഭവതി॥

അത്ഥം

യാഗത്തിന്ന് വേണ്ടി ആടിനെ കൊല്ലുമ്പോൾ അതു് ഗർഭിണിയായിരുന്നതു നിമിത്തം ഹവിസ്സ് ഉദ്ദേശിച്ചതിൽ കൂടിപ്പോകുന്നതുകൊണ്ടു് യാഗം ഗുണമില്ലാത്തതായി തീരുന്നു. (യാഗമൃഗത്തിന്ന് ഗർഭം ഉണ്ടെന്നു് നേരത്തെ മനസ്സിലാക്കാതെ യാഗത്തിന്ന് വേണ്ടി കൊല്ലുകയും അതിന്ന് ശേഷം അതിന്ന് ഗർഭം ഉണ്ടെന്നു് മനസ്സിലാക്കുകയും ചെയ്യുന്നു അപ്പോൾ ഒരു മൃഗത്തിന്ന് പകരം രണ്ടു മൃഗത്തെ കൊന്നതുപോലെ ആകുന്നു. അതു് ഉദ്ദേശിച്ചതിൽ കൂടുതൽ ആണു്. അതു് യജമാനന്ന് ദോഷം ഉണ്ടാകുന്നു) ''സൂർയോദേവോ ദിവിഷദ്ഭ്യഃ'' എന്ന മന്ത്രം ചൊല്ലി ഹോമം ചെയ്യുന്നതു നിമിത്തം ബൃഹസ്പതി-യാലും പ്രജാപതിയാലും യാഗത്തിനുണ്ടായ ദോഷം ഇല്ലാതെ-യാകുന്നു.

ഒരു ദേവതയെ ഉദ്ദേശിച്ച് മൃഗം കൊല്ലപ്പെട്ടപ്പോൾ അതിൻെറ ഉദരത്തിൽ ഗർഭം ഉണ്ടായിരുന്നതു നിമിത്തം ഉദ്ദേശി-ച്ചതിൽ കൂടുതലായിപ്പോയ ഭാഗം രക്ഷസ്സുകൾ സ്വീകരിക്കുന്നു. ''യസ്യാസ്തേ ഹരിതോഗർഭഃ'' എന്ന മന്ത്രം ചൊല്ലുന്നതുനിമി-ത്തം യാഗം കഴിക്കപ്പെടുന്ന മൃഗത്തെ ദേവന്മാരുമായി തന്നെ യോജിപ്പിക്കുന്നു. അതു് രക്ഷസ്സുകളുടെ നാശത്തിന്ന് കാരണ-മാകുന്നു ''ആവർതന വർതയ'' എന്ന മന്ത്രം ചൊല്ലുന്നു. ഇപ്ര-കാരം മന്ത്രം ചൊല്ലുന്നതുകൊണ്ടു് തന്നെ ആ ഗർഭത്തിന്ന് ആവർതനം ആശംസിക്കുന്നു. ''വിതേ ഭിനദ്മി തകരീം'' എന്ന മന്ത്രം ചൊല്ലുന്നു. മന്ത്രത്തിൽ പറയുന്നതുപോലെ ഇതിൻെറ അത്ഥം സ്പഷ്ടമാണു്. ''ഉരുദ്രപ്സോ വിശ്വ-രൂപ ഇന്ദുഃ'' എന്ന മന്ത്രം ചൊല്ലുന്നു. പ്രജകളും പശുക്കളും ''ഇന്ദു'' ശബ്ദം കൊണ്ടു് വിവക്ഷിച്ചിരിക്കുന്നു. അതുകൊണ്ടു് പാത്രത്തിൽ വീഴുന്ന രസം പ്രജകളാലും പശുക്കളാലും സമൃദ്ധ-മായിത്തീരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗത്തിന്ന് കുറവ് വരുന്ന ഭാഗം സ്വർഗ്ഗത്തിലേയ്ക്കാണ് പോകുന്നത്. കൂടുതൽ വരുന്ന ഭാഗം ഭൂമിയിലേയ്ക്കും പോകുന്നു. അതുകൊണ്ട് ഉണ്ടാകുന്ന ദോഷം ശമിക്കുന്നില്ലെങ്കിൽ യജമാനന്ന് ദോഷം ഉണ്ടാകും. ''മഹീ ദ്യൗഃ പൃഥിവീ ച നഃ'' എന്ന മന്ത്രം ചൊല്ലുന്നതു നിമിത്തം ദ്യുദേവതയാലും ഭൂമിദേവതയാലും ന്യൂനത കൊണ്ടും ആധിക്യം കൊണ്ടും ഉണ്ടായ ദോഷങ്ങൾ ശമിക്കുന്നു. യജമാനന്ന് ദോഷം ഒന്നും ഉണ്ടാകുന്നില്ല.

യാഗമൃഗത്തിൻെറ ഉദരത്തിൽ നിന്ന് എടുത്ത ഗർഭത്തെ ചാമ്പൽ കൊണ്ട് മൂടുന്നു. എന്തുകൊണ്ടെന്നാൽ യാഗമൃഗത്തിൻെറ ഉദരത്തിൽ ഉണ്ടായിരുന്ന ഗർഭം ദ്യാവാപൃഥിവികളെ സംബന്ധിച്ചതാണ്. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ആ ഗർഭത്തെ ദ്യാവാ പൃഥിവികളിൽ തന്നെ സ്ഥാപിക്കുന്നു. യാഗമൃഗത്തിൻെറ ഗർഭത്തിൻെറ അവയവങ്ങൾ ഹോമത്തിന്ന് എടുക്കുകയാണെങ്കിൽ അതു് വിധിച്ച ഹവിസ്സിനെക്കാൾ കൂടുതൽ ആകും. ഗർഭത്തിൻെറ അവയവങ്ങൾ എടുക്കുന്നില്ല എങ്കിൽ യാഗത്തിന്ന് വേണ്ടി കൊല്ലപ്പെട്ട മൃഗത്തിൻെറ അവയവങ്ങൾ എല്ലാം എടുക്കാത്തതിന്ന് തുല്യമാണ്. ഈ ദോഷത്തിന്ന് പരിഹാരമായി യാഗമൃഗത്തിൻെറ നാഭിക്ക് പൂർവ്വഭാഗത്തിൽ നിന്നും, നാഭിക്ക് മുകളിൽ നിന്നും കുറെ ഭാഗം വീതം മുറിച്ചെടുക്കുന്നു. നാഭിക്ക് പൂർവ്വഭാഗത്തിൽ പ്രാണൻ സഞ്ചരിക്കുന്നു. നാഭിക്ക് മുകളിൽ അപാനവായുവും സഞ്ചരിക്കുന്നു. ഇപ്രകാരം നാഭിയുടെ രണ്ടുവശത്തു നിന്നും അവയവങ്ങൾ മുറിച്ച് എടുക്കുന്നതുകൊണ്ട് യാഗമൃഗത്തിൻെറ എല്ലാ അവയവങ്ങളും എടുത്ത ഫലം സിദ്ധിക്കുന്നു.

ശിപിവിഷ്ടൻ എന്ന് അറിയപ്പെടുന്ന വിഷ്ണുവിനെ ഉദ്ദേശിച്ച് യാഗമൃഗത്തിൻെറ ഗർഭത്തിൻെറ അവയവങ്ങൾ ഹോമിക്കുന്നു. യാഗത്തിന്ന് വിധിച്ചതിൽ കൂടുതലായി എന്തെങ്കിലു ഹോമം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതും യാഗമൃഗത്തിൻെറ ബഹുത്വവും യാഗമൃഗത്തിൻെറ ശരീരപുഷ്ടിയും ശിപിവിഷ്ടൻ എന്ന് അറിയപ്പെടുന്ന വിഷ്ണുവിന്ന് അധീനമാണ്. ആധിക്യം കൊണ്ട് ഉണ്ടായ ദോഷത്തിൻെറ ശാന്തിക്ക്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആധിക്യത്തിന്ന് ഹേതുഭൂതനായ ദേവനിൽ തന്നെ അധികമായിതീൎന്ന ഹവിസ്സ് സ്ഥാപിക്കുന്നു.

എട്ടുബിന്ദുക്കൾ അടയാളപ്പെടുത്തിയ സ്വൎണ്ണത്തകിട് ഇതിന്ന് ദക്ഷിണയായി നൽകേണ്ടതാണ്. യാഗം ചെയ്യപ്പെട്ട മൃഗം എട്ടുകാലുകളോട് കൂടിയതാണല്ലോ. (യാഗമൃഗത്തിന്റേയും അതിന്റെ ഗൎഭത്തിലുള്ള കുട്ടിയുടേയും കാലുകളുടെ എണ്ണം ഒരുമിച്ച്) യാഗമൃഗത്തിന്റെ ആത്മാവ് ഒൻപതാമത്തേതും. (കാലുകളെ പ്രതിനിധാനം ചെയ്ത് എട്ട് ബിന്ദുക്കളും ആത്മാവിനെ പ്രതിനിധാനം ചെയ്ത് സ്വൎണ്ണത്തകിടും; ഇപ്രകാരം ചെയ്യുന്നത് യജമാനന്ന് പശുക്കൾ ലഭിക്കാൻ കാരണം ആകുന്നു. ദക്ഷിണയായി നൽകാൻ ഉദ്ദേശിച്ച സ്വൎണ്ണത്തകിട് ഒരു തുണികൊണ്ട് പൊതിയണം. ഗൎഭസ്ഥമായ മൃഗവും ഇതുപോലെയാണ്. ഉൽബംകൊണ്ടും ചൎമ്മംകൊണ്ടും മാംസംകൊണ്ടും അസ്ഥികൊണ്ടും പശു എപ്രകാരമാണോ ഗൎഭത്തിൽ ചുററപ്പെട്ടിരിക്കുന്നത് അതുപോലെ ദക്ഷിണയായി നൽകേണ്ട സ്വൎണ്ണത്തകിട് പൊതിഞ്ഞിരിക്കണം. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് യജമാനന്ന് പശുക്കൾ സ്വാധീനമാകുന്നു. മേൽ വിവരിച്ചപ്രകാരം പ്രായശ്ചിത്തം ചെയ്യുന്ന യജമാനൻ യാഗത്തിന്റെ ഫലമായി ധനികനായിത്തീരുന്നു.

ഇതി പ്രഥമോഽനുവാകഃ

അഥ ദ്വിതീയോഽനുവാകഃ (മന്ത്രം)

സംഹിതാ—

ആ വായോ ഭൂഷ ശുചിപാ ഉപ നഃ സഹസ്രം തേ നിയുതോ വിശ്വവാര। ഉപോ തേ അന്ധോ മദ്യമയാമി യസ്യ ദേവ ദധിഷേ പൂൎവപേയം ആകൂത്യൈ ത്വാ കാമായ ത്വാ സമൃധേ ത്വാ കിക്കിടാ തേ മനഃ പ്രജാപതയേ സ്വാഹാ കിക്കിടാ തേ പ്രാണം വായവേ സ്വാഹാ കിക്കിടാ തേ ചക്ഷുഃ സൂൎയായ സ്വാഹാ കിക്കിടാ തേ ശ്രോത്രം ദ്യാവാപൃഥിവീഭ്യാം സ്വാഹാ കിക്കിടാ തേ വാചം സരസ്വത്യൈ സ്വാഹാ। ത്വം തുരീയാ വശിനീ വശാഽസി സകൃദ്യത്ത്വാ മനസാ ഗൎഭ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആ/ശയത്। വശാ ത്വം വശിനീ ഗച്ഛ ദേവാൻ സത്യാഃ സന്തു യജമാനസ്യ കാമാഃ। അജാ/സി രയിഷ്ഠാ പൃഥിവ്യാം സീദോർധ്വാ/ന്തരിക്ഷമുപ തിഷ്ഠസ്വ ദിവി തേ ബൃഹദ്ഭാഃ തന്തും തന്വൻ രജസോ ഭാനുമന്വിഹി ജ്യോതിഷ്മതഃ പഥോ രക്ഷ ധിയാ കൃതാൻ। അനൽബണം വയത ജോഗുവാമപോ മനുർഭവ ജനയാ ദൈവ്യം ജനം മനസോ ഹവിരസി പ്രജാപതേർവർണോ ഗാത്രാണാം തേ ഗാത്രഭാജോ ഭൂയാസ്മ॥

പദച്ഛേദം —

ആ വായോ ഭൂഷ ശുചിപാഃ ഉപ നഃ സഹസ്രം തേ നിയുതഃ വിശ്വവാര ഉപോ തേ അന്ധഃ മദ്യം അയാമി യസ്യ ദേവ ദധിഷേ പൂർവപേയം ആകൂത്യൈ ത്വാ കാമായ ത്വാ സമൃധേ ത്വാ കിക്കിടാ തേ മനഃ പ്രജാപതയേ സ്വാഹാ കിക്കിടാ തേ പ്രാണം വായവേ സ്വാഹാ കിക്കിടാ തേ ചക്ഷുഃ സൂര്യായ സ്വാഹാ കിക്കിടാ തേ ശ്രോത്രം ദ്യാവാപൃഥിവീഭ്യാം സ്വാഹാ കിക്കിടാ തേ വാചം സരസ്വത്യൈ സ്വാഹാ ത്വം തുരീയാ വശിനീ വശാ അസി സകൃത് യത് ത്വാ മനസാ ഗർഭഃ ആശയത് വശാ ത്വം വശിനീ ഗച്ഛ ദേവാൻ സത്യാഃ സന്തു യജമാനസ്യ കാമാഃ അജാ അസി രയിഷ്ഠാ പൃഥിവ്യാം സീദ ഊർധ്വാ അന്തരിക്ഷം ഉപ തിഷ്ഠസ്വ ദിവി തേ ബൃഹദ് ഭാഃ തന്തും തന്വൻ രജസഃ ഭാനും അനു ഇഹി ജ്യോതിഷ്മതഃ പഥഃ രക്ഷ ധിയാ കൃതാൻ അനൽബണം വയത ജോഗുവാം അപഃ മനുഃ ഭവ ജനയാ ദൈവ്യം ജനം മനസഃ ഹവിഃ അസി പ്രജാപതേഃ വർണ്ണഃ ഗാത്രാണാം തേ ഗാത്രഭാജഃ ഭൂയാസ്മ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 ആ വായോ ഭൂഷ ശുചിപാ ഉപ നസ്സഹസ്രം തേ
നിയുതോ വിശ്വവാര। ഉപോ തേ അന്ധോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മദ്യമയാമി യസ്യ ദേവ ദധിഷേ പൂർവപേയം।

ഐശ്വര്യമാഗ്രഹിക്കുന്നവൻ വായുവിനെ സംബന്ധിച്ച ആടിനെ ഹോമം കഴിക്കുന്ന യാഗത്തിൽ ഈ മന്ത്രം ചൊല്ലി യാഗത്തിനുള്ള മൃഗത്തെ യജമാനന്റെ സമീപ-ത്തിൽ കൊണ്ടുവരുന്നു.

ഹേ വായോ! = അല്ലയോ വായുദേവ! ത്വം = അങ്ങ്, ആഗത്യ = വന്നിട്ട്, ഭൂഷ = യാഗമൃഗത്തെ അലങ്കരിച്ചാലും, ഹേ ശുചിപാഃ! = ശുദ്ധമായ ഹവിസ്സ് പരിരക്ഷിക്കുന്ന അല്ലയോ ദേവ! ത്വം = അങ്ങ്, നഃ ഉപഗച്ഛ = ഞങ്ങളുടെ അടുക്കൽ വന്നാലും. ഹേ വിശ്വവാര! = അല്ലയോ വിശ്വ-വ്യാപകനായ ദേവ! തേ = അങ്ങേക്ക്, സഹസ്രം നിയുതഃ സന്തി = ആയിരം കുതിരകൾ ഉണ്ട്. തേ = അങ്ങയുടെ, അന്ധഃ = യാഗമൃഗത്തിന്റെ രൂപത്തിലുള്ള അന്നം, മദ്യം = സന്തോഷകരമാണ്. തദ് = അതുകൊണ്ട്, ഹേ ദേവ! = അല്ലയോ ദേവ! യസ്യഹവിഃ = യാതൊരു യാഗമൃഗ-മാകുന്ന ഹവിസ്സ്, പൂർവപേയം ദധിഷേ = സോമരസ-ത്തിനു് തുല്യമാണെന്നു് വിചാരിക്കുന്നുവോ ആ ഹവി-സ്സോടു് കൂടി, ത്വാം ഉപോ അയാമി = അങ്ങയുടെ സമീപ-ത്തിൽ വരുന്നു.

2-6 ആകൂത്യൈ ത്വാ കാമായ ത്വാ സമൃധേ ത്വാ
കിക്കിടാ തേ മനഃ പ്രജാപതയേ സ്വാഹാ।
കിക്കിടാ തേപ്രാണം വായവേ സ്വാഹാ
കിക്കിടാ തേ ചക്ഷുഃ സൂർയായ സ്വാഹാ।
കിക്കിടാ തേ ശ്രോത്രം ദ്യാവാ പൃഥിവീഭ്യാം സ്വാഹാ।
കിക്കിടാ തേ വാചം സരസ്വത്യൈ സ്വാഹാ।
ഈ മന്ത്രങ്ങൾ ചൊല്ലി ഹോമിക്കുന്നു.

അല്ലയോ യാഗമൃഗമേ! ആകൂത്യൈ = എന്റെ ആഗ്രഹ-സിദ്ധിക്കു് വേണ്ടി, ത്വാ = നിന്നെ പ്രാപിച്ചു്. കാമായ = എന്റെ അഭീഷ്ടം രക്ഷിക്കുന്നതിനു് വേണ്ടി, ത്വാ = നിന്നെ ക്ഷണിച്ചു്, സമൃധേ = സമൃദ്ധിക്കു് വേണ്ടി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വാ = നിന്നെ സന്തോഷിപ്പിച്ച്, കിക്കിടാ = "കിക്കിടാ" എന്ന് ശബ്ദം പുറപ്പെടുവിച്ച്, തേ മനഃ = നിൻെറ മനസ്സിനെ പ്രീണിപ്പിച്ച്, ഇദം = ഈ ആജ്യ ദ്രവ്യം, പ്രജാപതയേ സ്വാഹാ = പ്രജാപതിക്കായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു. (കാളയെ പ്രോത്സാഹിപ്പിക്കാൻ ആളുകൾ പുറപ്പെടുവിക്കുന്ന ശബ്ദമാണ് "കിക്കിടാ") അടുത്ത അഞ്ചു മന്ത്രത്തിലും "ആകൂത്യൈ ത്വാ കാമായ ത്വാ സമൃധേ ത്വാ കിക്കിടാ" എന്ന ഭാഗം ആവർത്തിച്ച് ചൊല്ലുന്നു. തേ പ്രാണം = നിൻെറ പ്രാണനെ സന്തോഷിപ്പിച്ച്, വായവേ സ്വാഹാ = വായുവിനായിക്കൊണ്ട് ഞാൻ ഈ ദ്രവ്യ, ഹോമിക്കുന്നു. തേ ചക്ഷുഃ = നിൻെറ കണ്ണുകളെ സന്തോഷിപ്പിച്ചിട്ട്, സൂർയായ സ്വാഹാ = സൂര്യനായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു. തേ ശ്രോത്രം = നിൻെറ ശ്രോത്രേന്ദ്രിയങ്ങളെ സന്തോഷിപ്പിച്ചിട്ട്, ദ്യാവാ പൃഥിവീഭ്യാം സ്വാഹാ = ദ്യാവാ പൃഥിവികൾക്കായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു. തേ വാചം = നിൻെറ വാക്കുകളെ സന്തോഷിപ്പിച്ചിട്ട്, സരസ്വത്യൈ സ്വാഹാ = സരസ്വതിക്കായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു.

7 ത്വം തുരീയാ വശിനീ വശാऽസി
സകൃദ്യത്ത്വാ മനസാ ഗർഭം ആശയത്।
വശാ ത്വം വശിനീ ഗച്ഛ ദേവാൻ
സത്യാസ്സന്തു യജമാനസ്യ കാമാഃ।

യാഗത്തിനുള്ള ആടിനെ കൊല്ലാൻ കൊണ്ടുപോകുമ്പോൾ അതിനെ സ്തുതിക്കാനുള്ള മന്ത്രമാണ് ഇത്.

ഹേ വശേ! ത്വം = നീ, തുരീയാ = മൂന്ന് ലോകത്തിനു ഉപരിയായി വർത്തിക്കുന്നു. വശിനീ = ഇന്ദ്രിയനിഗ്രഹം ഉള്ളവളാകുന്നു. വശാ അസി = നീ വന്ധ്യ ആകുന്നു. യത് = എന്തുകൊണ്ടെന്നാൽ, മനസാ = സംയോഗേച്ഛയോടുകൂടി, സകൃദ് ഏവ = ഒരു പ്രാവശ്യം മാത്രം, ഗർഭഃ = ഗർഭം, ത്വാം ആശയത് = നിന്നെ സമീപിച്ച് നിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉദരത്തിൽ സ്ഥിതി ചെയ്ത വശാ = സന്താനം ഇല്ലാത്ത. വളം, വശിനീ = ഇന്ദ്രിയനിഗ്രഹമുള്ളവളം ആയ, ത്വം = നീ, ദേവാൻ ഗച്ഛ = ഹവിസ്സിൻെറ രൂപത്തിൽ ദേവ-ന്മാരെ പ്രാപിക്കുക യജമാനസ്യ കാമാഃ = യജമാനൻെറ ആഗ്രഹങ്ങൾ, സത്യാഃ സന്തു = സത്യമായിത്തീരട്ടെ. (സഫലമാകട്ടെ)

8 അജാസി രയിഷ്ഠാ പൃഥിവ്യാം സീദോർദ്ധ്വോ-
ന്തരിക്ഷമുപ തിഷ്ഠസ്വ ദിവി തേ ബൃഹദ്ഭാഃ ।

ആടിനെ കൊല്ലുന്ന അവസരത്തിൽ ഈ മന്ത്രം ചൊല്ലി സ്തുതിക്കുന്നു.

അല്ലയോ യാഗമൃഗമെ! ത്വം അജാ അസി = നീ ആട് ആകുന്നു. രയിഷ്ഠാ അസി = ഹവിസ്സായി സങ്കൽപിക്കപ്പെട്ടിരിക്കുന്നതിനാൽ നീ ദേവന്മാരുടെ ധനം ആകുന്നു. പൃഥിവ്യാം സീദ = നീ ഭൂമിയിൽ ഇരിക്കുക. ഊർദ്ധ്വാ = അതിന് ശേഷം, അന്തരിക്ഷം ഉപതിഷ്ഠസ്വ = അന്തരി-ക്ഷത്തിൽ ചെല്ലുക. ദിവി = സ്വർഗ്ഗത്തിൽ, തേ = നിനക്ക്, ബൃഹദ്ഭാഃ = വലിയ തേജസ്സ് ഉണ്ടാകട്ടെ.

9 തന്തും തന്വൻ രജസോ ഭാനുമന്വിഹി
ജ്യോതിഷ്മതഃ പഥോ രക്ഷ ധിയാ കൃതാൻ ।

ഈ മന്ത്രം ചൊല്ലി യാഗമൃഗത്തിൻെറ വപ ഹോമിക്കുന്നു.

അല്ലയേ യാഗമൃഗമെ! രജസഃ = രജോരൂപമായ ഹവിസ്സ്, തന്തും തന്വൻ = വർദ്ധിപ്പിച്ച് കൊണ്ട് ഭാനും അന്വിഹി = ആദിത്യൻെറ സമീപത്തിൽ എത്തി-യാലും. ധിയാ കൃതാൻ = ബുദ്ധിപൂർവം യാഗം നടത്തി സമ്പാദിച്ച, ജ്യോതിഷ്മതഃ പഥഃ = ഞങ്ങൾക്ക് ഉള്ള സ്വർഗ്ഗമാർഗ്ഗങ്ങളെ, രക്ഷ = രക്ഷിച്ചാലും.

10 അനുൽബണം വയത ജോഗുവാമപോ
മനുർഭവ ജനയാ ദൈവ്യം ജനം ।

ഈ മന്ത്രം ചൊല്ലി ആടിൻെറ ശരീരാവയവങ്ങൾ ഹോമിക്കുന്നു.

യാഗമൃഗത്തിൻെറ ഹൃദയാദ്യവയവങ്ങളെ! ജോഗുവാം = നിർവിഘ്ന പരിസമാപ്തിക്ക് വേണ്ടി ശ്രമിക്കുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞങ്ങളുടെ, അപഃ = യാഗകർമം, അനുൽബണം വയത = അനതിരിക്തം ആക്കുവിൻ, അല്ലയോ യാഗമൃഗമെ! മനുഃ ഭവ = നീ മനുവിനെപ്പോലെ ആയിത്തീരുക. ദൈവ്യം ജനം = യാഗാദികരം അനുഷ്ഠിക്കുന്ന ജനങ്ങളെ, ജനയ = ജനിപ്പിക്കുക (ഞങ്ങളെ യാഗാദികർമ്മങ്ങരം അനുഷ്ഠിക്കുന്നവരാക്കുക.)

ഇതി ദ്വിതീയോऽനുവാകഃ

അഥ തൃതീയോऽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—ഇമേ വൈ സഹാऽऽസ്താം തേ വായുർവ്യവാത്തേ ഗർഭമദധാതാം തഗ്ം സോമഃ പ്രാജനയദഗ്നിരഗ്രസത സ ഏതം പ്രജാപതിരാഗ്നേയമഷ്ടാകപാലമപശ്യത്തം നിരവപത്തേനൈവൈനാമഗ്നേരധി നിരക്രീണാത്തസ്മാദപ്യന്യദേവത്യാമാലഭമാന ആഗ്നേയമഷ്ടാകപാലം പുരസ്താന്നിർവപേദഗ്നേരേവൈനാമധി നിഷ്ക്രീയാऽऽലഭതേ യത് വായുർവ്യവാത്തസ്മാദ്വായവ്യാ യദിമേ ഗർഭമദധാത്താം തസ്മാദ് ദ്യാവാപൃഥിവ്യാ യത്സോമഃ പ്രാജനയദഗ്നിരഗ്രസത തസ്മാദഗ്നീഷോമീയാ യദനയോർവിയത്യോർവാഗവദത്തസ്മാത് സാരസ്വതീ യത്പ്രജാപതിരഗ്നേരധി നിരക്രീണാത്തസ്മാത്പ്രാജാപത്യാ സാ വാ ഏഷാ സർവദേവത്യാ യദജാ വശാ വായവ്യാമാ ലഭേത ഭൂതികാമോ വായുർവൈ ക്ഷേപിഷ്ഠാ ദേവതാ വായുമേവ സ്വേന ഭാഗധേയേനോപ ധാവതി സ ഏവൈനം ഭൂതിം ഗമയതി ദ്യാവാപൃഥിവ്യാമാ ലഭേത കൃഷമാണഃ പ്രതിഷ്ഠാകാമോ ദിവ ഏവാസ്മൈ പർജന്യോ വർഷതി വ്യസ്യാമോഷധയോ രോഹന്തി സമർധുകമസ്യ സസ്യം ഭവത്യഗ്നീഷോമീയാമാ ലഭേത യഃ കാമയേതാന്നവാനന്നാദഃ സ്യാമിത്യഗ്നിനൈവാന്നമവരുന്ധേ സോമേനാന്നാദ്യമന്ന വാനേവാന്നാദോ ഭവതി സാരസ്വതീമാ ലഭേത യ ഈശ്വരോ വാചോ വദിതോഃ സൻ വാചം ന വദേദ്വാഗ്വൈ സരസ്വതീ സരസ്വതീമേവ സ്വേന ഭാഗധേയേനോപ ധാവതി സൈവാസ്-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിൻ വാചം ദധാതി പ്രാജാപത്യാമാ ലഭതേ യഃ കാമ-
യേതാനഭിജിതമഭി ജയേയമിതി പ്രജാപതിഃ സർവാഃ
ദേവതാഃ ദേവതാഭിരേവാനഭിജിതമഭി ജയതി വായ-
വ്യയോപാകരോതി വായോരേവൈനാമവരുധ്യാഽഽല-
ഭത ആക്രുത്യൈ ത്വാ കാമായ ത്വേത്യാഹ യഥായജുരേ-
വൈതത് കിക്കിടാകാരം ജുഹോതി കിക്കിടാകാരേണ
വൈ ഗ്രാമ്യാഃ പശവോ രമന്തേ പ്രാഽഽരണ്യാഃ പതന്തി
യത്കിക്കിടാകാരം ജുഹോതി ഗ്രാമ്യാണാം പശൂനാം
ധൃത്യൈ പര്യഗ്നൗ ക്രിയമാണേ ജുഹോതി ജീവന്തീ-
മേവൈനാഗ്ം സുവർഗം ലോകം ഗമയതി ത്വം തുരീയാ
വശിനീ വശാഽസീത്യാഹ ദേവത്രൈവൈനാം ഗമയതി
സത്യാഃ സന്തു യജമാനസ്യ കാമാ ഇത്യാഹൈഷ വൈ
കാമോ യജമാനസ്യ യദനാർത ഉദ്ദൃചം ഗച്ഛതി തസ്മാ-
ദേവമാഹാഽജാഽസി രയിഷ്ഠേത്യാഹൈഷ്വേവൈനാം
ലോകേഷു പ്രതി ഷ്ഠാപയതി ദിവി തേ ബൃഹദ്ഭാ
ഇത്യാഹ സുവർഗ ഏവാസ്മൈ ലോകേ ജ്യോതിർദ-
ധാതി തന്തും തന്വൻ രജസോ ഭാനുമന്വിഹീത്യാഹേമാ-
നേവാസ്മൈ ലോകാൻ ജ്യോതിഷ്മതഃ കരോത്യനുൽ-
ബണം വയത ജോഗുവാമപ ഇത്യാഹ യദേവ യജ്ഞ
ഉൽബണം ക്രിയതേ തസ്യൈവൈഷാ ശാന്തിർമനുർ-
ഭവ ജനയാ ദൈവ്യം ജനമിത്യാഹ മാനവ്യോ വൈ
പ്രജാസ്താ ഏവാഽഽദ്യാഃ കുരുതേ മനസോ ഹവിരസീ-
ത്യാഹ സ്വഗാകൃത്യൈ ഗാത്രാണാം തേ ഗാത്രഭാജോ
ഭൂയാസ്മേത്യാഹാഽഽശിഷമേവൈതാമാ ശാസ്തേ
തസ്യൈ വാ ഏതസ്യാ ഏകമേവാദേവയജനം യദാല-
ബ്ധായാമഭ്രോ ഭവതി യദാലബ്ധായാമഭ്രഃ സ്യാദ-
പ്സു വാ പ്രവേശയേത്സർവാം വാ പ്രാശ്നീയാദ്യദ-
പ്സു പ്രവേശയേദ്യജ്ഞവേശസം കുര്യാത്സർവാമേവ
പ്രാശ്നീയാദിന്ദ്രിയമേവാത്മൻ ധത്തേ സാ വാ ഏഷാ
ത്രയാണാമേവാവരുദ്ധാ സംവത്സരസദഃ സഹസ്രയാ-
ജിനോ ഗൃഹമേധിനസ്ത ഏവൈതയാ യജേരന്തേഷാമേ-
വൈഷാഽഽപ്താ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം —ഈ ദ്യാവാ പൃഥിവികൾ ഒരുമിച്ച് ഇരിക്കുകയായിരുന്നു. വായു അവയെ വേർപെടുത്തി. ആ ദ്യാവാപൃഥിവികൾ ഗർഭം ധരിച്ചു. ആ ഗർഭത്തെ സോമൻ ജനിപ്പിച്ചു എന്നാൽ അഗ്നി അതിനെ ഗ്രസിച്ചു. അതിനു ശേഷം പ്രജാപതി അഗ്നിയെ സംബന്ധിച്ചതും എട്ടുപാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നതുമായ യാഗം മനസ്സിലാക്കി ആ യാഗം നടത്തി. തന്നിമിത്തം വന്ധ്യയായ ആട് അഗ്നിയിൽ നിന്നു് പ്രജാപതിക്കു് ലഭിച്ചു. അതുകൊണ്ടു് അഗ്നിയല്ലാതെ മററൊരു ദേവനെ ഉദ്ദേശിച്ച് യാഗം കഴിക്കുന്നവൻ ഉദ്ദിഷ്ടയാഗത്തിനു് മുൻപിൽ അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം ഹോമിക്കുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു് അഗ്നിയിൽ നിന്നു്തന്നെ യാഗമൃഗമായ വന്ധ്യയായ ആടിനെ തന്റെ അധീനതയിലാക്കി യാഗം നടത്തുന്നു.

ഒരുമിച്ചിരുന്ന ദ്യാവാ പൃഥിവികളെ വായു വേർപെടുത്തി എന്നുള്ളതുകൊണ്ടു് വന്ധ്യയായ ആടു് വായുവിനെ സംബന്ധിച്ചതാകുന്നു. ഈ ദ്യാവാ പൃഥിവികൾ ഗർഭം ധരിച്ചു എന്നതുകൊണ്ടു് വന്ധ്യയായ ആടു് ദ്യോവിനേയും പൃഥിവിയേയും സംബന്ധിച്ചതായി. സോമൻ ജനിപ്പിച്ചതുകൊണ്ടും അഗ്നി അതിനെ ഗ്രസിച്ചതുകൊണ്ടും അഗ്നിയേയും സോമനേയും സംബന്ധിച്ചതായിതീൎന്നു. ഒന്നായിരുന്ന ദ്യോവും പൃഥിവിയും വേർപെട്ടപ്പോൾ ശബ്ദം ഉണ്ടായതുകൊണ്ടു് സരസ്വതിയും വശയുടെ ദേവതയാണു്. പ്രജാപതി അഗ്നിയിൽ നിന്നു് വീണ്ടെടുത്തതുകൊണ്ടു് വശ പ്രജാപതിയെ സംബന്ധിച്ചതാണു്. അപ്രകാരമുള്ള വന്ധ്യയായ ആടു് എല്ലാ ദേവന്മാരേയും സംബന്ധിച്ചതാണു്.

ഐശ്വര്യം ആഗ്രഹിക്കുന്നവൻ വായുവിനെ ഉദ്ദേശിച്ച് വന്ധ്യയായ ആടിനെ യാഗം കഴിക്കുന്നു. വളരെ വേഗത്തിൽ യജമാനനു് യാഗഫലം നൽകുന്ന ദേവത വായുവാണു്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ വായുവിനെത്തന്നെ സമീപിക്കുന്നു, ആ വായു യജമാനനു് ഐശ്വര്യം ഉണ്ടാക്കുന്നു,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സസ്യസമൃദ്ധി ആഗ്രഹിക്കുന്ന കൃഷിക്കാരൻ ദ്യാവാഭൂമികളെ സംബന്ധിച്ച വശയെ യാഗം കഴിക്കുന്നു. ആ യജമാനന്ന് വേണ്ടി ദ്യോവിൽ നിന്ന് മേഘം വർഷിക്കുന്നു. ഭൂമിയിൽ സസ്യങ്ങൾ ഉണ്ടാകുന്നു. യജമാനന്ന് സസ്യസമൃദ്ധി ഉണ്ടാകുന്നു. ഭക്ഷണസാധനം സുഭിക്ഷമായി ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവൻ അഗ്നിയേയും സോമനേയും സംബന്ധിച്ച വശയെ യാഗം കഴിക്കുന്നു. അഗ്നിയുടെ പ്രസാദത്താൽ യജമാനന്ന് ഭക്ഷണസാധനം ലഭിക്കുന്നു. സോമൻെറ പ്രസാദത്താൽ ആരോഗ്യവും ലഭിക്കുന്നു. യജമാനന്ന് സുഭിക്ഷമായ അന്നവും ഭക്ഷണത്തിന്ന് വേണ്ട ശരീരശക്തിയും ലഭിക്കുന്നു. വേദശാസ്ത്രാദികൾ നല്ലപോലെ പഠിച്ചു എങ്കിലും സദസ്സിൽ സഭാകമ്പം മുതലായവകൊണ്ട് സംസാരിക്കാൻ അശക്തനായിട്ടുള്ളവൻ സരസ്വതിയെ ഉദ്ദേശിച്ച് വന്ധ്യയായ ആടിനെ യാഗം കഴിക്കുന്നു. വാക്കു് സരസ്വതി ആണല്ലോ. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ സരസ്വതിയെ തന്നെ സമീപിക്കുന്നു. ആ സരസ്വതീദേവി തന്നെ യജമാനന്ന് സദസ്സിൽ സംസാരിക്കാനുള്ള ശക്തി നൽകുന്നു അജയ്യനായ ഒരുത്തനെ ജയിക്കാൻ ആഗ്രഹിക്കുന്നവനും പ്രയാസമുള്ള കാര്യങ്ങൾ സാധിക്കാൻ അഗ്രഹിക്കുന്നവനും പ്രജാപതിയെ ഉദ്ദേശിച്ച് വന്ധ്യയായ ആടിനെ യാഗം കഴിക്കുന്നു. പ്രജാപതി എല്ലാ ദേവതകളും ആണ്. ദേവതകളുടെ പ്രസാദത്താൽ അജയ്യനായ ശത്രുവിനെ ജയിക്കുന്നു. പ്രയാസമുള്ള കാര്യങ്ങൾ സാധിക്കുകയും ചെയ്യുന്നു.

"ആവായോ" ഇത്യാദിമന്ത്രം ചൊല്ലി യാഗമൃഗത്തെ കൊണ്ടു വരുന്നു. വന്ധ്യയായ ആടിനെ വായുവിനെ ഉദ്ദേശിച്ച് യാഗം നടത്താനായി കൊല്ലുന്നു. "ആക്രന്ത്യ ത്വാ" എന്ന മന്ത്രം ചൊല്ലുന്നു. ഇതിൻെറ അർത്ഥം സ്പഷ്ടമാണ്. "കിക്കിടാ" എന്ന ശബ്ദത്തോടുകൂടി ഹോമിക്കുന്നു. ഗ്രാമ്യമൃഗങ്ങൾ 'കിക്കിടാ" എന്ന ശബ്ദം പുറപ്പെടുവിച്ച്കൊണ്ടു് കളിക്കുന്നു. കാട്ടുമൃഗങ്ങൾ "കിക്കിടാ" ശബ്ദം കേട്ട് പലായനം ചെയ്യുന്നു. യജമാനൻെറ പശുക്കൾക്കു് നന്മയുണ്ടാകുന്നതിന്ന് വേണ്ടിയാണ് "കിക്കിടാ" ശബ്ദത്തോടുകൂടി ഹോമം ചെയ്യുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തീക്കൊള്ളികൊണ്ടു് യാഗമൃഗത്തെ ഒഴിയുമ്പോൾ "ആക്കുത്യൈ ത്വാ" ഇത്യാദി മന്ത്രം ചൊല്ലി ഹോമിക്കുന്നു. അതുകൊണ്ടു് യാഗമൃഗം ജീവിച്ചിരിക്കുമ്പോൾ തന്നെ അതിനെ സ്വർഗ്ഗലോകത്തിൽ എത്തിക്കുന്നു. "ത്വം തുരീയാ വശിനീ വശാഽസി" എന്ന മന്ത്രം ചൊല്ലുന്നു അപ്രകാരം ചൊല്ലുന്നതുകൊണ്ടു് യാഗമൃഗത്തെ ദേവന്മാരുടെ സമീപത്തിൽ എത്തിക്കുന്നു. "സത്യാസ്സന്തു യജമാനസ്യ കാമാഃ" എന്ന മന്ത്രം ചൊല്ലുന്നു വിഘ്നം ഒന്നും ഇല്ലാതെ യാഗം മുഴവനാക്കുക എന്നുള്ളതാണു് യജമാനന്റെ ആഗ്രഹം. അതുകൊണ്ടാണു് ഈ മന്ത്രം ചൊല്ലുന്നതു്. "അജാഽസി രയിഷ്ഠാ" എന്ന മന്ത്രം ചൊല്ലുന്നു അപ്രകാരം മന്ത്രം ചൊല്ലുന്നതുകൊണ്ടു് യാഗമൃഗത്തെ ഭൂമി, അന്തരിക്ഷം, സ്വർഗ്ഗം എന്നീ ലോകങ്ങളിൽ പ്രതിഷ്ഠിക്കുന്നു. "ദിവിതേ ബൃഹദ്ഭാഃ" എന്ന മന്ത്രം ചൊല്ലുന്നു അതുകൊണ്ടു് യജമാനനു് വേണ്ടി സ്വർഗ്ഗലോകത്തിൽ പ്രകാശം ഉണ്ടാക്കുന്നു. "തന്തും തന്വൻ രജസോ ഭാനുമന്വിഹി" എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് ഭൂമി, അന്തരിക്ഷം സ്വർഗ്ഗം എന്നീ ലോകങ്ങൾ പ്രകാശമുള്ളതാകുന്നു. "അനുൽബണം വയത" എന്ന മന്ത്രം ചൊല്ലുന്നു. യാഗത്തിനു് വിധിച്ചതിൽ കൂടുതലായി അനുഷ്ഠിച്ചതുകൊണ്ടുള്ള ദോഷം ഈ മന്ത്രം ചൊല്ലിയതുകൊണ്ടു് ശമിക്കുന്നു.

"മനുർഭവ ജനയാ ദൈവ്യം ജനം" എന്ന മന്ത്രം ചൊല്ലുന്നു. ദേവന്മാർ മനുഷ്യർ എന്നിവരെല്ലാം മനുവിൽ നിന്നു് ഉണ്ടായവരാണു്. (സ്വായംഭുവമനു പ്രജാപതിയായി ലോകം സൃഷ്ടിച്ചതുകൊണ്ടു്) അവർ എല്ലാവരും യജമാനന്റെ സുഖാനുഭവങ്ങൾക്കു് സഹായികളായിത്തീരുന്നു. "മനസോ ഹവിരസി" എന്ന മന്ത്രം ചൊല്ലുന്നു. ഇപ്രകാരം മന്ത്രം ചൊല്ലുന്നതു് യജമാനൻ ഭക്ഷിക്കുന്ന ഹവിശ്ശേഷം (യാഗത്തിൽ ഹോമിച്ചതിനു് ശേഷം ബാക്കിവന്നതു്) ഉദരത്തിനു് ഹിതമായിരിക്കുന്നതിനു് വേണ്ടിയാണു്. "ഗാത്രാണാം തേ ഗാത്രഭാജോ ഭൂയാസ്മ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രംകൊണ്ടു് അതിൽ പ്രതിപാദിക്കുന്ന കാര്യം ആശംസിക്കുകയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേഘാവൃതമായ ദിവസത്തിൽ യാഗത്തിന് വേണ്ടി മൃഗത്തെ കൊല്ലരുത്. യാഗത്തിനായി മൃഗത്തെ കൊന്നതിന് ശേഷം മേഘം ഉണ്ടാവുകയാണെങ്കിൽ കൊല്ലപ്പെട്ട മൃഗത്തെ ജലാശയത്തിൽ ഇടുകയോ ആ മാംസം ഭക്ഷിക്കുകയോ ചെയ്യാം. കൊല്ലപ്പെട്ട മൃഗത്തെ ജലാശയത്തിൽ ഇടുകയാണെങ്കിൽ അത് യാഗത്തിന് വിഘാതമായിത്തീരും, അതുകൊണ്ട് ആ മൃഗത്തിന്റെ മാംസം ഭക്ഷിക്കുന്നു. അതുകൊണ്ട് യജമാനന് ഇന്ദ്രിയശക്തി സിദ്ധിക്കുന്നു. മൂന്നുതരത്തിലുള്ള ആളുകൾക്ക് മാത്രമാണ് വന്ധ്യയായ ആടിനെ യാഗംചെയ്യാൻ അർഹതയുള്ളത് അവർ "ഗവാം അയനം'' എന്നറിയപ്പെടുന്ന ഒരു സംവത്സരം നീണ്ടുനിൽക്കുന്ന യാഗം നടത്തുന്നവർ, ആയിരം സ്വർണ്ണനാണയം ദക്ഷിണ നൽകി യാഗം നടത്തുന്നവർ, ഏതെങ്കിലും യാഗം നടത്താൻ ദീക്ഷിച്ചിരിക്കുന്നവർ എന്നിവരാണ്. ഈ യാഗമൃഗം അവർക്ക് മാത്രമാണ് യോജിച്ചത്.

ഇതി തൃതീയോ$ഽ$നുവാകഃ

അഥ ചതുർത്ഥോ$ഽ$നുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—ചിത്തം ച ചിത്തിശ്ചാ$ഽഽ$കൂതം ചാ$ഽഽ$കൂതിശ്ച വിജ്ഞാതം ച വിജ്ഞാനം ച മനശ്ച ശക്വരീശ്ച ദർശശ്ച പൂർണമാസശ്ച ബൃഹച്ച രഥന്തരം ച പ്രജാപതിർജയാനിന്ദ്രായ വൃഷ്ണേ പ്രായച്ഛദുഗ്രഃ പൃതനാജ്യേഷു തസ്മൈ വിശഃ സമനമന്ത സർവാ സ ഉഗ്രഃ സ ഹി ഹവ്യോ ബഭൂവ ദേവാസുരാ സംയത്താആസൻ സ ഇന്ദ്രഃ പ്രജാപതി മുപാധാവത്തസ്മാ ഏതാഞ്ജയാൻ പ്രായച്ഛത്താനജുഹോത്തതോവൈ ദേവാ അസുരാൻ അജയൻ യദജയന്തജ്ജയാനാം ജയത്വഗ്ഗ്സ്പർധമാനേനൈതേ ഹോതവ്യാ ജയത്യൈവതാം പൃതനാം॥

(അനുവാകത്തിന്റെ ആരംഭം മുതൽ "രഥംതരഞ്ച'' എന്നതുവരെ "ജയ'' എന്ന മന്ത്രവും അതിന് ശേഷം അനുവാകത്തിന്റെ അവസാനം വരെ ബ്രാഹ്മണവും ആണ്.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രഭാഗത്തിൻെറ പദച്ഛേദം—ചിത്തം ച ചിത്തിഃ ച ആകൂതം ച ആകൂതിഃ ച വിജ്ഞാതം ച വിജ്ഞാനം ച മനഃ ച ശക്കരീഃ ച ദർശഃ ച പൂർണമാസഃ ച ബൃഹദ് ച രഥന്തരം ച

മന്ത്രവും വിനിയോഗവും അർത്ഥവും

മന്ത്രം 1-13 ചിത്തഞ്ച ചിത്തിശ്ചാകൂതഞ്ചാകൂതിശ്ച
വിജ്ഞാതഞ്ച വിജ്ഞാനം ച മനശ്ച ശക്കരീശ്ച
ദർശ്പൂർണമാസശ്ച ബൃഹച്ച രഥന്തരം ച

ഈ മന്ത്രങ്ങൾ ചൊല്ലി ഹോമം കഴിക്കുന്നു. ഹോമാവസരത്തിൽ ഓരോ മന്ത്രഭാഗത്തോടും കൂടി "സ്വാഹാ" എന്ന് ചേർത്ത് ചൊല്ലുന്നു. ചിത്തം ച സ്വാഹാ, ചിത്തിശ്ച സ്വാഹാ ഇത്യാദി.

ഇദം ചിത്തം മമ അസ്തു = ഈ ചിത്തം (നിർവികല്പ ജ്ഞാനംകൊണ്ട് പ്രതീതമാകുന്ന വസ്തു) എനിക്ക് ഉണ്ടാകട്ടെ. ചിത്തിഃ ച മമ അസ്തു = ചിത്തിയും (നിർവികല്പജ്ഞാനവും) എനിക്ക് ഉണ്ടാകട്ടെ ആകൂതം ച മമ അസ്തു = ആകൂതവും (സങ്കൽപിതമായ വസ്തുവും) എനിക്ക് ഉണ്ടാകട്ടെ. ആകൂതിഃ ച = ആകൂതിയും (സങ്കൽപവും) എനിക്ക് ഉണ്ടാകട്ടെ വിജ്ഞാതം ച = വിജ്ഞാതവും (വിശേഷാകാരേണ നിശ്ചിതമായ വസ്തുവും എനിക്ക് ഉണ്ടാകട്ടെ. വിജ്ഞാനം ച = വിജ്ഞാനവും (വസ്തുവിനെപ്പററിയുള്ള അറിവും) എനിക്ക് ഉണ്ടാകട്ടെ. ശക്കരിഃ ച = ബാഹ്യേന്ദ്രിയ ശക്തിയും എനിക്ക് ഉണ്ടാകട്ടെ. പൂർണമാസഃ ച = പൂർണമാസ യാഗവും എനിക്ക് ഉണ്ടാകട്ടെ. ബൃഹത് ച = ബൃഹത് എന്ന സാമഗാനവും എനിക്ക് ഉണ്ടാകട്ടെ. രഥന്തരം ച = രഥന്തരവും എനിക്ക് ഉണ്ടാകട്ടെ.

ബ്രാഹ്മണഭാഗത്തിൻെറ അർത്ഥം

യുദ്ധയാത്ര പോകുന്നതിൽ ഉഗ്രനായ ഇന്ദ്രന് പ്രജാപതി ആഗ്രഹങ്ങൾ സാധിച്ച് തരുന്ന "ചിത്തം ച" ഇത്യാദി "ജയം" മന്ത്രങ്ങൾ നൽകി. ആ മന്ത്രത്തിൻെറ ശക്തി കൊണ്ട് ഇന്ദ്രന് എല്ലാവരും വിധേയരായി ഭവിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉഗ്രൻ ആയിത്തീന്ന ഇന്ദ്രൻ ഹോമാദികളിൽ ഭാഗം ലഭിക്കാൻ അർഹനായിത്തീന്ന

ദേവന്മാരും അസുരന്മാരും പരസ്പരം യുദ്ധത്തിന്ന് തയാറായി. ഇന്ദ്രൻ ബ്രഹ്മാവിനെ സമീപിച്ചു. പ്രജാപതി ജയാ എന്ന പേരുള്ള ഈ മന്ത്രങ്ങൾ ഇന്ദ്രന് നൽകി. പ്രജാപതി ഈ മന്ത്രങ്ങൾ ചൊല്ലി ഹോമം കഴിച്ചു. അനന്തരം ദേവന്മാർ അസുരന്മാരെ ജയിച്ചു. ഈ മന്ത്രങ്ങളുടെ ശക്തികൊണ്ട് യുദ്ധം ജയിച്ചു എന്ന കാരണത്താൽ ഈ മന്ത്രങ്ങൾക്ക് ''ജയാ'' എന്ന നാമം സിദ്ധിച്ചു. ശത്രുവിനെ ജയിക്കണം എന്ന് ആഗ്രഹിക്കുന്നവൻ ഈ മന്ത്രം ചൊല്ലി ഹോമം കഴിക്കണം. എന്നാൽ യജമാനൻ തീർച്ചയായും ശത്രുസേനയെ ജയിക്കും.

ഇതിചതുർത്ഥോ$നുവാകഃ

അഥ പഞ്ചമോ$നുവാകഃ (മന്ത്രം)

സംഹിതാ—അഗ്നിർഭൂതാനാമധിപതിഃ സ മാ$വത്വിന്ദ്രോ ജ്യേഷ്ഠാനാം യമഃ പൃഥിവ്യാ വായുരന്തരിക്ഷസ്യ സൂർയോ ദിവശ്ചന്ദ്രമാ നക്ഷത്രാണാം ബൃഹസ്പതിർബ്രഹ്മണോ മിത്രഃ സത്യാനാം വരുണോ$പാം സമുദ്രഃ സ്രോത്യാനാമന്നം സാമ്രാജ്യാനാമധിപതിസ്തന്മാ$വതു സോമ ഓഷധീനാം സവിതാ പ്രസവാനാം രുദ്രഃ പശൂനാം ത്വഷ്ടാ രൂപാണാം വിഷ്ണുഃ പർവതാനാം മരുതോ ഗണാനാമധിപതയസ്തേ മാ$വന്തു പിതരഃ പിതാമഹാഃ പരേ$വരേ തതാസ്തതാമഹാ ഇഹ മാ$വത। അസ്മിൻ ബ്രഹ്മന്നസ്മിൻ ക്ഷത്രേ$സ്യാമാശിഷ്യസ്യാം പുരോധായാമസ്മിൻ കർമന്നസ്യാം ദേവഹൂത്യാം॥

പദച്ഛേദം—അഗ്നിഃ ഭൂതാനാം അധിപതിഃ സഃ മാ അവതു ഇന്ദ്രഃ ജ്യേഷ്ഠാനാം യമഃ പൃഥിവ്യാഃ വായുഃ അന്തരിക്ഷസ്യ സൂർയഃ ദിവഃ ചന്ദ്രമാഃ നക്ഷത്രാണാം ബൃഹസ്പതിഃ ബ്രഹ്മണഃ മിത്രഃ സത്യാനാം വരുണഃ അപാം സമുദ്രഃ സ്രോത്യാനാം അന്നം സാമ്രാജ്യാനാം അധിപതിഃ തത് മാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവതു സോമഃ ഓഷധീനാം സവിതാ പ്രസവാനാം രുദ്രഃ പശൂനാം ത്വഷ്ടാ രൂപാണാം വിഷ്ണുഃ പർവതാനാം മരുതഃ ഗണാനാം അധിപതയഃ തേ മാ അവന്തു പിതരഃ പിതാമഹാഃ പരേ അവരേ തതാഃ തതാമഹാഃ ഇഹ മാ അവത അസ്മിൻ ബ്രഹ്മൻ അസ്മിൻ ക്ഷത്രേ അസ്യാം ആശിഷി അസ്യാം പുരോധായാം അസ്മിൻ കർമ്മൻ അസ്യാം ദേവഹൂത്യാം.

മന്ത്രവും വിനിയോഗവും അർത്ഥവും

1 അഗ്നിർഭൂതാനാമധിപതിസ്സമാഽവതു അസ്മിൻ ബ്രഹ്മണ-സ്മിൻ ക്ഷത്രേ അസ്യാമാശിഷ്യസ്യാം പുരോധായാമസ്മിൻ കർമണ്യസ്യാം ദേവഹൂത്യാം।

[ഈ അനുവാകത്തിലുള്ള 18 മന്ത്രങ്ങളും ''അഭ്യാതാന മന്ത്ര-ങ്ങൾ'' എന്ന് അറിയപ്പെടുന്നു. ഇവ ഓരോ മന്ത്രമായി ചൊല്ലി ഹോമം കഴിക്കുന്നു. എല്ലാ മന്ത്രങ്ങളുടെ അവസാ-നത്തിലും ' സഃ മാ അവതു'' എന്നോ ''തന്മാവതു'' എന്നോ ''തേമാഽവന്തു'' എന്നോ യഥായോഗ്യം ചേർക്കണം. മന്ത്ര-ങ്ങളുടെ അവസാനത്തിലും 'അസ്മിൻ ബ്രഹ്മണസ്മിൻ ക്ഷത്രേഽസ്യാമാശിഷ്യസ്യാം പുരോധായാമസ്മിൻ കർമ-ണ്യസ്യാം ദേവഹൂത്യാം'' എന്നും ചേർക്കണം.]

അഗ്നിഃ = അഗ്നി, ഭൂതാനാം അധിപതിഃ = ഭൂതങ്ങളുടെ അധിപതിയാണ്. സഃ = അപ്രകാരമുള്ള അഗ്നി, അസ്മിൻ ബ്രഹ്മൻ = ഈ ബ്രാഹ്മണ കുലത്തിലും, അസ്മിൻ ക്ഷത്രേ = ഈ ക്ഷത്രിയകുലത്തിലും, അസ്യാം ആശിഷി = ഉദ്ദിഷ്ട-ഫലസിദ്ധിയിലും, അസ്യാം പുരോധായാം = ഈ കർമ്മാ-നുഷ്ഠാനത്തിലും, അസ്യാം ദേവഹൂത്യാം = ദേവന്മാരെ വിളിക്കുന്ന ഈ കാര്യത്തിലും, മാ = എന്നെ, അവതു = രക്ഷിക്കട്ടെ,

2 ഇന്ദ്രോജ്യേഷ്ഠാനാം (അധിപതിഃ സമാഽവതു)

ഇന്ദ്രഃ = ഇന്ദ്രൻ, ജ്യേഷ്ഠാനാം = ശ്രേഷ്ഠരായ ലോകപാല-ന്മാരുടെ, അധിപതിയാണ് അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

3 യമഃ പൃഥിവ്യാഃ (അധിപതിഃ സമാഽവതു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യമഃ = യമൻ, പൃഥിവ്യാഃ അധിപതിഃ = ഭൂമിയുടെ അധിപതിയാണ്. അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

4 വായുരന്തരിക്ഷസ്യ (അധിപതിഃ സമാഽവതു)
വായുഃ = വായു, അന്തരിക്ഷസ്യ അധിപതിഃ = അന്തരിക്ഷത്തിൻെറ അധിപതിയാണ്. അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

5 സൂർയോ ദിവഃ (അധിപതിസ്സമാഽവതു)
സൂർയഃ = സൂർയൻ, ദിവഃ അധിപതിഃ = ദ്യോവിൻെറ അധിപതിയാണ്. അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

6 ചന്ദ്രമാ നക്ഷത്രാണാം (അധിപതിസ്സമാഽവതു)
ചന്ദ്രമാഃ = ചന്ദ്രൻ, നക്ഷത്രാണാം അധിപതിഃ = നക്ഷത്രങ്ങളുടെ അധിപതിയാണ്. അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

7 ബൃഹസ്പതിർ ബ്രഹ്മണോ (അധിപതിസ്സമാഽവതു)
ബൃഹസ്പതിഃ = ബൃഹസ്പതി, ബ്രഹ്മണഃ അധിപതിഃ = ബ്രാഹ്മണജാതിയുടെ അധിപതിയാണ്. അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

8 മിത്രഃ സത്യാനാം (അധിപതിസ്സമാഽവതു)
മിത്രഃ = മിത്രൻ, സത്യാനാം അധിപതിഃ = സത്യത്തിൻെറ അധിപതിയാണ്. അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

9 വരുണോഽപാം (അധിപതിസ്സമാഽവതു)
വരുണഃ = വരുണൻ, അപാം അധിപതിഃ = ജലത്തിൻെറ അധിപതിയാണ്. അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

10 സമുദ്രഃ സ്രോത്യാനാം (അധിപതിസ്സമാഽവതു)
സമുദ്രഃ = സമുദ്രം (സമുദ്രത്തിൻെറ ദേവത) സ്രോത്യാനാം അധിപതിഃ = ജലപ്രവാഹങ്ങളുടെ അധിപതിയാണ്. അപ്രകാരമുള്ള സമുദ്രദേവത എന്നെ രക്ഷിക്കട്ടെ.

11 അന്നം സാമ്രാജ്യാനാമധിപതിസ്തന്മാവതു!
അന്നം = ഭക്ഷണം, സാമ്രാജ്യാനാം = രാജഭോഗ്യമായ പദാർത്ഥങ്ങളുടെ, അധിപതിഃ = അധിപതിയാണ്. തത് അപ്രകാരമുള്ള അന്നം, മാ അവതു = എന്നെ രക്ഷിക്കട്ടെ.

12 സോമ ഓഷധീനാം (അധിപതിസ്സമാഽവതു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോമഃ = സോമൻ, ഓഷധീനാം അധിപതിഃ = ഓഷധി-കളുടെ അധിപതിയാണ്. അപ്രകാരമുള്ള സോമൻ എന്നെ രക്ഷിക്കട്ടെ.

13 സവിതാ പ്രസവാനാം (അധിപതിസ്സമാഽവതു)
സവിതാ = സവിതാവ്, പ്രസവാനാം = യജമാനന്ന് സന്താനം നൽകുന്ന ദേവതകളുടെ, അധിപതിഃ = അധിപതിയാണ്. അപ്രകാരമുള്ള സവിതാവ് എന്നെ രക്ഷിക്കട്ടെ.

14 രുദ്രഃ പശൂനാം (അധിപതിസ്സമാഽവതു)
രുദ്രഃ = രുദ്രൻ, പശൂനാം അധിപതിഃ = മൃഗങ്ങളുടേയും മനുഷ്യരുടേയും (എല്ലാ പ്രാണികളുടേയും) അധിപതിഃ = അധിപതിയാണ്. അപ്രകാരമുള്ള രുദ്രൻ എന്നെ രക്ഷിക്കട്ടെ.

15 ത്വഷ്ടാ രൂപാണാം (അധിപതിസ്സമാഽവതു)
ത്വഷ്ടാ = ത്വഷ്ടാവ് എന്ന ദേവൻ രൂപാണാം അധിപതിഃ = സ്ത്രീപുരുഷാദി രൂപഭേദങ്ങളുടെ അധിപതിയാണ്. അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

16 വിഷ്ണുഃ പർവതാനാം (അധിപതിസ്സമാഽവതു)
വിഷ്ണുഃ = വിഷ്ണു, പർവതാനാം അധിപതിഃ = പർവതങ്ങളുടെ അധിപതിയാണ്. അദ്ദേഹം എന്നെ രക്ഷിക്കട്ടെ.

17 മരുതോ ഗണാനാമധി പതയസ്തേമാഽവന്തു
മരുതഃ = മരുത്തുക്കൾ ഗണാനാം അധിപതയഃ = ഗണദേവതകളുടെ അധിപതികൾ ആകുന്നു. തേ = അപ്രകാര-മുള്ള മരുത്തുകൾ, മാ അവന്തു = എന്നെ രക്ഷിക്കട്ടെ.

18 പിതരഃ പിതാമഹാഃ പരേഽവരേ തതാസ്തതാമഹാ
ഇഹ മാഽവത
പിതരഃ = അച്ഛനും, പിതാമഹാഃ = അച്ഛന്റെ അച്ഛനും, (ജീവിച്ചിരിക്കുന്നവർ) പരേ = ഏഴ് തലമുറയ്ക്ക് മുൻപ് ജീവിച്ചിരുന്നവരും, അവരേ ച യേ = ഏഴ് തലമുറയ്ക്കുള്ളിൽ ജീവിച്ചിരുന്ന തതാഃ തതാമഹാഃ = എല്ലാ പിതൃക്കളും, ഇഹ = ഈ കർമത്തിൽ, മാ അവത = എന്നെ രക്ഷിക്കട്ടെ.

ഇതി പഞ്ചമോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ ഷഷ്ഠോ$\,$ƒനുവാകഃ (ബ്രാഹ്മണം)

സംഹിതാ—ദേവാ വൈ യദ്യജ്ഞേƒകുർവത തദസുരാ അകുർവത തേ ദേവാ ഏതാനഭ്യാതാനാനപശ്യൻതാനഭ്യാതനവത യദ്ദേവാനാം കർമാƒƒസീദാർധ്യത തദ്യദസുരാണാം ന തദാർധ്യത യേന കർമണേർത്സേത്തത്ര ഹോതവ്യാ ഋധ്നോത്യേവ തേന കർമണാ യദ്വിശ്വേ ദേവാഃ സമഭരൻതസ്മാദഭ്യാതാനാ വൈശ്വദേവാ യത് പ്രജാപതിർജയാൻ പ്രായച്ഛത്തസ്മാജ്ജയാഃ പ്രാജാപത്യാഃ യദ്രാഷ്ട്രഭൃദ്ഭീരാഷ്ട്രമാƒദദത തദ്രാഷ്ട്രഭൃതാഗ്ഗ്ം രാഷ്ട്രഭൃത്ത്വം തേ ദേവാ അഭ്യാതാനൈരസുരാനഭ്യാതനവത ജയൈരജയൻ രാഷ്ട്രഭൃദ്ഭീ രാഷ്ട്രമാƒദദത യദ്ദേവാ അഭ്യാതാനൈരസുരാനഭ്യാതനവത തദഭ്യാതാനാനാമഭ്യാതാനത്വം യജ്ജയൈരജയൻ തജ്ജയാനാം ജയത്വം യദ്രാഷ്ട്രഭൃദ്ഭീ രാഷ്ട്രമാദദത തദ്രാഷ്ട്രഭൃതാഗ്ഗ്ം രാഷ്ട്രഭൃത്ത്വം തതോ ദേവാ അഭവൻ പരാƒസുരാ യോ ഭ്രാതൃവ്യവാൻ സ്യാത്സ ഏതാൻ ജുഹുയാദഭ്യാതാനൈരേവ ഭ്രാതൃവ്യാനഭ്യാതനുതേ ജയൈർജയതി രാഷ്ട്രഭൃദ്ഭീ രാജ്യമാ ദത്തേ ഭവത്യാത്മനാ പരാƒസ്യ ഭ്രാതൃവ്യോ ഭവതി॥

അർത്ഥം—ദേവന്മാർ യാഗത്തിൽ എന്തെല്ലാം അനുഷ്ഠിച്ചുവോ അതെല്ലാം അസുരന്മാരും അനുഷ്ഠിച്ചു. ദേവന്മാർ ''അഭ്യാതാനം'' എന്നു' അറിയപ്പെടുന്ന മന്ത്രങ്ങൾ മനസ്സിലാക്കി. ആ മന്ത്രങ്ങൾ ചൊല്ലി യാഗം കഴിച്ചു അതുകൊണ്ടു' ദേവന്മാർ അനുഷ്ഠിച്ച കർമ്മം സമൃദ്ധമായി ഭവിച്ചു. അസുരന്മാർ അനുഷ്ഠിച്ച കർമ്മം സമൃദ്ധമായില്ല. ഏതു കർമ്മം അനുഷ്ഠിച്ചാണോ യജമാനൻ ഐശ്വര്യം ലഭിക്കാൻ ആഗ്രഹിക്കുന്നതു' ആ കർമാനുഷ്ഠാനത്തിൽ അഭ്യാതാനമന്ത്രങ്ങൾ ചൊല്ലി ഹോമം കഴിക്കണം. അനുഷ്ഠിച്ചകർമം കൊണ്ടു' യജമാനന്' ഐശ്വര്യം ലഭിക്കുന്നു എല്ലാ ദേവന്മാരും ഈ മന്ത്രം ചൊല്ലി ഹോമം കഴിച്ചതുകൊണ്ടു' അഭ്യാതാന മന്ത്രങ്ങൾ എല്ലാ ദേവന്മാരേയും സംബന്ധിച്ചതായി തീർന്നു. (വൈശ്വദേവങ്ങൾ). പ്രജാപതി ജയാമന്ത്രങ്ങൾ ദേവന്മാർക്കു' കൊടുത്തതുകൊണ്ടു' ജയാമന്ത്രങ്ങൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാപതിയെ സംബന്ധിച്ചതായി. രാഷ്ട്രഭൃത് എന്ന് അറിയപ്പെടുന്ന മന്ത്രങ്ങളാൽ ദേവന്മാർ അസുരന്മാരുടെ അധീനതയിലിരുന്ന രാജ്യം സമ്പാദിച്ചു എന്നുള്ളതുകൊണ്ട് ആ മന്ത്രങ്ങൾക്ക് "രാഷ്ട്രഭൃത്" എന്ന് പേരു് ലഭിച്ചു. "ജയാ" മന്ത്രങ്ങളാൽ ജയിച്ചു എന്നതുകൊണ്ട് അവയ്ക്ക് ആ നാമം സിദ്ധിച്ചു. രാഷ്ട്രം സ്വാധീനമാക്കാൻ സഹായിച്ച മന്ത്രങ്ങളെ "രാഷ്ട്രഭൃത്" മന്ത്രം എന്ന് പറയുന്നു. ജയാ, രാഷ്ട്രഭൃത്, അഭ്യാതാനം എന്നീ മന്ത്രങ്ങൾ ചൊല്ലി ഹോമം ചെയ്തുകൊണ്ട് ദേവന്മാർ വിജയികളായി, അസുരന്മാർ തോൽക്കുകയും ചെയ്തു.

ശത്രുക്കൾ ഉള്ളവൻ ഈ മന്ത്രങ്ങൾ ചൊല്ലി ഹോമം കഴിക്കുന്നു. അഭ്യാതാന മന്ത്രങ്ങളാൽ ശത്രുക്കളെ വശീകരിക്കുന്നു. ജയാമന്ത്രങ്ങളെക്കൊണ്ട് ജയിക്കുന്നു. രാഷ്ട്രഭൃത് മന്ത്രങ്ങളെക്കൊണ്ട് ശത്രുവിന്റെ രാജ്യം കൈവശപ്പെടുത്തുന്നു. അവന്റെ ശത്രു തോററുപോകുന്നു.

ഇതി ഷഷ്ഠോഽനുവാകഃ

അഥ സപ്തമോഽനുവാകഃ (മന്ത്രം)

സംഹിതാ — ഋതാഷാഡൃതധാമാഽഗ്നിർഗന്ധർവസ്തസ്യൌഷധയോഽപ്സരസ ഊർജോ നാമ സ ഇദം ബ്രഹ്മ ക്ഷത്രം പാതു താ ഇദം ബ്രഹ്മ ക്ഷത്രം പാന്തു തസ്മൈ സ്വാഹാ താഭ്യഃ സ്വാഹാ സഗ്ംഹിതോ വിശ്വസാമാ സൂർയോ ഗന്ധർവസ്തസ്യ മരീചയോഽപ്സരസ ആയുവഃ സുഷുമ്നഃ സൂര്യരശ്മിശ്ചന്ദ്രമാ ഗന്ധർവസ്തസ്യ നക്ഷത്രാണ്യപ്സരസോ ബേകുരയോ ഭുജ്യുഃ സുപർണോ യജ്ഞോ ഗന്ധർവസ്തസ്യ ദക്ഷിണാ അപ്സരസഃ സ്തവാഃ പ്രജാപതിർവിശ്വകർമ്മാ മനോഗന്ധർവസ്തസ്യർക്സാമാന്യപ്സരസോ വഹ്നയ ഇഷിരോ വിശ്വവ്യചാ വാതോ ഗന്ധർവസ്തസ്യാഽഽപോഽപ്സരസോ മുദാ ഭുവനസ്യ പതേ യസ്യ ത ഉപരി ഗൃഹാ ഇഹ ച। സ നോ രാസ്വാജ്യാനിഗ്ം രായസ്പോഷഗ്ം സുവീർയഗ്ം സംവത്സരീണാഗ്സ്വസ്തിം॥ പരമേഷ്ഠ്യധിപതിർമൃത്യുർഗന്ധർവസ്തസ്യ വിശ്വമപ്സരസോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭുവഃ സുക്ഷിതിഃ സുഭൂതിർഭദ്രകൃത് സുവർവാൻ പർജ-
ന്യോ ഗന്ധർവസ്തസ്യ വിദ്യുതോ/പ്സരസോ രുചോ
ദൂരേഹേതിരമൃഡയോ മൃത്യുർഗന്ധർവസ്തസ്യ പ്രജാ-
അപ്സരസോ ഭീരുവശ്ചാരുഃ കൃപണകാശീ കാമോ
ഗന്ധർവസ്തസ്യാ//ധയോ/പ്സരസഃ ശോചയന്തീർനാമ
സ ഇദം ബ്രഹ്മ ക്ഷത്രം പാതു താ ഇദം ബ്രഹ്മ ക്ഷത്രം
പാന്തു തസ്മൈ സ്വാഹാ താഭ്യഃ സ്വാഹാ സ നോ
ഭുവനസ്യ പതേ യസ്യ ത ഉപരി ഗൃഹാ ഇഹ ച ഉരു
ബ്രഹ്മണേ/സ്മൈ ക്ഷത്രായ മഹി ശർമ യച്ഛ॥

പദച്ഛേദം— ഋതാഷാഡ് ഋതധാമാ അഗ്നിഃ ഗന്ധർവഃ തസ്യ ഓഷധയഃ അപ്സരസഃ ഊർജഃ നാമ സഃ ഇദം ബ്രഹ്മ ക്ഷത്രം പാതു താഃ ഇദം ബ്രഹ്മ ക്ഷത്രം പാന്തു തസ്മൈ സ്വാഹാ താഭ്യഃ സ്വാഹാ സംഹിതഃ വിശ്വസാമാ സൂര്യഃ ഗന്ധർവഃ തസ്യ മരീചയഃ അപ്സരസഃ ആയുവഃ സുഷുമ്നഃ സൂര്യരശ്മിഃ ചന്ദ്രമാഃ ഗന്ധർവഃ തസ്യ നക്ഷത്രാണി അപ്സരസഃ ബേകുരയഃ ഭുജ്യുഃ സുപർണഃ യജ്ഞഃ ഗന്ധർവഃ തസ്യ ദക്ഷിണാഃ അപ്സരസഃ സ്തവാഃ പ്രജാപതിഃ വിശ്വകർമാ മനഃ ഗന്ധർവഃ തസ്യ ഋക്സാമാനി അപ്സരസഃ വഹ്നയഃ ഇഷിരഃ വിശ്വവ്യചാഃ വാതഃ ഗന്ധർവഃ തസ്യ ആപഃ അപ്സരസഃ മുദാഃ ഭുവനസ്യ പതേ യസ്യ തേ ഉപരി ഗൃഹാഃ ഇഹ ച സഃ നഃ രാസ്വ അജ്യാനിം രായ-സ്പോഷം സംവത്സരീണാം സ്വസ്തിം പരമേഷ്ഠീ അധിപതിഃ മൃത്യുഃ ഗന്ധർവഃ തസ്യ വിശ്വം അപ്സരസഃ ഭുവഃ സുക്ഷിതിഃ സുഭൂതിഃ ഭദ്രകൃത് സുവർവാൻ പർജന്യഃ ഗന്ധർവഃ തസ്യ വിദ്യുതഃ അപ്സരസഃ രുചഃ ദൂരേഹേതിഃ അമൃഡയഃ മൃത്യുഃ ഗന്ധർവഃ തസ്യ പ്രജാഃ അപ്സരസഃ ഭീരുവഃ ചാരുഃ കൃപണകാശീ കാമഃ ഗന്ധർവഃ തസ്യ ആധയഃ അപ്സരസഃ ശോചയന്തീഃ നാമ സഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദം ബ്രഹ്മ ക്ഷത്രം പാതു താഃ ഇദം ബ്രഹ്മ ക്ഷത്രം പാന്തു തസ്മൈ സ്വാഹാ താഭ്യഃ സ്വാഹാ സഃ നഃ ഭുവനസ്യ പതേ യസ്യ തേ ഉപരി ഗൃഹാഃ ഇഹ ച ഉരു ബ്രഹ്മണേ അസ്മൈ ക്ഷത്രായ മഹി ശർമ യച്ഛ॥

മന്ത്രവും വിനിയോഗവും അർത്ഥവും

ഈ അനുവാകം മുഴുവൻ "രാഷ്ട്രഭൃത്" മന്ത്രങ്ങളാണ്. ശത്രുവിന്റെ രാജ്യം കൈവശമാക്കുന്നതിന് വേണ്ടി ഈ അനുവാകത്തിലുള്ള മന്ത്രങ്ങൾ ചൊല്ലി ഹോമം ചെയ്യുന്നു.

1-2 ഋതാഷാഡ് ഋതധാമാഗ്നിർഗന്ധർവസ്തസ്യൌഷധയോ/ഽപ്സരസഃ ഊർജോ നാമ സ ഇദം ബ്രഹ്മ ക്ഷത്രം പാതു താ ഇദം ബ്രഹ്മ ക്ഷത്രം പാന്തു തസ്മൈ സ്വാഹാ താഭ്യഃ സ്വാഹാ।

ഋതാഷാഡ് = സത്യംകൊണ്ട് അസത്യത്തെ ജയിക്കുന്നവനും, ഋതധാമാ = സത്യത്തിന് ഇരിപ്പിടവുമായ, അഗ്നിഃ ഗന്ധർവഃ = അഗ്നി എന്ന പേരുള്ള ഒരു ഗന്ധർവൻ ഉണ്ട്. തസ്യ = ആ ഗന്ധർവന്, ഊർജഃ നാമഃ = ഊർജ എന്നു പേരുള്ള. അപ്സരസഃ = പ്രിയപ്പെട്ട ഭാര്യമാർ ഉണ്ട്. സഃ ആ ഗന്ധർവൻ, ഇദം ബ്രഹ്മ ക്ഷത്രം = ഫലസമൃദ്ധമായ ഈ കർമം, പാതു = രക്ഷിക്കട്ടെ. താഃ = ആ ഗന്ധർവന്റെ അപ്സരസ്സുകൾ, ഇദം ബ്രഹ്മ ക്ഷത്രം = ഫലസമൃദ്ധമായ ഈ കർമ്മം, പാന്തു = രക്ഷിക്കട്ടെ. തസ്മൈ = ആ ഗന്ധർവനായിക്കൊണ്ട്, സ്വാഹാ = ഞാൻ ഹോമം ചെയ്യുന്നു. താഭ്യഃ = ആ അപ്സരസ്സുകൾക്കായി ഞാൻ ഹോമം കഴിക്കുന്നു.

3-4 സംഹിതോ വിശ്വസാമാ സൂര്യോ ഗന്ധർവസ്തസ്യ മരീചയോ/ഽപ്സരസഃ ആയുവോ നാമ।

സംഹിതഃ = എല്ലാററിനും ചൈതന്യം കൊടുക്കുന്നവനും, വിശ്വസാമാ = എല്ലാ സാമങ്ങൾക്കും ആധാരമായിട്ടുള്ളവനും ആയ, സൂര്യഃ ഗന്ധർവഃ = സൂര്യൻ എന്നു് പേരുള്ള ഒരു ഗന്ധർവൻ ഉണ്ട്. തസ്യ = ആ ഗന്ധർവന്റെ, അപ്സരസഃ = പ്രിയപ്പെട്ട ഭാര്യമാർ, മരീചയഃ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മരീചികരം ആണ്. ആയുവഃ നാമ = "ആയു" എന്നാണ് അവരുടെ പേര്.

5-6 സുഷുമ്നസ്സൂർയരശ്മിശ്ചന്ദ്രമാ ഗന്ധർവസ്തസ്യ നക്ഷത്രാണ്യപ്സരസോ ബേകുരയഃ।

സുഷുമ്നഃ = ശോഭനമായ മുഖമുള്ളവനും, സൂർയരശ്മിഃ = സൂർയനെപ്പോലെ കിരണങ്ങളും ഉള്ളവനും ആയ, ചന്ദ്രമാഃ ഗന്ധർവഃ = ചന്ദ്രമസ്സ് എന്ന് പേരുള്ള ഒരു ഗന്ധർവൻ ഉണ്ട്. നക്ഷത്രാണി അപ്സരസഃ = ആ ഗന്ധർവൻെറ പ്രിയപ്പെട്ട ഭാര്യമാർ, നക്ഷത്രാണി = നക്ഷത്രങ്ങളും ആണ് ബേകുരയഃ നാമ = അവരുടെ പേര് ബേകുരികരം എന്നാണ്.

7-8 ഭുജ്യുസ്സുപർണോ യജ്ഞോ ഗന്ധർവസ്തസ്യ ദക്ഷിണാ അപ്സരസസ്തവാഃ।

ഭുജ്യുഃ = ലോകം രക്ഷിക്കുന്നവനും, സുപർണഃ = പക്ഷികളെപ്പോലെ ആകാശത്തിൽ സഞ്ചരിക്കുന്നവനും ആയ, യജ്ഞഃ ഗന്ധർവഃ = യജ്ഞം എന്ന പേരുള്ള ഒരു ഗന്ധർവൻ ഉണ്ട്. തസ്യ അപ്സരസഃ = അവൻെറ പ്രിയപ്പെട്ട ഭാര്യമാർ, ദക്ഷിണാ = ദക്ഷിണ എന്ന് അറിയപ്പെടുന്നവരാണ്, സ്തവാഃ = അവരുടെ പേര് "സ്തവാ" എന്നാണ്.

9-10 പ്രജാപതിർവിശ്വകർമാ മനോ ഗന്ധർവസ്തസ്യർക്സാമാഽപ്സരസോ വഹനയഃ।

പ്രജാപതിഃ = പ്രജകളെ പാലിക്കുന്നവനും. വിശ്വകർമാ = ജഗത്സ്രഷ്ടാവും ആയ, മനഃ ഗന്ധർവഃ = മനസ്സ് എന്ന് പേരുള്ള ഗന്ധർവൻ ഉണ്ട്. തസ്യ അപ്സരസഃ = അവൻെറ പ്രിയപ്പെട്ട ഭാര്യമാർ, ഋക്സാമാനി = ഋക്-സാമങ്ങളും ആണ്. വഹനയഃ = അവരുടെ പേര് വഹനി എന്നാണ്.

11-12 ഇഷിരോ വിശ്വവ്യചാ വാതോ ഗന്ധർവസ്തസ്യാപോഽപ്സരസോ മുദാഃ।

ഇഷിരഃ = ഇഷ്ടപ്പെടുന്നതെല്ലാം തരുന്നവനും, വിശ്വവ്യചാഃ = ലോകമെല്ലാം വ്യാപിച്ചിരിക്കുന്നവനും ആയ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാതഃ ഗന്ധർവഃ = വാത എന്നു് പേരുള്ള ഒരു ഗന്ധർവൻ ഉണ്ടു്. തസ്യ അപ്സരസഃ = ആ ഗന്ധർവന്റെ പ്രിയപ്പെട്ട ഭാര്യമാർ, മുദാഃ = മുദ എന്ന പേരോടു് കൂടിയവരാണു്.

13 ഭുവനസ്യപതേ യസ്യ ത ഉപരി ഗൃഹാ ഇഹ ച
സ നോ രാസ്വാ ജ്യാനിം രായസ്പോഷം സുവീർയം
സംവത്സരീണാം സ്വസ്തിം॥

ഭുവനസ്യപതേ! സർവ്വലോകപാലകനായ അല്ലയോ ദേവ! യസ്യതേ = യാതൊരു അങ്ങയ്ക്കു്, ഉപരി = അന്തരിക്ഷത്തിലും സ്വർഗ്ഗത്തിലും, ഇഹ ച = ഭൂമിയിലും, ഗൃഹാഃ സന്തി = വാസസ്ഥാനങ്ങൾ ഉണ്ടോ, സഃ ത്വം = അപ്രകാരമുള്ള അങ്ങു്, നഃ = ഞങ്ങൾക്കു്, അജ്യാനിം = വയോവൃദ്ധി, രാസ്വ = തരിക (ദീർഘായുസ്സു് നൽകിയാലും) രായസ്പോഷം = ധനപുഷ്ടിയും, സുവീർയം = നല്ല പുത്രപൗത്രന്മാരെയും, സംവത്സരീണാം = വർഷം മുഴുവനും (എല്ലാ ദിവസവും) സ്വസ്തിം = സമൃദ്ധിയും തന്നാലും.

14-15 പരമേഷ്ഠ്യധിപതിർമൃത്യുർഗന്ധർവസ്തസ്യ
വിശ്വമപ്സരസോ ഭുവഃ॥

പരമേഷ്ഠി = സർവ്വോത്തമസ്ഥാനത്തു് സ്ഥിതി ചെയ്യുന്നവനും, അധിപതിഃ = എല്ലാ ലോകത്തിനും ആധിപത്യം ഉള്ളവനും ആയ, മൃത്യുഃ ഗന്ധർവഃ = മൃത്യു എന്നു പേരുള്ള ഗന്ധർവൻ ഉണ്ടു്. അസ്യ വിശ്വം അപ്സരസഃ = ആ ഗന്ധർവന്റെ പ്രിയപ്പെട്ട ഭാര്യമാർ വിശ്വാഭിമാനി ദേവതകളാണു്. ഭുവഃ = അവരുടെ പേരു് "ഭൂ" എന്നാണു്.

16-17 സുക്ഷിതിസ്സുഭൂതിർഭദ്രകൃത്സുവർവാൻ പർജന്യോ
ഗന്ധർവസ്തസ്യ വിദ്യുതോഽപ്സരസോ രുചഃ॥

സുക്ഷിതിഃ = ശോഭനമായ വാസസ്ഥാനം ഉള്ളവനും, സുഭൂതിഃ = നല്ല ഐശ്വര്യം ഉള്ളവനും, ഭദ്രകൃത് = എല്ലാവർക്കും നന്മ ചെയ്യുന്നവനും, സുവർവാൻ = സ്വർഗ്ഗലോകം സ്വാധീനമായിട്ടുള്ളവനും ആയ, പർജന്യഃ = പർജന്യൻ എന്നു പേരായ, ഗന്ധർവഃ = ഗന്ധർവൻ ഉണ്ടു്. തസ്യ = ആ ഗന്ധർവനു്, വിദ്യുതഃ അപ്സരസഃ = വിദ്യുത്തുകൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നു് അറിയപ്പെടുന്ന പ്രിയപ്പെട്ട ഭാര്യമാർ ഉണ്ടു്, രുചയഃ = അവരുടെ പേരു് രുചി എന്നാണു്.

18-19 ദൂരേഹേതിരമൃഡോ മൃത്യുർഗന്ധർവസ്തസ്യ
പ്രജാ അപ്സരസോ ഭീരുവഃ।

ദൂരേഹേതിഃ = ദൂരേ സ്ഥിതിചെയ്യുന്നവരേയും കൊല്ലാൻ കഴിവുള്ള ആയുധങ്ങളോടുകൂടിയവനും, അമൃഡയഃ = സുഖം നൽകാത്തവനും ആയ, മൃത്യുഃ ഗന്ധർവഃ = മൃത്യു എന്നു് പേരായ ഒരു ഗന്ധർവൻ ഉണ്ടു്. തസ്യ = ആ ഗന്ധർവന്റെ, അപ്സരസഃ = പ്രിയപ്പെട്ട ഭാര്യമാർ, പ്രജാഃ = പ്രജകളാണു്. ഭീരുവഃ = ഭീരു എന്നാണു് അവരുടെ പേരു്

20-21 ചാരുഃ കൃപണകാശീ കാമോ ഗന്ധർവ-
സ്തസ്യാധയോഽപ്സരസശ്ശോചയന്തീർനാമ
സ ഇദം ബ്രഹ്മ ക്ഷത്രം പാതു താ ഇദം
ബ്രഹ്മ ക്ഷത്രം പാന്തു തസ്മൈ സ്വാഹാ താഭ്യസ്സ്വാഹാ।

ചാരുഃ = മനോഹരമായ ശരീരത്തോടു് കൂടിയവനും, കൃപണകാശീ = ഇന്ദ്രിയസുഖങ്ങളിൽ മനസ്സിനെ വ്യാപരിപ്പിക്കുന്നവനും ആയ, കാമഃ ഗന്ധർവഃ = കാമൻ എന്നു് പേരുള്ള ഒരു ഗന്ധർവൻ ഉണ്ടു്. തസ്യ അപ്സരസഃ ആ ഗന്ധർവന്റെ പ്രിയപ്പെട്ട ഭാര്യമാർ, ആധയഃ = ആധികളും ആണു്. ശോചയന്തീനാമ = അവരുടെ പേരു് ശോചയന്തി എന്നാണു്. സഃ = ആ ഗന്ധർവൻ, ഇദം ബ്രഹ്മ ക്ഷത്രം = ബൃഹത്തായ ഈ രാഷ്ട്രം. പാതു = രക്ഷിക്കട്ടെ. താഃ = ആ ഗന്ധർവന്റെ ഭാര്യമാർ, ഇദം ബ്രഹ്മ ക്ഷത്രം = ബൃഹത്തായ ഈ രാഷ്ട്രം, പാന്തു = രക്ഷിക്കട്ടെ. തസ്മൈ സ്വാഹാ = ആ ഗന്ധർവനായിക്കൊണ്ടു് ഹോമം ചെയ്യുന്നു. താഭ്യഃ സ്വാഹാ = ആ ഗന്ധർവന്റെ ഭാര്യമാർക്കായിക്കൊണ്ടു് ഹോമം ചെയ്യുന്നു.

22 സ നോ ഭുവനസ്യപതേ യസ്യ ത ഉപരി ഗൃഹാ
ഇഹ ച। ഉരു ബ്രഹ്മണേ തസ്മൈ ക്ഷത്രായ
മഹി ശർമ യച്ഛ।

ഭുവനസ്യപതേ! = സർവ്വലോകങ്ങളുടേയും പാലകനായ അല്ലയോ ദേവ! യസ്യതേ = യാതൊരു അങ്ങയ്ക്കു്, ഉപരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= അന്തരിക്ഷത്തിലും സ്വർഗ്ഗത്തിലും, ഇഹ ച = ഭൂമിയിലും, ഗൃഹാഃ = വാസസ്ഥാനങ്ങൾ ഉണ്ടോ, സഃ ത്വം = അപ്രകാരമുള്ള അങ്ങ്, നഃ = ഞങ്ങൾക്ക്, ഉരു ശർമ യച്ഛ = വിപുലമായ സൗഖ്യം തന്നാലും അസ്മൈ ബ്രഹ്മണേ ഈ ബ്രാഹ്മണജാതിക്കും, ക്ഷത്രായ = ക്ഷത്രിയജാതിക്കും, മഹി ശർമ = മഹത്തായ സുഖം, യച്ഛ = നൽകുക.

[മൂന്നാമത്തെ മന്ത്രം മുതൽ പന്ത്രണ്ടാമത്തെ മന്ത്രം വരെയും പതിന്നാലാമത്തെ മന്ത്രം മുതൽ ഇരുപത്തിഒന്നുവരെയും ഉള്ള എല്ലാ മന്ത്രങ്ങളിലും "സ ഇദം ബ്രഹ്മ ക്ഷത്രം പാതു താ ഇദം ബ്രഹ്മ ക്ഷത്രം പാന്തു തസ്മൈ സ്വാഹാ താഭ്യഃ സ്വാഹാ" എന്ന ഭാഗം കൂടി ചേർക്കണം.]

ഇതി സപ്തമോഽനുവാകഃ

അഥ അഷ്ടമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—രാഷ്ട്രകാമായ ഹോതവ്യാ രാഷ്ട്രം വൈ രാഷ്ട്രഭൃതോ രാഷ്ട്രേണൈവാസ്മൈ രാഷ്ട്രമവ രുന്ധേ രാഷ്ട്രമേവ ഭവത്യാത്മനേ ഹോതവ്യാ രാഷ്ട്രം വൈ രാഷ്ട്രഭൃതോ രാഷ്ട്രം പ്രജാ രാഷ്ട്രം പശവോ രാഷ്ട്രം യച്ഛ്രേഷ്ഠോ ഭവതി രാഷ്ട്രേണൈവ രാഷ്ട്രമവ രുന്ധേ വസിഷ്ഠഃ സമാനാനാം ഭവതി ഗ്രാമകാമായ ഹോതവ്യാ രാഷ്ട്രം വൈ രാഷ്ട്രഭൃതോ രാഷ്ട്രഗ്ം സജാതാ രാഷ്ട്രേണൈവാസ്മൈ രാഷ്ട്രഗ്ം സജാതാനവ രുന്ധേ ഗ്രാമീ ഏവ ഭവത്യധിദേവനേ ജുഹോത്യധിദേവന ഏവാസ്മൈ സജാതാനവ രുന്ധേ ത ഏനമവരുദ്ധാ ഉപ തിഷ്ഠന്തേ രഥമുഖ ഓജസ്കാമസ്യ ഹോതവ്യാ ഓജോ വൈ രാഷ്ട്രഭൃത ഓജോ രഥ ഓജസൈവാസ്മാ ഓജോഽവ രുന്ധ ഓജസ്വ്യേവ ഭവതി യോ രാഷ്ട്രാദപഭൂതഃ സ്യാത്തസ്മൈ ഹോതവ്യാ യാവന്തോഽസ്യ രഥാഃ സ്യുസ്താൻ ബ്രൂയാദ് യുങ്ധ്വമിതി രാഷ്ട്രമേവാസ്മൈ യുനക്തി ആഹുതയോ വാ ഏതസ്യാവക്ലൃപ്താ യസ്യ രാഷ്ട്രം ന കൽപതേ സ്വരഥസ്യ ദക്ഷിണം ചക്രം പ്രവൃഹ്യ നാഡീമഭി ജുഹുയാദാഹുതീരേവാസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൽപയതി താ അസ്യ കൽപമാനാ രാഷ്ട്രമനു-
കൽപതേ സംഗ്രാമേ സംയത്തേ ഹോതവ്യാ രാഷ്ട്രം
വൈ രാഷ്ട്രഭൃതോ രാഷ്ട്രേ ഖലു വാ ഏതേ വ്യായ-
ച്ഛന്തേ യേ സംഗ്രാമഗ്ഉം സംയന്തി യസ്യ പൂർവസ്യ
ജുഹ്വതി സ ഏവ ഭവതി ജയതി തം സംഗ്രാമം മാന്ധുക
ഇധ്മഃ ഭവത്യങ്ഗാരാ ഏവ പ്രതിവേഷ്ടമാനാ
അമിത്രാണാമസ്യ സേനാം പ്രതി വേഷ്ടയന്തി യ ഉന്മാ-
ദ്യേത്തസ്മൈ ഹോതവ്യാ ഗന്ധർവാപ്സരസോ വാ
ഏതമുന്മാദയന്തി യ ഉന്മാദ്യത്യേതേ ഖലു വൈ
ഗന്ധർവാപ്സരസോ യദ്രാഷ്ട്രഭൃതസ്തസ്മൈ സ്വാഹാ
താഭ്യഃ സ്വാഹേതി ജുഹോതി തേനൈവൈനാൻ
ശമയതി നൈയഗ്രോധ ഔദുംബര ആശ്വത്ഥഃ പ്ലാക്ഷ
ഇതീധ്മോ ഭവത്യേതേ വൈ ഗന്ധർവാപ്സരസാം
ഗൃഹാഃ സ്വ ഏവൈനാൻ ആയതനേ ശമയത്യഭിചരതാ
പ്രതിലോമഗ്ഉം ഹോതവ്യാഃ പ്രാണാനേവാസ്യ
പ്രതീചഃ പ്രതി യൗതി തം തതോ യേന കേന ച
സ്തൃണുതേ സ്വകൃത ഇരിണേ ജുഹോതി പ്രദരേ വൈ-
തദ്വാ അസ്യൈ നിർഋതിഗൃഹീതം നിർഋതിഗൃഹീത
ഏവൈനം നിർഋത്യാ ഗ്രാഹയതി യദ്വാചഃ ക്രൂരം
തേന വഷട് കരോതി വാച ഏവൈനം ക്രൂരേണ പ്ര
വൃശ്ചതി താജഗാർതിമാർഛതി യസ്യ കാമയേതാന്നാ-
ദ്യം ആ ദദീയേതി തസ്യ സഭായാമുത്താനോ നിപദ്യ
ഭുവനസ്യ പത ഇതി തൃണാനി സം ഗൃഹ്ണീയാത്
പ്രജാപതിർവൈ ഭുവനസ്യ പതിഃ പ്രജാപതിനൈ-
വാസ്യാന്നാദ്യമാ ദത്ത ഇദമഹമമുഷ്യാഽഽമുഷ്യായണ-
സ്യാന്നാദ്യഗ്ഉം ഹരാമീത്യാഹാന്നാദ്യമേവാസ്യ ഹരതി
ഷഡ്ഭിർഹരതി ഷഡ്വാ ഋതവഃ പ്രജാപതിനൈ-
വാസ്യാന്നാദ്യമാദായർതവോഽസ്മാ അനു പ്രയച്ഛന്തി
യോ ജ്യേഷ്ഠബന്ധുരപഭൃതഃ സ്യാത്തഗ്ഗ് സ്ഥലേഽവസായ്യ
ബ്രഹ്മൗദനം ചതുശ്ശരാവം പക്ത്വാ തസ്മൈ ഹോതവ്യാ
വർഷ്മ വൈ രാഷ്ട്രഭൃതോ വർഷ്മ സ്ഥലം വർ-
ഷ്മണൈവൈനം വർഷ്മ സമാനാനാം ഗമയതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുഃശരാവോ ഭവതി ദിക്ഷ്വേവ പ്രതി തിഷ്ഠതി ക്ഷീരേ ഭവതി രുചമേവാസ്മിൻ ദധാത്യുദ്ധരതി ശൃതത്വായ സർപിഷ്വാൻ ഭവതി മേധ്യത്വായ ചത്വാര ആർഷേയാഃ പ്രാശ്നന്തി ദിശാമേവ ജ്യോതിഷി ജുഹോതി||

അർത്ഥം—രാജ്യം ആഗ്രഹിക്കുന്ന ആളിന്ന് വേണ്ടി യാഗാദികൾ കഴിക്കുമ്പോൾ രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമം കഴിക്കണം. രാഷ്ട്രം സമ്പാദിച്ച് കൊടുക്കാൻ കഴിവുള്ള മന്ത്രമായതുകൊണ്ട് അവറ്റെ രാഷ്ട്രഭൃത് മന്ത്രം എന്ന പേര് പറയുന്നു. രാഷ്ട്രഭൃത് മന്ത്രങ്ങളാൽ തന്നെ യജമാനന്ന് രാജ്യം ലഭിക്കുന്നു. രാഷ്ട്രഭൃത് മന്ത്രങ്ങൾ ചൊല്ലി ഹോമം കഴിച്ചാൽ തീർച്ചയായും രാജ്യം ലഭിക്കും. പശു, സന്താനം മുതലായവ ലഭിക്കുന്നതിന്ന് വേണ്ടിയും രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമം കഴിക്കാം. രാഷ്ട്രഭൃത് മന്ത്രങ്ങളെ രാഷ്ട്രം എന്ന് പറയുന്നു. സന്താനങ്ങൾ രാഷ്ട്രമാണ്. പശു മുതലായ മൃഗങ്ങൾ രാഷ്ട്രമാണ്. ലോകത്തിൽ ശ്രേഷ്ഠമായ എല്ലാ പദാർത്ഥങ്ങളും രാഷ്ട്രമാണ്. രാഷ്ട്രഭൃത് മന്ത്രങ്ങളാൽ രാജ്യവും രാജ്യത്തിലുള്ള വിശിഷ്ട വസ്തുക്കളും യജമാനന്ന് ലഭിക്കുന്നു. രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമം നടത്തുന്നവൻ തനിക്ക് തുല്യരായ ആളുകളിൽ പ്രധാനി ആയിത്തീരുന്നു.

ഗ്രാമാധികാരിയായിത്തീരാൻ ആഗ്രഹിക്കുന്നവൻ രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമം കഴിക്കണം. രാഷ്ട്രഭൃത് മന്ത്രം രാഷ്ട്രം ആണ്. ജ്ഞാതികൾ, ബന്ധുക്കൾ മുതലായവർ രാഷ്ട്രം ആണ്. രാഷ്ട്രഭൃത് മന്ത്രങ്ങളാൽ ജ്ഞാതികൾ, ബന്ധുക്കൾ മുതലായവർ യജമാനന്ന് സ്വാധീനം ആകുന്നു. യജമാനൻ തീർച്ചയായും ഗ്രാമാധികാരിയായി തീരുന്നു.

ചൂതുകളിക്കുന്ന സ്ഥലത്തിൽ രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമിക്കുന്നു. അപ്രകാരം ചെയ്താൽ ചൂതുകളിക്കുന്ന സ്ഥലത്ത് ആരെല്ലാം ഉണ്ടോ അവരെല്ലാം യജമാനന്ന് സ്വാധീനമാകുന്നു. അവർ യജമാനനെ സേവിക്കുന്നു. ഓജസ്സ് ആഗ്രഹിക്കുന്നവൻ രഥമുഖത്തിൽ ഹോമം കഴിക്കണം. (ഹോമം ചെയ്യുന്ന അവസരത്തിൽ രഥത്തിന്റെ ഈഷാഗ്രം അഗ്നിക്ക് മുകളിൽ പിടിച്ച്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടിരിക്കണം) രാഷ്ട്രഭൃത് മന്ത്രങ്ങൾ ഓജസ്സാണ്. രഥവും ഓജസ്സാണ്. ഓജസ്സ് കൊണ്ടുതന്നെ യജമാനന് ഓജസ്സ് ലഭിക്കുന്നു. യജമാനൻ തീർച്ചയായും ബലവാനായി ഭവിക്കുന്നു.

രാജ്യം നഷ്ടപ്പെട്ടവൻ അതു് തിരിയെ കിട്ടുന്നതിന് വേണ്ടി രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമം കഴിക്കുന്നു. രാജ്യം നഷ്ടപ്പെട്ടു എങ്കിലും തന്റെ അധീനതയിൽ എത്ര രഥം ഉണ്ടോ ആ രഥങ്ങളെല്ലാം തയാറാക്കി നിറുത്തുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു് യജമാനന് രാജ്യം തീർച്ചയായും ലഭിക്കുന്നു. രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമം കഴിച്ചതിന് ശേഷവും രാജ്യം ലഭിക്കുന്നില്ലെങ്കിൽ രഥത്തിന്റെ വലതുവശത്തുള്ള ചക്രം പൊക്കിപ്പിടിച്ച് ചക്രത്തിന്റെ മധ്യഭാഗത്തുള്ള ദ്വാരത്തിൽക്കൂടി ഹോമം കഴിക്കണം. അപ്പോൾ ആഹുതികൾ ഉദ്ദിഷ്ടകാര്യസാധ്യത്തിന് ശക്തിയുള്ളതായിത്തീരുന്നു. യജമാനന്റെ ഉദ്ദിഷ്ടഫലം സാധിച്ച് കൊടുക്കാൻ ശക്തിയുള്ള ആഹുതികൾ യജമാനന് രാജ്യലാഭം സുകരം ആക്കുന്നു,

യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ അതിൽ ജയം കിട്ടുന്നതിന് വേണ്ടി രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമം കഴിക്കുന്നു. രാഷ്ട്രഭൃത് മന്ത്രങ്ങൾ രാഷ്ട്രമാണ്. രാജ്യത്തിന് വേണ്ടിയാണല്ലോ യുദ്ധത്തിൽ ഏർപ്പെടുന്നതു്. യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ആരാണോ ഹോമം ചെയ്യുന്നതു് അവർ യുദ്ധത്തിൽ ജയിക്കുന്നു. ഈ യാഗത്തിന് മധൂകവൃക്ഷത്തിന്റെ (ഇലിപ്പമരത്തിന്റെ) വിറക് വേണം ഉപയോഗിക്കാൻ അതിന്റെ തീക്കനൽതന്നെ യജമാനന്റെ ശത്രുവിന്റെ സൈന്യങ്ങളിൽ അഗ്നിബാധ ഉണ്ടാക്കുന്നു.

ഉന്മാദത്തിന് പരിഹാരമായി രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമിക്കുന്നു. ഗന്ധർവന്മാരും അപ്സരസ്സുകളും ആണ് ഉന്മാദം ഉണ്ടാക്കുന്നതു്. ഈ ഗന്ധർവന്മാരും അപ്സരസ്സുകളും ആണ് രാഷ്ട്രഭൃത് മന്ത്രത്തിന്റെ ദേവതകൾ. "തസ്മൈ സ്വാഹാ, താഭ്യഃ സ്വാഹാ" എന്ന മന്ത്രം ചൊല്ലി ഹോമിക്കുന്നതു് നിമിത്തം ഉന്മാദരോഗം നശിക്കുന്നു. ഉന്മാദപരിഹാരത്തിന് വേണ്ടി ചെയ്യുന്ന ഹോമത്തിൽ ആൽ, അത്തി, അശ്വത്ഥം — (അരയാൽ), പ്ലാശ് എന്നീ വൃക്ഷങ്ങളുടെ വിറക്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപയോഗിക്കാം. ഗന്ധർവന്മാരുടേയും അപ്സരസ്സുകളുടേയും വാസസ്ഥാനം ഈ വൃക്ഷമാണ്. അവരുടെ വാസസ്ഥലത്തു വെച്ചുതന്നെ ഉന്മാദകാരികളായ ഗന്ധർവാപ്സരസ്സുകളെ ശമിപ്പിക്കുന്നു.

ആഭിചാരം ചെയ്യുന്നവൻ പ്രതിലോമമായി (അവസാനം മുതൽ ആദ്യം വരെ വിപരീതക്രമത്തിൽ) ഹോമം ചെയ്യണം. അപ്രകാരമുള്ള ഹോമം ആരെ ഉദ്ദേശിച്ച് ആഭിചാരം ചെയ്യുവോ അവൻെറ പ്രാണാപാനങ്ങളെ പ്രതികൂലസ്ഥാനത്തിലാക്കുന്നു. അതിന് ശേഷം അവനെ പ്രയാസം ഇല്ലാതെ ഉപദ്രവിക്കാൻ കഴിയുന്നു. സ്വതേ ഊഷരഭൂമിയായിട്ടുള്ള സ്ഥലത്തോ സ്വതേയുള്ള കുഴിയിലോ വേണം ആഭിചാരം ചെയ്യാൻ ആഗ്രഹിക്കുന്നവൻ ഹോമം കഴിക്കേണ്ടതു്. നിർഋതി ദേവതയാൽ സ്വീകരിക്കപ്പെട്ടതു് ഇത്തരം പ്രദേശങ്ങളാണ്. നിർഋതിയാൽ ഗ്രഹിക്കപ്പെട്ട ശത്രുവിനെ നിർഋതി ദേവതയാൽ തന്നെ പീഡിപ്പിക്കുന്നു. അവനോട് മററുള്ളവർ ക്രൂരമായ വാക്കുകൾ പറയുന്നതിന് വേണ്ടി "വഷട്" എന്ന മന്ത്രം പറയുന്നു. ക്രൂരമായ വാക്കുകൊണ്ടു് തന്നെ ശത്രുവിനെ നശിപ്പിക്കുന്നു. ശത്രു പെട്ടെന്ന് തന്നെ പീഡിതനായിത്തീരുന്നു.

യാതൊരുത്തൻെറ അന്നാദികൾ (വസ്തുക്കൾ) തനിക്ക് അധീനമാകണം എന്ന് വിചാരിക്കുന്നുവോ അവൻെറ സഭയിൽ (അവൻെറ അധീനതയിലുള്ള സ്ഥലത്തിൽ) ആരും കാണാതെ മലന്ന് കിടന്ന് "ഭുവനസ്യപതേ" ഇത്യാദി മന്ത്രം ചൊല്ലി അവിടെയുള്ള പുല്ല് മുതലായവ എടുക്കുന്നു. പ്രജാപതിയാണല്ലോ ലോകത്തിൻെറയെല്ലാം അധിപതി. പ്രജാപതിയുടെ പ്രസാദത്താൽ തന്നെ ശത്രുവിൻെറ അന്നാദികൾ യജമാനന് സ്വാധീനമാകുന്നു. ഇന്ന ആളിൻെറ പുത്രനായ ഇവൻെറ (ആരുടെ വസ്തുക്കൾ കൈക്കലാക്കാൻ ആഗ്രഹിക്കുന്നുവോ അവൻേറയും അവൻെറ അച്ഛൻേറയും പേരു പറയുന്നു) ഈ വസ്തുക്കൾ ഞാൻ കൊണ്ടുപോകുന്നു എന്നുകൂടി പറയുന്നു. അപ്രകാരം ചെയ്യുമ്പോൾ ശത്രുവിൻെറ വസ്തുക്കൾ സ്വാധീനമാകുന്നു. "ഭുവനസ്യപതേ" എന്നതുവരെയുള്ള ആറ് മന്ത്രംചൊല്ലി ശത്രുവിൻെറ വക തൃണാദികൾ കൊണ്ടുവരുന്നു. ആറ് ഋതുക്കൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആണ് ഉള്ളതു്. പ്രജാപതിയാൽ തന്നെ ശത്രുവിൻെറ അന്നാദികാം യജമാനനു് നൽകപ്പെടുന്നു

ഉയന്ന നിലയിലുള്ള തൻെറ ബന്ധുക്കളാൽ തിരസ്കൃതനാകുന്നവൻ അതിനു് പരിഹാരമായി ഉയന്ന സ്ഥലത്തിൽ ചെന്നിരുന്നു് നാലുപാത്രത്തിൽ അന്നം പാകം ചെയ്തു രാഷ്ട്രഭൃത് മന്ത്രം ചൊല്ലി ഹോമം കഴിക്കുന്നു. ശരീരം രാഷ്ട്രഭൃത് മന്ത്രമാണു്—ശരീരം സ്ഥലമാണു്. ശരീരം കൊണ്ടുതന്നെ യജമാനനെ തുല്യരായ ആളുകളുടെ ശരീരമാക്കിത്തീക്കുന്നു. (യജമാനൻ ശരീരം പോലെ പ്രധാനി ആയിത്തീരുന്നു) മററുള്ളവർ അവയവങ്ങളെപ്പോലെ യജമാനനെ ആശ്രയിക്കുന്നു. ഹോമത്തിനു് നാലു് പാത്രത്തിൽ അന്നം പാകം ചെയ്യുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു് യജമാനനു് നാലു ദിക്കുകളിലും പ്രതിഷ്ഠ ലഭിക്കുന്നു. ഈ യാഗത്തിനുള്ള ഹവിസ്സ് പാലിൽ പാകം ചെയ്യുന്നു. അതു് യജമാനനിൽ ആളുകാക്കു് പ്രീതി ഉണ്ടാക്കുന്നു. നല്ലപോലെ പാകം ആകുന്നതിനു് വേണ്ടി തവികൊണ്ടു് ഇളക്കുന്നു. പരിശുദ്ധം ആകുന്നതിനു് വേണ്ടി പാകം ചെയ്യുന്ന അന്നത്തിൽ നെയ്യു് ഒഴിക്കുന്നു. നാലു ബ്രാഹ്മണക്കു് ഭക്ഷണം നൽകുന്നു. ഇപ്രകാരം ചെയ്യുന്നതു് നാലു ദിക്കുകളിലും അഗ്നിയിൽ ഹോമിക്കുന്നതിനു് തുല്യം ആണു്.

ഇതി ƒഅഷ്ടമോനുവാകഃ

അഥ നവമോƒനുവാകഃ (ബ്രാഹ്മണം)

സംഹിതാ—ദേവികാ നിർവപേത് പ്രജാകാമശ്ഛന്ദാഗ്ഗ്ംസി വൈ ദേവികാച്ഛന്ദാഗ്ഗ്ംസീവ ഖലു വൈ പ്രജാച്ഛന്ദോഭിരേവാസ്മൈ പ്രജാഃ പ്ര ജനയതി പ്രഥമം ധാതാരം കരോതി മിഥുനീ ഏവ തേന കരോത്യനേവാസ്മാ അനുമതിർമന്യതേ രാതേ രാകാ പ്ര സിനീവാലീ ജനയതി പ്രജാസ്വേവ പ്രജാതാസു കുഹ്വാ വാചം ദധാത്യേതാ ഏവ നിർവപേത് പശുകാമശ്ഛന്ദാംസി വൈ ദേവികാച്ഛന്ദാംസീവ ഖലു വൈ പശവശ്ഛന്ദോƒഭിരേവാസ്മൈ പശൂൻ പ്ര ജനയതി പ്രഥമം ധാതാരം കരോതി പ്രൈവ തേന വാപയത്യനേവാസ്മാ അനുമതിർമന്യതേ രാതേ രാകാ പ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

 3691

സിനീവാലീ ജനയതി പശൂനേവ പ്രജാതാൻ കുഹ്വാ പ്രതിഷ്ഠാപയത്യേതാ ഏവ നിർവപേദ് ഗ്രാമകാമശ്ഛന്ദാംസി വൈ ദേവികാശ്ഛന്ദാംസീവ ഖലു വൈ ഗ്രാമശ്ഛന്ദോഭിരേവാസ്മൈ ഗ്രാമമവ രുന്ധേ മധ്യതോ ധാതാരം കരോതി മധ്യത ഏവൈനം ഗ്രാമസ്യ ദധാത്യേതാ ഏവ നിർവപേജ്ജ്യോഗാമയാവീ ഛന്ദാംസി വൈ ദേവികാശ്ഛന്ദാംസി ഖലു വാ ഏതമഭി മന്യന്തേ യസ്യ ജ്യോഗാമയതി ഛന്ദോഭിരേവൈനമഗദം കരോതി മധ്യതോ ധാതാരം കരോതി മധ്യതോ വാ ഏതസ്യാക്ലൃപ്തം യസ്യ ജ്യോഗാമയതി മധ്യത ഏവാസ്യ തേന കല്പയത്യേതാ ഏവ നിർവപേദ്യം യജ്ഞോ നോപനമേച്ഛന്ദാംസി വൈ ദേവികാശ്ഛന്ദാംസി ഖലു വാ ഏതം നോപ നമന്തി യം യജ്ഞോ നോപനമതി പ്രഥമം ധാതാരം കരോതി മുഖത ഏവാസ്മൈച്ഛന്ദാഗ്ംസി ദധാത്യുപൈനം യജ്ഞോ നമത്യേതാ ഏവ നിർവപേദീജാനശ്ഛന്ദാഗ്ംസി വൈ ദേവികാ യാതയാമാനീവ ഖലു വാ ഏതസ്യച്ഛന്ദാഗ്ംസി യ ഈജാന ഉത്തമം ധാതാരം കരോതി ഉപരിഷ്ടാദേവാസ്മൈ ഛന്ദാംസ്യയാതയാമാന്യവ രുന്ധ ഉപൈനമുത്തരോ യജ്ഞോ നമത്യേതാ ഏവ നിർവപേദ്യം മേധാ നോപനമേച്ഛന്ദാംസി വൈ ദേവികാശ്ഛന്ദാംസി ഖലു വാ ഏതം നോപ നമന്തി യം മേധാ നോപനമതി പ്രഥമം ധാതാരം കരോതി മുഖത ഏവാസ്മൈ ഛന്ദാംസി ദധാത്യുപൈനം മേധാ നമത്യേതാ ഏവ നിർവപേത് രുക്കാമശ്ഛന്ദാംസി വൈ ദേവികാശ്ഛന്ദാംസീവ ഖലു വൈ രുക് ഛന്ദോഭിരേവാസ്മിൻ രുചം ദധാതി ക്ഷീരേ ഭവന്തി രുചമേവാസ്മിൻ ദധാതി മധ്യതോ ധാതാരം കരോതി മധ്യത ഏവൈനം രുചോ ദധാതി ഗായത്രീ വാ അനുമതിസ്ത്രിഷ്ടുഗ്രാകാ ജഗതീ സിനീവാല്യനുഷ്ടുപ് കുഹൂർധാതാ വഷട്കാരഃ പൂർവ പക്ഷോ രാകാഽപരപക്ഷഃ കുഹൂരമാവാസ്യാ സിനീവാലീ പൗർണമാസ്യനുമതിശ്ചന്ദ്രമാ ധാതാഽഷ്ടൗ

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസവോ/ഷ്ടാക്ഷരാ ഗായത്ര്യേകാദശ രുദ്രാ ഏകാദശാ-ക്ഷരാ ത്രിഷ്ടുപ് ദ്വാദശാദിത്യാ ദ്വാദശാക്ഷരാ ജഗതീ പ്രജാപതിരനുഷ്ടുപ് ധാതാ വഷട്കാര ഏതദ്വൈ ദേവികാഃ സർവ്വാണി ച ഛന്ദാംസി സർവ്വാശ്ച ദേവതാ വഷട്കാരസ്താ യത്സഹ സർവ്വാ നിർവപേദീശ്വരാ ഏനം പ്രദഹോ ദ്വേ പ്രഥമേ നിരുപ്യ ധാതു സ്തൃതീയം നിർവപേത്തഥോ ഏവോത്തരേ നിർവപേത്തദ്ധൈനം ന പ്ര ദഹന്ത്യഥോ യസ്മൈ കാമായ നിരുപ്യന്തേ തമേവാഽഭിരുപാഽപ്നോതി॥

അർത്ഥം—[ഈ അനുവാകത്തിൽ "ദേവികാ" എന്നു് അറി-യപ്പെടുന്ന യാഗങ്ങളെ പററി പറയുന്നു. ദിവ്യന്തി അപേക്ഷിതം ഫലവിശേഷം പ്രകാശയന്തി ഇതി ദേവികാഃ അനുമതി മുതലായ സ്ത്രീദേവതകളെ ഉദ്ദേശിച്ചുള്ള യാഗമാണു് ഇതു്.]

സന്താനം ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ 'ദേവിക' എന്ന യാഗം നടത്തുന്നു. ദേവികകൾ ഛന്ദസ്സുകളാണല്ലോ. പ്രജകളും ഛന്ദസ്സുകളെപ്പോലെ ആണല്ലോ. ഛന്ദസ്സിൻെറ ദേവതകളാൽ തന്നെ യജമാനനു് സന്താനങ്ങൾ ജനിക്കുന്നു. ആദ്യമായി ധാതാവിനെ ഉദ്ദേശിച്ചു് യാഗം നടത്തുന്നു. അതു-കൊണ്ടു് യജമാനനു് പത്നീസംയോഗം ഉണ്ടാകുന്നു. അനുമതി എന്ന ദേവി ആ സംയോഗത്തിനു് അനുമതി നൽകുന്നു. രാകാ-ദേവി സന്താനം നൽകുന്നു. സിനീവാലി ഗർഭസ്ഥശിശുവിനെ മാതാവിൻെറ ഉദരത്തിൽ നിന്നു് വെളിയിൽ വിടുന്നു. ജനിച്ച സന്താനങ്ങൾക്കു് വാക്കുകൾ പറയാനുള്ള ശക്തി കുഹു എന്ന ദേവതയാൽ ഉണ്ടാകുന്നു.

പശുക്കൾ ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ ഈ ദേവികാ യാഗം തന്നെ നടത്തുന്നു. ദേവികകൾ ഛന്ദസ്സുകളാ-ണല്ലോ. പശുക്കളും ഛന്ദസ്സുകളെപ്പോലെയാണല്ലോ. ഛന്ദസ്സു-കൾ യജമാനനു് വേണ്ടി പശുക്കളെ ജനിപ്പിക്കുന്നു. ആദ്യം ധാതാവിനെ ഉദ്ദേശിച്ചു് യാഗം നടത്തുന്നു. അതുകൊണ്ടു് പശു-ക്കളിൽ ബീജാവാപം ഉണ്ടാകുന്നു. ആ ബീജാവാപത്തിനു് അനുമതീദേവി അനുമതി നൽകുന്നു. രാകാദേവി സന്താനം നൽകുന്നു. സിനീവാലി ഗർഭസ്ഥമായ ജന്തുവിനെ പശുവിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉദരത്തിൽനിന്നു് വെളിയിൽ ആക്കുന്നു. ജനിച്ച കുട്ടികളെ കുഹു ദേവത പോഷിപ്പിക്കുന്നു.

ഗ്രാമത്തിൻെറ അധിപതി ആകാൻ ആഗ്രഹിക്കുന്നവൻ ഈ ദേവികാ യാഗം തന്നെ നടത്തുന്നു. ദേവികകൾ ഛന്ദസ്സുകളാണല്ലോ. ഗ്രാമവും ഛന്ദസ്സുകളെപ്പോലെയാണു്. ഛന്ദോദേവതകളാൽ യജമാനനു് ഗ്രാമം ലഭിക്കുന്നു. ധാതാവിനെ ഈ ദേവതകളുടെ മധ്യത്തിൽ സ്ഥാപിക്കുന്നു. അതു് യജമാനനെ ഗ്രാമത്തിൻെറ അധിപതി ആക്കുന്നു.

ദീർഘകാലം രോഗത്താൽ പീഡിതനായിട്ടുള്ളവൻ അതിൻെറ ശാന്തിക്കു് വേണ്ടി ഈ ദേവികാ യാഗം തന്നെ നടത്തുന്നു. ദേവികകൾ ഛന്ദസ്സുകളാണല്ലോ. യാതൊരുത്തൻ ദീർഘകാലം രോഗത്താൽ പീഡിതനാകുന്നുവോ അവനോടു് ഛന്ദസ്സുകൾ കോപിച്ചിരിക്കുകയാണല്ലോ. ഛന്ദസ്സുകളാൽ തന്നെ രോഗത്തിൽനിന്നു് മോചനം ലഭിക്കുന്നു. ഈ യാഗത്തിലും ധാതാവിനെ മദ്ധ്യത്തിൽ സ്ഥാപിക്കുന്നു. (ധാതാവിൻെറ രണ്ടുവശത്തും രണ്ടു ദേവതകളെ സ്ഥാപിക്കുന്നു) ദീർഘകാലം രോഗത്താൽ പീഡിതനാകുന്നവൻെറ ഉദരമധ്യത്തിലാണു് ഏതോ ദോഷം ഉണ്ടായിരിക്കുന്നതു്. അതുകൊണ്ടു് രോഗിയുടെ ഉദരത്തിൽ തന്നെ രോഗം ഇല്ലാതാക്കി ശരീരശക്തി ഉണ്ടാക്കുന്നു.

യാതൊരുത്തനെ യാഗം വണങ്ങുന്നില്ലയോ (യാതൊരുത്തനു് ജ്യോതിഷ്ടോമാദി യാഗങ്ങൾ നടത്താൻ വിഘ്നം ഉണ്ടാകുന്നുവോ) അവൻ അതിനു് പരിഹാരമായി ദേവികാ യാഗം നടത്തണം. ദേവികകൾ എന്നു് പറയുന്നതു് ഛന്ദസ്സുകളാണു്. യാതൊരുത്തനു് യാഗം നടത്താൻ വിഘ്നം ഉണ്ടാകുന്നുവോ അവനു് ഛന്ദസ്സുകളാണു് സ്വാധീനമാകാത്തതു്. ധാതാവിനു് ആദ്യത്തെ സ്ഥാനം നൽകുന്നു. പ്രാരംഭത്തിൽ തന്നെ യജമാനനു് ഛന്ദസ്സുകൾ സ്വാധീനമാകുന്നു. യജമാനനു് ഉദ്ദേശിച്ച യാഗം നടത്താൻ സാധിക്കുന്നു.

ഒരു യാഗം കഴിച്ചതിനു് ശേഷം വീണ്ടും യാഗം കഴിക്കണം എന്നു് ആഗ്രഹിക്കുന്നവൻ അതു സാധിക്കുന്നതിനു്വേണ്ടി ഈ ദേവികായാഗം തന്നെ നടത്തുന്നു. ദേവികകൾ ഛന്ദസ്സുക-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളാണല്ലോ. ഒരു യാഗം കഴിക്കുമ്പോൾ യജമാനന്റെ ഛന്ദസ്സുകളുടെ സാരാംശം നഷ്ടപ്പെട്ടതുപോലെ ആയിത്തീരുന്നു. യാതൊരുത്തൻ വീണ്ടും യാഗം കഴിക്കണമെന്നു് ആഗ്രഹിക്കുന്നുവോ, അവൻ ധാതാവിനു് ഒടുവിലത്തെ സ്ഥാനം നൽകുന്നു. നടത്താൻ പോകുന്ന യാഗത്തിൽ ഛന്ദസ്സുകളുടെ സാരാംശം നഷ്ടപ്പെടാതെ ഇരിക്കുന്നു. വീണ്ടും നടത്താൻ പോകുന്ന യാഗം യജമാനനെ വണങ്ങുന്നു. (യജമാനനു് വീണ്ടും വിഘ്നം ഇല്ലാതെ യാഗം നടത്താൻ സാധിക്കുന്നു.)

മേധാശക്തി കിട്ടുന്നതിനു് വേണ്ടി ദേവികായാഗം തന്നെ നടത്തുന്നു. ദേവികകൾ ഛന്ദസ്സുകളാണല്ലോ. യാതൊരുത്തനു് മേധാശക്തി സ്വാധീനമല്ലയോ അവനെ ഛന്ദസ്സുകളാണല്ലോ വണങ്ങാത്തതു്. ധാതാവിനു് ആദ്യത്തെ സ്ഥാനം നൽകുന്നു. പ്രാരംഭത്തിൽ തന്നെ യജമാനനു് ഛന്ദസ്സുകൾ സ്വാധീനമാകുന്നു. മേധാശക്തിയും ലഭിക്കുന്നു.

സൗന്ദര്യം ആഗ്രഹിക്കുന്നവൻ ദേവിക എന്നു് അറിയപ്പെടുന്ന ഈ യാഗം നടത്തുന്നു. ദേവികകൾ ഛന്ദസ്സുകളാണല്ലോ. ഛന്ദോ ദേവതകളാൽ തന്നെ യജമാനനു് ശരീരകാന്തി ഉണ്ടാകുന്നു. ഈ യാഗത്തിനുള്ള ഹവിസ്സ് ക്ഷീരത്തിൽ പാകം ചെയ്യുന്നു. യജമാനനു് നിശ്ചയമായും ശരീരകാന്തി ഉണ്ടാകുന്നു. ധാതാവിനെ മധ്യത്തിൽ പ്രതിഷ്ഠിച്ചു് പൂജിക്കുന്നു. യജമാനനു് നല്ല ശരീരകാന്തി ഉണ്ടാകുന്നു.

അനുമതി ഗായത്രീഛന്ദസ്സാണു്. രാകാ ത്രിഷ്ടുപ്പ് ഛന്ദസ്സാണു്. സിനീവാലി ജഗതീഛന്ദസ്സാണു്. കുഹൂ അനുഷ്ടുപ്പ് ഛന്ദസ്സാണു്. ധാതാവഷട്കാരമാണു്. രാകാപൂർവ്വപക്ഷമാണു്. കുഹൂ അപരപക്ഷമാണു്. സിനീവാലി അമാവാസ്യയാണു്. അനുമതി പൗർണമിയാണു്. ധാതാവു് ചന്ദ്രനാണു്. (പൂർണമായ ചന്ദ്രമണ്ഡലം കാണുന്ന ദിവസം രാകാ. ചന്ദ്രന്റെ കല അല്പംപോലും കാണാത്ത ദിവസം കുഹൂ. ചതുർദശിയോടുകൂടിയ കറുത്തവാവു് സിനീവാലി. ചതുർദശിയോടു കൂടിയ പൗർണിമ അനുമതി.) വസുക്കൾ എട്ടുപേരാണു്. ഗായത്രീഛന്ദസ്സ് എട്ടു് അക്ഷരം ഉള്ളതാണു്. അതുകൊണ്ടു് അനുമതി വസുക്കളുടെ രൂപത്തിൽ ഉള്ളവളാണു്. പതിനൊന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുദ്രന്മാരാണ്. ത്രിഷ്ടുപ്ഛന്ദസ്സ് പതിനൊന്ന് അക്ഷരമുള്ളതാണ്. അതുകൊണ്ട് രാകാരുദ്രന്മാരുടെ രൂപത്തിൽ ഉള്ളതാണ്. പന്ത്രണ്ട് ആദിത്യന്മാരാണ്. ജഗതീഛന്ദസ്സ് പന്ത്രണ്ട് അക്ഷരമുള്ളതാണ് സിനീവാലി ആദിത്യസ്വരൂപത്തിൽ ഉള്ളതാണ്. പ്രജാപതി രൂപമായ കുഹു അനുഷ്ടുപ് ഛന്ദസ്സാണ്. ധാതാവ് വഷട് എന്ന മന്ത്രത്തിന്റെ സ്വരൂപത്തിലാണ്. എല്ലാ ഛന്ദസ്സുകളും അനുമതി മുതലായ ദേവികകളാണ്. വഷട്കാരവും ദേവികകളാണ്. ദേവികകൾ എല്ലാവരേയും ഉദ്ദേശിച്ച് ഒരുമിച്ച് യാഗം നടത്തുകയാണെങ്കിൽ അവർ യജമാനനെ നശിപ്പിക്കാൻ ശക്തി ഉള്ളവരാണ്. ആദ്യം അനുമതി, രാകാ എന്നിവരെ ഉദ്ദേശിച്ച് യാഗം നടത്തിയതിന് ശേഷം ധാതാവിന് മൂന്നാമതായി യാഗം നടത്തണം. അതിന് ശേഷം മാത്രം സിനീവാലി, കുഹു എന്നിവരെ ഉദ്ദേശിച്ച് യാഗം നടത്തണം. അപ്രകാരം അനുഷ്ഠിച്ചാൽ യജമാനനെ ദഹിപ്പിക്കുന്നില്ല. അതുകൊണ്ട് ഏതുകാര്യം ആഗ്രഹിച്ചാണോ യാഗം നടത്തിയത്. അത് ഈ ദേവതകളാൽ സാധിക്കുന്നു.

ഇതി നവമോഽനുവാകഃ

അഥ ദശമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—വാസ്തോഷ്പതേ പ്രതി ജാനീഹ്യസ്മാൻ സ്വാവേശോ അനമീവോ ഭവാ നഃ യത്ത്വേമഹേ പ്രതി തന്നോ ജുഷസ്വ ശം ന ഏധി ദ്വിപദേ ശം ചതുഷ്പദേ। വാസ്തോഷ്പതേ ശഗ്മയാ സꣳസദാ തേ സക്ഷീമഹി രണ്വയാ ഗാതുമത്യാ। ആവഃ ക്ഷേമ ഉത യോഗേ വരം നോ യൂയം പാത സ്വസ്തിഭിഃ സദാ നഃ॥ യത് സായം പ്രാതരഗ്നിഹോത്രം ജുഹോത്യാഹുതീഷ്ടകാ ഏവ താ ഉപ ധത്തേ യജമാനോഽഹോരാത്രാണി വാ ഏതസ്യേഷ്ടകാ യ ആഹിതാഗ്നിർയത് സായംപ്രാതർജുഹോത്യഹോരാത്രാണ്യേവാഽഽപ്ത്വേഷ്ടകാഃ കൃത്വോപ ധത്തേ ദശ സമാനത്ര ജുഹോതി ദശാക്ഷരാ വിരാഡ് വിരാജമേവാഽഽപ്ത്വേഷ്ടകാം കൃത്വോപ ധത്തേഽഥോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിരാജ്യേവ യജ്ഞമാപ്നോതി ചിത്യശ്ചിത്യോഽസ്യ ഭവതി തസ്മാദ്യത്ര ദശോഷിത്വാ പ്രയാതി തദ്യജ്ഞവാസ്ത്വവാസ്ത്വേവ തദ്യത്തതോഽർവാചീനം രുദ്രഃ ഖലു വൈ വാസ്തോഷ്പതിർയദഹുത്വാ വാസ്തോഷ്പതീയം പ്രയായാദ് രുദ്ര ഏനം ഭൂത്വാഽഗ്നിരനൂത്ഥായ ഹന്യാദ് വാസ്തോഷ്പതീയം ജുഹോതി ഭാഗധേയേനൈവൈനഗ്ഗും ശമയതി നാഽഽർതിമാർച്ഛതി യജമാനോ യദ്യുക്തേ ജുഹുയാദ്യഥാ പ്രയാതേ വാസ്താവാഹുതിം ജുഹോതി താദൃഗേവ തദ് യദയുക്തേ ജുഹുയാദ്യഥാ ക്ഷേമ ആഹുതിം ജുഹോതി താദൃഗേവ തദഹുതമസ്യവാസ്തോഷ്പതീയഗ്ഗ് സ്യാത് ദക്ഷിണോ യുക്തോ ഭവതി സവ്യോഽയുക്തോഽഥ വാസ്തോഷ്പതീയം ജുഹോത്യുഭയമേവാകരപരിവർഗമേവൈനഗ്ഗും ശമയതി യദേകയാ ജുഹുയാദ്ദർവിഹോമം കുര്യാത് പുരോഽനുവാക്യാമനൂച്യ യാജ്യയാ ജുഹോതി സദേവത്വായ യദ്ധുത ആദധ്യാദ് രുദ്രം ഗൃഹാനന്വാരോഹയേദ് യദവക്ഷാണാന്യസംപ്രക്ഷാപ്യ പ്രയായാദ്യഥാ യജ്ഞവേശസം വാഽഽദഹനം വാ താദൃഗേവ തദയം തേ യോനിർഋത്വിയ ഇത്യരണ്യോഃ സമാരോഹയതി ഏഷ വാ അഗ്നേർയോനിഃ സ്വ ഏവൈനം യോനൗ സമാരോഹയത്യഥോ ഖല്വാഹുർയദരണ്യോഃ സമാരൂഢോ നശ്യേദുദസ്യാഗ്നിഃ സീദേത്പുനരാധേയഃ സ്യാദിതി യാ തേ അഗ്നേ യജ്ഞിയാ തനൂസ്തയേഹ്യാ രോഹേത്യാത്മൻ സമാരോഹയതേ യജമാനോ വാ അഗ്നേർയോനിഃ സ്വായാമേവൈനം യോന്യാഗ്ഗും സമാരോഹയതേ।

[അനുവാകത്തിൻെറ ആരംഭം മുതൽ "യൂയം പാത സ്വസ്തിഭിഃ സദാനഃ" എന്നതു വരെ മന്ത്രവും ശേഷം ബ്രാഹ്മണവും]

മന്ത്രഭാഗത്തിൻെറ പദച്ഛേദം —

വാസ്തോഷ്പതേ പ്രതിജാനീഹി അസ്മാൻ സ്വാവേശഃ അനമീവഃ ഭവാ നഃ യത് ത്വാ ഈമഹേ പ്രതി തത് നഃ ജുഷസ്വ ശം നഃ ഏധി ദ്വിപദേ ശം ചതുഷ്പദേ വാസ്തോഷ്പതേ ശഗ്മയാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംസദാ തേ സക്ഷീമഹി രണ്വയാ ഗാതുമത്യാ ആവഃ ക്ഷേമഃ ഉത യോഗേ വരം നഃ യൂയം പാത സ്വസ്തിഭിഃ സദാ നഃ॥

മന്ത്രവും വിനിയോഗവും അർത്ഥവും

മന്ത്രം 1 വാസ്തോഷ്പതേ പ്രതിജാനീഹ്യസ്മാൻ
സ്വാവേശോ അനമീവോ ഭവാ നഃ
യത്ത്വേമഹേ പ്രതി തന്നോ ജുഷസ്വ
ശംന ഏധി ദ്വിപദേ ചതുഷ്പദേ।

ഭാര്യയോട് കൂടി ഗാർഹപത്യാഗ്നി എടുത്തുകൊണ്ട് അന്യദേശത്തേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നവൻ യാത്ര-പുറപ്പെടുന്നതിന് മുൻപ് ഈ മന്ത്രവും അടുത്ത മന്ത്രവും ചൊല്ലി ഹോമം ചെയ്യുന്നു.

വാസ്തോഷ്പതേ! = അഗ്നിഹോത്രം നടത്തുന്ന സ്ഥലത്തിൻെറ അധിപനായ അല്ലയോ അഗ്നിദേവ! അസ്മാൻ = യാത്രയ്ക്ക് ഒരുങ്ങിയിരിക്കുന്ന ഞങ്ങളെ, പ്രതിജാനീഹി = അതിന് അനുവദിച്ചാലും. നഃ = ഞങ്ങൾക്ക്. സ്വാവേശഃ ഭവ = സുഖമായ വാസസ്ഥാനം നൽകുന്നവനായി ഭവിച്ചാലും. അനമീവഃ = ഞങ്ങളെ രോഗം ഇല്ലാത്തവരാക്കിയാലും. യത് = യാതൊരു ആഗ്രഹം സാധിക്കാനാണോ, ത്വാം = അങ്ങയെ, പ്രതി ഈമഹേ = ഞങ്ങൾ സമീപിച്ചിരിക്കുന്നത് (അങ്ങയോട് പ്രാർത്ഥിക്കുന്നത്) തത് = അത്, നഃ ജുഷസ്വ = ഞങ്ങൾക്ക് സാധിച്ച തന്നാലും. നഃ ശം ഏധി = ഞങ്ങൾക്ക് സുഖം നൽകുന്നവനായി ഭവിച്ചാലും. നഃ ദ്വിപദേ = ഞങ്ങളുടെ ആളുകൾക്ക്, ശം ഏധി = സുഖം നൽകിയാലും. നഃ ചതുഷ്പദേ = ഞങ്ങളുടെ പശു മുതലായ മൃഗങ്ങൾക്ക്, ശം ഏധി = സുഖം നൽകിയാലും.

മ-2 വാസ്തോഷ്പതേ ശഗ്മയാ സംസദാ തേ
സക്ഷീമഹി രണ്വയാ ഗാതുമത്യാ।
ആവഃ ക്ഷേമ ഉത യോഗേ വരം നോ
യൂയം പാത സ്വസ്തിഭിസ്സദാ നഃ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ വാസ്തോഷ്പതേ! ശഗ്മയാ = എല്ലാകാര്യങ്ങളും സാധിക്കാൻ കഴിവുള്ളതും, രണ്വയാ = മനോഹരമായതും, ഗാതുമത്യാ = എല്ലാം അറിയുന്നതുമായ, തേ സംസദാ = അങ്ങയുടെ സദസ്സുമായി, സക്ഷീമഹി = ഞങ്ങൾ യോജിക്കട്ടെ (സദസ്സിൽ ഞങ്ങൾക്ക് താത്പര്യം ഉണ്ടാകട്ടെ) ത്വം = അങ്ങ് യോഗേ = യോഗത്തിലും (ആഗ്രഹിക്കുന്ന കാര്യം സാധിക്കുന്നതിലും) ക്ഷേമേ = ക്ഷേമത്തിലും. നഃ = ഞങ്ങളെ, വരം = നല്ലപോലെ, ആവഃ = രക്ഷിച്ചാലും, യൂയം = അങ്ങ് (പൂജകബഹുവചനം) നഃ = ഞങ്ങളെ, സദാ = എല്ലായ്പോഴും, സ്വസ്തിഭിഃ പാത = നാനാവിധമായ ശ്രേയസ്സ് നൽകി രക്ഷിച്ചാലും.

ബ്രാഹ്മണഭാഗത്തിൻെറ അർത്ഥം

വൈകുന്നേരവും രാവിലേയും അഗ്നിഹോത്രം ഹോമിക്കുന്ന എന്നുള്ളതു് യജമാനൻ ഇഷ്ടികകൾ വെയ്ക്കുന്നതു തന്നെയാണ് (ഹോമകുണ്ഡത്തിന് ചുററും ഇഷ്ടികകൾ നിരത്തിവെയ്ക്കുന്നതുപോലെയാണ്). യജമാനന്ന് അഹോരാത്രങ്ങൾ തന്നെയാണ് ഇഷ്ടികകൾ. ആഹിതാഗ്നിയായ യജമാനൻ പതിവായി വൈകുന്നേരവും രാവിലേയും ഹോമം ചെയ്യുന്നതു് നിമിത്തം അഹോരാത്രങ്ങൾ ഇഷ്ടികകളായിത്തീരുന്നു. ഒരു സ്ഥലത്തുതന്നെ പത്തുദിവസം അഗ്നിഹോത്രം നടത്തുന്നു എങ്കിൽ പത്തു് അക്ഷരമുള്ള വിരാട്ഛന്ദസ്സ് യജമാനന്ന് സ്വാധീനം ആകുന്നു. അവൻ വിരാട്ഛന്ദസ്സിനെത്തന്നെ ഇഷ്ടികകളാക്കിവെയ്ക്കുന്നു. വിരാട്ഛന്ദസ്സ് സ്വാധീനമായതുകൊണ്ടു് അഗ്നിഹോത്രയജ്ഞത്തിൻെറ ഫലം ലഭിക്കുന്നു. മൂന്നു തരത്തിലുള്ള ചിത്യാഗ്നികളും യജമാനന്ന് ലഭിക്കുന്നു. അതുകൊണ്ടു് ഒരു സ്ഥലത്തു് പത്തുദിവസം അഗ്നിഹോത്രം നടത്തി താമസിച്ചതിന് ശേഷം മറേറതെങ്കിലും സ്ഥലത്തു പോവുകയാണെങ്കിൽ ആ സ്ഥലം യജ്ഞഭൂമിയായിത്തീരുന്നു. പത്തു ദിവസത്തിൽ കുറവായി അഗ്നിഹോത്രം നടത്തിയ സ്ഥലം യജ്ഞഭൂമി ആകുന്നില്ല. രുദ്രനെയാണ് വാസ്തോഷ്പതി എന്നു് പറയുന്നതു്. വാസ്തോഷ്പതിയെ ഉദ്ദേശിച്ച് ഹോമം ചെയ്യാതെ ഗാർഹപത്യാഗ്നിയോടു് കൂടി യാത്ര പോവുകയാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണെങ്കിൽ ഗാർഹപത്യാഗ്നി കുപിതനായിത്തീർന്ന് യജമാനനെ കൊല്ലും. വാസ്തോഷ്പതിയെ ഉദ്ദേശിച്ച് ഹോമം ചെയ്യുന്നു എങ്കിൽ സ്വകീയഭാഗം ലഭിച്ചതുകൊണ്ട് അഗ്നിയുടെ കോപം ശമിക്കുന്നു. യജമാനന് പീഡ ഒന്നും ഉണ്ടാകുന്നില്ല. പ്രയാണ-ത്തിന് വണ്ടിയിൽ രണ്ട് കാളകളേയും കെട്ടിയതിന് ശേഷം ഹോമം ചെയ്യുകയാണെങ്കിൽ വാസ്തു (യാഗാഗ്നി) പോയതിന് ശേഷം ഹോമം ചെയ്തതുപോലെ നിഷ്ഫലമാകും. വണ്ടിയിൽ കാളകളെ കെട്ടുന്നതിന് മുൻപ് ഹോമം ചെയ്യുകയാണെങ്കിൽ യാത്ര ഒന്നും ഉദ്ദേശിക്കാതെ സ്വസ്ഥമായിരിക്കുമ്പോൾ ഹോമം കഴിച്ചതുപോലെ ആകും. (യാത്രയുടെ കാര്യത്തിൽ ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല, ആ യജമാനൻ വാസ്തോഷ്പതീയ ഹോമം നടത്താത്തതു പോലെ ആകും. അതിന് പ്രതിവിധിയായി വണ്ടിയിൽ വലതുവശത്തുള്ള കാളയെ കെട്ടിയതിന് ശേഷം ഇടതുവശത്തെ കാളയെ കെട്ടുന്നതിന് മുൻപ് വാസ്തോഷ്പതീയ ഹോമം നടത്തുന്നു. അപ്രകാരം ചെയ്താൽ അഗ്നിയുടെ കോപം ശമിക്കുന്നു. വാസ്തോഷ്പതേ ഇത്യാദി മന്ത്രങ്ങളിൽ ഒരു മന്ത്രം മാത്രം ചൊല്ലി ഹോമിക്കുകയാണെങ്കിൽ അതു് ദർവിഹോമം പോലെയാകും. അതു് ദേവന്മാർക്ക് പ്രിയം അല്ല. ദേവന്മാർക്ക് പ്രിയം ആകുന്നതിന് വേണ്ടി പുരോനുവാക്യാ രൂപത്തിലുള്ള ആദ്യത്തെ മന്ത്രം പറഞ്ഞിട്ട് യാജ്യാ രൂപത്തിലുള്ള രണ്ടാമത്തെ മന്ത്രം ചൊല്ലി ഹോമിക്കുന്നു.

ഹോമാനന്തരം യാത്രയ്ക്കുള്ള ഭാണ്ഡം വണ്ടിയിൽ കൊണ്ടു വെയ്ക്കുകയാണെങ്കിൽ രുദ്രരൂപത്തിലുള്ള അഗ്നിയേയും കൊണ്ടു വെച്ചതുപോലെയാകും. (ദോഷം ഉണ്ടാകും) ഹോമാഗ്നിയിൽ ഉണ്ടായിരുന്ന തീക്കനൽ കെടുത്താതെ യാത്ര പോവുകയാണെ-ങ്കിൽ അതു് യാഗത്തിന് വിഘ്നം ഉണ്ടാക്കിയതു പോലെയും ഗൃഹം ദഹിപ്പിച്ചതുപോലെയും ആകും. "അയം തേ യോനിഃ ഋത്വിയഃ" എന്ന മന്ത്രം ചൊല്ലി അരണികളിൽ അഗ്നി സമാ-രോപണം ചെയ്യുന്നു. അരണി (വിറക്) അഗ്നിയുടെ ഉത്പ-ത്തിസ്ഥാനമാണ്. സ്വന്തം ഉത്പത്തി സ്ഥാനത്തുതന്നെ അഗ്നിയെ ആവാഹിക്കുന്നു. അരണികളിൽ ആവാഹിതനായ അഗ്നി നശിക്കുകയാണെങ്കിൽ (അഗ്നി ആവാഹിച്ച അരണി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദഹിക്കുകയോ നഷ്ടപ്പെടുകയോ ചെയ്താൽ) യജമാനന്റെ അഗ്നി നഷ്ടപ്പെടുന്നു. വീണ്ടും അഗ്ന്യാധാനം ചെയ്യേണ്ടിവരും. "യാതേ അഗ്നേ യജ്ഞിയാ തനൂസ്തയാ ഏഹ്യഗ്ന ആരോഹ" എന്ന മന്ത്രം ചൊല്ലി യജമാനൻ തന്നിൽ തന്നെ അഗ്നി സമാരോഹണം ചെയ്യുന്നു. യജമാനനാണ് അഗ്നിയുടെ ഉത്പത്തിസ്ഥാനം. തന്റെ ഉത്പത്തി സ്ഥാനത്തു തന്നെ അഗ്നി സമാരോഹണം ചെയ്യുന്നു.

ഇതി ദശമോऽനുവാകഃ

അഥ ഏകാദശോऽനുവാകഃ (മന്ത്രം)

സംഹിത — ത്വമഗ്നേ ബൃഹദ്വയോ ദധാസി ദേവ ദാശുഷേ। കവിർഗൃഹപതിർയുവാ। ഹവ്യവാഡഗ്നിരജരഃ പിതാ നോ വിഭൂർവിഭാവാ സുദൃശീകോ അസ്മേ। സുഗാർഹപത്യാഃ സമിഷോ ദിദീഹ്യസ്മദ്രിയക്സം മിമീഹി ശ്രവാംസി॥ ത്വം ച സോമ നോ വശോ ജീവാതും ന മരാമഹേ। പ്രിയസ്തോത്രോ വനസ്പതിഃ। ബ്രഹ്മാ ദേവാനാം പദവീഃ കവീനാമൃഷിർവിപ്രാണാം മഹിഷോ മൃഗാണാം। ശ്യേനോ ഗൃധ്രാണാഗ് സ്വധിതിർവനാനാഗ്ം സോമഃ പവിത്രമത്യേതി രേഭൻ। ആ വിശ്വദേവഗ്ം സത്പതിഗ്ം സൂക്തൈരദ്യാ വൃണീമഹേ। സത്യസവഗ്ം സവിതാരം। ആ സത്യേന രജസാ വർതമാനോ നിവേശയന്നമൃതം മർത്യം ച ഹിരണ്യയേന സവിതാ രഥേനാऽऽദേവോ യാതി ഭുവനാ വിപശ്യൻ। യഥാ നോ അദിതിഃ കരത്പശ്വേ നൃഭ്യോ യഥാ ഗവേ। യഥാ തോകായ രുദ്രിയം। മാ നസ്തോകേ തനയേ മാ ന ആയുഷി മാ നോ ഗോഷു മാ നോ അശ്വേഷു രീരിഷഃ। വീരാന്മാനോ രുദ്ര ഭാമിതോ വധീർഹവിഷ്മന്തോ നമസാ വിധേമ തേ॥ ഉദപ്രുതോ ന വയോ രക്ഷമാണാ വാവദതോ അഭ്രിയസ്യേവ ഘോഷാഃ। ഗിരിഭ്രജോ നോർമയോ മദന്തോ ബൃഹസ്പതിമഭ്യർകാ അനാവൻ। ഹഗ്ംസൈരിവ സഖിഭിർവാവദദ്ഭിരശ്മന്മയാനി നഹനാ വ്യസ്യൻ। ബൃഹസ്പതിരഭികനിക്രദദ്ഗാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത പ്രാസ്തൗദ്ച്ച വിദ്വാഗ്ഗും അഗായത്॥ ഏന്ദ്ര സാനസിഗ്ഗം രയിം സജിത്വാനഗ്ഗും സദാസഹം। വർഷിഷ്ഠമൂതയേ ഭര। പ്ര സസാഹിഷേ പുരുഹൂത ശത്രൂൻ ജ്യേഷ്ഠസ്തേ ശുഷ്മ ഇഹ രാതിരസ്തു। ഇന്ദ്രാऽഭര ദക്ഷിണേനാ വസൂനി പതിഃ സിന്ധൂനാമസി രേവതീനാം। ത്വം സുതസ്യ പീതയേ സദ്യോ വൃദ്ധോ അജായഥാഃ। ഇന്ദ്ര ജൈഷ്ഠ്യായ സുക്രതോ। ഭുവസ്ത്വമിന്ദ്ര ബ്രഹ്മണാ മഹാൻ ഭുവോ വിശ്വേഷു സവനേഷു യജ്ഞിയഃ ഭുവോനൄഗ്ശ്ച്യൗത്നോ വിശ്വസ്മിൻ ഭരേ ജ്യേഷ്ഠശ്ച മന്ത്രഃ വിശ്വചർഷണേ॥ മിത്രസ്യ ചർഷണീധൃതഃ ശ്രവോ ദേവസ്യ സാനസിം। സത്യം ചിത്രശ്രവസ്തമം। മിത്രോ ജനാൻ യാതയതി പ്രജാനൻ മിത്രോ ദാധാര പൃഥിവീമുത ദ്യാം। മിത്രഃ കൃഷ്ടീരനിമിഷാऽഭി ചഷ്ടേ സത്യായ ഹവ്യം ഘൃതവദ്വിധേമ। പ്ര സ മിത്ര മർതോ അസ്തു പ്രയസ്വാൻ യസ്ത ആദിത്യ ശിക്ഷതി വ്രതേന। ന ഹന്യതേ ന ജീയതേ ത്വോതോ നൈനമഗ്ഗംഹോ അശ്നോത്യന്തിതോ ന ദൂരാത്॥ യത് ചിദ്ധി തേ വിശോ യഥാ പ്ര ദേവ വരുണ വ്രതം। മിനീമസി ദ്യവിദ്യവി। യത്കിഞ്ചേദം വരുണ ദൈവ്യേ ജനേऽഭിദ്രോഹം മനുഷ്യാശ്ചരാമസി। അചിത്തീ യത്തവ ധർമാ യുയോപിമ മാ നസ്തസ്മാദേനസോ ദേവ രീരിഷഃ। കിതവാസോ യദ്രിരിഷുർന ദിവി യദ്വാ ഘാ സത്യമുത യന്ന വിദ്മ। സർവാ താ വി ഷ്യ ശിഥിരേവ ദേവാഥാ തേ സ്യാമ വരുണ പ്രിയാസഃ॥

പദച്ഛേദം—ത്വം അഗ്നേ ബൃഹദ് വയഃ ദധാസി ദേവ ദാശുഷേ കവിഃ ഗൃഹപതിഃ യുവാ ഹവ്യവാഡ് അഗ്നിഃ അജരഃ പിതാ നഃ വിഭുഃ വിഭാവാ സുദൃശീകഃ അസ്മേ സുഗാർഹപത്യാഃ സമിഷാ ദിദീഹി അസ്മദ്ര്യക് സൻ മിമീഹി ശ്രവാംസി ത്വം ച സോമ നഃ വശഃ ജീവാതും ന മരാമഹേ പ്രിയസ്തോത്രം വനസ്പതിഃ ബ്രഹ്മാ ദേവാനാം പദവീഃ കവീനാം ഋഷിഃ വിപ്രാണാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹിഷഃ മൃഗാണാം ശ്യേനഃ ഗൃധ്രാണാം സ്വധിതിഃ
വനാനാം സോമഃ പവിത്രം അത്തി ഏതി രേഭൻ
ആ വിശ്വദേവം സത്പതിം സൂക്തൈഃ അദ്യ
ആ വൃണീമഹേ സത്യസവസം സവിതാരം ആ
സത്യേന രജസാ വർതമാനഃ നിവേശയൻ
അമൃതം മർത്യം ച ഹിരണ്യയേന സവിതാ
രഥേന ആ ദേവഃ യാതി ഭുവനാ വിപശ്യൻ
യഥാ നഃ അദിതിഃ കരത് പശ്വേ നൃഭ്യഃ യഥാ
ഗവേ യഥാ തോകായ രുദ്രിയം മാ നഃ തോകേ
തനയേ മാ നഃ ആയുഷി മാ നഃ ഗോഷു
മാ നഃ അശ്വേഷു രീരിഷഃ വീരാൻ മാ നഃ
രുദ്ര ഭാമിതഃ വധീഃ ഹവിഷ്മന്തഃ നമസാ
വിധേമ തേ ഉദപ്രുതഃ ന വയഃ രക്ഷമാണാഃ
വാവദതഃ അഭ്രിയസ്യ ഇവ ഘോഷാഃ ഗിരിഭ്രജഃ
ന ഊർമയഃ മദന്തഃ ബൃഹസ്പതിം അഭി
അർകാഃ അനാവൻ ഹംസൈഃ ഇവ സഖിഭിഃ
വാപദദ്ഭിഃ അശ്മൻ മയാനി നഹനാ വ്യസ്യൻ
ബൃഹസ്പതിഃ അഭി കനിക്രദദ് ഗാഃ ഉത
പ്രസ്തൗത് ഉ ച വിദ്വാൻ അഗായത് ആ ഇന്ദ്ര
സാനസിം രയിം സജിത്വാനം സദാസഹം
വർഷിഷ്ഠം ഊതയേ ഭര പ്ര സസാഹിഷേ പുരുഹൂത
ശത്രൂൻ ജ്യേഷ്ഠഃ തേ ശുഷ്മ ഇഹ രാതിഃ അസ്തു
ഇന്ദ്ര ആ ഭര ദക്ഷിണേനാ വസൂനി പതിഃ
സിന്ധൂനാം അസി രേവതീനാം ത്വം സുതസ്യ
പീതയേ സദ്യഃ വൃദ്ധഃ അജായഥാഃ ഇന്ദ്ര
ജ്യൈഷ്ഠ്യായ സുക്രതോ ഭുവഃ ത്വം ഇന്ദ്ര ബ്രഹ്മണാ
മഹാൻ ഭുവഃ വിശ്വേഷു സവനേഷു യജ്ഞിയഃ
ഭുവഃ നൄൻ ച്യൗത്നഃ വിശ്വസ്മിൻ ഭരേ ജ്യേഷ്ഠഃ
ച മന്ത്രഃ വിശ്വചർഷണേ മിത്രസ്യ ചർഷണീധൃതഃ
ശ്രവഃ ദേവസ്യ സാനസിം സത്യം ചിത്രശ്രവ-
സ്തമം മിത്രഃ ജനാൻ യാതയതി പ്രജാനൻ മിത്രഃ
ദാധാര പൃഥിവീം ഉത ദ്യാം മിത്രഃ കൃഷ്ടീഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനിമിഷാ അഭി ചഷ്ടേ സത്യായ ഹവ്യം
ഘൃതവദ് വിധേമ പ്ര സ മിത്രഃ മർതഃ അസ്തു
പ്രയസ്വാൻ യഃ തേ ആദിത്യഃ ശിക്ഷതി വ്രതേന
ന ഹന്യതേ ന ജീയതേ ത്വോതഃ ന ഏനം
അംഹഃ അശ്നോതി അന്തിതഃ ന ദൂരാത്
യച്ചിത് ഹി തേ വിശഃ യഥാ പ്ര ദേവ
വരുണ വ്രതം മിനീമസി ദ്യവിദ്യവി യത്
കിഞ്ച ഇദം വരുണ ദൈവ്യേ ജനേ അഭി
ദ്രോഹം മനുഷ്യാഃ ചരാമസി അചിത്തീ യത്
തവ ധർമ്മാഃ യുയോപിമ മാ നഃ തസ്മാത്
ഏനസഃ ദേവരീരിഷഃ കിതവാസഃ യദ് രിരിഷുഃ
ന ദവി യദ്വാ ഘാ സത്യം ഉത യത് ന
വിദ്മ സർവാതാ വിഷ്യ ശിഥിരാ ഇവ ദേവ
അഥാ തേ സ്യാമ വരുണ പ്രിയാസഃ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 ത്വമഗ്നേ ബൃഹദ്വയോ ദധാസി ദേവ ദാശുഷേ
കവിർഗൃഹപതിർയുവാ।

കറുത്ത ധാന്യങ്ങളം കൊണ്ടു് എട്ടുപാത്രത്തിൽ പുരോഡാശം ഉണ്ടാക്കി ഗൃഹപതി അഗ്നിയെ ഉദ്ദേശിച്ചു് നടത്തേണ്ട യാഗത്തിൻെറ പുരോഽനുവാക്യാ മന്ത്രം ആണു് ഇതു്.

ഹേ അഗ്നേ ദേവ! = അല്ലയോ അഗ്നിദേവ! കവിഃ = വിദ്വാനും, ഗൃഹപതിഃ = ഗൃഹരക്ഷകനും, യുവാ = നിത്യതരുണനുമായ, ത്വം = അങ്ങു്, ദാശുഷേ = ഹവിസ്സു് ഉണ്ടാക്കി ഹോമം നടത്തുന്ന യജമാനനു്, ബൃഹദ്‌വയഃ = ദീർഘായുസ്സു്, ദധാസി = നൽകുന്നു.

2 ഹവ്യവാഡഗ്നിരജരഃ പിതാ നോ
വിഭുർവിഭാവാ സുദൃശീകോ അസ്മേ।
സുഗാർഹപത്യാഃ സമിഷോ ദിദീഹ്യ-
സ്മദ്രിയക് സം മിമീഹി ശ്രവാംസി॥

മുൻ ചൊന്ന യാഗത്തിൻെറ യാജ്യാമന്ത്രമാണു് ഇതു്.

ഹവ്യവാഡ് = ഹോമിക്കപ്പെടുന്ന ഹവിസ്സു് വഹിച്ചു് കൊണ്ടുപോകുന്നവനും, അജരഃ = വാർദ്ധക്യം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇല്ലാത്തവനും, പിതാ = പിതാവിനെപ്പോലെ രക്ഷിക്കുന്നവനും, വിഭുഃ = സർവവ്യാപിയും, വിഭാവാ = നല്ല പ്രകാശമുള്ളവനും, സുദൃശീകഃ = കാഴ്ചയ്ക്ക് സുന്ദരനും ആയ, യഃ അഗ്നിഃ = യാതൊരു അഗ്നി ഉണ്ടോ, സഃ ത്വം = അപ്രകാരമുള്ള അങ്ങ്. അസ്മേ = ഞങ്ങൾക്ക്, സുഗാർഹപത്യാഃ = നല്ല ഗൃഹപതി ആകുന്നതിനു് കാരണമായ, ഇഷവഃ = ഭക്ഷ്യധാന്യങ്ങൾ, സംദിദീഹി = ധാരാളമായി തന്നാലും. അസ്മദ്രിയക് സൻ = ഞങ്ങൾക്കു് അഭിമുഖമായി വന്നു് (ഞങ്ങളോടു് സ്നേഹമുള്ളവനായി) ശ്രവാംസി = യശസ്സ്, മിമീഹി = ഉണ്ടാക്കിത്തന്നാലും.

3 ത്വം ച സോമ നോ വശോ ജീവാതും
ന മരാമഹേ പ്രിയസ്തോത്രോ വനസ്പതിഃ॥

വനസ്പതിയായ സോമനു് ചാമഅരികൊണ്ടു് ഹവിസ്സ് ഉണ്ടാക്കി ഹോമിക്കുന്നതിനുള്ള പുരോഽനുവാക്യാ മന്ത്രമാണു് ഇതു്.

ഹേ സോമ! = അല്ലയോ സോമ, പ്രിയസ്തോത്രഃ = സ്തുതി പ്രിയനും, വനസ്പതിഃ = വനങ്ങളെ രക്ഷിക്കുന്നവനും ആയ, ത്വം = അങ്ങു്, നഃ = ഞങ്ങൾക്കു്, ജീവാതും വശഃ = ജീവിക്കാൻ വേണ്ട മാർഗ്ഗം നൽകാൻ ആഗ്രഹിക്കുന്നു. ന മരാമഹേ = അതുകൊണ്ടു് ഞങ്ങൾ മരിക്കുന്നില്ല.

4 ബ്രഹ്മാ ദേവാനാം പദവീഃ കവീനാം
ഋഷിർവിപ്രാണാം മഹിഷോ മൃഗാണാം।
ശ്യേനോ ഗൃധ്രാണാം സ്വധിതിർവനാനാം
സോമഃ പവിത്രമത്യേതി രേഭൻ॥

ഇതു് മുൻ ചൊന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണു്.

ബ്രഹ്മാ = ബ്രഹ്മാവു്, ദേവാനാം = ദേവന്മാരിൽ ശ്രേഷ്ഠനാണു് പദവീഃ = പദവാക്യങ്ങളുടെ ശരിയായ ജ്ഞാനം ഉള്ളവൻ, കവീനാം = കവികളിൽ ശ്രേഷ്ഠനാണു്. ഋഷിഃ = തപോ നിഷ്ഠകൊണ്ടു് അതീന്ദ്രിയ ജ്ഞാനം ഉള്ളവൻ, വിപ്രാണാം = ബ്രാഹ്മണരിൽ ശ്രേഷ്ഠനാണു്. മഹിഷഃ = പോത്തു്, മൃഗാണാം = മൃഗങ്ങളിൽ ശ്രേഷ്ഠമാണു് (ബലാധിക്യം നിമിത്തം) ശ്യേനഃ = ശ്യേനൻ എന്ന പക്ഷി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗൃധ്രാണാം = കഴുകന്മാരിൽ ബലംകൊണ്ടു് ശ്രേഷ്ഠമാണു്. സ്വധിതിഃ = ഉറപ്പുള്ള വൃക്ഷങ്ങളോടു കൂടിയ വനം, വനാനാം = വനങ്ങളിൽ ശ്രേഷ്ഠമാണു്. രേഭൻ = ആളുകളാൽ സ്തുതിക്കപ്പെടുന്ന, സോമഃ = സോമൻ, പവിത്രം അത്യേതി = പരിശുദ്ധരായ എല്ലാവരെക്കാളും, ശ്രേഷ്ഠനാണു്.

5 ആ വിശ്വദേവം സത്പതിം സൂക്തൈരദ്യാ വൃണീമഹേ
സത്യസവം സവിതാരം ॥

ഇതു് സവിതാവിനെ ഉദ്ദേശിച്ചു് പന്ത്രണ്ടു് പാത്രത്തിൽ പുരോഡാശം സമർപ്പിക്കുന്നതിനു് ഉള്ള പുരോഽനുവാക്യയാണു്.

അദ്യ = ഇപ്പോൾ ഈ കർമ്മത്തിൽ) വിശ്വദേവം = എല്ലാ ദേവന്മാരെയും സ്വാധീനപ്പെടുത്തി ഇരിക്കുന്നവനും, സത്പതിം = സന്മാർഗ്ഗവർത്തികളുടെ പാലകനും, സത്യസവം = സഫലമായി അനുജ്ഞ നൽകുന്നവനും ആയ, സവിതാരം = സവിതൃ ദേവനോടു്, സൂക്തൈഃ = ശോഭനമായ വാക്കുകളാൽ. ആ വൃണീമഹേ = ഞങ്ങൾ പ്രാർത്ഥിക്കുന്നു.

6 ആ സത്യേന രജസാ വർതമാനോ നിവേശയൻ
അമൃതം മർത്യം ച। ഹിരണ്യയേന സവിതാ
രഥേനാഽഽദേവോ യാതി ഭുവനാ വിപശ്യൻ।

സവിതാവിനെ ഉദ്ദേശിച്ചു് നടത്തുന്ന യാഗത്തിൻെറ യാജ്യാ മന്ത്രം.

സവിതാ = ആദിത്യൻ, സത്യേന രജസാ ആവർതമാനഃ = അമോഘമായ മണ്ഡലത്താൽ ഉദയാസ്തമയങ്ങൾ ഉണ്ടാക്കുകയും, അമൃതം = ദേവശരീരത്തേയും, മർത്യം ച = മനുഷ്യശരീരത്തേയും, നിവേശയൻ = അതാതു ലോകങ്ങളിൽ വ്യവഹാരക്ഷമമാക്കുകയും, ഭുവനാ = സർവലോകങ്ങളേയും, വിപശ്യൻ = നോക്കുകയും ചെയ്തുകൊണ്ടു്, ഹിരണ്യയേന = സ്വർണ്ണനിർമ്മിതമായ, രഥേന = രഥത്തിൽ കയറി, ആയാതി = വരുന്നു (ഉദിക്കുന്നു.)

7 യഥാ നോ അദിതിഃ കരത്പശ്വേ നൃഭ്യോ യഥാ ഗവേ
യഥാ തോകായ രുദ്രിയം।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശുപതിയായ രുദ്രന് കാട്ടിൽ ഉണ്ടാകുന്ന ഗോതമ്പു- കൊണ്ടു് ഹവിസ്സ് ഹോമിക്കുന്നതിനുള്ള പുരോഽനുവാക്യ- യാണു് ഈ മന്ത്രം.

അദിതിഃ രുദ്രഃ = അഖണ്ഡനീയനായ രുദ്രൻ, യഥാ = എപ്രകാരമായാൽ, പശവേ = മൃഗങ്ങൾക്കും, നൃഭ്യഃ = മനുഷ്യർക്കും, ഗവേ = പശുക്കൾക്കും, തോകായ = അപത്യ- ങ്ങൾക്കും. രുദ്രിയം = രുദ്രപ്രതിപാദിതമായ രക്ഷണം, കരത് = നൽകുമോ അതിനു് വേണ്ടി ഈ ഹവിസ്സ് ഞാൻ ഹോമിക്കുന്നു.

8 മാനസ്തോകേ തനയേ മാന ആയുഷി
മാനോഗോഷു മാനോ അശേഷു രീരിഷഃ।
വീരാന്മാനോ രുദ്രഭാമിതോ വധീർ-
ഹവിഷ്മന്തോ നമസാ വിധേമതേ।
മുൻ ചൊന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണു് ഇതു്.

ഹേ രുദ്ര! = അല്ലയോ രുദ്ര! ത്വം = അങ്ങു്, ഭാമിതഃ സൻ = ക്രുദ്ധനായി, നഃ = ഞങ്ങളുടെ, തോകേ = പുത്രന്മാരിലും, തനയേ = പുത്രന്മാരുടെ പുത്രന്മാരിലും, മാ രീരിഷഃ = ഹിംസ ചെയ്യരുതു്, നഃ ആയുഷി = ഞങ്ങളുടെ ആയുസ്സ് നശിപ്പിക്കരുതു്. നഃ ഗോഷു മാ രീരിഷഃ = ഞങ്ങളുടെ പശുക്കളെ ഹിംസിക്കരുതു്. നഃ അശേഷു മാ രീരിഷഃ = ഞങ്ങളുടെ അശ്വങ്ങളെ ഹിംസിക്കരുതു്. നഃ വീരാൻ മാ വധീഃ = ഞങ്ങളുടെ വീരന്മാരായ ഭൃത്യന്മാരെ വധിക്ക- രുതു്. വയം = ഞങ്ങൾ, ഹവിഷ്മന്തഃ = ഹവിസ്സ് സമർപ്പിക്കുന്നവരായി, തേ നമസാ വിധേമ = അങ്ങയെ നമസ്കരിക്കട്ടെ.

9 ഉദപ്രുതോ ന വയോ രക്ഷമാണാ
വാവദതോ അഭ്രിയസ്യേവ ഘോഷാഃ।
ഗിരിഭ്രജോ നോർമയോ മദന്തോ
ബൃഹസ്പതിമഭ്യർക്കാ അനാവൻ।

ബൃഹസ്പതിയെ ഉദ്ദേശിച്ചു് നിവാരം പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നതിനുള്ള പുരോഽനുവാക്യയാണു് ഇതു്.

ഉദപ്രുതഃ = മേഘങ്ങൾ, വയഃ രക്ഷമാണാഃ ന = ആയുസ്സ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രക്ഷിക്കുന്നതുപോലെ (മേഘങ്ങൾ വർഷിച്ച് സസ്യസമൃദ്ധിയുണ്ടായി ആളുകൾക്ക് ജീവിക്കാൻ സാധിക്കുന്നു.) എൻെറ ആയുസ്സ് രക്ഷിക്കുന്നവയും, (സ്തുതികളാൽ പ്രസന്നരായ ദേവതകൾ യജമാനന്ന് ആയുസ്സ് നൽകുന്നു) അഭ്രിയസ്യ = മേഘസമൂഹത്തിൻെറ, ഘോഷാഃ ഇവ = ശബ്ദംപോലെ വാവദതഃ = ഉച്ചത്തിൽ കേൾക്കുന്നവയും, ഗിരിഭ്രജഃ = നദീ-തീരത്തിലുള്ള ഗിരിയെ സ്പർശിക്കുന്ന ,ഊർമയഃ ന = തിരമാലകൾപോലെ, മദന്തഃ = സന്തോഷം ഉണ്ടാക്കുന്നവയും ആയ, അർകാഃ = ഞങ്ങളാൽ ചെയ്യപ്പെടുന്ന സ്തുതികൾ, ബൃഹസ്പതിം = ബൃഹസ്പതിയെ അനാവൻ = സ്തുതിക്കുന്നു.

10 ഹംസൈരിവ സഖിഭിർവാവദദ്ഭിരശ്മൻ
മയാനി നഹനാ വ്യസ്യൻ।
ബൃഹസ്പതിരഭികനിക്രദദ്ഗാ
ഉതപ്രസ്തൗദുച്ച വിദ്വാംഗ്ം അഗായത്

മുൻചൊന്ന യാഗത്തിൻെറ യാജ്യാമന്ത്രമാണ് ഇതു്.

ഹംസൈഃ ഇവ = സന്യാസിമാരാൽ സ്തുതിക്കപ്പെട്ട പരമേശ്വരൻ മോക്ഷത്തിനുള്ള പ്രതിബന്ധങ്ങൾ ഇല്ലാതാക്കുന്നതുപോലെ, വാവദദ്ഭിഃ = നല്ലപോലെ സ്തുതിക്കുന്ന, സഖിഭിഃ = ഋത്വിക്കുകളാൽ പരിതോഷിതനായ, ബൃഹസ്പതിഃ = ബൃഹസ്പതി, അശ്മൻ മയാനി = പാറകൾപോലെ ഉറച്ചിരിക്കുന്ന ,നഹനാ = ഫലപ്രതിബന്ധങ്ങളായ ദുരിതങ്ങളെ, വ്യസ്യൻ = മാററിക്കൊണ്ടും, അഭികനിക്രദദ് = ഞങ്ങളുടെ ഹവിസ്സ് സ്വീകരിക്കുന്നതിൽ സന്തോഷസൂചകമായി ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിച്ചും, ഉത = കൂടാതെ, ഗാഃ = പരിതോഷസൂചകങ്ങളായ വാക്കുകൾ, പ്രസ്തൗത് = പറയുകയും ചെയ്തു. വിദ്വാൻ = ഞങ്ങളുടെ പരിചര്യകൾ മനസ്സിലാക്കി, ഉപഗായത്ച = സന്തോഷസൂചകമായി പാടുകയും ചെയ്തു.

11 ഏന്ദ്രസാനസിം രയിം സജിത്വാനം
സദാസഹം വർഷിഷ്ഠമൂതയേ ഭര।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രേഷ്ഠനായ ഇന്ദ്രന് മഹാവ്രീഹികൊണ്ട് പതിനൊന്ന് പാത്രത്തിൽ പുരോഡാശം പാകം ചെയ്ത് ഹോമിക്കുന്നതിനുള്ള പുരോഽനുവാക്യാ മന്ത്രമാണ് ഇത്.

ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര! സാനസിം = അനേകം ആളുകൾക്ക് ദാനം കൊടുക്കാൻ പര്യാപ്തവും, സജിത്വാനം = ജയശീലരായ പുത്രാദികളോട് കൂടിയതും, സദാസഹം = സർവദാ ശത്രുക്കളെ തിരസ്കരിക്കാൻ പര്യാപ്തമായതും, വർഷിഷ്ഠം = വർദ്ധിച്ചുവരുന്നതുമായ, രയിം = ധനം, ഊതയേ = ഞങ്ങളുടെ രക്ഷയ്ക്ക് വേണ്ടി, ആഭര = കൊണ്ടുവരിക.

12 പ്ര സസാഹിഷേ പുരുഹൂത ശത്രൂൻ
ജ്യേഷ്ഠസ്തേ ശുഷ്മ ഇഹ രാതിരസ്തു।
ഇന്ദ്രാഽഭര ദക്ഷിണേനാ വസൂനി
പതിഃ സിന്ധൂനാമസി രേവതീനാം।

മുൻചൊന്ന യാഗത്തിൻെറ യാജ്യാമന്ത്രമാണ് ഇത്.

ഹേ പുരുഹൂത ഇന്ദ്ര! = അനേകം യജ്ഞങ്ങളിൽ ക്ഷണിക്കപ്പെടുന്ന അല്ലയോ ഇന്ദ്ര! ത്വം = അങ്ങ്, ശത്രൂൻ = ശത്രുക്കളെ, പ്രസസാഹിഷേ = തിരസ്കരിക്കുന്നു. തേ = അങ്ങയുടെ, ശുഷ്മ = ബലം, ജ്യേഷ്ഠം = ശ്രേഷ്ഠമാണ് ഇഹ = ഈ കർമ്മത്തിൽ, രാതിഃ അസ്തു = ഞങ്ങൾക്ക് ഫല പ്രദാനം ഉണ്ടാകട്ടെ. ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര! ദക്ഷിണേന = വലതുകൈകൊണ്ട്, വസൂനി ആഭര = ധനം കൊണ്ടുവരിക. ത്വം = അങ്ങ്, സിന്ധൂനാം = സമുദ്രം പോലെയുള്ള (അസംഖ്യം) രേവതീനാം = പ്രജകളുടെ, പതിഃ അസി = അധിപതി ആകുന്നു.

13 ത്വം സുതസ്യ പീതയേ സദ്യോ വൃദ്ധോ അജായഥാഃ।
ഇന്ദ്ര ജ്യൈഷ്ഠ്യായ സുക്രതോ॥

മുൻചൊന്ന യാഗത്തിൻെറ മറ്റൊരു പുരോഽനുവാക്യയാണ് ഈ മന്ത്രം.

ഹേ സുക്രതോ ഇന്ദ്ര! = ശോഭനമായ കർമ്മങ്ങളോടുകൂടിയ അല്ലയോ ഇന്ദ്ര! ത്വം = അങ്ങ്, സുതസ്യ പീതയേ = സോമരസം പാനം ചെയ്യുന്നതിന് വേണ്ടി, സദ്യഃ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പെട്ടെന്ന് തന്നെ, വൃദ്ധഃ അജായഥാഃ = പ്രൗഢനായി ഭവിച്ചു. ജ്യൈഷ്ഠ്യായ = ഇതു് അങ്ങേയ്ക്കു് എല്ലാ ദേവതകളെക്കാളും ശ്രേഷ്ഠതയ്ക്കു് കാരണമായി.

14 ഭുവസ്ത്വമിന്ദ്ര ബ്രഹ്മണാ മഹാൻ
ഭുവോ വിശ്വേഷു സവനേഷു യജ്ഞിയഃ।
ഭുവോനൄഗ്ഃശ്ച്യൗത്നോ വിശ്വസ്മിൻ ഭരേ
ജ്യേഷ്ഠശ്ച മന്ത്രഃ വിശ്വചർഷണേ॥

മുൻചൊന്ന യാഗത്തിന്റെ മറ്റൊരു യാജ്യാ മന്ത്രം ആണ് ഇതു്.

ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര! ത്വം = അങ്ങു്, ബ്രഹ്മണാ = സ്തുതിരൂപമായ വേദവാക്യങ്ങളാൽ, മഹാൻ ഭവഃ = അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നു വിശ്വേഷു സവനേഷു = എല്ലാ സവനങ്ങളിലും, യജ്ഞിയഃ ഭുവഃ = അങ്ങു് യാഗത്തിനു് യോഗ്യനായിരിക്കുന്നു. നൄൻ = പ്രതികൂലരായ ശത്രുക്കളെ, ച്യൗത്നഃ ഭുവഃ = നശിപ്പിച്ച് കൊണ്ടിരിക്കുന്നു. ഹേ വിശ്വചർഷണേ! = എല്ലാ മനുഷ്യരുടേയും സ്വാമി ആയിട്ടുള്ളവനെ! ത്വം = അങ്ങു്, വിശ്വസ്മിൻഭരേ = എല്ലാ യാഗങ്ങളിലും, മന്ത്രഃ = ബഹുമാനിക്കപ്പെടേണ്ടവനും, ജ്യേഷ്ഠഃ = ശ്രേഷ്ഠനും ആകുന്നു.

15 മിത്രസ്യ ചർഷണീ ധൃതഃ ശ്രവോ ദേവസ്യ സാനസിം
സത്യം ചിത്രശ്രവസ്തമം।

മിത്രനെ ഉദ്ദേശിച്ച് 'അംബ' എന്ന ധാന്യം പാകംചെയ്ത ഹവിസ്സ് ഹോമിക്കുന്നതിനുള്ള പുരോ/നുവാക്യയാണ് ഈ മന്ത്രം.

ചർഷണീധൃതഃ = മനുഷ്യരെ രക്ഷിക്കുന്ന, മിത്രസ്യ ദേവസ്യ = മിത്രൻ എന്ന ദേവന്റെ, ശ്രവഃ = കീർത്തി വളരെ വലുതാണ്. സാനസിം = യാഗാദികൾ നടത്തുന്നവക്കു് ഉദ്ദേശിച്ചഫലം നൽകുന്നവനും, സത്യം = സത്യവാദിയും, ചിത്രശ്രവസ്തമം = മഹത്തായ കീത്തിയുള്ളവനും ആയ മിത്രനെ ഉദ്ദേശിച്ച് ഞങ്ങൾ യാഗം നടത്തുന്നു.

16 മിത്രോ ജനാൻ യാതയതി പ്രജാനൻ
മിത്രോ ദാധാര പൃഥിവീമുത ദ്യാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിത്രഃ കൃഷ്ടീരനിമിഷാഽഭി ചഷ്ടേ
സത്യായ ഹവ്യം ഘൃതവദ്വിധേമ।

മിത്രനെ ഉദ്ദേശിച്ച് ഹവിസ്സ് ഹോമിക്കുന്നതിനുള്ള യാജ്യാ മന്ത്രമാണ് ഇതു്.

മിത്രഃ = മിത്രൻ എന്നു് അറിയപ്പെടുന്ന ദേവൻ, പ്രജാനൻ = അവരവരുടെ ചുമതല അറിഞ്ഞുകൊണ്ടു്, ജനാൻ = എല്ലാ ആളുകളേയും, യാതയതി = അവരവരുടെ കൃത്യങ്ങളിൽ പ്രവർത്തിപ്പിക്കുന്നു. മിത്രഃ = മിത്രൻ, പൃഥിവീം ഉതദ്യാം = ഭൂമിയേയും സ്വർഗ്ഗത്തേയും, ദധാര = ധരിച്ചു. മിത്രഃ = മിത്രൻ, കൃഷ്ടീഃ = മനുഷ്യരേയും, അനിമിഷാഃ = ദേവന്മാരെയും, അഭിചഷ്ടേ = എല്ലാ സ്ഥലത്തും കാണുന്നു സത്യായ = അമോഘമായി യാഗഫലം നൽകുന്ന മിത്രനു്, ഘൃതവദ്ഹവ്യം = നെയ്യ് കൂട്ടിച്ചേർത്ത ഹവിസ്സ്, വിധേമ = ഞങ്ങൾ സമർപ്പിക്കുന്നു.

17 പ്ര സ മിത്ര മർത്തോഽസ്തു പ്രയസ്വാൻ
യസ്ത ആദിത്യ ശിക്ഷതി വ്രതേന।
ന ഹന്യതേ ന ജീയതേ ത്വോതോ
നൈനമംഹോ അശ്നോത്യന്തിതോ ന ദൂരാത്।

മിത്രനെ ഉദ്ദേശിച്ച് ഹവിസ്സ് ഹോമിക്കുന്നതിനുള്ള മറ്റൊരു യാജ്യാമന്ത്രമാണ് ഇതു്.

യഃ = യാതൊരു യജമാനൻ, വ്രതേന ശിക്ഷതി = അങ്ങയെ സംബന്ധിച്ച കർമ്മങ്ങൾ നടത്താൻ ശക്തനായിത്തീരുന്നതിനു് ആഗ്രഹിക്കുന്നുവോ, സഃ മർതഃ = ആ യജമാനൻ, പ്രയസ്വാൻ അസ്തു = ഉദ്ദിഷ്ടകർമ്മത്തിന്റെ ഫലം ലഭിച്ചവനായിത്തീരട്ടെ. ത്വോതഃ = അങ്ങയാൽ രക്ഷിക്കപ്പെട്ട, സഃ = ആ യജമാനൻ, ന ഹന്യതേ = രോഗാദികളാൽ പീഡിതനാകുന്നില്ല. ന ജീയതേ = ശത്രുക്കളാൽ ജയിക്കപ്പെടുന്നില്ല. ഏനം = അപ്രകാരമുള്ള യജമാനനെ, അംഹഃ = പാപം അന്തിതഃ ന അശ്നോതി = സമീപിക്കുന്നില്ല. ദൂരാത് = ദൂരെപ്പോലും വരുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

18. യച്ചിദ്ധി തേ വിശോ യഥാ പ്ര ദേവ വരുണ വ്രതം
മിനീമസി ദ്യവി ദ്യവി।

ധർമ്മപതിയായ വരുണനെ ഉദ്ദേശിച്ച് യവം പാകം ചെയ്ത ഹവിസ്സ് ഹോമം കഴിക്കുന്നതിനുള്ള പുരോഽനുവാക്യാ മന്ത്രമാണ് ഇതു്.

ഹേ വരുണ! = അല്ലയോ വരുണ! യഥാ = എപ്രകാരമാണോ, വിശഃ = ജനങ്ങൾ അവരവർ ചെയ്യേണ്ട പ്രവർത്തികൾ ആലോചിച്ച് നിശ്ചയിക്കുന്നതു് അതുപോലെ, വയം = ഞങ്ങൾ, യച്ചിത് വ്രതം = അങ്ങയെ ഉദ്ദേശിച്ച് ചെയ്യേണ്ട ഏതെങ്കിലും കർമ്മം, ദ്യവിദ്യവി = എല്ലാദിവസവും, പ്ര മിനീമസി = ആലോചിച്ച് നിശ്ചയിക്കുന്നു.

19 യത്കിഞ്ചേദം വരുണദൈവ്യേ
ജനേഽഭിദ്രോഹം മനുഷ്യാശ്ചരാമസി।
അചിത്തീ യത്തവ ധർമ്മാ യുയോപിമ
മാ നസ്തസ്മാദേനസോ ദേവ രീരിഷഃ।

വരുണനെ ഉദ്ദേശിച്ച് ഹവിസ്സ് ഹോമിക്കുന്നതിനുള്ള യാജ്യാ മന്ത്രമാണ് ഇതു്.

ഹേ വരുണ! = അല്ലയോ വരുണ! മനുഷ്യാഃ വയം = മനുഷ്യരായ ഞങ്ങൾ, ദൈവ്യേ ജനേ = ദേവലോകവർത്തികളോട് (ദേവന്മാരോട്) യത്കിഞ്ച ഇദം = എന്തെങ്കിലും, അഭിദ്രോഹം = ദ്രോഹം, അചിത്തീ = അറിവില്ലാതെ ചരാമസി = ചെയ്തുപോയിട്ടുണ്ടെങ്കിൽ, അതുകൊണ്ടും യത്തവ ധർമ്മാഃ = അങ്ങയെ ഉദ്ദേശിച്ച് ചെയ്യേണ്ട കർമ്മം, യുയോപിമ = നശിച്ചിട്ടുണ്ടെങ്കിൽ അതുകൊണ്ടും, തസ്മാദ് ഏനസഃ = ഉണ്ടാകാവുന്ന പാപത്തിന്, നഃ = ഞങ്ങളെ, മാ രീരിഷഃ = ഹിംസിക്കരുതു്.

20 കിതവാസോ യദ്രിരിഷുർനദിവി
യദ്വാ ഘാ സത്യമുത യന്ന വിദ്മ।
സർവാതാവിഷ്യ ശിഥിരേവ ദേവാഥാ
തേ സ്യാമ വരുണ പ്രിയാസഃ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുൻപ് പറഞ്ഞ യാഗത്തിൻെറ മറെറാരു യാജ്യാ മന്ത്രമാണ് ഇതു്.

ദിവി ന കിതവാസഃ = ചൂതുകളിക്കാരെപ്പോലെ ധനലാഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഋത്വിക്കുകൾ, യദ് = യാതൊരു കർമ്മാങ്ഗം, രിരിഷുഃ = നശിപ്പിച്ചു, വാ = അല്ലെങ്കിൽ, യത് ഘ = യാതൊരു പാപം, സത്യം = അറിഞ്ഞ് തന്നെ ചെയ്യപ്പെട്ടുവോ, ഉത യദ് ന വിദ്മ = കൂടാതെ യാതൊരു പാപം അറിയാതെ ചെയ്യപ്പെട്ടുവോ, താഃ സർവ്വാഃ = അവയെല്ലാം, ശിഥിരേവ വിഷ്യ = നശിപ്പിച്ചാലും. അഥാ = അനന്തരം ദേവ വരുണ = അല്ലയോ വരുണദേവ! വയം = ഞങ്ങൾ, തേ = അങ്ങയ്ക്ക്, പ്രിയാസഃ സ്യാമ = പ്രിയപ്പെട്ടവരായിത്തീരട്ടെ.

ഇതി ഏകാദശോഽനുവാകഃ

ചതുർത്ഥഃ പ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയ കാണ്ഡേ പഞ്ചമഃ പ്രപാഠകഃ

ഹരിഃ ഓം

പ്രഥമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—പൂർണാ പശ്ചാദുത പൂർണാ പുരസ്താ-
ദുന്മധ്യതഃ പൗർണമാസീ ജിഗായ। തസ്യാം ദേവാ
അധി സംവസന്ത ഉത്തമേ നാക ഇഹ മാദയന്താം।
യത്തേ ദേവാ അദധുർഭാഗധേയമമാവാസ്യേ സം-
വസന്തോ മഹിത്വാ। സാ നോ യജ്ഞം പിപൃഹി
വിശ്വവാരേ രയിം നോ ധേഹി സുഭഗേ സുവീരം।
നിവേശനീ സംഗമനീ വസൂനാം വിശ്വാ രൂപാണി
വസൂന്യാവേശയന്തീ। സഹസ്രപോഷꣳ സുഭഗാ
രരാണാ സാ ന ആഗന്വർചസാ സംവിദാനാ। അഗ്നീ-
ഷോമൗ പ്രഥമൗ വീർയേണ വസൂൻ രുദ്രാനാദിത്യാ-
നിഹ ജിന്വതം। മാധ്യꣳഹി പൗർണമാസം ജുഷേഥാം
ബ്രഹ്മണാ വൃദ്ധൗ സുകൃതേന സാതാവഥാസ്മഭ്യꣳ സഹ-
വീരാꣳ രയിം നിയച്ഛതം॥ ആദിത്യാശ്ചാങ്ഗിര-
സശ്ചാഗ്നീനാഽദധത തേ ദർശപൂർണമാസൗ പ്രൈ-
പ്സൻ തേഷാമങ്ഗിരസാം നിരുപ്തꣳ ഹവിരാസീ-
ദഥാഽഽദിത്യാ ഏതൗ ഹോമാവപശ്യൻ താവജുഹവുസ്ത-
തോ വൈ തേ ദർശപൂർണമാസൗ പൂർവ ആഽലഭന്ത
ദർശപൂർണമാസാവാലഭമാന ഏതൗ ഹോമൗ പുരസ്താ-
ജ്ജുഹുയാത്സാക്ഷാദേവ ദർശപൂർണ മാസാവാ ലഭതേ
ബ്രഹ്മവാദിനോ വദന്തി സ ത്വൈ ദർശപൂർണമാ-
സാവാ ലഭേത യ ഏനയോരനുലോമം ച പ്രതിലോമം
ച വിദ്യാദിത്യമാവാസ്യായാ ഊർധ്വം തദനുലോമം
പൗർണമാസ്യൈ പ്രതീചീനം തത്പ്രതിലോമം
യത്പൗർണമാസീം പൂർവാ മാലഭേത പ്രതിലോമ-
മേനാവാ ലഭേതാമുമപക്ഷീയമാണമന്വപക്ഷീയേത
സാരസ്വതൗ ഹോമൗ പുരസ്താജ്ജുഹുയാദമാവാസ്യാ വൈ
സരസ്വത്യനുലോമമേവൈനാവാ ലഭതേഽമുമാപ്യായ-
മാനമന്വാ പ്യായത ആഗ്നാവൈഷ്ണവമേകാദശകപാലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിവേശനീ = നല്ല ഗൃഹത്തിൽ ഞങ്ങളെ പ്രവേശിപ്പിക്കുന്നവളും, വസൂനാം സംഗമനീ = ധനം തരുന്നവളും, വിശ്വാരൂപാണി = പല തരത്തിലുള്ള. വസൂനി = ദ്രവ്യങ്ങൾ, ആവേശയന്തീ = ഞങ്ങളുടെ ഗൃഹത്തിൽ പ്രവേശിപ്പിക്കുന്നവളും, സഹസ്രപോഷം = ആയിരക്കണക്കിനു്, രരാണാ = ധനം നൽകുന്നവളും ആയ. സാ = ആ ദേവത, നഃ = ഞങ്ങളുടെ ഗൃഹത്തിലേയ്ക്കു്, ആഗൻ = വരട്ടെ.

ഹേ അഗ്നീഷോമൗ = അല്ലയോ അഗ്നീഷോമന്മാരെ! യുവാം = നിങ്ങൾ, പ്രഥമൗ = ദേവന്മാരുടെ ഇടയിൽ പ്രധാനികളാണു്. വീർയ്യേണ = നിങ്ങളുടെ സാമർത്ഥ്യത്താൽ, ഇഹ = ഈ കർമ്മത്തിൽ. വസൂൻ രുദ്രാൻ ആദിത്യാൻ = വസുക്കളേയും രുദ്രന്മാരെയും ആദിത്യന്മാരെയും, ജിന്വതം = സന്തോഷിപ്പിച്ചാലും. മാധ്യം = കിഴക്കും പടിഞ്ഞാറും പൗർണമി ദേവരായാൽ രക്ഷിക്കപ്പെട്ട മധ്യപ്രദേശത്തിൽ ചെയ്യപ്പെടുന്ന, പൗർണമാസം = പൗർണമാസി യാഗത്തെ സംബന്ധിച്ച ഹവിസ്സ്, ജുഷേഥാം = സ്വീകരിച്ചാലും. ബ്രഹ്മണാ = സ്തുതിരൂപമായ മന്ത്രങ്ങളാൽ, വൃദ്ധൗ = സന്തുഷ്ടരും, സുകൃതേന = ശരിയായി അനുഷ്ഠിച്ച കർമ്മങ്ങൾക്കു്, സാതൗ = ഫലം നൽകുന്നവരും ആയ നിങ്ങൾ, അഥ = ഹവിസ്സ് സ്വീകരിച്ചതിനു് ശേഷം, അസ്മഭ്യം = ഞങ്ങൾക്കു്, സഹവീരാം രയിം = സന്താനവും, ധനവും, നിയച്ഛതം = തന്നാലും.

ബ്രാഹ്മണഭാഗത്തിൻെറ അർത്ഥം

ദേവന്മാരും ഋഷികളും അഗ്നികാര്യം അനുഷ്ഠിച്ചു. അവർ ദർശപൂർണമാസ യാഗം നടത്താൻ ആഗ്രഹിച്ചു. അവരിൽ മഹർഷിമാർ സാരസ്വത ഹോമം നടത്താതെ ആദ്യം തന്നെ അന്വാരംഭണീയ യാഗത്തിനുള്ള ഹവിസ്സ് സമർപ്പിച്ചു. അപ്പോൾ ദേവന്മാർ അന്വാരംഭണീയ യാഗത്തിൻെറ അംശഭൂതമായ ഈ സാരസ്വത ഹോമം മനസ്സിലാക്കി ആ ഹോമങ്ങൾ നടത്തി. അതുകൊണ്ടു് അംഗിരസ്സിനു് മുൻപു് ഉണ്ടായിരുന്ന മഹർഷിമാർ ദർശപൂർണമാസ യാഗങ്ങൾ നടത്തി. ദർശപൂർണമാസങ്ങൾ നടത്താൻ ആഗ്രഹിക്കുന്നവൻ അതിനു് മുൻപു് "പൂർണാപശ്ചാത്" എന്നു് ആരംഭിക്കുന്ന മന്ത്രം ചൊല്ലി ഹോമം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഴിക്കണം. അപ്രകാരം ചെയ്യുന്നതുകൊണ്ട് ദർശപൂർണമാസങ്ങൾ ആരംഭിക്കാൻ യോഗ്യത ലഭിക്കുന്നു. ദർശപൂർണമാസങ്ങളുടെ അനുലോമ പ്രതിലോമങ്ങൾ അറിയുന്നവൻ തന്നെയാണ് ദർശപൂർണമാസ യാഗങ്ങൾ നടത്താൻ അധികാരി എന്ന് വേദം അറിയാവുന്നവർ പറയുന്നു. അമാവാസ്യ കഴിഞ്ഞ് ചന്ദ്രന് വൃദ്ധി കാണുന്നതുകൊണ്ട് അമാവാസ്യ അനുലോമം ആണ് (അനുകൂലമായിട്ടുള്ളത്). പൗർണമി കഴിഞ്ഞ് ചന്ദ്രന് ക്ഷയം കാണുന്നത്കൊണ്ട് പൗർണമി പ്രതിലോലമാണ് (പ്രതികൂലമാണ്). പൗർണമാസിയാഗം ആദ്യം അനുഷ്ഠിക്കുകയാണെങ്കിൽ ദർശപൂർണമാസങ്ങൾ പ്രതിലോമമായി അനുഷ്ഠിച്ചതായിത്തീരും. ക്ഷയം പ്രാപിക്കുന്ന ചന്ദ്രനെ തുടർന്ന് യജമാനന് ദോഷം ഉണ്ടാകും. ഉദ്ദിഷ്ടയാഗം ആരംഭിക്കുന്നതിന് മുൻപ് സാരസ്വതഹോമം നടത്തണം. സരസ്വതി അമാവാസ്യയാണല്ലോ. അതുകൊണ്ട് ദർശപൂർണമാസങ്ങൾ അനുകൂലമായിതന്നെ നടത്തിയതുപോലെ ആകും. വർദ്ധിച്ചുവരുന്ന ചന്ദ്രനെപ്പോലെ യജമാനനും വദ്ധിച്ചുവരുന്നു.

പൗർണമിയാഗം നടത്തുന്നതിന് മുൻപ് അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശവും, സരസ്വതിയെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും, സരസ്വാൻ എന്ന ദേവനെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത പുരോഡാശവും സമർപ്പിക്കണം. ആദ്യമായി അഗ്നിയെ ഉദ്ദേശിച്ച് ഹോമം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അഗ്നി, യാഗത്തിൻെറ മുഖം ആണ് (മുഖംപോലെ അതിപ്രധാനമാണ്). ആദ്യമായി യജ്ഞമുഖമായ അഗ്നിയെ ആരാധിച്ച് സമൃദ്ധി സമ്പാദിക്കുന്നു. വിഷ്ണുവിനെ ഉദ്ദേശിച്ച് ഹോമം കഴിക്കുന്നു എന്തുകൊണ്ടെന്നാൽ യാഗം തന്നെ വിഷ്ണുവാണ്. വിഷ്ണുവിനെ ഉദ്ദേശിച്ച് ഹവിസ്സ് ഹോമിക്കുന്നതുനിമിത്തം യാഗം ആരംഭിക്കുന്നതിനെ വിസ്തൃതമാക്കുകയാണ്.

സരസ്വതിയെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നു. സരസ്വാൻ എന്ന ദേവനെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമാവാസ്യാ ദേവത സരസ്വതിയാണ്. പൗർണമിയുടെ ദേവത സരസ്വാൻ ആണ് സരസ്വതിക്കും സരസ്വാനും ഹോമം നടത്തുന്നത് സാക്ഷാത് ദർശപൂർണമാസയാഗങ്ങൾ നടത്തുന്നതുതന്നെയാണ് ഈ ദേവതകളാൽ യജമാനന്ന് ഐശ്വര്യം ഉണ്ടാകുന്നു. യജമാനന്റെ ഗൃഹത്തിൽ സ്ത്രീപുരുഷന്മാർ ഉണ്ടായിരിക്കുന്നതിന്ന് വേണ്ടി സരസ്വാൻ എന്ന ദേവനെ ഉദ്ദേശിച്ച് പന്ത്രണ്ടുപാത്രത്തിൽ പാകംചെയ്ത പുരോഡാശം ഹോമിക്കുന്നു. ഈ യാഗത്തിന്ന് ഓരോ കാളയും പശുവും ദക്ഷിണയായി നൽകണം. അതു് സമൃദ്ധിക്ക് കാരണം ആകുന്നു.

ഇതി പ്രഥമോഽനുവാകഃ

അഥ ദ്വിതീയോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ — ഋഷയോ വാ ഇന്ദ്രം പ്രത്യക്ഷം നാപശ്യൻ തം വസിഷ്ഠഃ പ്രത്യക്ഷമപശ്യത് സോഽബ്രവീദ് ബ്രാഹ്മണം തേ വക്ഷ്യാമി യഥാ ത്വത്പുരോഹിതാഃ പ്രജാ പ്രജനിഷ്യന്തേഽഥ മേതരേഭ്യ ഋഷിഭ്യോ മാ പ്ര വോച ഇതി തസ്മാ ഏതാൻ സ്തോമഭാഗാനബ്രവീത് തതോവസിഷ്ഠപുരോഹിതാഃ പ്രജാഃ പ്രാജായന്ത തസ്മാ ദ്വാസിഷ്ഠോ ബ്രഹ്മാ കാർയഃ പ്രൈവ ജായതേ രശ്മിരസി ക്ഷയായ ത്വാ ക്ഷയം ജിന്വേതി ആഹ ദേവാ വൈ ക്ഷയോ ദേവേഭ്യ ഏവ യജ്ഞം പ്രാഽഽഹ പ്രേതിരസി ധർമായ ത്വാ ധർമം ജിന്വേത്യാഹ മനുഷ്യാ വൈ ധർമോ മനുഷ്യേഭ്യ ഏവ യജ്ഞം പ്രാഹാഽഽന്വിതിരസി ദിവേ ത്വാ ദിവം ജിന്വേത്യാഹൈഭ്യ ഏവ ലോകേഭ്യോ യജ്ഞം പ്രാഽഽഹ വിഷ്ടംഭോഽസി വൃഷ്ട്യൈ ത്വാ വൃഷ്ടിം ജിന്വേത്യാഹ വൃഷ്ടിമേവാവ രുന്ധേ പ്രവാഽസ്യനുവാസീത്യാഹ മിഥുനത്വായോശിഗസി വസുഭ്യസ്ത്വാ വസൂൻ ജിന്വേത്യാഹാഷ്ടൗ വസവ ഏകാദശ രുദ്രാ ദ്വാദശാദിത്യാ ഏതാവന്തോ വൈ ദേവാസ്തേഭ്യ ഏവ യജ്ഞം പ്രാഽഽഹൗജോഽസി പിതൃഭ്യസ്ത്വാ പിതൄൻ ജിന്വേത്യാഹ ദേവാനേവ പിതൄനനു സന്തനോതി തന്തുരസി പ്രജാഭ്യസ്ത്വാ പ്രജാ ജിന്വ ഇത്യാഹ പിതൄനേവ പ്രജാ അനു സന്തനോതി പൃതനാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷാഡസി പശുഭ്യസ്ത്വാ പശൂൻ ജിന്വേത്യാഹ പ്രജാ
ഏവ പശൂനനു സന്തനോതി രേവദസ്യോഷധീഭ്യസ്ത്വൗ-
ഷധീർജിന്വേത്യാഹൗഷധീഷ്വേവ പശൂൻ പ്രതിഷ്ഠാപ-
യത്യഭിജിദസി യുക്തഗ്രാവേന്ദ്രായ ത്വേന്ദ്രം ജിന്വേത്യാ-
ഹാഭിജിത്യാ അധിപതിരസി പ്രാണായ ത്വാ പ്രാണം
ജിന്വേത്യാഹ പ്രജാസ്വേവ പ്രാണാൻ ദധാതി
ത്രിവൃദസി പ്രവൃദസീത്യാഹ മിഥുനത്വായ സംരോ-
രോഹോഽസി നീരോഹോഽസീത്യാഹ പ്രജാത്യൈ
വസുകോഽസി വേഷശ്രീരസി വസ്യഷ്ടിരസീത്യാഹ
പ്രതിഷ്ഠിത്യൈ॥

അർത്ഥം —മഹർഷിമാക്ക് ഇന്ദ്രനെ പ്രത്യക്ഷത്തിൽ കാണാൻ സാധിച്ചില്ല. എന്നാൽ വസിഷ്ഠൻ മാത്രം ഇന്ദ്രനെ പ്രത്യക്ഷത്തിൽ കണ്ടു. ഇന്ദ്രൻ വസിഷ്ഠനോട് പറഞ്ഞു— "ജനങ്ങൾ എല്ലാവരും അങ്ങയെ പുരോഹിതനായി സ്വീകരിക്കത്തക്കവിധം അങ്ങേയ്ക്ക് മന്ത്രം പറഞ്ഞുതരാം, മററു മഹർഷിമാക്ക് അതു് പറഞ്ഞു് കൊടുക്കരുതു്" എന്നു്. വസിഷ്ഠനു് "സ്തോമം" എന്നു് അറിയപ്പെടുന്ന മന്ത്രഭാഗം പറഞ്ഞു് കൊടുത്തു. (ഈ മന്ത്രം നാലാംകാണ്ഡം നാലാം പ്രപാഠകത്തിൽ ഒന്നാമത്തെ അനുവാകത്തിലുള്ള "രശ്മിരസി" ഇത്യാദി മന്ത്രങ്ങൾ ആണു്.) അതുകൊണ്ടു് ആളുകൾ വസിഷ്ഠനെ പുരോഹിതനായി സ്വീകരിച്ചു. അതുകൊണ്ടു് വസിഷ്ഠൻെറ വംശത്തിൽ ജനിച്ചവനോ വസിഷ്ഠൻ മനസ്സിലാക്കിയിരുന്ന മന്ത്രങ്ങൾ അറിയാവുന്നവനോ വേണം യാഗത്തിൽ "ബ്രഹ്മാ" എന്ന ഋത്വിക്കു് ആയിരിക്കേണ്ടതു്. അപ്രകാരം ആയാൽ യജമാനൻെറ വംശത്തിൽ ജനിച്ചവരും വസിഷ്ഠഗോത്രത്തിൽ ജനിച്ച ആളിനെ പുരോഹിതനാക്കും.

"രശ്മിരസി ക്ഷയായത്വാ ക്ഷയം ജിന്വ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രത്തിൽ "ക്ഷയ" എന്ന പദം കൊണ്ടു് വിവക്ഷിച്ചിരിക്കുന്നതു് ദേവന്മാരെയാണു്. ഇതു് ഹോതാവു് നടത്താൻ പോകുന്ന യാഗത്തെപ്പററി ദേവന്മാരോടു് പറയുകയാണു്. "രശ്മിരിത്യേവാദിത്യമസൃജത" എന്നു് അഞ്ചാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാണ്ഡത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് ഈ മന്ത്രത്തിൽ ''രശ്മി'' എന്ന പദത്തിന് ആദിത്യൻ എന്ന് അർത്ഥം.

'പ്രേതിരസി ധർമ്മായ ത്വാ ധർമ്മം ജിന്വ'' എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രത്തിൽ ''ധർമ്മം'' എന്ന പദംകൊണ്ട് വിവക്ഷിച്ചിരിക്കുന്നത് ധർമ്മം അനുഷ്ഠിക്കേണ്ടതായ മനുഷ്യരെയാണ്. അതുകൊണ്ട് മനുഷ്യർക്ക് വേണ്ടി ഈ മന്ത്രം ചൊല്ലുന്നു. ''അന്വിതിരസി ദിവേ ത്വാ ദിവം ജിന്വ'' എന്ന മന്ത്രം ചൊല്ലുന്നു. ഭൂമി, അന്തരിക്ഷം, സ്വർഗ്ഗം എന്നീ ലോകങ്ങൾക്ക് വേണ്ടി ഈ മന്ത്രം ചൊല്ലുന്നു ''വിഷ്ടംഭോഽസി വൃഷ്ട്യൈ ത്വാ വൃഷ്ടിം ജിന്വ'' എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതു നിമിത്തം മഴ ഉണ്ടാകുന്നു. ''പ്രവാ അസി അനുവാ അസി'' എന്ന മന്ത്രം ചൊല്ലുന്നു യജമാനന്റെ ഗൃഹത്തിൽ സ്ത്രീപുരുഷന്മാർ ഉണ്ടായിരിക്കുന്നതിന് വേണ്ടിയാണ് ഈ മന്ത്രം ചൊല്ലുന്നത്. ''ഉശിഗസി വസുഭ്യസ്ത്വാ വസൂൻ ജിന്വ'' എന്ന മന്ത്രം ചൊല്ലുന്നു. എട്ട് വസുക്കൾ ആണ് ഉള്ളത്. രുദ്രന്മാർ പതിനൊന്ന് പേരാണ്. ദേവന്മാർ ഇവരെല്ലാമാണ്. ഈ മന്ത്രം ചൊല്ലുന്നതു നിമിത്തം വസുക്കൾ, രുദ്രന്മാർ, ആദിത്യന്മാർ എന്നിവരോട് യാഗത്തെപററി പറയുകയാണ്. ഈ മന്ത്രത്തിൽ ''വസൂൻ'' എന്ന പദത്തിനു , വസുരുദ്രാദിത്യന്മാർ എന്ന് അർത്ഥം. ''ഓജോഽസി പിതൃഭ്യസ്ത്വാ പിതൄൻ ജിന്വ'' എന്ന മന്ത്രം ചൊല്ലുന്നു. ഇപ്രകാരം ചൊല്ലുന്നതുകൊണ്ട് ദേവന്മാർക്ക് തുല്യമായി പിതൃക്കളേയും പ്രീണിപ്പിക്കുന്നു. ''തന്തുരസി പ്രജാഭ്യസ്ത്വാ പ്രജാജിന്വ'' എന്ന മന്ത്രം ചൊല്ലുന്നു. അപ്രകാരം ചൊല്ലുന്നതുകൊണ്ട് പിതൃക്കളെ തുടന്നു സന്താനപരമ്പര ഉണ്ടായിക്കൊണ്ടിരിക്കുന്നു. ''പൃതനാഷാഡസി പശുഭ്യസ്ത്വാ പശൂൻ ജിന്വ'' എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ട് പ്രജകളെ തുടന്ന് പശുക്കൾക്കും അഭിവൃദ്ധി ഉണ്ടാകുന്നു ''രേവദസ്യൗഷധീഭ്യസ്ത്വൗഷധീർജിന്വ'' എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ട് ഓഷധികളാൽ പശുക്കൾക്ക് പ്രതിഷ്ഠ ലഭിക്കുന്നു. (തൃണാദികൾ ഭക്ഷിച്ച് പശുക്കൾ വളരുന്നു.) ''അഭിജിദസി യുക്തഗ്രാവാ ഇന്ദ്രായ ത്വാ ഇന്ദ്രം ജിന്വ'' എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രംചൊല്ലുന്നത് വിജയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലഭിക്കുന്നതിനു് വേണ്ടിയാണു് "അധിപതിരസി പ്രാണായ ത്വാ പ്രാണം ജിന്വ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനന്റെ സന്താനങ്ങളിൽ പ്രാണൻ ഉറച്ചിരിക്കുന്നു "ത്രിവൃദസി പ്രവൃദസി" എന്ന മന്ത്രം ചൊല്ലുന്നു ഈ മന്ത്രം ചൊല്ലുന്നതു് ദാമ്പത്യബന്ധത്തിനു് വേണ്ടിയാണു് "സംരോഹോഽസി നീരോഹോഽസി" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതു് സന്താനം ഉണ്ടാകാൻ കാരണം ആകുന്നു. "വസുകോഽസി വേഷശ്രീരസി വസ്യഷ്ടിരസി" എന്ന മന്ത്രം ചൊല്ലുന്നു ഈ മന്ത്രം ചൊല്ലുന്നതു് യജമാനന്റെ ക്ഷേമത്തിനു് കാരണം ആകുന്നു.

ഇതി ദ്വിതീയോഽനുവാകഃ

അഥ തൃതീയോഽനുവാകഃ (മന്ത്രം)

സംഹിതാ—അഗ്നിനാ ദേവേന പൃതനാ ജയാമി ഗായത്രേണ ഛന്ദസാ ത്രിവൃതാ സ്തോമേന രഥംതരേണ സാമ്നാ വഷട്കാരേണ വജ്രേണ പൂർവജാൻ ഭ്രാതൃവ്യാനധരാൻ പാദയാമ്യവൈനാൻബാധേ പ്രത്യേനാന്നുദേഽസ്മിൻ ക്ഷയേഽസ്മിൻ ഭൂമിലോകേ യോസ്മാൻദ്വേഷ്ടി യം ച വയം ദ്വിഷ്മോ വിഷ്ണോഃ ക്രമേണാത്യേനാൻ ക്രാമാമീന്ദ്രേണ ദേവേന പൃതനാ ജയാമി ത്രൈഷ്ടുഭേന ഛന്ദസാ പഞ്ചദശേന സ്തോമേന ബൃഹതാ സാമ്നാ വഷട്കാരേണ വജ്രേണ സഹജാൻ വിശ്വേഭിർദേവേഭിഃ പൃതനാ ജയാമി ജാഗതേന ഛന്ദസാ സപ്തദശേന സ്തോമേന വാമദേവ്യേന സാമ്നാ വഷട്കാരേണ വജ്രേണാപരജാനിന്ദ്രേണ സയുജോ വയഗ്ഗും സാസഹ്യാമ പൃതന്യതഃ। ഘ്നന്തോ വൃത്രാണ്യപ്രതി। യത്തേ അഗ്നേ തേജസ്തേനാഹം തേജസ്വീ ഭൂയാസം യത്തേ അഗ്നേ വർചസ്തേനാഹം വർചസ്വീ ഭൂയാസം യത്തേ അഗ്നേ ഹരസ്തേനാഹഗ്ഗും ഹരസ്വീ ഭൂയാസം॥

പദച്ഛേദം—അഗ്നിനാ ദേവേന പൃതനാ ജയാമി ഗായത്രേണ ഛന്ദസാ ത്രിവൃതാ സ്തോമേന രഥന്തരേണ സാമ്നാ വഷട്കാരേണ വജ്രേണ പൂർവ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാൻ ഭ്രാതൃവ്യാൻ അധരാൻ പാദയാമി അവ ഏനാൻ ബാധേ പ്രതി ഏനാൻ നുദേ അസ്മിൻ ക്ഷയേ അസ്മിൻ ഭൂമിലോകേ യഃ അസ്മാൻ ദ്വേഷ്ടി യം ച വയം ദ്വിഷ്മഃ വിഷ്ണോഃ ക്രമേണ അതി ഏനാൻ ക്രാമാമി ഇന്ദ്രേണ ദേവേന പൃതനാഃ ജയാമി ത്രൈഷ്ടുഭേന ഛന്ദസാ പഞ്ചദശേന സ്തോമേന ബൃഹതാ സാമ്നാ വഷട്-കാരേണ വജ്രേണ സഹജാൻ വിശ്വേഭിഃ ദേവേഭിഃ പൃതനാഃ ജയാമി ജാഗതേന ഛന്ദസാ സപ്തദശേന സ്തോമേന വാമദേവ്യേന സാമ്നാ വഷട്കാരേണ വജ്രേണ അപരജാൻ ഇന്ദ്രേണ സയുജാ വയം സാസഹ്യാമ പൃതന്യതഃ ഘ്നന്തഃ വൃത്രാണി അപ്രതി യത് തേ അഗ്നേ തേജഃ തേന അഹം തേജസ്വീ ഭൂയാസം യത് തേ അഗ്നേ വർചഃ തേന അഹം വർചസ്വീ ഭൂയാസം യത് തേ അഗ്നേ ഹരഃ തേന അഹം ഹരസ്വീ ഭൂയാസം॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 അഗ്നിനാ ദേവേന പൃതനാ ജയാമി ഗായത്രേണ
ഛന്ദസാ ത്രിവൃതാ സ്തോമേന രഥന്തരേണ സാമ്നാ
വഷട്കാരേണ വജ്രേണ പൂർവജാൻ ഭ്രാതൃവ്യാന-
ധരാൻ പാദയാമ്യവൈനാൻ ബാധേ പ്രത്യേനാൻ
നുദേഽസ്മിൻ ഭൂമിലോകേ യോഽസ്മാൻ
ദ്വേഷ്ടി യം ച വയം ദ്വിഷ്മോ വിഷ്ണോ
ക്രമേണാത്യേനാൻ ക്രാമാമി।

ഇതുമുതൽ മൂന്നു മന്ത്രം വിഷ്ണുക്രമത്തിനുള്ളതാണ്. ഹോമം നടത്തിയതിനുശേഷം യജമാനൻ ഈ മന്ത്രങ്ങൾ ചൊല്ലിക്കൊണ്ട് മൂന്ന് ചുവട് വെയ്ക്കുന്നു. (ഓരോ മന്ത്രവും ചൊല്ലി-ക്കൊണ്ട് ഓരോ ചുവട് വീതം)

അഗ്നിനാ ദേവേന = അഗ്നിദേവൻെറ സഹായത്താലും, ഗായത്രേണ ഛന്ദസാ = ഗായത്രീഛന്ദോ ദേവതയുടെ സഹായത്താലും, ത്രിവൃതാ സ്തോമേന = ത്രിവൃത് എന്ന് അറിയപ്പെടുന്ന സ്തോമമന്ത്രത്തിൻെറ സഹായത്താലും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഥന്തരേണ സാമ്നാ = രഥന്തരം എന്ന സാമഗാനത്തിന്റെ സഹായത്താലും, വഷട്കാരേണ വജ്രേണ = ''വഷട്'' എന്ന മന്ത്രമാകുന്ന വജ്രായുധത്താലും, പൂർവ്വജാൻ ഭ്രാതൃവ്യാൻ = അച്ഛന്റെ സഹോദരൻ പിതാമഹൻ മുതലായവരിൽ എന്റെ ശത്രുക്കളായിട്ടുള്ളവരുടെ, പൃതനാഃ = സൈന്യങ്ങളെ, ജയാമി = ഞാൻ ജയിക്കുന്നു. അതിന്ന് ശേഷം, അധരാൻ പാദയാമി = അവരെ എന്നെക്കാൾ താഴ്ന്ന നിലയിലാക്കുന്നു. തരം താഴ്ത്തിയതിന്ന് ശേഷം, ഏനാൻ = അവരെ, അവ ബാധേ = ഞാൻ പീഢിപ്പിക്കുന്നു. ഏനാൻ പ്രതിനുദേ = ആ ശത്രുക്കളെ ഞാൻ നശിപ്പിക്കുന്നു. അസ്മിൻ ക്ഷയേ = എന്റെ വാസഗൃഹത്തിലും, അസ്മിൻ ഭൂമിലോകേ = ഈ ഭൂലോകത്തിലും, യഃ = യാതൊരു ശത്രുവാണോ, അസ്മാൻ = ഞങ്ങളെ, ദ്വേഷ്ടി = ദ്വേഷിക്കുന്നതു് അവനെയും, യം ച = യാതൊരുത്തനെ, വയം = ഞങ്ങൾ, ദ്വിഷ്മഃ = ദ്വേഷിക്കുന്നുവോ അവനെയും, വിഷ്ണോഃ ക്രമേണ = വിഷ്ണുക്രമം കൊണ്ടു് (മന്ത്രം ചൊല്ലി ചുവടു് വെയ്ക്കുന്നതുകൊണ്ടു്) അതിക്രാമാമി = ഞാൻ ജയിക്കുന്നു.

2 ഇന്ദ്രേണദേവേന പൃതനാ ജയാമി ത്രൈഷ്ടുഭേന ഛന്ദസാ
പഞ്ചദശേന സ്തോമേന ബൃഹതാ സാമ്നാ വഷട്-
കാരേണ വജ്രേണ സഹജാൻ।

ഇന്ദ്രേണദേവേന = ഇന്ദ്രൻ എന്ന ദേവന്റെ സഹായത്താലും, ത്രൈഷ്ടുഭേനഛന്ദസാ = ത്രിഷ്ടുപ് ഛന്ദസ്സിന്റെ ദേവതയുടെ സഹായത്താലും, പഞ്ചദശേന സ്തോമേന = പഞ്ചദശസ്തോമത്തിന്റെ സഹായത്താലും, ബൃഹതാ സാമ്നാ = ബൃഹത് എന്നു് അറിയപ്പെടുന്ന സാമമന്ത്രത്തിന്റെ സഹായത്താലും, വഷട്കാരേണ വജ്രേണ = ''വഷട്'' എന്ന മന്ത്രമാകുന്ന വജ്രായുധത്താലും, പൃതനാഃ = ശത്രുസൈന്യങ്ങളെ, ജയാമി = ഞാൻ ജയിക്കുന്നു. അതിന്നു് ശേഷം, സഹജാൻ ഭ്രാതൃവ്യാൻ = സപത്നീമാതാവിന്റെ പുത്രന്മാരായ ശത്രുക്കളെ, തരംതാഴ്ത്തി നശിപ്പിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 വിശ്വേഭിർദേവേഭിഃ പൃതനാ ജയാമി ജാഗതേന ഛന്ദസാ സപ്തദശേന സ്തോമേന വാമദേവ്യേന സാമ്നാ വഷട്കാരേണ വജ്രേണ പരജാൻ।

വിശ്വേഭിഃ ദേവേഭിഃ = എല്ലാ ദേവന്മാരുടെ സഹായത്തോടും, സപ്തദശേന സ്തോമേന = സപ്തദശസ്തോമത്തിൻെറ സഹായത്തോടും, വാമദേവ്യേന സാമ്നാ = വാമദേവ്യം എന്ന സാമത്തിൻെറ സഹായത്തോടും, വഷട്കാരേണ വജ്രേണ = "വഷട്" എന്ന മന്ത്രമാകുന്ന വജ്രായുധത്താൽ പൃതനാഃ = ശത്രുസൈന്യങ്ങളെ, ജയാമി = ഞാൻ ജയിക്കുന്നു. അനന്തരം, അപരജാൻ ഭ്രാതൃവ്യാൻ = എല്ലാകാര്യങ്ങൾക്കും വിഘ്നം ഉണ്ടാക്കികൊണ്ടിരിക്കുന്ന എല്ലാ ശത്രുക്കളേയും, ഞാൻ നശിപ്പിക്കുന്നു.

4 ഇന്ദ്രേണ സയുജോ വയം സാസഹ്യാമപൃതന്യതഃ ഘ്നന്തോ വൃത്രാണ്യപ്രതി। യത്തേ അഗ്നേ തേജസ്തേനാഹം തേജസ്വീ ഭൂയാസം യത്തേ അഗ്നേ വർചസ്തേനാഹം വർചസ്വീ ഭൂയാസം യത്തേ അഗ്നേ ഹരസ്തേനാഹം ഹരസ്വീഭൂയാസം।

ഈ മന്ത്രം ചൊല്ലി ആഹവനീയാഗ്നിയെ സ്തുതിക്കുന്നു. ഇന്ദ്രേണ സയുജഃ = പരമൈശ്വര്യയുക്തനായ ആഹവനീയാഗ്നിയോട് കൂടിയവരും, വൃത്രാണി = ശത്രുക്കളെ, അപ്രതിഘ്നന്തഃ = ഞങ്ങൾക്ക് പ്രതികൂലം ചെയ്യാൻ സാധിക്കാത്തവിധത്തിൽ വധിക്കുന്നവരുമായ, വയം = ഞങ്ങൾ, പൃതന്യതഃ = ഞങ്ങൾക്ക പ്രതികൂലം ആചരിക്കാൻ സൈന്യസന്നാഹം ചെയ്യുന്ന ശത്രുക്കളെ, സാസഹ്യാമ = സഹിക്കാൻ ശക്തരാണ് (ജയിക്കാൻ ശക്തരാണ്). ഹേ അഗ്നേ! തേ = അങ്ങയ്ക്ക്, യത് തേജഃ = യാതൊരു തേജസ്സുണ്ടോ, തേന = അതുകൊണ്ട്, അഹം = ഞാൻ, തേജസ്വീഭൂയാസം = തേജസ്സ് ഉള്ളവനായി തീരട്ടെ. തേ = അങ്ങയ്ക്ക്, യത് വർചഃ = യാതൊരു ബലം ഉണ്ടോ, തേന = അതുകൊണ്ട്, അഹം = ഞാൻ, വർചസ്വീ ഭൂയാസം = ബലവാനായിത്തീരട്ടെ. തേ = അങ്ങയ്ക്ക്, യത്ഹരഃ = രശ്മിരൂപമായ യാതൊരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേജസ്സ് ഉണ്ടോ, തേന = അതുകൊണ്ട്, അഹം = ഞാൻ, ഹരസ്വീ ഭൂയാസം = രശ്മിരൂപമായ തേജസ്സോട് കൂടിയവനായി തീരട്ടെ.

ഇതി തൃതീയോഽനുവാകഃ

അഥ ചതുർത്ഥോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—യേ ദേവാ യജ്ഞഹനോ യജ്ഞമുഷഃ പൃഥിവ്യാമധ്യാസതേ। അഗ്നിർമാ തേഭ്യോ രക്ഷതു ഗച്ഛേമ സുകൃതോ വയം। ആഽഗന്മ മിത്രാവരുണാ വരേണ്യാ രാത്രീണാം ഭാഗോ യുവയോർയോഽസ്തി। നാകം ഗൃഹ്ണാനാഃ സുകൃതസ്യ ലോകേ തൃതീയേ പൃഷ്ഠേ അധി രോചനേ ദിവഃ। യേ ദേവാ യജ്ഞഹനോ യജ്ഞമുഷോഽന്തരിക്ഷേഽധ്യാസതേ। വായുർമാ തേഭ്യോ രക്ഷതു ഗച്ഛേമ സുകൃതോ വയം। യാസ്തേ രാത്രീഃ സവിതഃ ദേവയാനീരന്തരാ ദ്യാവാ പൃഥിവീ വിയന്തി। ഗൃഹൈശ്ച സർവൈഃ പ്രജയാന്വഗ്രേ സുവോ രുഹാണാസ്തരതാ രജാംസി। യേ ദേവാ യജ്ഞഹനോ യജ്ഞമുഷോ ദിവ്യധ്യാസതേ। സൂർയോ മാ തേഭ്യോ രക്ഷതു ഗച്ഛേമ സുകൃതോ വയം। യേനേന്ദ്രായ സമഭരഃ പയാംസ്യുത്തമേന ഹവിഷാ ജാതവേദഃ। തേനാഗ്നേ ത്വമുത വർധയേമം സജാതാനാം ശ്രൈഷ്ഠ്യ ആ ധേഹ്യേനം। യജ്ഞഹനോ വൈ ദേവാ യജ്ഞമുഷഃ സന്തി ത ഏഷു ലോകേഷ്വാസത ആദദാനാ വിമഥ്നാനാ യോ ദദാതി യോ യജതേ തസ്യ। യേ ദേവാ യജ്ഞഹനഃ പൃഥിവ്യാമധ്യാസതേ യേ അന്തരിക്ഷേ യേ ദിവീത്യാഹേമാനേവ ലോകാംസ്തീർത്വാ സഗൃഹഃ സപശുഃ സുവർഗം ലോകമേത്യപ വൈ സോമേനേജാനാദ്ദേവതാശ്ച യജ്ഞശ്ച ക്രാമന്ത്യാഗ്നേയം പഞ്ചകപാലമുദവസാനീയം നിർവ്വപേദഗ്നിഃ സർവ്വാ ദേവതാഃ പാങ്ക്തോ യജ്ഞോ ദേവതാശ്ചൈവ യജ്ഞം ചാവരുന്ധേ ഗായത്രോ വാ അഗ്നിർഗായത്രച്ഛന്ദാസ്തം ഛന്ദസാ വ്യർധയതി യത്പഞ്ചകപാലം കരോത്യഷ്ടാകപാലഃ കാർയോഽഷ്ടാക്ഷരാ ഗായത്രീ ഗായത്രോഽ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്നിർഗായത്രച്ഛന്ദാഃ സ്വേനൈനൈവ ച്ഛന്ദസാ സമർധയതി പങ്ക്ത്യൗ യാജ്യാനുവാക്യേ ഭവതഃ പാങ്ക്തോ യജ്ഞസ്തേനൈവ യജ്ഞാന്നൈതി॥

[അനുവാകത്തിന്റെ ആരംഭം മുതൽ "ശ്രൈഷ്ഠ്യആധേഹ്യേനം" എന്നതുവരെ മന്ത്രവും ശേഷം ബ്രാഹ്മണവും ആണ്]

മന്ത്രഭാഗത്തിന്റെ പദച്ഛേദം- യേ ദേവാഃ യജ്ഞഹനഃ യജ്ഞമുഷഃ പൃഥിവ്യാം അധി ആസതേ അഗ്നിഃ മാ തേഭ്യഃ രക്ഷതു ഗച്ഛേമ സുകൃതഃ വയം ആഗന്മ മിത്രാവരുണാ വരേണ്യാ രാത്രീണാം ഭാഗഃ യുവയോഃ യഃ അസ്തി നാക ഗൃഹ്ണാനാഃ സുകൃതസ്യ ലോകേ തൃതീയേ പൃഷ്ഠേ അധി രോചനേ ദിവഃ യേ ദേവാഃ യജ്ഞഹനഃ യജ്ഞമുഷഃ അന്തരിക്ഷേ അധി ആസതേ വായുഃ മാ തേഭ്യഃ രക്ഷതു ഗച്ഛേമ സുകൃതഃ വയം യാഃ തേ രാത്രീഃ സവിതഃ ദേവയാനീഃ അന്തരാ ദ്യാവാപൃഥിവീ വിയന്തി ഗൃഹൈഃ ച സർവൈഃ പ്രജയാ അനു അഗ്രേ സുവഃ രുഹാണാഃ തരത രജാംസി യേ ദേവാഃ യജ്ഞഹനഃ യജ്ഞമുഷഃ ദിവി അധി ആസതേ സൂര്യഃ മാ തേഭ്യഃ രക്ഷതു ഗച്ഛേമ സുകൃതഃ വയം യേന ഇന്ദ്രായ സമഭരഃ പയാംസി ഉത്തമേന ഹവിഷാ ജാതവേദഃ തേന അഗ്നേ ത്വം ഉത വർധയ ഇമം സജാതാനാം ശ്രൈഷ്ഠ്യേ ആധേഹി ഏനം

മന്ത്രവും വിനിയോഗവും അർത്ഥവും

1-2 യേ ദേവാ യജ്ഞഹനോ യജ്ഞമുഷഃ
പൃഥിവ്യാമധ്യാസതേ। അഗ്നിർമാതേഭ്യോ
രക്ഷതു ഗച്ഛേമ സുകൃതോ വയം।

ഈ അനുവാകത്തിലെ എല്ലാ മന്ത്രവും യാഗവേദിയിൽ ഇരുന്നുകൊണ്ട് ജപിക്കാനുള്ളതാണ്. ഈ മന്ത്രങ്ങൾക്ക് "അതിമോക്ഷമന്ത്രം" എന്നാണ് പേര്, ഇതിൽ "യജ്ഞഹനഃ" എന്ന പദം ചേർത്ത് ഒരു മന്ത്രവും "യജ്ഞമുഷഃ" എന്ന പദം ചേർത്ത് ഒരു മന്ത്രവും ചൊല്ലണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേ ദേവാഃ = യജ്ഞഭാഗത്തിന് അർഹതയില്ലാത്ത യാതൊരു ദേവന്മാർ, യജ്ഞഹനഃ = യാഗം നശിപ്പിക്കാനായി, പൃഥിവ്യാം അധി ആസതേ = ഭൂമിയിൽ വന്നിരിക്കുന്നുവോ, തേഭ്യഃ = അവരിൽനിന്നു്, അഗ്നിഃ = അഗ്നിദേവൻ, മാ = എന്നെ, രക്ഷതു = രക്ഷിക്കട്ടെ വയം = ഞങ്ങൾക്കു്, സുകൃതഃ ഗച്ഛേമ = യാഗം ശരിയായി നടത്തിയാലുള്ള ഫലം ലഭിക്കട്ടെ. യജ്ഞമുഷഃ = യാഗത്തിന് തയാറാക്കിയിരിക്കുന്ന സാധനങ്ങൾ അപഹരിക്കുന്നവർ. അപ്രകാരമുള്ളവരിൽ നിന്നു് അഗ്നി എന്നെ രക്ഷിക്കട്ടെ.

3 ആഗന്മ മിത്രാവരുണാ വരേണ്യാ
രാത്രീണാം ഭാഗോ യുവയോർയോഽസ്തി।
നാകം ഗൃഹ്ണാനാഃ സുകൃതസ്യലോകേ
തൃതീയേ പൃഷ്ഠേ അധിരോചനേ ദിവഃ।

വരേണ്യാ = ശ്രേഷ്ഠരായ. ഹേ മിത്രാവരുണാ! = അല്ലയോ മിത്രാവരുണന്മാരെ! രാത്രീണാം = യാഗം നടക്കുന്ന രാത്രികളിൽ, യുവയോഃ = നിങ്ങളെ സംബന്ധിക്കുന്ന, യഃ ഭാഗഃ അസ്തി = യാതൊരു ഭാഗം ഉണ്ടോ, തേന = അതു നിർവ്വഹിച്ചതുകൊണ്ടു്, വയം = ഞങ്ങൾ, സുകൃതസ്യ = സുകൃതം ചെയ്തവർക്കു ലഭിക്കുന്ന, തൃതീയേ ലോകേ = മൂന്നാമത്തെ ലോകത്തിൽ, (സ്വർഗത്തിൽ) അധിരോചനേ = അധികം പ്രകാശിക്കുന്ന ദിവഃ പൃഷ്ഠേ = സ്വർഗ്ഗലോകത്തിൻെറ ഉപരി, നാകം ഗൃഹ്ണാനാഃ = സ്വർഗ്ഗസുഖം അനുഭവിക്കാൻ, ആഗന്മ = വന്നു ചേർന്നിരിക്കുന്നു.

4-5 യേ ദേവാ യജ്ഞഹനോ യജ്ഞമുഷോഽ-
ന്തരിക്ഷേഽധ്യാസതേ। വായുർമാതേഭ്യോ
രക്ഷതു ഗച്ഛേമ സുകൃതോ വയം।

യാഗഭാഗത്തിന് അർഹതയില്ലാത്ത യാതൊരു ദേവന്മാർ അന്തരിക്ഷത്തിൽ സ്ഥിതി ചെയ്തു് യാഗം നശിപ്പിക്കുന്നുവോ അവരിൽ നിന്നു് വായു എന്നെ രക്ഷിക്കട്ടെ. ഞങ്ങൾക്കു് ശരിയായി യാഗം നടത്തിയാലുള്ള ഫലം ലഭിക്കട്ടെ. യാഗത്തിന് തയാറാക്കിയിരിക്കുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദാൎത്ഥങ്ങരം അപഹരിക്കുന്ന അന്തരിക്ഷവർത്തികളിൽ നിന്നു് വായു എന്നെ രക്ഷിക്കട്ടെ.

6 യാസ്തേ രാത്രിഃ സവിതഃ ദേവയാനീ-
രന്തരാ ദ്യാവാപൃഥിവീ വിയന്തി।
ഗൃഹൈശ്ച സർവൈഃ പ്രജയാന്വഗ്രേ
സ്വവോ രുഹാണാസ്തരതാ രജാംസി।

ഹേ സവിതഃ! = അല്ലയോ സവിതൃദേവ! ദ്യാവാപൃഥിവീഅന്തരാ = ദ്യാവാ പൃഥിവികളുടെ മദ്ധ്യത്തിൽ, ദേവയാനീഃ = ദൈവികകൎമ്മങ്ങരംക്കു് അർഹമായ, തേ = അങ്ങയെ സംബന്ധിച്ച, യഃ രാത്രിഃ = യാതൊരു രാത്രികരം, വിയന്തി = പ്രവൎത്തിക്കുന്നുവോ, താസു = ആ രാത്രികളിൽ, സർവൈഃ ഗൃഹൈഃ = ഗൃഹത്തിൽ ഉള്ള എല്ലാഭൃത്യന്മാരോടും, പ്രജയാ അനു = പുത്രാദികളോടുംകൂടി, സ്വവഃ രുഹാണഃ = സ്വൎഗ്ഗം പ്രാപിക്കുന്ന യജമാനന്മാർ, രജാംസി തരത = സുഖം പ്രാപിക്കട്ടെ.

7-8 യേ ദേവാ യജ്ഞഹനോ യജ്ഞമുഷോ
ദിവ്യധ്യാസതേ। സൂർയോ മാ തേഭ്യോ
രക്ഷതു ഗച്ഛേമ സുകൃതോ വയം।

യജ്ഞഭാഗത്തിനു് അർഹതയില്ലാത്ത യാതൊരു ദേവന്മാർ യജ്ഞം നശിപ്പിക്കുന്നവരായി സ്വൎഗ്ഗത്തിൽ വസിക്കുന്നുവോ അവരിൽ നിന്നു് സൂര്യൻ എന്നെ രക്ഷിക്കട്ടെ. യാഗത്തിനു് തയ്യാറാക്കിയ പദാൎത്ഥങ്ങരം അപഹരിക്കാൻ വരുന്നവരിൽ നിന്നു് സൂര്യൻ എന്നെ രക്ഷിക്കട്ടെ. ശരിയായി യാഗം നടത്തിയാലുള്ള ഫലം ഞങ്ങരംക്കു് ലഭിക്കട്ടെ.

9 യേനേന്ദ്രായ സമഭരഃ പയാംസ്യുത്തമേന
ഹവിഷാ ജാതവേദഃ। തേനാഗ്നേ ത്വമുത
വർധയേമം സജാതാനാം ശ്രൈഷ്ഠ്യ ആ ധേഹ്യേനം।

ഹേ ജാതവേദഃ അഗ്നേ! = എല്ലാം അറിയാവുന്ന അല്ലയോ അഗ്നിദേവ! യേന = യാതൊരു, ഉത്തമേന ഹവിഷാ = ഉത്തമമായ ഹവിസ്സു് കൊണ്ടു്. പയാംസി = ക്ഷീരം പോലെ രുചിയുള്ള സോമരസം, ഇന്ദ്രായ = ഇന്ദ്രനുവേണ്ടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമഭരഃ = അങ്ങ് സംഭരിച്ചുവോ, തേന ഹവിഷാ = ആ ഹവിസ്സ് കൊണ്ടു്, ത്വം = അങ്ങ്, ഇമം = ഈ യജമാനനെ, വർധയ = അഭിവൃദ്ധിയിലേക്കു് നയിച്ചാലും. ഉത = കൂടാതെ, ഏനം = ഈ യജമാനനെ, സജാതാനാം = സജാതന്മാരിൽ. ശ്രൈഷ്ഠ്യ ആധേഹി = പ്രധാനിയാക്കിയാലും.

ബ്രാഹ്മണഭാഗത്തിൻെറ അത്ഥം

യജ്ഞം നശിപ്പിക്കുന്നവരും യജ്ഞത്തിനു് വേണ്ടി സംഭരിച്ച പദാത്ഥങ്ങരം അപഹരിക്കുന്നവരും ആയ ചില ദേവന്മാർ ഉണ്ടു്. അവർ യജമാനൻ യാഗത്തിനു് വേണ്ടി സംഭരിച്ച പദാത്ഥങ്ങരം എടുത്തുകൊണ്ടു് പോവുകയോ യാഗം നശിപ്പിക്കുകയോ ചെയ്യുന്നു

"യേ ദേവാ യജ്ഞഹനഃ പൃഥിവ്യാമധ്യാസതേ യേ അന്തരിക്ഷേ യേ ദിവി" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ ഭൂമി, അന്തരിക്ഷം, സ്വർഗ്ഗം എന്നീ ലോകങ്ങരം കടന്നു് ഭാര്യാപുത്രാദി ബന്ധുക്കളോടും പശുക്കളോടുംകൂടി സ്വർഗ്ഗലോകത്തിൽ എത്തുന്നു.

സോമയാഗം കഴിച്ച യജമാനനെ ദേവന്മാരും യജ്ഞവും ഉപേക്ഷിച്ചിട്ടു് പോയി. (യജമാനനെക്കൊണ്ടു് അവക്ക് പ്രയോജനമില്ല എന്നു് വിചാരിച്ചു) അപ്രകാരം യജമാനനെ ഉപേക്ഷിക്കാതിരിക്കുന്നതിനുവേണ്ടി "ഉദവാസനീയം" എന്ന പേരോടുകൂടിയതും അഞ്ചുപാത്രത്തിൽ അഗ്നിയെ ഉദ്ദേശിച്ചു് പുരോഡാശം പാകം ചെയ്തു സമർപ്പിക്കുന്നതും ആയ യാഗം നടത്തണം. അഗ്നി എല്ലാ ദേവതകളും ആണു്. യാഗം അഞ്ചു് എന്ന സംഖ്യയോടു് കൂടിയതാകുന്നു. ദേവന്മാരെയും യജ്ഞത്തെയും യജമാനനു് അനുകൂലമാക്കുന്നു. അഗ്നി ഗായത്രിയെ സംബന്ധിച്ചവനാണു്. ഗായത്രി ഛന്ദസ്സാണു്. അഞ്ചു പാത്രത്തിൽ പുരോഡാശം പാകം ചെയ്തു് സമപ്പിക്കുകയാണെങ്കിൽ അഗ്നിയെ ഗായത്രീ ഛന്ദസ്സിൽ നിന്നു് വേർപെടുത്തുന്നതു പോലെയാകും. അതുകൊണ്ടു് എട്ടുപാത്രത്തിൽ പുരോഡാശം പാകം ചെയ്തു് സമപ്പിക്കണം. ഗായത്രി എട്ടു് അക്ഷരം ഉള്ളതാണു്. ഗായത്രിയെ സംബന്ധിച്ച അഗ്നി ഗായത്രി എന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഛന്ദസ്സോട് കൂടിയവനാണ്. അപ്രകാരം എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം അഗ്നിയ്ക്ക് സമർപ്പിച്ചാൽ അഗ്നിയെ തന്റെ ഛന്ദസ്സോട്കൂടി യോജിപ്പിക്കുന്നു. പങ്ക്തി ഛന്ദസ്സിലുള്ള യാജ്യാ മന്ത്രവും പുരോഽനുവാക്യാ മന്ത്രവും ചൊല്ലണം. യജ്ഞവും പങ്ക്തിഛന്ദസ്സിനെ സംബന്ധിച്ചതാണ്. അതുകൊണ്ട് യജമാനൻ യാഗത്തിൽ നിന്നു് വേർപെടുന്നില്ല.

ഇതി ചതുർഥോഽനുവാകഃ

അഥ പഞ്ചമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—സൂർയോ മാ ദേവോ ദേവേഭ്യഃ പാതു വായുരന്തരിക്ഷാദ്യജമാനോഽഗ്നിർമാ പാതു ചക്ഷുഷഃ। സക്ഷ ശൂഷ സവിതർവിശ്വചർഷണ ഏതേഭിഃ സോമ നാമഭിർവിധേമ തേ തേഭിഃ സോമ നാമഭിർവിധേമ തേ। അഹം പരസ്താദഹമവസ്താദഹം ജ്യോതിഷാ വി തമോ വവാര। യദന്തരിക്ഷം തദു മേ പിതാഽഭൂദഹഗ്ം സൂർയമുഭയതോ ദദർശാഹം ഭൂയാസമുത്തമഃ സമാനാനാം। ആസമുദ്രാദാന്തരിക്ഷാത്പ്രജാപതിരുദധിം ച്യാവയാതീന്ദ്രഃ പ്ര സ്നൗതു മരുതോ വർഷയന്തുന്നംഭയ പൃഥിവീം ഭിന്ധീദം ദിവ്യം നഭഃ। ഉദ്നോ ദിവ്യസ്യ നോ ദേഹീശാനോ വി സൃജാ ദൃതിം। പശവോ വാ ഏതേ യദാദിത്യ ഏഷ രുദ്രോ യദഗ്നിരോഷധീഃ പ്രാസ്യാഗ്നാവാദിത്യം ജുഹോതി രുദ്രാദേവ പശൂനന്തർദധാത്യഥോ ഓഷധീഷ്വേവ പശൂൻ പ്രതി ഷ്ഠാപയതി। കവിർയജ്ഞസ്യ വിതനോതി പന്ഥാം നാകസ്യ പൃഷ്ഠേ അധി രോചനേ ദിവഃ യേന ഹവ്യം വഹസി യാസി ദൂത ഇതഃ പ്രചേതാ അമൃതഃ സനീയാൻ। യാസ്തേ വിശ്വാഃ സമിധഃ സന്ത്യഗ്നേ യാഃ പൃഥിവ്യാം ബർഹിഷി സൂർയേ യാഃ। താസ്തേ ഗച്ഛന്ത്വാഹുതിം ഘൃതസ്യ ദേവായതേ യജമാനായ ശർമ। ആശാസാനഃ സുവീർയഗ്ം രായസ്പോഷഗ്ഗ് സ്വശ്വിയം। ബൃഹസ്പതിനാ രായാ സ്വഗാകൃതോ മഹ്യം യജമാനായ തിഷ്ഠ॥

[''പശവോ വാ ഏതേ'' എന്നതുമുതൽ ''പശൂൻ പ്രതിഷ്ഠാപയതി'' എന്ന ഭാഗംവരെ ബ്രാഹ്മണം, ശേഷം മന്ത്രം]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം—സൂർയഃ മാ ദേവേഭ്യഃ പാതു വായുഃ അന്തരിക്ഷാത് യജമാനഃ അഗ്നിഃ മാ പാതു ചക്ഷുഷാ സക്ഷ ശ്രൂഷ സവിതഃ വിശ്വചർഷണ ഏതേഭിഃ സോമ നാമഭിഃ വിധേമ തേ തേഭിഃ സോമനാമഭിഃ വിധേമ തേ അഹം പരസ്താദ് അഹം അവസ്താദ് അഹം ജ്യോതിഷാ വി തമഃ വവാര യദ് അന്തരിക്ഷം തദ് ഉ മേ പിതാ അഭൂത് അഹം സൂർയം ഉഭയതഃ ദദർശ അഹം ഭൂയാസം ഉത്തമഃ സമാനാനാം ആ സമുദ്രാത് അന്തരിക്ഷാത് പ്രജാപതിഃ ഉദധിം ച്യാവയതി ഇന്ദ്രഃ പ്രസ്നൗതു മരുതഃ വർഷയന്തു ഉന്നംഭയ പൃഥിവീം ഭിന്ധി ഇദം ദിവ്യം നഭഃ ഉദ്നഃ ദിവ്യസ്യ നഃ ദേഹി ഈശാനഃ വിസൃജാ ദൃതിം പശവഃ വാ ഏതേ യദ് ആദിത്യഃ ഏഷഃ രുദ്രഃ യദ് അഗ്നിഃ ഓഷധീഃ പ്രാസ്യ അഗ്നൗ ആദിത്യം ജുഹോതി രുദ്രാദ് ഏവ പശൂൻ അന്തഃ ദധാതി അഥോ ഓഷധീഷു ഏവ പശൂൻ പ്രതി സ്ഥാപയതി കവിഃ യജ്ഞസ്യ വി തനോതി പന്ഥാം നാകസ്യ പൃഷ്ഠേ അധി രോചനേ ദിവഃ യേന ഹവ്യം വഹസി യാസി ദൂതഃ ഇതഃ പ്രചേതാഃ അമുതഃ സനീയാൻ യാഃ തേ വിശ്വാഃ സമിധഃ സന്തി അഗ്നേ യാഃ പൃഥിവ്യാം ബർഹിഷി സൂർയേ യാഃ താഃ തേ ഗച്ഛന്തു ആഹുതി ഘൃതസ്യ ദേവായതേ യജമാനായ ശർമ ആശാസാനഃ സുവീർയം രായസ്പോഷം സ്വശ്വിയം ബൃഹസ്പതിനാ രായാ സ്വഗാകൃതഃ മഹ്യം യജമാനായ തിഷ്ഠ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 സൂർയോ മാ ദേവേഭ്യഃ പാതു വായുരന്തരിക്ഷാത്
യജമാനോഽഗ്നിർമാ പാതു ചക്ഷുഷഃ സക്ഷ ശ്രൂഷ
സവിതർവിശ്വചർഷണ ഏതേഭിസ്സോമനാമഭിർ-
വിധേമ തേ തേഭിഃ സോമ നാമഭിർവിധേമ തേ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി ആദിത്യഗ്രഹം (ആദിത്യനെ ഉദ്ദേശിച്ച് എടുത്ത സോമരസ) ദർഭപ്പുല്ലുകൊണ്ടും കൈകൊണ്ടും അടച്ചു് എടുത്തുകൊണ്ടു് എഴുന്നേൽക്കുന്നു.

സൂർയഃ ദേവഃ = സൂര്യദേവൻ, ദേവേഭ്യഃ = യജ്ഞത്തിനു് വിഘാതം ഉണ്ടാക്കുന്ന ദേവന്മാരിൽ നിന്നു്, മാ = എന്നെ, പാതു = രക്ഷിക്കട്ടെ. വായുഃ = വായു, അന്തരിക്ഷാത് = അന്തരിക്ഷത്തിൽ സ്ഥിതിചെയ്യുന്ന വിഘ്നകാരികളിൽ നിന്നു്, മാ = എന്നെ, പാതു = രക്ഷിക്കട്ടെ. യജമാനഃ അഗ്നിഃ = യാഗഹേതുവായ അഗ്നി, ചക്ഷുഷഃ = വിരോധികളുടെ ദൃഷ്ടിയിൽനിന്നു്, മാ പാതു = എന്നെ രക്ഷിക്കട്ടെ. ഹേ സോമ! = അല്ലയോ സോമ, സക്ഷശ്രുഷസവിതഃ വിശ്വചർഷണ ഏതേഭിഃ നാമഭിഃ = സക്ഷശ്രുഷ സവിതഃ വിശ്വചർഷണ എന്നീ നാമങ്ങളാൽ, തേ = അങ്ങയ്ക്കു്, വിധേമ = പരിചർയ ചെയ്യുന്നു. (സക്ഷ = പാത്രത്തിൽ ഇരിക്കുന്നതു് ശ്രുഷ = ജലത്തോടു് കൂടിയതു്, സവിതാ = എല്ലാവരേയും പ്രേരിപ്പിക്കുന്നതു്. വിശ്വചർഷണ = എല്ലാവരേയും അനുഗ്രഹിക്കുന്നതു്)

2 അഹം പരസ്താദഹമവസ്താദഹം
ജ്യോതിഷാ വി തമോ വവാര| യദന്തരിക്ഷം
തദു മേ പിതാഭൂദഹം സൂർയമുഭയതോ
ദദർശാഹം ഭൂയാസമുത്തമഃ സമാനാനാം|

ഹോമം അവസാനിക്കുന്നതുവരെ ഈ മന്ത്രം ചൊല്ലിക്കൊണ്ടു് യജമാനൻ ആദിത്യനു് ഹോമിക്കാനുള്ള സോമരസം തൊട്ടുകൊണ്ടിരിക്കുന്നു.

അഹം = ഞാൻ, പരസ്താത് = പരഭാഗത്തിൽ, ഗ്രഹം അന്വാരഭേ = സോമരസപാത്രം തൊട്ടുകൊണ്ടു് ഇരിക്കുന്നു. അഹം = ഞാൻ, അസ്യ = ഈ ആദിത്യഗ്രഹത്തിൻെറ, ജ്യോതിഷാ = തേജസ്സുകൊണ്ടു്, തമഃ = തമസ്സിനെ, വവാര = നിവാരണം ചെയ്തു. യദ് അന്തരിക്ഷം = ഊർധ്വാധോഭാഗങ്ങളുടെ മധ്യവർത്തിയായ യാതൊരു അന്തരിക്ഷം ഉണ്ടോ, തദ് ഉ = അതും, മേ = എൻെറ, പിതാ അഭൂത് = പിതാവിനെപ്പോലെ രക്ഷിക്കപ്പെട്ടു. അഹം = ഞാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

